വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): ഈ പ്രമേയങ്ങളെല്ലാം ഞാൻ പിൻതാങ്ങുന്നു.

ഡെ. സ്പീക്കർ: ഈ മൂന്നു ഡിമാന്റുകളെക്കുറിച്ചുള്ള ചർച്ച ഒരുമിച്ചു നടക്കുന്നതാണ്.

Demand VI—Land Revenue

Shri N.I. Devassykutty: Sir, I move that the total allotment of Rs. 9,16,49,200 under Demand VI be reduced by Rs. 100.

Shri P. R. Kurup: Sir, I move that the total allotment of Rs. 9,16,49,200 under Demand VI be reduced by Rs. 100.

Shri M.P. Gangadharan: Sir, I move that the total allotment of Rs. 9,16,49,200 under Demand VI be reduced by Rs. 100.

Shri M.K. Krishnan: Sir, I move that the total allotment of Rs. 9,16,49,200 under Demand VI be reduced by Rs. 100.

(To discuss in general)

Shri T.K. Ramakrishnan: Sir, I move that the total allotment of Rs. 9,16,49,200 under Demand VI be reduced by Rs. 100.

(To discuss in general)

Shri E. Narayanan Nair: Sir, I move that the total allotment of Rs. 9,16,49,200 under Demand VI be reduced by Rs. 100.

Shri A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 9,16,49,200 under Demand VI be reduced by Rs. 100.

Demand XI—District Administration and Miscellaneous

Shri N.I. Devassykutty: Sir, I move that the total allotment of Rs. 3,70,42,400 under Demand XI be reduced by Rs. 100.

Shri M.P. Gangadharan: Sir, I move that the total allotment of Rs. 3,70,42,400 under Demand XI be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 3,70,42,400 under Demand XI be reduced by Rs. 100.

Shri T.K. Ramakrishnan: Sir, I move that the total allotment of Rs. 3,70,42,400 under Demand XI be reduced by Rs. 100.

(To discuss in general)

Shri M.K. Krishnan: Sir, I move that the total allotment of Rs. 3.70.42,400 under Demand XI be reduced by Rs. 100.

(To discuss in general)

Shri A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 3,70,42,400 under Demand XI be reduced by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

Demand XXVIII - Co-operation

Shri N.I. Devassykutty: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

Shri M.P. Gangadharan: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

Shri P.R. Kurup: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

Shri M.K. Krishnan: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

(To discuss in general)

Shri T.K. Ramakrishnan: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

(To discuss in general)

Shri V. Eacheran: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

Shri K. Anirudhan: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

Shri A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 12,86,15,000 under Demand XXVIII be reduced by Rs. 100.

10 a.m.] ശ്രീ. പി.ആർ. കുറുപ്പ്: എന്റെ ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. ഈ ഡിമാൻറുകളെ സംബന്ധിച്ചു ചർച്ച ചെയ്യുമ്പോൾ കഴിയുന്നത്ര വ്യക്തിപരമായ ആരോപണങ്ങൾ നിരവധി അവതരിപ്പിക്കുവാൻ ഉണ്ടെന്നിരിക്കിലും അതിലേക്കു കടക്കാതിരിക്കുവാനും രാഷ്ട്രീയമായ അതിപ്രസരത്തിനുവേണ്ടി സമയം ചെലവഴിക്കാതിരിക്കാനും ഞാൻ ആവുന്നത്ര ശ്രമിക്കാം.

സർ, ഇവിടെ അവതരിപ്പിച്ച ബഡ്ജററിനോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചെയ്ത പ്രസംഗം സഹകരണ പ്രസ്ഥാനത്തിൽ മുൻ കൊല്ലങ്ങളിലുണ്ടായ നേട്ടങ്ങളെ പോഷിപ്പിക്കുന്ന തരത്തിലായിരുന്നു. തുടർന്നു ഭാവിയിൽ സഹകരണ സംഘങ്ങളേയും സഹകരണപ്രസ്ഥാനത്തേയും സമുദ്ധരിക്കുവാനുള്ള വ്യക്തമായ രൂപരേഖയുടെ ജനയിതാവായി അദ്ദേഹം നടിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗം ആകെ ഊററം കൊണ്ടതായും കാണാൻ സാധിച്ചു. വാസ്തവത്തിൽ ബഡ്ജററുപ്രസംഗം ആകെ ഊററം കൊണ്ടതായി കാണാൻ സാധിച്ചു. ഇതു പ്രായോഗികമാണോ? അഥവാ ഇതു ഈ സഭയേയും കേരളസംസ്ഥാനത്തിലെ ജനങ്ങളേയും വിശിഷ്യാ സഹകരണവകുപ്പ് കൈകാര്യംചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയേയും അൽപ്പമൊന്നു വഞ്ചിക്കാനും ഒന്നു തരംതാഴ്ത്താനും ശ്രമിച്ചുകൊണ്ടുള്ളതാണോ എന്ന

2/465—9

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യത്തിനുത്തരം പറയുകയായിരിക്കും എന്റെ പ്രസംഗത്തിന്റെ പ്രസക്തി. സർ, നികുതിയില്ലാത്ത രീതിയിൽ വരവു വർദ്ധിപ്പിച്ചിട്ടുള്ളതാണ് ഒരു മെച്ചം. അക്കങ്ങളുടെ കസർത്തും പ്രതീക്ഷകളുടെ കൂമ്പാരവുമായയാണ് ധനകാര്യമന്ത്രിയുടെ പ്രസംഗം —അത് അവ്യക്തമാണ്. നികുതിയില്ലാതെ വരവിനങ്ങൾ വർദ്ധിച്ചു എന്നു കാണുമ്പോൾ അക്കങ്ങൾകൊണ്ടുള്ള കസർത്താണ് ആകമാനം റവന്യൂ അക്കൗണ്ടിൽ എന്നു കാണാൻ സാധിക്കുന്നതാണ്. സഹകരണ പ്രസ്ഥാനത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യകളെല്ലാം ബോഗസ് അക്കങ്ങളാണ്; കപടസമ്പൂർണ്ണമായ അക്കങ്ങൾ മാത്രമാണെന്നു ബോധ്യപ്പെടുത്താനാണ് ഞാൻ റവന്യൂവിലേക്കു കടക്കുന്നത്. ബഡ്ജററു സംഖ്യയിൽ കൂടുതൽ അക്കങ്ങൾ കാണിച്ചതു കൊണ്ടുമാത്രം മിച്ചമാകുകയില്ല, യോഗ്യതയാകുകയില്ല. അപ്പുറത്തിരിക്കുന്ന നിരവധിയാളുകൾ ഈ സംഖ്യകൾ മാത്രം കാണുകയും മിച്ചബഡ്ജററാണെന്ന അവകാശംകൊണ്ട് ഊററം കൊള്ളുകയും ഉണ്ടായി. ഒരു ബഡ്ജററിന്റെ സാമാന്യരൂപം അതല്ല. ഇ.എം.എസ്. പറഞ്ഞതുപോലെ സംഖ്യകൾ കിട്ടിയത് രചനാത്മകമായി വിതരണം ചെയ്തിട്ടുണ്ടോ, ആ വിതരണം ഓരോ വകുപ്പിനും ആവശ്യമുള്ളിടത്തോളം, കൊടുത്തിട്ടുണ്ടോ, അർഹതപ്പെട്ടതു കൊടുത്തിട്ടുണ്ടോ, അതു ന്യായമായും കഴിഞ്ഞവർഷം ചെലവഴിച്ചിട്ടുണ്ടോ, ഇതനുസരിച്ച് രൂപരേഖയായി മാറിയിട്ടുണ്ടോ, ഇതാണു നോക്കേണ്ടത്. സംഖ്യകൾ ബോഗസ് ആകരുത്, കാപട്യം ആകരുത്, സത്യസന്ധമായ അക്കങ്ങൾ ഉൾക്കൊള്ളണം. വർദ്ധിപ്പിച്ച സംഖ്യകൾ വരുന്നത് സ്വാഭാവികമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുന്നുണ്ട്. വേജസിന്റെ റേററ് വർദ്ധിക്കുന്നുണ്ട്. അതുകൊണ്ട് കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതൽ സംഖ്യ ഇക്കൊല്ലമുണ്ടാകും. അത് ആ പരിശോധനയ്ക്കു ഉപകരിച്ചു എന്നു പറയാൻ നമുക്കു കഴിയുകയില്ല. അതുകൊണ്ട് ഈ റവന്യൂ അക്കൗണ്ടിൽ കാണുന്ന സംഖ്യകളെല്ലാം ബോഗസ് ആണ്, അതിശയോക്തിപരമാണെന്നു സൂചിപ്പിച്ചുകൊണ്ട് ഞാൻ സഹകരണപ്രസ്ഥാനത്തിനു ഒന്നും കിട്ടാൻ പോകുന്നില്ലെന്നു തെളിയിക്കുവാൻ ശ്രമിക്കുകയാണ്. റവന്യൂ അക്കൗണ്ട് ഒന്നു പരിശോധിക്കണം. 1977-78-ൽ 441 കോടി രൂപയിൽ ചില്വാനം റവന്യൂ വരവായി കാണിച്ചിട്ടുണ്ട്. അതു തുടർന്നുകൊണ്ട് 1978-79-ൽ 467 കോടി രൂപ അംഗീകരിച്ചിട്ടുണ്ട്. ഇത്തവണ 542 കോടി രൂപ പ്രതീക്ഷിക്കുകയാണ്, റവന്യൂ വരവ്. എങ്ങനെ ഉണ്ടാക്കുമെന്നു പറഞ്ഞിട്ടില്ല. പുതിയ നികുതി ചുമത്തിയിട്ടില്ല. പഴയ നികുതിയുടെ പെർസന്റേജ് വർദ്ധനവു ചൂണ്ടിക്കാണിച്ചിട്ടുള്ളതായി എക്സ്പ്ലനേഷനിൽ കാണുന്നില്ല. കഴിഞ്ഞവർഷത്തേക്കാൾ റവന്യൂ വരവു കൂടുതൽ ഉണ്ടാക്കുന്നത് ഏതു മാർഗ്ഗത്തിൽ കൂടിയാണെന്ന് ഒരു വിശദീകരണം ധനകാര്യമന്ത്രിയുടെ പ്രസംഗത്തിലും ബഡ്ജററിലും കാണുന്നില്ല. കൂടുതൽ തുക ഉൾക്കൊള്ളിച്ചു എന്നു മാത്രമാണു പറയുന്നത്. ഈ 542 കോടി രുപയും 1978-79-ലെ 467 കോടി രൂപയും തമ്മിലുള്ള വ്യത്യാസം 75 കോടി രൂപയാണ്. ഈ 75 കോടി രൂപ റവന്യൂ ഹെഡിലേക്ക് കൊണ്ടുവരാൻവേണ്ടി ധനകാര്യമന്ത്രി കാണിച്ച കസർത്ത് എന്താണ്? ധനകാര്യമന്ത്രിയുടെ മുന്നിലുള്ള രൂപരേഖ എന്താണ്? നമുക്കത് അജ്ഞാതമാണിന്നും, അത് അജ്ഞാതമാണെങ്കിൽ അതു ബോഗസ് ആണെന്നറിയാം. അതുപോലെ തന്നെ ഇതിൽ കാണിക്കുന്ന മിച്ചം 4 കോടി 16 ലക്ഷം രൂപയാണ്. മിച്ചമുണ്ടാകണമെങ്കിൽ 1979-80-ൽ റവന്യൂ വർദ്ധനവുണ്ടാകണം. എങ്കിൽ മാത്രമേ 75 കോടി രൂപയുടെ വ്യത്യാസം കണക്കിലെടുക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽ മാത്രമേ നമുക്ക് ഈ പറഞ്ഞ മിച്ചം ഉണ്ടാകുകയുള്ളു. അങ്ങനെയാണെങ്കിൽ ഈ 75 കോടി കൂടുതൽ പറഞ്ഞിട്ടുള്ളത് ബോഗസ് ആണ്. 4 കോടി രൂപയിലധികം മിച്ചമെന്നു പറയുന്നത് തനി കള്ളമാണ്. അങ്ങയുടെ റൂളിംഗിന്റെ സംരക്ഷണ പരിധിയിൽ നിന്നുകൊണ്ടുതന്നെ പറയട്ടെ, തനി കള്ളമാണ് ആ കണക്കെന്നു ഞാൻ ബോധ്യപ്പെടുത്താം. അതുകൊണ്ട് റവന്യൂ പ്രതീക്ഷകൾ തികച്ചും തെററാണെന്നും അത് അപ്രായോഗികമായ ഒരു രൂപരേഖ ആണെന്നും നമുക്കു കാണാൻ കഴിയും. ഇതു ബഡ്ജററിനെ ആകമാനം ബാധിക്കുന്നു. അതെങ്ങനെയാണെന്നു പറഞ്ഞാൽ നാട്ടുകോട്ടചെട്ടിയാരുടെ കള്ളക്കണക്കെഴുതുന്ന കാര്യസ്ഥന്റെ കണക്കാണ് യഥാർത്ഥത്തിൽ നമ്മുടെ ധനകാര്യമന്ത്രിയും സ്വീകരിച്ചിട്ടുള്ളത്. കണക്കുകളെല്ലാം എഴുതിയിട്ടു പറയും ഇന്നു 2,500 രൂപ കൂടുതൽ കാണുന്നു സർ എന്ന്. എന്നാലതു വരവിൽ ചേർത്തേക്കുകയെന്നു പറയും. പിറേറദിവസം 2,500 രൂപ കുറവു കാണുന്നു എന്നു പറയും. എന്നാലതു ചെലവിൽ എഴുതി തള്ളിയേക്കൂ എന്നു പറയും. അങ്ങനെ വരവിലും ചെലവിലും അക്കങ്ങളെഴുതി തള്ളിക്കൊണ്ട് ഒരു കണക്കൊപ്പിക്കുന്ന സ്വഭാവം ധനകാര്യമന്ത്രി അംഗീകരിച്ചിട്ടുണ്ടെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. വിദൂഷകന്റെ വരപോലെയാണ്. സമർത്ഥനായ സഞ്ജയൻ പറയുകയുണ്ടായി ഒരു വര ചെറുതാക്കണമെന്ന്. ഒരു വിദൂഷകനോട് ആവശ്യപ്പെട്ടു ഒരു വര ബോർഡിൽ വരച്ചിട്ട് ഈ വര തൊടാതെ മായ്ക്കാതെ ചെറുതാക്കാൻ കഴിയുമോയെന്ന്. വിദൂഷകൻ പറഞ്ഞു, സാധിക്കും ഞാൻ അതു ചെയ്യാം. അദ്ദേഹം ചെയ്തത് ചോക്കെടുത്തുകൊണ്ടുപോയി ആ വരയുടെ അടുത്തു വലിയ ഒരു വര വരയ്ക്കുകയാണ്. അതിന്റെ അർത്ഥം ആദ്യത്തെവര ചെറുതായി എന്നാണ്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ധനകാര്യമന്ത്രി, നാട്ടുകോട്ട ചെട്ടിയാരുടെ കള്ളക്കണക്കെഴുതുന്ന സമർത്ഥനായ ഉദ്യോഗസ്ഥനെപ്പോലെ വിദൂഷകന്റെ വരയുടെ ഒരു പ്രതിരൂപമായി മാറിക്കൊണ്ട് ഈ ക്യാബിനററിനെയും മന്ത്രിമാരേയും മററു വകുപ്പുകളെയും നിയമസഭയേയും ആകെ കണക്കിന്റെ കള്ളക്കസർത്തുകൊണ്ട് വഞ്ചിക്കാൻ ശ്രമിച്ചതു മാത്രമാണ് ഈ ബഡ്ജററിൽ കാണാൻ സാധിക്കുന്നതെന്നാണ് എന്റെ വാദം. നികുതി കൂട്ടിയിട്ടില്ല, പുതിയ നികുതി വന്നിട്ടില്ല, ഞാൻ സമ്മതിക്കുന്നു. പക്ഷേ എവിടെനിന്നുവന്നു? വസൂരിരോഗിക്കു ഇഞ്ചക്ട് ചെയ്യാൻ നോക്കിയാൽ വസൂരിക്കുരു ഇല്ലാത്ത സ്ഥലം കണ്ടില്ലെന്നുവരും. അതുപോലെ കേരളത്തിൽ എവിടെയാണ് ഇനി നികുതി ചുമത്താനുള്ളത്. അതൊന്നു പരിശോധിക്കുമ്പോൾ സംസ്ഥാനങ്ങളുടെ സർവ്വേൻഡ്യാ ശരാശരി 72.88 ആണെന്നു കാണാം. സർ, ഈ കേരളത്തിൽ എത്രയാണെന്നറിയാമോ? 87.64 ആണ്. ശരാശരി നികുതിയേക്കാൾ കൂടുതൽ നികുതി വാങ്ങിക്കുന്ന സംസ്ഥാനമാണ് കേരളം. ആന്ധ്രാപ്രദേശത്തു 75 മാത്രമേ ഉള്ളൂവെങ്കിൽ ആസ്സാമിൽ 38 മാത്രമേയുള്ളൂ. ബീഹാറിൽ 35 മാത്രമേയുള്ളൂ. മദ്ധ്യപ്രദേശിൽ 60, വലിയ സംസ്ഥാനമായ തമിഴ്നാട്ടിൽ 80, ഉത്തർപ്രദേശിൽ 44, വെസ്ററ് ബംഗാളിൽ 77. വെസ്ററുബംഗാളുമായി മുതിച്ചുനിൽക്കുന്നു എന്നു പലതിലും അവകാശപ്പെടുന്ന മന്ത്രിമാർക്ക് ഇക്കാര്യത്തിൽ കൂടുതലുണ്ടെന്നു സമാധാനിക്കാം. 87.64 ശതമാനം നികുതി വസൂലാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. എല്ലാവശങ്ങളിലും ആവശ്യത്തിലേറെ പോയി എന്നു സമഗ്രമായി തീരുമാനിക്കപ്പെട്ട ഒരു സംസ്ഥാനം, ഈ സംസ്ഥാനത്തിൽ എവിടെയിനി നികുതി കെട്ടാൻ? നികുതി കെട്ടാൻ ഇടമില്ലാത്തതുകൊണ്ട് കെട്ടിയില്ല. പക്ഷേ കെട്ടിട നികുതിതന്നെ കണക്കിൽക്കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ചേർത്തുകൊണ്ട് അദ്ദേഹം സ്വയം സമാധാനിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ വാദമുഖങ്ങളിൽക്കൂടി സഹകരണപ്രസ്ഥാനത്തിലേക്കു ഞാൻ കടക്കുകയാണ്. സഹകരണ സംഘത്തിലെ വായ്പയിനം ഒന്നു പരിശോധിക്കേണ്ടതാവശ്യമാണ്. ബഹുമാനപ്പെട്ട സഹകരണമന്ത്രിക്ക് ഒരു ചുമതലയുണ്ട്. ശ്രീ. സി.എച്ച്. മുഹമ്മദുകോയ വഞ്ചിക്കപ്പെട്ടിട്ടുണ്ട്. കഠിനമായി വഞ്ചിക്കപ്പെട്ടിട്ടുണ്ട്. എന്റെ സ്നേഹിതൻ ബാലൻ അതു പറഞ്ഞപ്പോറം ധനകാര്യമന്ത്രി പെർസണേൽറജല്ല കാര്യം എന്നു പറഞ്ഞു. എന്നാൽ സമർത്ഥനായ ബേബീജോണിനെ വഞ്ചിച്ച് എവിടെയും സമർത്ഥനെന്നും അധൃഷ്യനെന്നും പറയപ്പെടുന്ന ബേബി ജോണിനെ ധനകാര്യമന്ത്രി വഞ്ചിച്ചിട്ടുണ്ട്. സഹകരണസംഘങ്ങറംക്കുള്ള വായ്പ എത്രയാണു സർ? 1978-79-ൽ 5,50,44,300 രൂപ നീക്കിവച്ചു വരവ്. ഇക്കൊല്ലം കാണിച്ച റസീപ്റ്റ്സ് 1,81,95,100 രൂപയാണ്. ഈ വമ്പിച്ച വ്യത്യാസം സഹകരണസംഘങ്ങറംക്കു വായ്പ കൊടുക്കുവാനുള്ള റസീപ്റ്റ്സ് ചുരുക്കാൻവേണ്ടി അദ്ദേഹം ശ്രമിച്ചു എന്നാണു തെളിയിക്കുന്നത്. വേറെയും ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. നമുക്കു നോക്കാം. ഇതിന്റെ വർദ്ധനവ് എങ്ങനെവന്നു എന്നുള്ളത് ഒരു പ്രശ്നമാണ്. ഈ റസീപ്റ്റ്സ് 1977-78-ൽ 2,53,00,000 രൂപയാണ്. അതിന്റെ ഡിസ്ബേഴ്സ്മെൻറ് നാലേമുക്കാൽ കോടി രൂപയാണെന്നു കാണാം. 4 കോടി 75 ലക്ഷം രൂപ ഡിസ്ബേഴ്സ്മെൻറാണ്. റസീപ്റ്റ്സ് 2 കോടി 53 ലക്ഷം രൂപയാണ്.. യഥാർത്ഥത്തിൽ മെച്ചമാണ്. കൂടുതൽ സംഖ്യ കൊടുത്തുകൊണ്ട് സൊസൈററികളിൽ നിന്നും കുറഞ്ഞ വരവു കിട്ടിയാലും രക്ഷപ്പെടാൻ ശ്രമിക്കുന്നു എന്നർത്ഥം. സർ, ഇത്തവണ 5 കോടി 9 ലക്ഷം രൂപ റസീപ്റ്റ്സ് കാണിച്ചുകൊണ്ട് നമ്മുടെ സമർത്ഥനായ നാട്ടുകോട്ട ചെട്ടിയാരുടെ സന്താനമെന്നു പ്രഖ്യാപിക്കപ്പെടേണ്ടിയിരിക്കുന്നു. ധനകാര്യമന്ത്രിയുടെ ഡിസ്ബേഴ്സ്മെൻ് എത്രയാണെന്ന് അറിയാമോ? 2,99,24,700 രൂപ അങ്ങനെ അനുവദിച്ചിരിക്കുകയാണ്. സഹകരണവകുപ്പുമന്ത്രി വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. സഹകരണവകുപ്പ് എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. ഡിസ്ബേഴ്സ്മെൻറ് റസീപ്റ്റ്സിനെക്കാറം വളരെയേറെ തുച്ഛമായി കാണിച്ചുകൊണ്ട്, കൃത്രിമബുദ്ധി മാത്രം കാണിച്ചുകൊണ്ട് ഊററം കൊള്ളുകമാത്രമാണ് ധനകാര്യമന്ത്രി ചെയ്തിട്ടുള്ളതെന്നാണ് എന്റെ വാദം.

മൂന്നു കോടിരൂപയാണ് ഈ വർഷം ഡിസ്ബേഴ്സ്മെൻറിനുവച്ചതെന്ന കാര്യം നാം ഒന്നുകൂടി കണക്കിലെടുക്കണം. വളരെ വ്യക്തമായ ഒരു കണക്ക് നമ്മുടെ മുമ്പിലുണ്ട്. 1978-79-ൽ അഞ്ചേകാൽ കോടിരൂപ, 5 കോടി 20 ലക്ഷം രൂപ റസീപ്റ്ററാണു സർ. അതിൽ 3 കോടി 21,000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. അതിന്റെ അനന്തരഫലമായിട്ട് ഒന്നര ക്കോടിരൂപ കയ്യിലിരുപ്പാണ്. കഴിഞ്ഞവർഷത്തെ മിച്ചമാണ്. കഴിഞ്ഞ വർഷത്തെ മിച്ചംകൂടി കൂട്ടിയാണ് ഇക്കൊല്ലത്തെ ബഡ്ജററ് മിച്ചമാക്കിയത്. എന്നിട്ടാണ് അഹങ്കരിക്കുന്നത്. കഴിഞ്ഞ വർഷം ഒന്നേകാൽ കോടി മിച്ചമാണ്. എന്നിട്ട് ഈ വർഷം ഡിസ്ബേഴ്സ് ചെയ്യുന്നത്

LIBRARY ARCHIVES Kerala Legislative Assembly

3 കോടി 29,000 രൂപയാണ്; മൂന്നേകാൽ കോടി രൂപയാണ്, കൃഷിക്കാർക്ക് കൊടുത്തിട്ടില്ല, ഡിസ്ബേഴ്സ് ചെയ്തിട്ടില്ല. കൃഷിക്കാരെ വഞ്ചിച്ചു, സഹകരണസംഘങ്ങൾക്കു കൊടുത്തിട്ടില്ല, സഹകരണസംഘങ്ങളെ വഞ്ചിച്ചു. സഹകരണവകുപ്പുമന്ത്രിക്ക് അലോട്ടുചെയ്തു കൊടുത്തു, പക്ഷേ പണം കൊടുത്തില്ല. സഹകരണവകുപ്പുമന്ത്രിയെ വഞ്ചിച്ചു. ഈ സംഖ്യ മുഴുവൻ കെട്ടിവച്ചിട്ട് ആ സംഖ്യകൂടി കണക്കാക്കിയിട്ട് നമുക്ക് ഒന്നു കണക്കിലെടുക്കാം, സർ. 3 കോടി 29 ലക്ഷം രൂപയാണ് 1979-80-ലെ ഡിസ്ബേഴ്സിംഗ് എസ്റ്റിമേറ്റ്. അതിലാണെങ്കിൽ ഒന്നേമുക്കാൽകോടിരൂപ പണ്ടു കിട്ടിയതിൽ മിച്ചമാണ്. ആ മിച്ചം കഴിഞ്ഞാൽ എന്താണ് ഉണ്ടാകുന്നതെന്നു നോക്കാം. അതേയവസരത്തിൽ അവിടെ ഈ കൊല്ലത്തെ റസീപ്റ്റ് രണ്ടേകാൽ കോടി രൂപയാണ്. 1978-79-ലെ റസീപ്റ്റ് അങ്ങനെ നിൽക്കുന്നു. അപ്പോൾ ഈ സന്ദർഭത്തിൽ ഡിസ്ബേഴ്സു ചെയ്യാതെ വച്ചിട്ട് ലുബ്ധനായ കാരണവരെപ്പോലെ കാശ് കയ്യിൽ വച്ചിട്ട് സഹകരണപ്രസ്ഥാനത്തിനു കൊടുക്കാതിരുന്നു. ഈ നീക്കിവച്ച മൂന്നുകോടി രൂപയോളമുള്ളതിൽ തന്നെ 1978-79-ലെ കയ്യിൽ വച്ച ഒന്നേമുക്കാൽ കോടി കഴിഞ്ഞാൽ പിന്നെ ഒന്നേകാൽ കോടിരൂപ റസീപ്റ്റാണുള്ളത്. ആ ഒന്നേമുക്കാൽ കോടി രൂപയിൽ ഒരുകോടി രൂപ 1979-80-ലെ റസീപ്റ്റായി കണക്കാക്കുകയും ചെയ്യുന്നു. 1978-79-ലെ റസീപ്റ്റായി കണക്കാക്കുന്ന സംഖ്യ കഴിച്ചാൽ 75 ലക്ഷം രൂപ പിന്നെയും ധനകാര്യമന്ത്രി മററാവശ്യത്തിനുവേണ്ടി കീശയിലാക്കിയിരിക്കുകയാണ്. സഹകരണ സംഘങ്ങൾക്ക് വായ്പ കൊടുക്കാൻവേണ്ടി, പാവപ്പെട്ട കൃഷിക്കാർക്ക് കടം കൊടുക്കാൻ നീക്കിവച്ച ആ സംഖ്യ ധനകാര്യമന്ത്രി കീശയിലാക്കി. അത് ഏതു വകുപ്പിലേക്കു കൊടുത്തുവെന്ന് അറിഞ്ഞുകൂടാ. അതു പരിശോധിക്കേണ്ട ബാദ്ധ്യത ഡിമാൻറിനെപ്പററി ചർച്ചചെയ്യുന്ന എനിക്കില്ല. എൻെറ സ്നേഹിതൻ ബാലൻ പറഞ്ഞു പാവപ്പെട്ടവരുടെ ചട്ടിയിൽനിന്നു തപ്പിയെടുത്തു സ്വന്തം കുടുംബത്തിനും മക്കൾക്കും കൊടുത്ത ഒരു സ്വഭാവം അംഗീകരിച്ചിരിക്കുന്നു എന്ന്. അതു നിഷേധിക്കപ്പെട്ടു. പലതും പറഞ്ഞിട്ടുണ്ട്. പക്ഷേ, ഇത് അതല്ലേ തെളിയിക്കുന്നത് യഥാർത്ഥത്തിൽ. ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി വ്യക്തമായി ചിന്തിച്ചാൽ നീക്കിവയ്പ്പിൽ ഒരു പ്രത്യേകതയും ഇല്ലെന്ന് മാത്രമല്ല നീക്കിവയ്പ്പു കാപട്യത്തിൻെറ ലക്ഷണമുൾക്കൊള്ളുന്നതും സഹകരണപ്രസ്ഥാനത്തെ വഞ്ചിക്കുന്നതും ആണെന്നു ബോധ്യപ്പെടാൻ സാധിക്കും.

ഇനിയും നമുക്ക് ഒന്നു പരിശോധിച്ചുനോക്കാം സർ. കൃഷിക്കാർക്കുള്ള വായ്പയുടെ കണക്കു നോക്കൂ സർ. അതിൽ 1979-80-ൽ 50 കോടി രൂപയുണ്ട്. ഡിസ്ബേഴ്സ്മെൻറിൽ മൂന്നേകാൽകോടി രൂപയുണ്ട്. ഇത് മെച്ചമാണോ സർ. 50 കോടി രൂപ സഹകരണസംഘങ്ങളിൽനിന്ന് റിസീവ് ചെയ്തിട്ട്, കൊടുത്ത കടം തിരിച്ചുവാങ്ങിച്ചിട്ട് അതിൽ മൂന്നേകാൽകോടി രൂപ മാത്രം ഈ വർഷം ഡിസ്ബേഴ്സ് ചെയ്യുന്നു. ഈ കണക്ക് എന്താണ്? അതിൻെറ അർത്ഥം കുറയുകയാണ്.

ശ്രീ. ബേബി ജോൺ: എനിക്കു മനസ്സിലായില്ല.

ശ്രീ. പി. ആർ. കുറുപ്പ്: 1979-80-ൽ അതാണ് കാണാൻ സാധിക്കുന്നത്. ഇതേ സ്വഭാവത്തിനനുസരിച്ചു ബഡ്ജററിനേയും കാണാം സർ. കേരള ബഡ്ജററ് ഇൻ ബ്രീഫ് പേജ് 56-ൽ പറഞ്ഞിട്ടുള്ളത് Loans for Industries-ന് 1121.71 ആകുന്നു. 1978-79-ൽ Rs. in Lakhs ആണ്.

LIBRARY ARCHIVES Kerala Legislative Assembly

പെർസെൻേറജ് അല്ല. 1121.71. 1979-80-ൽ 531.77. നാണക്കേടില്ലേ സർ? എന്നിട്ട് സഹകരണസംഘത്തെ സമുദ്ധരിക്കുന്നു, നിരവധി പ്രസ്ഥാനങ്ങളെ സഹകരണസംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരുന്നു എന്ന് ഊററംകൊണ്ടു പ്രസംഗിച്ചിട്ട് ആ പ്രസംഗത്തെ സാധൂകരിക്കാൻ വേണ്ടിയുള്ള പാഴ്വേല ഭരണകക്ഷികളുടെ ഭാഗത്തു നിന്നുമുണ്ടായി.

തിരിഞ്ഞു നോക്കണം സർ.

Loans for Co-operatives 1975-76-ൽ 546.26, 1976-77-ൽ 500, 1977-78-ൽ 474, 1978-79-ൽ റിവൈസ്ഡ് എസ്ററിമേററ് 24.89, 1979-80-ൽ 229.25, 1975-76-ൽ ഉള്ള 546-ൽ നിന്ന് 1979-80 ലേക്ക് 229.25 ആയി ചുരുക്കി സർ. ബഡ്ജററ് ഇൻ ബ്രീഫ് പേജ് 56-ൽ ഇതുണ്ട്. സംശയിക്കേണ്ട അങ്ങ് വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. അങ്ങേയ്ക്ക് ഒന്നും ഉണ്ടാകുകയില്ല സഹകരണരംഗത്തുചെയ്യാൻ. അങ്ങേയ്ക്കു കാശ് ഉണ്ടാകുകയില്ല. അങ്ങ് നിർദ്ധനനാകും. മററെല്ലാ കാര്യങ്ങളിലും അങ്ങു ധനികനാണ്, സമ്പന്നനാണ്. ഞാൻ സമ്മതിക്കാം. പക്ഷേ ഈ കാര്യത്തിൽ അങ്ങ് നിർദ്ധനനായി. ഒഴിഞ്ഞ കീശയുമായി സഹകരണസംഘത്തിലെ പ്രസിഡൻറുമാരെ സമീപിക്കേണ്ടിവരും. അങ്ങയെ മുടിച്ചിരിക്കുകയാണ്. ഈ ബഡ്ജററുകൊണ്ട് ചെയ്തിരിക്കുന്നതെന്നാണ് എൻെറ വാദം.

ഒന്നുകൂടി നോക്കൂ സർ. 1975-ൽ നിന്ന് 316 ലക്ഷം രൂപ ചുരുക്കി സർ. സി.എച്ച്-ൻെറ വിദ്യാഭ്യാസവകുപ്പിൽ ലോട്ടറി നടത്തി കണക്കിലേറെ പണമുണ്ടാക്കി. എന്നിട്ട് പെർസെൻേറജ് കുറച്ചു എന്നാണ് വാദം. 49.59 1976-77-ൽ ഉള്ളത് 46.53 ആയി. 1979-80 ആകുമ്പോൾ 46.64 ആണ്. ലോട്ടറി നടത്തി കുറേ പണം ഉണ്ടാക്കിപോലും. ആ പണം എവിടെ പോയി സർ. അപ്പോൾ സി.എച്ച്.നേയും വഞ്ചിക്കാൻ ശ്രമിച്ചു എന്നു ബാലൻ പറഞ്ഞപ്പോൾ നിഷേധിച്ചു. ഇപ്പോൾ ബേബീജോണിനേയും വഞ്ചിച്ചു എന്നാണ് എൻെറ വാദം. സർ, ഇവിടെ മൊത്തത്തിൽ പറഞ്ഞാൽ ഒരു ഭാഗത്തിൽ ജ്യേഷ്ഠാനുജൻമാർ ചെയ്തതുപോലെയാണ്. ഒരു പശുവുണ്ട്, ഒരു കമുകുണ്ട്, ഒരു പുതപ്പുണ്ട്. സമർത്ഥനായ ജ്യേഷ്ഠൻ പറഞ്ഞു പശുവിൻെറ പിൻഭാഗം ഞാൻ എടുത്തുകൊള്ളാം. മുൻഭാഗം താൻ എടുത്തുകൊള്ളു. കമുകിൻെറ മുരടുഭാഗം താൻ എടുത്തുകൊള്ളു. ഫലം കിട്ടുന്ന മേൽഭാഗം ഞാൻ എടുത്തുകൊള്ളാം. പുതപ്പ് പകൽ താൻ എടുത്തുകൊള്ളു, രാത്രി ഞാൻ എടുത്തുകൊള്ളാം. ഇങ്ങനെ പറഞ്ഞു. മൂത്ത സമർത്ഥനായ മുടിയൻ ഇതെല്ലാം ആഹരിക്കുകയും അതിനെ തിററിപ്പോററാനുള്ള ബാദ്ധ്യത മററുള്ളവർക്കു കൊടുക്കുകയും ചെയ്തു. വിദ്യാഭ്യാസമന്ത്രി കൈകാര്യംചെയ്യുന്ന വകുപ്പും ബേബീ ജോൺ കൈകാര്യംചെയ്യുന്ന വകുപ്പും അതേനിലയിൽ ആയിപ്പോയി എന്നർത്ഥം സർ.

അഗ്രിക്കംച്ചർ മുതലായ കാര്യങ്ങൾക്കുള്ള ലോൺ നോക്കൂ സർ. അതിൻെറ പെർസെൻേറജ് നോക്കൂ സർ, 1965-66-ൽ 11.43 ആണ്. 1979-80-ൽ 11.33 ആയി കുറച്ചിട്ടില്ലേ? എക്സ്പ്ലനേററി മെമ്മോറാണ്ഡം നോക്കൂ സർ. കോവാപ്പറേറീവ് ഡിപ്പാർട്ടുമെൻറിന് 1978-79-ൽ 293.89 ലക്ഷം ഉണ്ടായിരുന്നു. അത് 1979-80-ൽ 495 ആയി വർദ്ധിച്ചിട്ടുണ്ട് സർ. സഹകരണ ഇൻസ്പെക്ടറൻമാർക്കും സഹകരണജീവനക്കാർക്കും കൂടുതൽ ശമ്പളം കൊടുക്കണമല്ലോ. എനിക്കതിൽ ആക്ഷേപമില്ല. അതേയവസരത്തിൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ നോക്കൂ സർ. പേജ് 67 അങ്ങു നോക്കണം. എക്സ്പ്ലനേററി മെമ്മോറാണ്ഡത്തിൻെറ പേജ് 67 അങ്ങു നോക്കണം. അല്ലെങ്കിൽ പ്രൈവററു സെക്രട്ടറിയെക്കൊണ്ട് നോക്കി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ച്ചോ. അതിൽ വെയർ ഹൗസിംഗ് കോർപ്പറേഷന് ഗണ്യമായി ചുരുക്കിയിട്ടുണ്ടു സർ. വെയർഹൗസിംഗ് ആൻറ് മാർക്കററിംഗ് കോർപ്പറേററീവ്സ്ന് 45.50 ചുരുക്കി 12.00 ആക്കിയിട്ടുണ്ട്. ഫിഷർമെൻ കോർപ്പറേററീവിന് 9.15-ൽ നിന്നും 1.40 ആയി ചുരുക്കിയിട്ടുണ്ട്. കോവാപ്പറേററീവ് സ്പിന്നിംഗ് മിൽസ്ന് 56-ൽ നിന്ന് 25 ആയി ചുരുക്കിയിട്ടുണ്ട്. കൺസ്യൂമർ കോവാപ്പറേററീവ്സിനു 32-ൽ നിന്ന് 26 ആയി ചുരുക്കി. ഇതൊക്കെയാണ് ചെയ്തിട്ടുള്ളത്.

സർ, കർഷകന് 3 ശതമാനം പലിശ ഇളവുകൊടുക്കുന്നുണ്ട്. വലിയ മാററമെന്നു പല മെമ്പറൻമാരും പറഞ്ഞു. ഇതു ആർക്കാണ് കൊടുക്കുന്നത്. കൃത്യമായി പണം അടയ്ക്കുന്ന ആറാക്ക്. ഷോർട്ട് ടേം ലോൺ എടുക്കുക. നെൽകൃഷിക്ക് 6 മാസം. മരച്ചീനിക്ക് പത്തുമാസം, വർദ്ധിച്ചാൽ ഒരു കൊല്ലം. ഇപ്പോഠം പണം അടയ്ക്കേണ്ട അവധി കഴിഞ്ഞിട്ടുണ്ടാകും. അവർക്കു കിട്ടുകയില്ല. അടുത്ത ബഡ്ജററ് ഈയർ വരുമ്പോഴേയ്ക്കേ അടുത്തു കൊടുത്ത ലോണിൻെറ കടം അടയ്ക്കേണ്ട അവധി വരികയുള്ളു. അവർക്കു കൊടുക്കേണ്ടതുമില്ല. സർ, ഒരു മതപ്രാസംഗികൻ ചെന്ന പാടെ പറഞ്ഞു, നിങ്ങളുടെ കൂട്ടത്തിൽ വിവരമുള്ളവർ എഴുന്നേററു നിൽക്കുക എന്ന്. എല്ലാവരും എഴുന്നേററു നിന്നു. വിവരമുള്ളവരോടു പ്രസംഗിക്കണം, അപ്പോഠം വിവരമുള്ളവരോടു പ്രസംഗിക്കുന്നില്ലെന്നു പറഞ്ഞു. പിറേറ ദിവസവും ചെന്ന് വിവരമുള്ളവർ എഴുന്നേററു നിൽക്കാൻ പറഞ്ഞു. ആരും എഴുന്നേററില്ല. അപ്പോഠം വിവരമില്ലാത്തവരോടു പറഞ്ഞിട്ടും കാര്യമില്ലെന്നായി. അതുപോലെ അടച്ചുതീർത്ത അവധി കഴിഞ്ഞവർക്ക് കിട്ടേണ്ടതുമില്ല; നാളെ വാങ്ങുന്നവർക്കു കൊടുക്കേണ്ടതുമില്ല. ഈ രീതിയിൽ തനിവഞ്ചനയുടെ സ്വന്തം പതിപ്പാക്കി മാററിയിരിക്കുന്ന ഒരു ബഡ്ജററിൻെറ പ്രതികരണമാണ് ഇതിൽ കാണാൻ സാധിക്കുന്നത്. ഇതൊക്കെകൊണ്ട് സഹകരണ വകുപ്പിലേക്കു നീക്കിവച്ച സംഖ്യ ചുരുക്കി പറഞ്ഞാൽ കുഞ്ചൻ നമ്പ്യാർ പറഞ്ഞതുപോലെയാണ്;

"എല്ലും തോലും ചിറകും കൊക്കുമ-
തെല്ലാംനീക്കിനുറുക്കിക്കൊണ്ടാൽ
തെല്ലു ഭുജിപ്പതിനുണ്ടെന്നുംവരു-
മില്ലെന്നും വരുമെന്നുടെ മാംസം."

ഈ നിലയിലാണ് കാര്യങ്ങഠം പോയിട്ടുള്ളത്.

ഇനി പലിശയുടെ കാര്യം. സർ, ഒരു ബഡ്ജററിൽ പലിശ കുറയ്ക്കുകയല്ലാതെ ജാസ്തിയാക്കുന്ന പ്രവണത ഞാൻ കണ്ടിട്ടില്ല. ഈ വൃത്തികെട്ട കളവ് എത്രകാലം നിയമസഭാ സാമാജികൻമാരുടെ മുൻപിൽ വയ്ക്കും? രാഷ്ട്രീയംകൊണ്ടു എല്ലാകളവിനെയും മൂടാൻ ശ്രമിക്കാമോ? 1978-79-ൽ 31.50 പലിശവാങ്ങിയത് ഇപ്രാവശ്യം 32 ആണ്. അതുപോലെ പൊതുഋണമോചന ഫണ്ട് ഉണ്ട്. അവിടെയെങ്കിലും നീക്കിവയ്ക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. പക്ഷേ ഫലം മറിച്ചാണുണ്ടായത്. ആ ഇനത്തിൽ 269.68 മുൻപു നീക്കിവച്ചിരുന്നത് ഇക്കുറി ചുരുക്കി 250.59 ആക്കി. എവിടെച്ചെന്നു നോക്കിയാലും ബേബിജോണിനു നിവൃത്തിയില്ല. കണ്ണുംകെട്ടി പരതുകയാണ്. എല്ലാടിക്കിലും കൈവച്ചുനോക്കിയാലും ഇരുട്ടിൽത്തപ്പുന്ന ഒരു സാധു മനുഷ്യൻെറ ഗതികേട്, മാന്യനാണെന്ന് ഇതുവരെ സ്വയംഭാവിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളാൽ അംഗീകരിക്കുകയും ചെയ്യപ്പെട്ടിരുന്ന ബേബിജോണിനു വരുത്തിയിരിക്കുകയാണ് ചെറിയൊരു മനുഷ്യനായ വരദരാജൻ നായർ. ശരിയായ കാപട്യത്തിന്റെ മൂത്ത ചുററുപാടുകൾ മാത്രമേ ഇതിൽ കാണാൻ സാധിക്കുകയുള്ളു. നമ്മുടെ മന്ത്രിക്കു സഹകരണപ്രസ്ഥാനം നിസ്സാരമാണു സർ. റവന്യൂവകുപ്പാകുന്ന വലിയ ആനയുടെമേലെ ചെറിയൊരു ചുണ്ടെലി കയറിയപോലെയാണ് സഹകരണപ്രസ്ഥാനം. തിരുവനന്തപുരം-കോഴിക്കോട് ഹോൾസെയിൽ മാർക്കററിംഗ്കോവാപ്പറേററീവ് സൊസൈററിയുടെ സ്ററോറിന് എല്ലാകൊല്ലവും കേന്ദ്രത്തിൽനിന്നു കൊടുക്കുന്ന സംഖ്യയ്ക്ക് ഇക്കൊല്ലം നമ്മുടെ സംസ്ഥാന ഗവൺമെൻറ് ശുപാർശചെയ്തില്ല. ബോധപൂർവ്വം ശുപാർശ ചെയ്യാതിരുന്നു. നാഷണൽ ഡെവലപ്പ്മെൻറ് കോർപ്പറേഷനു കിട്ടേണ്ട സംഖ്യ കിട്ടാതെപോയി. അതുപോലും വാങ്ങിയിട്ടില്ല. എന്നിട്ടാണ് സ്ററോറിൽകൂടി നിരവധി പരിവർത്തനങ്ങൾ ഈ രാജ്യത്തുണ്ടാക്കാൻസാധിക്കുമെന്ന് അഭിമാനം കൊള്ളുന്നത്. അതിന്റെ കണക്കിൽ കാണാം സർ, നാഷണൽ ഡെവലപ്പ്മെൻറ് കോർപ്പറേഷനിൽ നിന്നു കിട്ടുന്നത് ഒരു കോടി, രസീത് ഒരു കോടി. ബഹുമാനപ്പെട്ട സഹകരണമന്ത്രി ഒന്നംഗീകരിക്കൂ രസീത് ഒരുകോടി. ഡിസ്ബേഴ്സ്മെൻറ് മുപ്പത്തഞ്ചരലക്ഷം. ഡീറെറയിൽഡ് എസ്ററിമേററിൽ നോക്കണം. ഒരുകോടി രൂപ ദേശീയ വികസന കൗൺസിലിൽ നിന്നു വാങ്ങി മുപ്പത്തഞ്ചരലക്ഷം നിങ്ങൾക്ക തന്നിട്ട് അടങ്ങി ഇരുന്നുകൊള്ളു ഇത്രയേ തരാനൊക്കുകയുള്ളു എന്നു പറയുകയാണ് പച്ചക്കണ്ണടവച്ച നമ്മുടെ ധനകാര്യമന്ത്രി. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ കണ്ണടയ്ക്കുപുറത്തുള്ള ആളുകളെ കാണാൻ സാധിക്കുന്നില്ല. സർ, കാശി - രാമേശ്വരത്തേക്കൊക്കെ പോകുമ്പോൾ റെയിൽവേ സ്റേറഷനിലെത്തുമ്പോൾ തുമ്പമാലയ്ക്കു പണമുണ്ടോ, അർച്ചനയ്ക്കു പണമുണ്ടോ എന്നു ചോദിക്കുന്ന കുറേ പണ്ടാരങ്ങളെ കാണാം. അതുപോലെ എതെങ്കിലും സഹകരണസംഘത്തിന്റെ തിരഞ്ഞെടുപ്പുവന്നാൽ നോമിനേഷന് ആളുണ്ടോ, നോമിനേഷന് ആളുണ്ടോ നോമിനേഷന് ആളുണ്ടോ, എന്നു നോക്കിനടക്കുന്ന കുറേ പണ്ടാരങ്ങളുണ്ട്. അതിനപ്പുറം ഈ സഹകരണപ്രസ്ഥാനത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തുകാണാൻ സാധിക്കും?

സർ, ശമ്പളപരിഷ്ക്കരണം നടപ്പിലാക്കി. നിരവധി സഹകരണ ജീവനക്കാർ ഇവിടെ ജീവിക്കുന്നു. ഇൻഡസ്ട്രിയൽ കോവാപ്പറേററീവ് സൊസൈററിയിൽ 150 രൂപ വാങ്ങുന്ന ആളുകളാണ് ശമ്പളക്കാർ. ഇത്ര തുച്ഛമായ ശമ്പളം വാങ്ങുന്നവർക്ക് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിക്കൂടേ? 80.ാം വകുപ്പ് എല്ലായിടത്തും നടപ്പാക്കിയോ? സൊസൈററിയിലെ നിയമനങ്ങളെപ്പററി ചിന്തിച്ചോ, കോമൺകേഡർ നടപ്പിലാക്കിയോ? നിരവധി വ്യത്യസ്ത സ്വഭാവഗതിയുള്ള സംഘങ്ങൾ! കോമൺകേഡറിന്റെ റിപ്പോർട്ട് വാങ്ങിവച്ചിട്ടു വർഷങ്ങളായി. ഇന്നുവരെ അതൊന്നു തുറന്നു നോക്കാനോ നടപ്പിലാക്കാനോ തയ്യാറായിട്ടില്ല. വിഭാഗീയമായിട്ടാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ജില്ലാബാങ്കിന് ഒരു ശമ്പള റിപ്പോർട്ട് ഉണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ ദയവായി ഇതൊന്നു ശ്രദ്ധിക്കണം. അങ്ങ് അദ്ധ്യക്ഷസ്ഥാനത്തിരിക്കുമ്പോൾ ഒരു ചോദ്യം വന്നു. ശമ്പളപരിഷ്ക്കാര റിപ്പോർട്ടിൽ ഒപ്പിട്ടിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ, ചില പേജുകളിൽ ഒപ്പിട്ടിട്ടുണ്ട്, ചില പേജുകളിൽ ഒപ്പിട്ടിട്ടില്ല എന്നുത്തരം പറഞ്ഞു. അവസാനത്തെ പേജിൽ ഒപ്പിട്ടിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ അവസാനത്തെ പേജിൽ ഒപ്പിട്ടിട്ടുണ്ടെന്നു പറഞ്ഞു. അപ്പോൾത്തന്നെ ബഹുമാനപ്പെട്ട സ്പീക്കർ അടുത്തചോദ്യത്തിലേക്കു.

LIBRARY ARCHIVES Kerala Legislative Assembly

കടന്നു. തനിവഞ്ചനയാണു സർ, അവിടെ നടന്നിട്ടുള്ളത്. ശ്രീമാൻ ചന്ദ്രശേഖരൻ നായർ, എം.എൽ.എ. മെമ്പറായ കമ്മിററിയാണെന്നു തോന്നുന്നു റിപ്പോർട്ടു സമർപ്പിച്ചത്. ജീവനക്കാരുടെ നിവേദനത്തിന്റെ കോപ്പി എന്റെ കൈയിലുണ്ട് സർ. ശമ്പളസ്കെയിലിന്റെ കാര്യങ്ങൾ വിവരിക്കുന്ന കടലാസ്സിൽ ഒപ്പിട്ടിരുന്നു. എന്നിട്ട് ഡിപ്പാർട്ടുമെന്റ് ബോധപൂർവ്വം ആ കടലാസ് പിച്ചിയെടുത്തു. പകരം പുതിയ ഒരു ശമ്പളസ്കെയിൽ ടൈപ്പുചെയ്തു അവിടെവച്ചു. ആ സ്കെയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇത് അറിഞ്ഞു എന്നു ഞാൻ പറയുകയില്ല. പക്ഷേ അങ്ങ് അറിയാതെ ചെയ്യാനുള്ള ധൈര്യം രജിസ്ട്രാർക്ക് ഉണ്ടെന്നു പറയാൻ അങ്ങയെപ്പററി അറിവുള്ള എനിക്കും തൽക്കാലം തോന്നുന്നില്ല. ഈ കാപട്യം ഈ വകുപ്പിൽ വച്ചിരിക്കാമോ? ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ നിന്ന് കടലാസ് പറിച്ചെടുക്കുക, പകരം നാല് പേജ് ടൈപ്പുചെയ്ത് അവിടെവയ്ക്കുക, അതിൽ ഒപ്പില്ലാതിരിക്കുക, അപ്പൻഡിക്സിൽ ശമ്പളത്തോതു് എഴുതിയ കടലാസ് മാത്രം ഒപ്പില്ലാതെ കണ്ടുസമർപ്പിക്കുക - ഇതെന്തൊരു വിരോധാഭാസമാണ്? ഒരു പേജിൽ ഒപ്പിട്ടാൽ മതിയായിരുന്നുവെങ്കിൽ സമാധാനിക്കാമായിരുന്നു. പക്ഷേ ഇതതല്ല. ഒന്നിലധികം പേജിൽ ഒപ്പിട്ടിട്ടുണ്ട്. ഈ വഞ്ചന ഡിപ്പാർട്ടുമെന്റ് ചെയ്തോ എന്ന് അങ്ങ് അന്വേഷിക്കുന്നുണ്ടാകും. അന്വേഷിച്ചാൽ കിട്ടുമോ എന്നെനിക്കറിയില്ല. അങ്ങല്ലേ അന്വേഷിക്കുന്നത്? അങ്ങേയ്ക്ക് വാസ്തവത്തിൽ അവരെ സംരക്ഷിക്കണമെന്നുണ്ടാകും. നിഷ്പക്ഷമായി, ഒരു ജുഡീഷ്യറി, കോടതിവഴി ഈ പ്രശ്നം ചർച്ചചെയ്യാൻ സാധിക്കുമോ? ശ്രീമാൻ ചന്ദ്രശേഖരൻ നായർ എം.എൽ.എ. അടക്കമുള്ള ആളുകളെ ആ കോടതിയുടെ മുൻപിൽ സാക്ഷ്യപ്പെടുത്താൻ കഴിയുമോ? എങ്കിൽ ഞങ്ങൾ ആ വാദഗതി സ്വീകരിക്കാൻ തയ്യാറാണ്. സർ, ഭാഗികമായ ശമ്പളപരിഷ്ക്കാരത്തിന്റെ ആവശ്യമെന്താണ്? അതുപോലെ തന്നെ ഡി. എ. യുടെ കാര്യം ഇവിടെ പറഞ്ഞു. അത് സഞ്ജയന്റെ കഥയിലെ നീർക്കോലി പ്രണയം പോലെയാണ്.

ഒരാൾ ഒരു പെൺകുട്ടിയെ പ്രണയിക്കാൻ ചെന്നിട്ട് ഇങ്ങോട്ടു കിട്ടിയില്ല. പെൺകുട്ടിയെ ആപത്തിൽനിന്നു രക്ഷിച്ചാൽ പ്രണയിക്കുമെന്ന് ഏതോ ഒരു പുസ്തകത്തിൽ വായിച്ചതനുസരിച്ച് അയാൾ പ്രവർത്തിച്ചു. പെൺകുട്ടി കുളിക്കാനിറങ്ങിയപ്പോൾ പുറത്തുവച്ചിരുന്ന ഉടുവസ്ത്രത്തിൽ അയാൾ ഒരു നീർക്കോലിയെ പൊതിഞ്ഞുവച്ചു. കുളികഴിഞ്ഞ് കയറിയ പെൺകുട്ടി തുണിയെടുത്തപ്പോൾ അതിൽ നീർക്കോലി! ഉടനെ അയാൾ ഓടിച്ചെന്ന് അതിനെ ചതച്ചുകൊന്നു. എന്നിട്ടയാൾ പറഞ്ഞു, ഞാനാണ് നിന്നെ രക്ഷിച്ചത് അതുകൊണ്ട് എന്നെ കല്ല്യാണം കഴിക്കണമെന്ന്. ഉടനേ ആ പെൺകുട്ടി ചെയ്തത് അയാളുടെ ചെവിട്ടിൽ രണ്ടു തല്ലു കൊടുക്കുകയായിരുന്നു. ഇതുപോലെയാണ് ഡി.എ. കൊടുത്ത കഥ. ഡിസ്ട്രിക്ട് കോവാപ്പറേററീവ് സ്റേറാറിൽ ഡി.എ. നടപ്പിലാക്കിക്കൊണ്ട് ഉത്തരവു കൊടുത്തു. പിറേറദിവസം കൽപ്പനകൊടുത്തു കൊടുക്കാൻ പാടില്ല, നിറുത്തണമെന്ന്. ദിവസങ്ങൾ കഴിയുന്നതിനുമുൻപ് വീണ്ടും കൽപ്പനകൊടുത്തു, കൊടുത്തുകൊള്ളാൻ. ബഹുമാനപ്പെട്ട പങ്കജാക്ഷനിൽ നിന്നും ഇതു ഞാൻ പ്രതീക്ഷിച്ചില്ല. അദ്ദേഹം ഈയിടെ പറഞ്ഞു ജീവനക്കാർക്കുവേണ്ടി സൊസൈററി നടത്താൻ ആവില്ലെന്ന്. തൊഴിലാളി വ്യൂഹത്തിൽനിന്നുയർന്നു വന്ന മാന്യനായ അദ്ദേഹത്തിൽ നിന്നും ഇത് ഒരിക്കലും പ്രതീക്ഷിച്ചില്ല. കോവാപ്പറേററീവ് ഇൻസ്പെക്ടർമാരുടെ മാററത്തിൽ പ്രതിഷേധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുള്ള റിട്ട് ഇന്ന് എറണാകുളം ഹൈക്കോടതിയിൽ കിടപ്പുണ്ട് അങ്ങയുടെ പേരിൽ. അതുപോലെതന്നെ കണ്ണൂർ ജില്ലാബാങ്കിന്റെ കെട്ടിടത്തിന്റെ കാര്യം. രജിസ്ട്രാർക്കു കൊടുത്തിരിക്കുന്ന നിർദ്ദേശമനുസരിച്ചു ആ കെട്ടിടത്തിലേക്കു മാറേണ്ടതില്ലെന്നു പറഞ്ഞു. പക്ഷേ മാററിക്കൊള്ളാനും പറഞ്ഞു. ഇപ്പോൾ രണ്ടും ആയിക്കൊള്ളട്ടെ എന്നു പറഞ്ഞ് 1225 രൂപ കൂടുതൽ കൊടുക്കുകയാണ് വാടക. സർ, എത്ര ബോഗസ് സൊസൈററികളുണ്ട് ഈ രാജ്യത്ത്? കൊല്ലം ഫിഷറീസ് സൊസൈററിയെക്കുറിച്ചന്വേഷിക്കാൻ തയ്യാറാകുമോ? അതിനു ബോർഡുണ്ടോ, പ്രവർത്തനം നടത്തുന്നുണ്ടോ? ബോർഡില്ലാത്ത, പ്രവർത്തനം നടത്താത്ത നിരവധി സൊസൈററികളുണ്ട് ഇവിടെ, ചക്കര സൊസൈററി, ഫിഷറീസ് സൊസൈററി—ഇങ്ങനെ നിരവധി സൊസൈററികൾ. നിയമത്തിൽ തെററുകളുണ്ടെങ്കിൽ അത് തിരുത്തണം. നിയമമുണ്ടാക്കുമ്പോൾ ധാരാളം തെററുകൾ വരുമെന്നെനിക്കറിയാം. നോമിനേഷൻ സമ്പ്രദായത്തിൽ അങ്ങു സ്വീകരിച്ച മാനദണ്ഡം തെററാണ്. നോമിനേററു ചെയ്തവർക്ക് പ്രസിഡന്റു തിരഞ്ഞെടുപ്പിനും അവിശ്വാസ പ്രമേയത്തിനും വോട്ടവകാശം കൊടുക്കരുത്. ആ നിലയിൽ നിയമസംവിധാനം മാററണം. സെക്ഷൻ 101 അങ്ങയുടെയും ഭരണകക്ഷികളുടെയും ആളുകൾ കുത്തിനികത്തിക്കൊണ്ട് സൊസൈററികളുടെ ഭരണത്തെ സ്തംഭിപ്പിക്കാൻ മാത്രമേ പലപ്പോഴും ഉപകരിച്ചിട്ടുള്ളു. അത്തരം എക്സംപ്ഷൻ സമ്പ്രദായങ്ങൾ നിറുത്താൻ അങ്ങു തയ്യാറാകണം. റൂൾസിലും ആക്ടിലും ആവശ്യമായ മാററം വരുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനം മുന്നോട്ടുകൊണ്ടുപോകാൻ അങ്ങ് ശ്രമിക്കണം. അങ്ങേയ്ക്ക് ഇന്നനുഭവിക്കാൻ ഇടവന്നിരിക്കുന്ന വേദനാജനകമായ അലോട്ടുമെന്റ് സമ്പ്രദായത്തിനു നേരെ ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കാൻ അങ്ങേക്ക് മാത്രമേ സാധിക്കുകയുള്ളു. പക്ഷേ അങ്ങ് കുറേക്കാലമായി അതിനു ശ്രമിക്കുന്നില്ല, ശ്രമിക്കാൻ അങ്ങേയ്ക്കു സാധിക്കുമാറാകട്ടെ എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാൻറുകളെ എതിർക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, ബഹുമാനപ്പെട്ട റവന്യൂ-സഹകരണ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഇവിടെ എനിക്കുമുമ്പു സംസാരിച്ച ബഹുമാനപ്പെട്ട മുൻ മന്ത്രി, സഹകരണ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പി. ആർ. കുറുപ്പ് സഹകരണ നിയമത്തിലെ പല അപാകതകളെക്കുറിച്ചും നമ്മുടെ ധനകാര്യമന്ത്രിയും സഹകരണവകുപ്പുമന്ത്രിയും കാണിച്ച വഞ്ചനകളെക്കുറിച്ചും ഒക്കെ വളരെ വിശദമായി സംസാരിച്ചു കഴിഞ്ഞിരിക്കുകയാണ്. അദ്ദേഹം 1969-ൽ കൊണ്ടുവന്ന സഹകരണ നിയമമാണ് ഇന്നും നിലനിൽക്കുന്നത് എന്ന് അദ്ദേഹം മറന്നുപോയി എന്നാണ് എന്റെ വിശ്വാസം. കഴിഞ്ഞ പത്തു പതിനൊന്നു കൊല്ലക്കാലമായി ഈ സഹകരണ രംഗത്ത് ഉണ്ടായിട്ടുള്ള മാററങ്ങളെക്കുറിച്ചോ ആ പ്രസ്ഥാനത്തിന് ഉണ്ടായ പുരോഗതിയെക്കുറിച്ചോ അദ്ദേഹം അറിഞ്ഞില്ല. എന്നുള്ളതാണ് വസ്തുത. 20 കൊല്ലക്കാലം ഉറങ്ങികിടന്ന റിപ്പ്‌വാൻ വിംഗിളിനെപ്പോലെ, ഉറക്കത്തിൽനിന്ന് ഉണർന്ന് ഈ രാജ്യത്ത് വന്നപ്പോൾ കണ്ട മാററങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാകാത്ത സ്ഥിതിയാണ് ശ്രീ. പി.ആർ.കുറുപ്പിന് വന്നിട്ടുള്ളത് എന്നാണ് എന്റെ വിശ്വാസം. വകുപ്പുമന്ത്രി സഹകരണ പ്രസ്ഥാനത്തോടു വഞ്ചന കാണിച്ചു എന്നു പറഞ്ഞു. അഭിസാരികയുടെ ചാരിത്ര്യപ്രസംഗം ഇനിയെങ്കിലും പി.ആർ. കുറുപ്പിനെപ്പോലെയുള്ളവർ നിറുത്തണം എന്നാണ് എന്റെ അപേക്ഷ. അദ്ദേഹം മന്ത്രിസ്ഥാനത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്നു മാറി കോയമ്പത്തൂരിൽ പോയി ചിട്ടിക്കമ്പനി തുടങ്ങി അവിടെയുള്ള ചിററാളൻമാരോടു കാണിച്ച വഞ്ചന എന്താണെന്നു നല്ലവണ്ണം മനസ്സിലാക്കുന്ന ശ്രീ. പി.ആർ. കുറുപ്പ് ഇങ്ങനെയുള്ള സമീപന രീതിയോടുകൂടി കാണുന്നതിൽ അർത്ഥമുണ്ട്. ആ വക കാര്യങ്ങളിലേക്ക് കൂടുതൽ കടക്കുന്നില്ല. അദ്ദേഹം ഇവിടത്തെ നോമിനേഷൻ സമ്പ്രദായത്തെക്കുറിച്ച് വളരെ ശക്തമായി അപലപിച്ചു. അദ്ദേഹത്തിന് നോമിനേഷനെക്കുറിച്ച് അറിയില്ലായെങ്കിൽ അദ്ദേഹത്തിൻെറ തൊട്ടടുത്തിരിക്കുന്ന ദേവസ്സിക്കുട്ടിയോടു ചോദിച്ചാൽ മതി. വളരെക്കാലമായി നോമിനേഷനിൽക്കൂടി മാത്രം സൊസൈററിയുടെ പ്രസിഡണ്ടാകുകയും അതു സാധിക്കാതെ വരുമ്പോൾ സെക്ഷൻ 31 അനുസരിച്ച് നോമിനേഷൻ കൂടി കിട്ടിയാലേ പ്രസിഡണ്ടു സ്ഥാനം വഹിച്ചുകൊണ്ടു പോകാൻ സാധിക്കുകയുള്ളുവെന്നു പറഞ്ഞുകൊണ്ട് പല പ്രാവശ്യം സഹകരണ വകുപ്പുമന്ത്രിയുടെ അടുക്കൽ വന്ന് നോമിനേഷൻ വാങ്ങിച്ചുകൊണ്ടുപോകുകയും ചെയ്യുന്ന അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട ശ്രീ. ദേവസ്സിക്കുട്ടിയോടു ചോദിച്ചു മനസ്സിലാക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

<u>ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി:</u> സർ, ഒരു പോയിൻറ് ഓഫ് ഓർഡർ; ഞാൻ ഗവൺമെൻറിൻെറ നോമിനിയായിട്ട് ഒരു സഹകരണ സംഘത്തിലും ഇതേവരെ വന്നിട്ടില്ലെന്നുള്ളത് വസ്തുത ആണ്. അതു മാത്രമല്ല, ഞാൻ ഇതേവരെ തിരഞ്ഞെടുപ്പുകളിൽ വിജയിച്ചിട്ടാണ് പ്രസിഡണ്ടായിരുന്നത് എന്നുള്ളത് വസ്തുതയാണ്. ഇങ്ങനെയിരിക്കെ പച്ചക്കളവ് പറഞ്ഞ് നിയമസഭയെ തെററിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഇതിൽ പോയിൻറ് ഓഫ് ഓർഡർ ഇല്ല.

<u>ശ്രീ. കെ. പി. വിശ്വനാഥൻ:</u> ഞാൻ ആ വക കാര്യങ്ങളിലേക്ക് കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല.

നമ്മുടെ സഹകരണ പ്രസ്ഥാനം ഇന്ന് ഈ നാട്ടിലെ സാധാരണക്കാരൻെറ പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്ന ദരിദ്രജനവിഭാഗങ്ങളുടെ സാമ്പത്തികസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് മുന്നോട്ടു നീങ്ങുകയാണ്. വരും കാലങ്ങളിൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ സമ്പദ്ഘടനയിൽ കാര്യമായ മാററങ്ങൾ ഉണ്ടാക്കുന്നതിന് ഉപയുക്തമായ പല പരിപാടികളും ആവിഷ്ക്കരിച്ചുകൊണ്ടാണ് നമ്മുടെ ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രി ഈ സംസ്ഥാനത്ത് സഹകാരികളുടെ മുമ്പിൽ അഭിമാനത്തോടുകൂടി നിൽക്കുന്നത്. അദ്ദേഹത്തെ ഈയവസരത്തിൽ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ഈ വകുപ്പിൻെറ ചുമതല വഹിച്ചു തുടങ്ങിയ കാലം മുതൽ ഈ സംസ്ഥാനത്ത് സഹകരണ രംഗത്തു പ്രവർത്തിക്കുന്ന എല്ലാ ആളുകളുടെയും ആശംസകൾക്കും അഭിനന്ദനങ്ങൾക്കും വിധേയനായി കഴിയുകയാണ്. വരുന്ന 1979 80 കൊല്ലത്തേക്ക് നമ്മുടെ സഹകരണമന്ത്രി വളരെയധികം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ബഡ്ജററും പദ്ധതികളുമാണ് ഇവിടെ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇവിടെ ആവിഷ്ക്കരിച്ചിട്ടുള്ള പല പരിപാടികളും സാധാരണക്കാരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ആവിഷ്ക്കരിച്ചിട്ടുള്ളതാണ്. പക്ഷേ ഇതെല്ലാം നടപ്പിലാക്കണമെങ്കിൽ ചില കാര്യങ്ങളിൽ കാര്യമായ ചില മാററങ്ങൾ ആവശ്യമാണ് എന്നാണ് എൻെറ അഭിപ്രായം. വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്തേക്ക് ഹ്രസ്വകാല വായ്പ ഇനത്തിൽ 75 കോടി രൂപയും മദ്ധ്യകാലവായ്പ ഇനത്തിൽ 18 കോടി രൂപയും, ദീർഘകാല വായ്പ ഇനത്തിൽ 20 കോടി രൂപയും ആണ് നമ്മുടെ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽക്കൂടി കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിന് നീക്കി വച്ചിട്ടുള്ളത്. ഇതു നടപ്പിലാക്കുന്ന അവസരത്തിൽ ഇവിടത്തെ കൃഷിക്കാരുടെ ചിരകാല ആഗ്രഹങ്ങളായ പല ആഗ്രഹങ്ങളും ഈ ഗവൺമെൻറ് നടത്തിയിട്ടാണ് മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്. വളരെക്കാലമായി കൃഷിക്കാർ ആഗ്രഹിച്ചിരുന്ന പലിശ കുറയ്ക്കുന്നതിനുള്ള ശ്രമം ഗവൺമെൻറ് തുടങ്ങിവച്ചിരിക്കുന്നു. മൂന്നു ശതമാനം പലിശ ഹ്രസ്വകാല വായ്പയ്ക്കും അതുപോലെതന്നെ ദീർഘകാല വായ്പയ്ക്കും കുറയ്ക്കാമെന്നു ഗവൺമെൻറ് ബഡ്ജററു പ്രസംഗത്തിൽ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു കാര്യം അദ്ദേഹം വിട്ടുപോയതാണോ എന്നു സംശയിക്കുന്നു. മദ്ധ്യകാല വായ്പകൾക്ക് ഈ മൂന്നു ശതമാനത്തിൻെറ കുറവ് അനുവദിച്ചിട്ടില്ല. അതു വിട്ടുപോയതാണെങ്കിൽ അതു തിരുത്തണം എന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഐ. ആർ. ഡി. പി. പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന കാര്യത്തിൽ, പമ്പുസെററുകൾ അതുപോലെതന്നെ കറവമാടുകൾ ഒക്കെ വായ്പയായി വാങ്ങുന്നത് മദ്ധ്യകാല വായ്പകൾ ഉപയോഗിച്ചാണ്. കൂടുതൽ കൃഷിക്കാർ വായ്പകൾ വാങ്ങുന്നത് മദ്ധ്യകാല വായ്പയുടെ ആനുകൂല്യം വച്ചുകൊണ്ടാണ്. ഈ മൂന്നു ശതമാനം പലിശ ഇളവ് പ്രഖ്യാപിച്ചിട്ടുള്ളത് മദ്ധ്യകാല വായ്പക്ക് വരുന്നില്ലെങ്കിൽ അതുംകൂടി ഉൾപ്പെടുത്തണമെന്നു വ്യക്തമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. പി.ആർ. കുറുപ്പിൻെറ കാലത്തുണ്ടാക്കിയിട്ടുള്ള നിയമത്തിൽ പല അപാകതകളും ഉണ്ട്. ഷെയർലിംഗിൻെറ കാര്യത്തിൽ ഈ സംസ്ഥാനത്തെ സഹകാരികൾ വളരെയധികം ഒച്ചപ്പാടുണ്ടാക്കിയിട്ടുണ്ട്. നാട്ടിൻപുറത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ട്. ഇന്ന് നമുക്കറിയാം, സഹകരണരംഗത്തെ ഷെയർ ക്യാപ്പിററൽ ശരാശരി മൂന്നുലക്ഷം ആണെന്ന്. അതു പത്തുലക്ഷവും പതിനാറുലക്ഷവും ഉള്ള സഹകരണസംഘങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. ഷെയർലിംഗ് 1:10 എന്നുള്ളതു മാററി ഒരു ഷെയർ എടുത്താൽ ഈ രാജ്യത്തെ കൃഷിക്കാർക്ക് ആവശ്യത്തിനനുസരിച്ച് ലോൺ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം, അതിനനുസരിച്ച മാററം നിയമത്തിൽ ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. വരുംകൊല്ലങ്ങളിൽ ഗവൺമെൻറു നടപ്പാക്കാൻ പോകുന്ന പരിപാടികൾ വിജയിക്കണമെങ്കിൽ അതിനു കാര്യമായ ഡെപ്പോസിററ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണം. ഡെപ്പോസിററിൻെറ കാര്യത്തിൽ വളരെയധികം സഹകരണസംഘങ്ങൾ ഇന്ന് സ്വയം പര്യാപ്തതയിലാണ്. ശ്രീ. പി.ആർ.കുറുപ്പിന് അതെല്ലാം മനസ്സിലായില്ല. റീ ഇംപേഴ്സ്മെൻറിൻെറ കാര്യം പറയുമ്പോൾ ഇന്ന് നമ്മുടെ സഹകരണസംഘങ്ങൾ സ്വന്തംകാലിൽ നിൽക്കാൻ ശക്തമായ പ്രസ്ഥാനങ്ങളായി മാറിയിരിക്കുകയാണ്. ആരുടേയും സഹായം കൂടാതെതന്നെ ഗ്രാമപ്രദേശങ്ങളിലെ ആളുകളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അതിൻെറ പൂർത്തീകരണത്തിനായി നിലകൊള്ളുന്ന സഹകരണസംഘങ്ങളായി മാറിയിട്ടുണ്ട്. അതിനു പ്രത്യേകമായി പണം കാണേണ്ട ആവശ്യമില്ല. റീ ഇംപേഴ്സ്മെൻറിൻെറ ആവശ്യമില്ല. പണം കൊടുക്കാൻ ഔട്ട്ലററ് കണ്ടുപിടിക്കാനുള്ള വളരെയധികം സമഗ്രമായ പ്രവർത്തനത്തിലാണ്. ജില്ലാസഹകരണ ബാങ്കുകളിൽ വളരെയധികം പണം കെട്ടിക്കിടപ്പുണ്ട്. അതിനു ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

ഔട്ട്ലററ് കണ്ടുപിടിക്കേണ്ട ചുമതലയാണ് നമ്മുടെ സഹകരണ പ്രസ്ഥാനത്തിനുള്ളത്. ഇങ്ങനെയുള്ള അവസരത്തിൽ അന്ധതയിൽനിന്നുള്ള ആരോപണങ്ങളുമായി ശ്രീ. പി.ആർ. കുറുപ്പ് വരുന്നത് ഖേദകരമാണ്. നമ്മുടെ സഹകരണസംഘങ്ങൾ വളരെയധികം ശക്തമായി നടക്കുന്ന അവസരത്തിൽ വായ്പകൾ വാങ്ങുന്ന ആളുകൾക്ക് പല റസ്ട്രിക്ഷനും അനുഭവപ്പെടുന്നുണ്ട്. മാക്സിമം ബാറോയിംഗ് പവ്വർ വളരെയധികം റസ്ട്രിക്ട് ചെയ്തിട്ടുണ്ട്. അതു മാററണം. ഇന്നു കാർഷികാവശ്യങ്ങൾക്കു മാത്രമല്ല, സഹകരണസംഘങ്ങളെ സമീപിക്കുന്നത്. കാർഷിക സഹകരണസ്ഥാപനങ്ങളെ സമീപിക്കുന്നത് പല ആവശ്യങ്ങൾക്കായിട്ടാണ്. വ്യാവസായികാവശ്യങ്ങൾക്കും, ഹയർ പർച്ചേസ് രീതിയിൽ വാഹനങ്ങൾ വാങ്ങുന്നതിനും അതുപോലെയുള്ള മററുകാര്യങ്ങൾക്കും ഒക്കെ സഹകരണസംഘങ്ങളെ ഇന്നു സാധാരണക്കാരായ ആളുകൾ സമീപിക്കുന്നുണ്ട്. അതുകൊണ്ട് മാക്സിമം ബാറോയിംഗ് പവ്വർ ഒന്നു ഉയർത്താൻവേണ്ട ഭേദഗതി നിയമത്തിൽ വരുത്താൻ വേണ്ടി ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി മുൻകൈ എടുക്കണം. അതുപോലെ, ക്യാഷ് ക്രെഡിററ് സിസ്ററം ഇൻട്രൊഡ്യൂസ് ചെയ്യുകയാണെങ്കിൽ ഇന്നുള്ള കുടിശ്ശികയുടെ ശതമാനം കുറയ്ക്കാൻ സാധിക്കും. ഒരു ക്യാഷ് ക്രെഡിററ് പാസാക്കിക്കൊടുത്താൽ അതു വാങ്ങാനും തിരിച്ചടയ്ക്കാനുമുള്ള സൗകര്യം വായ്പവാങ്ങുന്ന ആളുകൾക്കുണ്ടായാൽ അതു നല്ലകാര്യമായിരിക്കും.

നമ്മുടെ സംസ്ഥാനത്തെ എല്ലാ സഹകരണസംഘങ്ങളും വളരെയധികം ഡിപ്പോസിററു സമാഹരിച്ചുകൊണ്ട് ഇന്നു വളരെ ശക്തിയായ രീതിയിൽ മുന്നേറുകയാണ്. കഴിഞ്ഞദിവസം സഹകരണമന്ത്രി സഹകാരികളുടെ യോഗം വിളിച്ച് വരുന്നകൊല്ലം നമ്മുടെനാട്ടിൻപുറങ്ങളിൽ 20 കോടി രൂപയുടെ അധികനിക്ഷേപം ഉണ്ടാക്കണമെന്നു തീരുമാനിച്ചു. ഈ രംഗത്തു പ്രവർത്തിക്കുന്ന സഹകാരികളെ സംബന്ധിച്ചിടത്തോളം അത് വലിയ പ്രശ്നമല്ല. നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾക്ക്, സത്യസന്ധമായി പ്രവർത്തിക്കുന്നവരും നേതൃത്വംകൊടുക്കുന്നവരുമായ ഭാരവാഹികൾക്ക് നാട്ടിൽ സ്വാധീനം വർദ്ധിച്ചിട്ടുള്ള ഈയവസരത്തിൽ വളരെ കാര്യമായിട്ടുള്ള പ്രതികരണം നിക്ഷേപസ്വരൂപണ കാര്യത്തിലും സമാഹരണകാര്യത്തിലും ഉണ്ടാകും എന്നുള്ളതിനു സംശയമില്ല. തീർച്ചയായും ഈ തീരുമാനത്തെ സഹർഷം സ്വാഗതം ചെയ്തുകൊണ്ടാണ് സഹകാരികൾ പിരിഞ്ഞിട്ടുള്ളത്. പക്ഷേ ഒരു കാര്യമുണ്ട്. ഡിപ്പോസിററ് ഇൻഷ്വറൻസ്കോർപ്പറേഷൻ ആക്ടിൽ, സഹകരണസ്ഥാപനങ്ങളിൽ സ്റേററ് കോവാപ്പറേറീവ് ബാങ്കുകളേയും ഡിസ്ട്രിക്ററ് കോ-ഓപ്പറേററീവ് ബാങ്കുകളെയും അർബൻ ബാങ്കുകളെയും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പക്ഷേ അതൊന്നു മാററി ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളെയും സഹകരണബാങ്കുകളെയും ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശമാണ് എനിക്കുവയ്ക്കാനുള്ളത്. കഴിഞ്ഞ നിക്ഷേപസമാഹരണകാലത്ത് ബഹുമാനപ്പെട്ട സഹകരണമന്ത്രി ഇതിന് ഒരു പരിഹാരം നിർദ്ദേശിച്ചിരുന്നു. സ്റേററ് സഹകരണബാങ്കും സർക്കാരും കൂടി അതിന് ഒരു പദ്ധതി തയ്യാറാക്കുമെന്നു പറഞ്ഞിരുന്നു. എങ്കിലും അതു നടപ്പിലാക്കിയിട്ടില്ല. അതു നടപ്പിലാക്കണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാർക്കററിംഗ് ഫെഡറേഷൻ ഇന്നു വിദേശ വ്യാപാരം ഏറെറടുക്കുന്നുണ്ട്. ഈ വിദേശവ്യാപാരം നടത്തുന്ന അവസരത്തിൽ അതിന്റെ സൗകര്യങ്ങൾക്ക് ഇന്നു നാഷണലൈസ്ഡ് ബാങ്കുകളെയാണ് ആശ്രയിക്കുന്നത്. നാഷണലൈസ്ഡ് ബാങ്കുകളാണെങ്കിൽ നമുക്കറിയാം, നമ്മുടെ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ടെങ്കിൽത്തന്നെയും ഇവിടെ നിന്നു കിട്ടുന്ന പണത്തിന്റെ വളരെച്ചെറിയൊരു ശതമാനം മാത്രമേ നമ്മുടെനാട്ടിലെ വികസനപ്രവർത്തനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തികസഹായം നൽകാൻ ഉപയോഗിക്കുന്നുള്ളൂ. അവരെ കൂടുതൽ പ്രോൽസാഹിപ്പിക്കുന്ന പ്രവർത്തനങ്ങളുണ്ടായാൽ നമ്മുടെ സഹകരണ സംഘങ്ങളിലെ ഡിപ്പോസിററ് കുറയും. സ്റേററ് മാർക്കററിംഗ് ഫെഡറേഷന്റെ ഈ വിദേശവ്യാപാരത്തിനു സഹായകമായരീതിയിൽ നമ്മുടെ സഹകരണസംഘങ്ങളെ അതിന് അനുവദിക്കുന്ന ഒരു രീതി ഉണ്ടാകണം എന്നതാണ് എന്റെ മറെറാരു നിർദ്ദേശം.

നോൺ റെസിഡൻഷ്യൽ അക്കൗണ്ട് തുടങ്ങുന്ന കാര്യത്തിൽ നാഷണലൈസ്ഡ് ബാങ്കുകൾക്കു മാത്രമാണ് റിസർവ് ബാങ്ക് അനുമതി കൊടുക്കുന്നത്. നമ്മുടെ രാജ്യത്തെ സഹോദരൻമാർ വളരെയധികം വിദേശത്തു പോയി പണം സമ്പാദിക്കുന്നുണ്ട്. അവർക്കു ഈ പ്രദേശത്തു ജനാധിപത്യ സംവിധാനത്തിൽകൂടി തിരഞ്ഞെടുക്കപ്പെടുന്ന അവരുടെ സഹോദരങ്ങൾ നടത്തുന്ന സർവീസ് സഹകരണ ബാങ്കുകളിൽ നോൺ റെസിഡൻഷ്യൽ അക്കൗണ്ടു തുടങ്ങുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയോ അതു സാധ്യമല്ലെങ്കിൽ സ്റേററ് കോ-ഓപ്പറേററീവ് ബാങ്കുകൾക്കോ ഡിസ്ട്രിക്ററ് കോ-ഓപ്പറേററീവ് ബാങ്കുകൾക്കോ ഈ രംഗത്തേക്കു വരാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുകയോ ചെയ്യാൻ ഗവൺമെൻറു നടപടി സ്വീകരിക്കണമെന്നുമാത്രമാണ് എനിക്കീയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ഒരു നിർദ്ദേശംകൂടി വച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. സ്റേററ് സഹകാരി കോൺഗ്രസ് കഴിഞ്ഞ പ്രാവശ്യം എറണാകുളത്തു കൂടിയപ്പോൾ, സഹകരണപ്രസ്ഥാനത്തിന്റെ സമഗ്രമായ വളർച്ചയും പ്രസ്ഥാനത്തിന്റെ സ്വാധീനവും മനസ്സിലാക്കി പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും അതിന്റെ ന്യൂനതകൾ മനസ്സിലാക്കാനും പുതിയ മേഖലകൾ കണ്ടെത്താനും നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന സഹകരണവകുപ്പിന്റെ മന്ത്രി ശ്രീ. ബേബിജോൺ സഹകാരികൾക്ക് ഒരു ഉറപ്പു കൊടുത്തിരുന്നു; ഇതു മനസ്സിലാക്കാൻ ഒരു ഹൈലെവൽ കമ്മിററി രൂപീകരിക്കാമെന്ന് സഹകാരികളുടെ നിറഞ്ഞ സദസ്സിൽ പറഞ്ഞത് ഓർമ്മിക്കണമെന്നും അതിനു മുൻതൂക്കം കൊടുത്തുകൊണ്ട് ഹൈലവൽ കമ്മിററിയെ നിയമിക്കണമെന്നും മാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഇതിനെ ഒന്നുകൂടി പിൻതാങ്ങുന്നു.

[Shri K. K. Balakrishnan in the chair]

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: സർ, ഞാൻ ഈ ഡിമാൻറുകളെ എതിർക്കുന്നു. ഏററവും വലിയ ഒരു ജനാധിപത്യപ്രസ്ഥാനമാണ് കേരളത്തിൽ സഹകരണപ്രസ്ഥാനം. കാർഷിക മേഖലയിൽ വായ്പ കൊടുക്കുന്നതും 35 ലക്ഷത്തോളംവരുന്ന ഓഹരിദായകൻമാർ ഉൾക്കൊള്ളുന്നതുമാണ്. അതിനുപുറമേ ഇൻഡസ്ട്രിയൽ സൊസൈററികൾ; അതിൽത്തന്നെ കയർ, കശുവണ്ടി, വീടുണ്ടാക്കൽ, പാൽ

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് ഇതെല്ലാം കൂടിയാകുമ്പോൾ, 50 ലക്ഷത്തോളം ആളുകളെ ഉൾക്കൊള്ളുന്ന ഏററവും വമ്പിച്ച ജനാധിപത്യപ്രസ്ഥാനമാണ് കേരളത്തിലെ സഹകരണപ്രസ്ഥാനം. പക്ഷേ അതിൽ ഒന്നേ ഇല്ലാതെയുള്ളു സർ,—ജനാധിപത്യം. ഇവിടെ ആ വകുപ്പും വകുപ്പിന്റെ മന്ത്രിയും തന്നിഷ്ടംപോലെ ജനാധിപത്യത്തെ കൊലചെയ്യുകയാണ്. ഒരൊററ ഉദാഹരണം ഞാൻ പറയാം. ഏററവും പ്രധാനപ്പെട്ട സഹകരണ സംഘമാണ് കണ്ണൂരുള്ള ദിനേശ് ബീഡി. 1969-70 ൽ ആ സൊസൈററിയിൽ നോമിനേഷൻ കഴിഞ്ഞശേഷം പത്തുകൊല്ലമായി; തിരഞ്ഞെടുപ്പു നടത്താതെ പത്തുകൊല്ലമായി. പഞ്ചായത്തു തിരഞ്ഞെടുപ്പു നടത്താത്തതിനെപ്പററി ശ്രീ. സി.എച്ച്. മുഹമ്മദുകോയയ്ക്കു എല്ലാ കോണിൽനിന്നും എതിർപ്പുണ്ടായപ്പോൾ മെല്ലെ ഉള്ളാലെ ചിരിച്ച ആളാണ് ബഹുമാനപ്പെട്ട സഹകരണ മന്ത്രി. ഇവർക്ക് ഇതിന്നുകൂട്ടുത്തരവാദിത്വമുണ്ട്. അതുകൊണ്ടാണ് ഡിമാൻറിനെ എതിർക്കുന്നത്. പതിനഞ്ചുതവണ തിരഞ്ഞെടുപ്പു നിർത്തിവച്ചു. എന്തിനു നിർത്തിവച്ചു? 40,000 വരുന്ന ബീഡിത്തൊഴിലാളികളിൽ 5 ശതമാനംപോലുമില്ല, ഭരണകക്ഷിയിൽപ്പെട്ട തൊഴിലാളികൾ.

അവിടെ തിരഞ്ഞെടുപ്പു നടന്നാൽ, ഇന്ന് കുത്തിനിറയ്ക്കപ്പെട്ട ഡയറക്ടർമാർ പുറത്തുപോകേണ്ടിവരും. തിരഞ്ഞെടുപ്പു നടത്താത്തത് എന്തുകൊണ്ടാണെന്നു മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ബേബി ജോൺ പറയണം. അതു മാത്രമല്ല. സർവീസ് സഹകരണസംഘം ഫാർമേഴ്സ് സൊസൈററിയാക്കി മാററുമ്പോൾ അവിടെയും നോമിനേഷൻ ആണ്. അതു പോലെതന്നെ റൂറൽ ബാങ്കുകളെ അർബൻ ബാങ്കുകളാക്കി മാററുമ്പോഴും നോമിനേഷനാണ്, മൂന്നു കൊല്ലത്തേക്ക്. എന്തിനാണ് ഇത്? പത്തിരുപതു കൊല്ലം ചോരയും നീരും ചെലവഴിച്ച് അധ്വാനിച്ച് സർവീസ് സഹകരണസംഘം കെട്ടിപ്പടുത്ത് അത് ഫാർമേഴ്സ് സൊസൈററിയാക്കി മാററുമ്പോൾ ആ കെട്ടിപ്പടുത്തവർ യാതൊരു ബന്ധവുമില്ലാതെ ഒരു ദിവസം രാവിലെ കാണാം ബഹുമാനപ്പെട്ട ബേബി ജോണിനെപ്പോലെ ജുബ്ബ ഇട്ടിട്ടുള്ള ഏഴു ആളുകൾ കയറി വരുന്നത്. എന്താണെന്ന് ചോദിച്ചാൽ ഞങ്ങളെ നോമിനേററ് ചെയ്തിരിക്കുന്നു, ഈ വന്നവരാണെങ്കിലോ, മഴ പെയ്യുമ്പോൾ കുടയില്ലാത്തതു കൊണ്ട് സർവീസ് സഹകരണസംഘത്തിന്റെ വരാന്തയിൽ കയറിനിന്ന ബന്ധം പോലുമില്ലാത്തവരെയാണ് ബഹുമാനപ്പെട്ട മന്ത്രി നോമിനേററ് ചെയ്യുന്നത്. നല്ല നിലയ്ക്ക് നടക്കുന്ന സൊസൈററികളെ എന്തെങ്കിലും കാരണം പറഞ്ഞ്, പ്രതിപക്ഷത്തിന്റെ കൈയിലാണെങ്കിൽ, പിരിച്ചുവിട്ട് നോമിനേററ് ചെയ്യും. എത്ര വേണമെങ്കിലും ഉദാഹരണം പറയാം. പക്ഷേ സമയം പോകും. സഹകരണസംഘങ്ങളെ കഴുത്തിനുപിടിക്കുകയാണ് എന്നുള്ളതിന് ഒരൊററ ഉദാഹരണം കൂടി പറയാം. നല്ല നിലയ്ക്ക് സഹകരണസംഘങ്ങൾ ചിട്ടി നടത്തിവന്നിരുന്നു. നീലേശ്വരം ബാങ്കിൽ ശ്രീ. എൻ. കെ. ബാലകൃഷ്ണനോടു ചോദിച്ചാൽ അറിയാം 75,000 ഉറുപ്പിക ലാഭം ഉണ്ടായിരുന്നു. അതുപോലെ തന്നെ കാഞ്ഞങ്ങാട് ടൗൺ ബാങ്കിന് 1,00,000 ഉറുപ്പിക ലാഭം ഉണ്ടായിരുന്നു. പയ്യന്നൂർ റൂറൽ ബാങ്കിന് 40,000 ഉറുപ്പിക ലാഭം ഉണ്ടായിരുന്നു. മാടായി ബാങ്കിന് 80,000 ഉറുപ്പിക ലാഭം ഉണ്ടായിരുന്നു, ചിട്ടിനടത്തി കമ്മീഷൻ ഇനത്തിൽ. ചിട്ടി ആക്ററിൽ സഹകരണസംഘങ്ങളെ ഉൾപ്പെടുത്തി. അതിന്റെ ഫലമായി സഹകരണസംഘങ്ങളിൽ ലാഭം ഇല്ലാതെയായി എന്നു മാത്രമല്ല അവർ അറിയാതെ ചിട്ടി നടത്തിയതിന്റെ പേരിൽ നൂറും നൂററിഅൻപതും കേസുകൾ ഓരോ സംഘത്തിന്റെയും പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് നിലവിലിരിക്കുകയാണ്. എന്താണ് സർ, ഈ സഹകരണ സംഘങ്ങൾ ചിട്ടി നടത്തിയാൽ തരക്കേട്? ചിററാളൻമാരെ തോൽപ്പിക്കുമോ എന്നുള്ളതാണ് മന്ത്രിക്കും മന്ത്രിസഭയ്ക്കും പേടിയെങ്കിൽ ഒററ ചിററാളനെ തോൽപ്പിച്ച ഒററ സംഘത്തിൻെറയെങ്കിലും പേര് പറയാൻ മന്ത്രി ഒരുങ്ങണം. സഹകരണസംഘങ്ങൾ നടത്തിയ ചിട്ടികൾ കൃത്യമായും കൊട്ടിക്കൊടുത്തിട്ടുള്ള ചിട്ടികളാണ്. പക്ഷേ ഇതിൻെറ അടിയിൽ ഒരു കറുത്ത കൈയുണ്ട്. ഭംഗിയായി ചിട്ടിനടത്തിയാൽ ചില ആളുകളുടെ താൽപ്പര്യങ്ങൾക്കു കേടു തട്ടും. ഇപ്പോൾ ഈ ചിട്ടി ആക്ററിൽ സഹകരണസംഘങ്ങളെ ഉൾപ്പെടുത്തിയതിൻെറ ഫലമായി സഹകരണസംഘങ്ങൾ ചിട്ടിയിൽനിന്ന് വിരമിച്ചതുകൊണ്ടു ലാഭം ആർക്കാണ് കുത്തകക്കാരനായ സുദർശനക്കാരനാണ്. മംഗലാപുരത്തും മാഹിയിലും കോയമ്പത്തൂരും ബ്രാഞ്ചുചേർക്കുന്നതിൻെറ പേരിൽ പയ്യന്നൂരിലും കണ്ണൂരിലും തലശ്ശേരിയിലും ചേർത്തിട്ട്. ലക്ഷക്കണക്കിനും കോടിക്കണക്കിനും അവർ ലാഭം ഉണ്ടാക്കി വ്യക്തമായി ഞാൻ ഒരു ചാർജ്ജ് ഈ മന്ത്രിസഭയുടെ പേരിൽ വയ്ക്കുകയാണ്. സുദർശനക്കാരനുവേണ്ടിയാണ് ഈ ചിട്ടി ആക്ററിൽ സഹകരണസംഘങ്ങളെപെടുത്തിയതെന്നു ഞാൻ പറയുന്നു. അല്ലെങ്കിൽ എന്ത് കാരണത്തിലാണ്? കഴിഞ്ഞ അസംബ്ലിസമ്മേളനത്തിൽ എല്ലാ ഭാഗത്തുനിന്നും എതിർപ്പു വന്നപ്പോൾ, ലയിസാൺ കമ്മിററിയിൽ തന്നെ എതിർപ്പുവന്നപ്പോൾ, പാർലമെൻററി പാർട്ടി യോഗത്തിൽ എതിർപ്പുവരുമ്പോൾ മുൻ ധനകാര്യമന്ത്രി ശ്രീ. ഹേമചന്ദ്രൻ, ഗവൺമെൻറ് നടത്തുന്ന ചിട്ടികളെ ഒഴിവാക്കാൻ കൊണ്ടുവന്ന ഭേദഗതിയുടെ കൂടെ സഹകരണസംഘങ്ങളേയും ഒഴിവാക്കാൻ തീരുമാനിച്ചുകൊണ്ട് ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഭേദഗതി കൊണ്ടുവന്നതാണ്. അതിനുശേഷം എന്തുണ്ടായി? ഗവൺമെൻറ് തന്നെ ഈ ഭേദഗതിയിൽനിന്നു പിന്നോക്കം പോയി, പിന്നെയും സഹകരണസംഘങ്ങളുടെ പേരിൽ നൂറുകണക്കായ കേസുകൾ എടുത്തു. എല്ലാ പാർട്ടിയുടെയും ലീഗിൻെറയും കാൺഗ്രസ് (ഐ) യുടെയും ഉൾപ്പെടെയുള്ള എല്ലാ പാർട്ടികളിലേയും നേതാക്കൻമാർ സഹകരണ സംഘങ്ങളുടെ നേതാക്കൻമാർ, മുഖ്യമന്ത്രിയെ പലതവണ കണ്ടു; ധനകാര്യമന്ത്രിയെ കണ്ടു, സഹകരണമന്ത്രിയെ കണ്ടു, രജിസ്ട്രേഷൻ മന്ത്രിയെ കണ്ടു. സഹകരണസംഘങ്ങളെ ഒഴിവാക്കാൻ ആവശ്യപ്പെട്ടിട്ടും ഇന്നും അവർ കയർ അഴിച്ചു വിട്ടിട്ടില്ല. അതിൻെറ ഫലമായി ഇപ്പോൾ സഹകരണസംഘത്തിലെ സെക്രട്ടറിമാർക്കും പ്രസിഡൻറുമാർക്കും കോടതി കയറലാണ് പണി. സഹകരണസംഘങ്ങളെ ചിട്ടി ആക്ററിൽ നിന്നും പരിപൂർണ്ണമായി ഒഴിവാക്കണം. അല്ലെങ്കിൽ ഒഴിവാക്കുകയില്ലെന്നു പറയണം. അതിൻെറ കാരണവും വ്യക്തമാക്കണം. ഇങ്ങനെ സഹകരണസംഘങ്ങളെ ഞെക്കിക്കൊല്ലുന്ന പല നടപടികളും ഈ ഭാഗത്ത് ഉണ്ടാകുന്നുണ്ട്. ഇതിൽ സ്വജനപക്ഷപാതം ഉണ്ട്. എന്നു വച്ചാൽ ഭരണകക്ഷികൾക്കു അനുകൂലമായിട്ടാണ് ഇത് ഉപയോഗിക്കുന്നത്. അതിന് നൂറു നൂറു തെളിവുകൾ ഉണ്ട്. മന്ത്രി നിഷേധിക്കണം. ഒന്ന് ഞാൻ പറയാം. സി.പി.ഐ.യിലെ ടി. എൻ. പ്രഭാകരൻ പ്രസിഡൻറ് ആയിട്ടുള്ള കുമാരനെല്ലൂർ മാർക്കററിംഗ് സൊസൈററിയും പാലക്കാട് കളക്ടറുമായി ഒരു എഗ്രിമെൻറ് ഉണ്ട്. ആ എഗ്രിമെൻറ് പ്രകാരം ലെവി നെല്ല് എടുക്കാൻ അധികാരം ഈ സൊസൈററിക്കു കൊടുത്തു. ലെവി നെല്ല് എടുത്തു. അന്ന് നെല്ലിന് വില ജാസ്തി ഉണ്ട്. ആ ടി. എൻ. പ്രഭാകരനും അവിടത്തെ സെക്രട്ടറിയായ മുസ്തഫായുംകൂടെ ആ നെല്ല് അങ്കമാലിയിൽ കൊണ്ടു ചെന്നു വിററു.

LIBRARY ARCHIVES Kerala Legislative Assembly

യാതൊന്നും ഉണ്ടായില്ല, വിററു. നെല്ല് അളക്കണം എന്ന് പാലക്കാട് കളക്ടർ പറഞ്ഞു. അളന്നില്ല. എഗ്രിമെൻറിൽ, നെല്ല് അളന്നില്ലെങ്കിൽ ഇരട്ടി വില വസൂലാക്കുന്നതു ഞങ്ങൾക്കു സമ്മതമാണെന്നു അവരും, ഞാൻ വസൂലാക്കുമെന്നു കളക്ടറും ഒപ്പിട്ടിട്ടുണ്ട്. അതുപ്രകാരം 1,80,000 രൂപയ്ക്ക് കളക്ടർ ആക്ഷൻ എടുത്തു. എന്താണ് സംഭവിച്ചതെന്നു അറിയാമോ സർ? ഈ മുസ്തഫാ എന്നു പറയുന്ന വിദ്വാൻ ഗൾഫിൽ പോകാൻ പാലക്കാട് കളക്ടർ മോഹൻദാസിൻെറ അടുത്ത് പാസ്പോർട്ടിനു ഒപ്പിടുവിക്കുവാൻ പോയി. മോഹൻദാസ് പറഞ്ഞു ഇപ്പോൾ പോകാൻ പററുകയില്ല, ലെവി നെല്ല് ഗവൺമെൻറിനു കൊടുക്കാത്തതിനു കേസുണ്ട് ഇവിടെ നിൽക്കണം. കേസ്സ് കഴിഞ്ഞിട്ടു പോകാം എന്ന്.

* * * *

ടി.എൻ. പ്രഭാകരനോ? ടി.എൻ. പ്രഭാകരൻ റഷ്യയിലാണ്. ഇത് നിഷേധിക്കണം. ഞാൻ വെറുതെ പറയുന്നതല്ല.

ശ്രീ. പി.ബി.ആർ. പിള്ള: ഈ ടി.എൻ. പ്രഭാകരനും മുസ്തഫയും സി.പി.ഐ.യുടെ പ്രവർത്തകർ ആയിരുന്നുവോ? സി.പി.ഐ.യുടെ ജില്ലാസെക്രട്ടറി ആയിരുന്നുവോ ഈ ടി.എൻ. പ്രഭാകരൻ?

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ഞാൻ പറഞ്ഞല്ലോ, സി.പി.ഐ യിലെ ടി.എൻ. പ്രഭാകരൻ എന്ന്. അതുമാത്രമല്ല സർ, ഞാൻ ഒരു കാര്യംകൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇരുപതു ലോഡ് അടയ്ക്ക മംഗലാപുരത്തേക്ക് അയച്ചു ഈ മാർക്കററിംഗ് സൊസൈററി..........

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): ഞാൻ ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താം. ഇങ്ങനെ ഒരു പത്രവാർത്ത കുറെ മാസങ്ങൾക്കുമുമ്പ് വന്നപ്പോൾ തന്നെ, താൻ ഇങ്ങനെ ഒരു പാസ്പോർട്ടിൽ ഒപ്പിട്ടുകൊടുത്തു എന്നു പറയുന്നത് തികച്ചും അടിസ്ഥാനരഹിതമാണെന്ന് മി. ചൗധരി വ്യക്തമാക്കിയ വിവരം അറിയാതെ ആണോ ഈ പറയുന്നത്? അതോ അത് അറിഞ്ഞിട്ടു മനഃപൂർവ്വം ആവർത്തിക്കുകയാണോ?

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ബാക്കി ഭാഗം നിഷേധിക്കാൻ മുഖ്യമന്ത്രി തയ്യാറാകുമോ? മി. ചൗധരി എന്ന വൈക്കോൽത്തുരുമ്പിൽ പിടിച്ചു കയറുന്നതിനു പകരം ഞാൻ പറഞ്ഞ നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ടി.എൻ. പ്രഭാകരൻ ഇങ്ങനെ വഞ്ചിച്ച് തോൽപ്പിച്ച് മുസ്തഫയെ ഗൾഫിൽ അയക്കുകയും ഈ ആൾ റഷ്യയിൽ പോകുകയും ചെയ്തിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം നിഷേധിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അതൊന്നും അല്ല പ്രശ്നം. ഞാൻ പറഞ്ഞത് ഈ സഭയിൽ ഇല്ലാത്ത.....................

(തടസ്സം)

സർ, ഈ സഭയിൽ ഇല്ലാത്ത ഒരു ഉദ്യോഗസ്ഥനെപ്പററി പറഞ്ഞ കാര്യം ആണ്.

*** ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

2/465—11

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻ: ആർഡർ, ആർഡർ. ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിൽ ഇല്ലാത്ത ഒരു ഉദ്യോഗസ്ഥനെപ്പററി ആരോപണം ഉന്നയിക്കുന്നതു ശരിയല്ല.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ഞാൻ പറഞ്ഞതിൽ ഞാൻ ഉറച്ചു നിൽക്കുകയാണ്.

ചെയർമാൻ: ആർഡർ, ആർഡർ...

(ബഹളം)

ശ്രീ. പി.കെ. വാസുദേവൻ നായർ: മര്യാദ ഉണ്ടെങ്കിൽ കേട്ടാൽ മതി. മനുഷ്യർക്ക് എല്ലാം ചില പ്രാഥമിക മര്യാദകൾ ഉണ്ട്. ഈ സഭയിലെ മെമ്പർമാർ ചില പ്രാഥമിക ചട്ടങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നതു കൊണ്ട് ഞാൻ പറയുകയാണ്. അദ്ദേഹം അറിഞ്ഞില്ലെങ്കിൽ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്. ഇത് പത്രത്തിൽ ഒരു വാർത്തയായിട്ട് കുറച്ചു മാസങ്ങൾക്കുമുമ്പ് വന്നപ്പോൾ മി. ചൗധരി ഇപ്പോഴത്തെ എന്റെ സെക്രട്ടറി അന്നത്തെ മലപ്പുറം കളക്ടർ, അത് നിഷേധിക്കുകയുണ്ടായി. "ഞാൻ അങ്ങനെ ഒരു പാസ്പോർട്ട് ഒപ്പിട്ടിട്ടില്ല എന്ന്". ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ അത് അറിഞ്ഞിട്ട് വീണ്ടും പറയുകയാണോ അതോ അറിയാതെ ആവർത്തിക്കുകയാണോ എന്ന് മാത്രമേ ഞാൻ ചോദിച്ചുള്ളു.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ഞാൻ ചോദിക്കട്ടെ സർ, ഞാൻ പറഞ്ഞതിന്റെ ഒരു ഭാഗം മാത്രമാണ് നിഷേധിച്ചത്. മുഖ്യമന്ത്രി പറഞ്ഞ വാക്കിനെ വേണമെങ്കിൽ ഞാൻ സ്വീകരിക്കാം. എന്നാൽ ഞാൻ പറഞ്ഞ മുഴുവൻ ചാർജസ്സിനെപ്പററി മുഖ്യമന്ത്രി എന്തു പറയുന്നു? നിങ്ങളുടെ പാർട്ടിയിലെ ജില്ലാസെക്രട്ടറി ടി.എൻ. പ്രഭാകരൻ 1,80,000 ഉറുപ്പിക കുമാരനെല്ലൂർ മാർക്കററിംഗ് സൊസൈററിയിൽനിന്നും കട്ടിട്ട് റഷ്യയിലേക്കും, സംഘത്തിന്റെ സെക്രട്ടറി ഗൾഫിലേക്കും പോയി എന്നു ഞാൻ പറഞ്ഞതിനെപ്പററി എന്തു പറയുന്നു. . മൗനം; സമ്മതിക്കുന്നു എന്നാണു സർ, അതിന്റെ അർത്ഥം.

ശ്രീ. പി.കെ. വാസുദേവൻ നായർ: അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ അതൊക്കെ.................................

ചെയർമാൻ: ആർഡർ, ആർഡർ. വഴങ്ങുന്നുണ്ടോ?

ശ്രീ. എം.കെ. കൃഷ്ണൻ: സർ, ഒരു പോയിൻറ് ആഫ് ആർഡർ....

(ബഹളം)

ഒരു മെമ്പർ ഇവിടെ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ മെമ്പറോട് ചോദ്യങ്ങൾ ചോദിക്കാം, പക്ഷേ അതേസമയം മെമ്പർ അതിനു വഴങ്ങുന്നില്ലെങ്കിൽ പേഴ്സണൽ വിശദീകരണം നടത്തുന്നതു ശരിയാണോ?

ചെയർമാൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചപ്പോൾ സംസാരിച്ചുകൊണ്ടിരുന്ന ബഹുമാനപ്പെട്ട ഷേണായി മറുപടി ഒന്നും പറഞ്ഞില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും ചോദ്യം ചോദിക്കാൻ ഇടയായത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. കൃഷ്ണൻ: ഒരു മെമ്പർ ചർച്ചയിൽ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആ മെമ്പർ വഴങ്ങുകയാണെങ്കിൽ ചോദ്യം ചോദിക്കാം. അതിനിടയിൽ പേഴ്സണൽ വിശദീകരണം നടത്താൻ കഴിയുമോ? അത് ആർഡറിലാണോ? എന്റെ ചോദ്യം ഇതാണ്.

ശ്രീ. പി.കെ. വാസുദേവൻ നായർ: ശ്രീ. എം.കെ. കൃഷ്ണന് വസ്തുത അറിയാനാണെങ്കിൽ, അദ്ദേഹം ഇവിടെ പറഞ്ഞ ഒരു ആരോപണത്തെസംബന്ധിച്ച് എനിക്ക് അറിയാവുന്ന..................

(ബഹളം)

ചെയർമാൻ: അതിൽ പോയിന്റ് ഒന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.................................

ശ്രീ. ടി.കെ. രാമകൃഷ്ണൻ: വഴങ്ങുന്നില്ലെങ്കിൽ എഴുന്നേററു നിന്ന് സംസാരിക്കുന്നതു ശരിയാണോ? അതിനെപ്പററിയാണ് റൂളിംഗ് വേണ്ടത്.

ചെയർമാൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ യഥാർത്ഥ ചിത്രം വിവരിച്ചു എന്നു മാത്രമേയുള്ളു. അദ്ദേഹം പറഞ്ഞപ്പോൾ ശ്രീ. ഷേണായി യാതൊരു ആക്ഷേപവും ഉന്നയിച്ചില്ല. അദ്ദേഹം വഴങ്ങുന്ന മാതിരിയാണ് തോന്നിയത്. അതുകൊണ്ടാണ് മുഖ്യമന്ത്രി സംസാരിക്കാൻ ഇടയായത്.

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. നമ്മുടെ നിയമസഭാചട്ടമനുസരിച്ച് ഏതെങ്കിലും ബഹുമാനപ്പെട്ട ഒരു മെമ്പർ സഭയിലുള്ള ഒരു അംഗത്തെ സംബന്ധിച്ചുള്ള ആരോപണമായാൽപോലും നേരത്തെ നോട്ടീസ് കൊടുത്ത് പറയണമെന്നാണ്. ചിലപ്പോഴെല്ലാം ആ നടപടിക്രമങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി വരാറുണ്ട്. സഭയിൽ മറുപടി പറയാൻ അവസരമില്ലാത്ത, സഭയ്ക്കു പുറത്തുള്ള ഒരാളെക്കുറിച്ച് ഇങ്ങനെ അപഹരിച്ചിരിക്കുന്നു എന്നുള്ള ആരോപണം ഉന്നയിക്കുന്നത് നേരത്തെ എനിക്ക് ഇതിനെപ്പററി വിവരം തന്നിരുന്നുവെങ്കിൽ എനിക്കു അതിനെ സംബന്ധിച്ച് വിവരം ശേഖരിക്കാൻ അവസരം കിട്ടുമായിരുന്നു. അങ്ങനെ പറയുന്നത് ഓർഡറിൽ അല്ലെങ്കിൽ ആ ഭാഗം എക്സ്പഞ്ച് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: മന്ത്രിമാർക്ക് അവസാനം മറുപടി പറയാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. ആ സമയത്ത് അവർക്കു ഈ കാര്യങ്ങളെപ്പററി സംസാരിക്കാം. ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം വഴങ്ങാതിരുന്നാൽ ഈ വിധത്തിൽ ചെയ്യുന്നതിനുള്ള അധികാരം ഏതെങ്കിലും മെമ്പർക്ക് ഉണ്ടോ? അതിനെപ്പററിയാണ് റൂളിംഗ് വേണ്ടത്. ചെയറിന്റെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുകയല്ല. ഇതെല്ലാം റൂളിംഗായി പുസ്തകത്തിൽ കിടക്കും. അതിനുള്ള വ്യക്തമായ അധികാരം ഉണ്ടോ? ഉണ്ടെങ്കിൽ ഉണ്ടെന്നു പറയണം, ഇല്ലെങ്കിൽ ഇല്ലെന്നു പറയണം. ഉണ്ടെങ്കിൽ അങ്ങനെ എല്ലാവർക്കും ഉപയോഗിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഈ സഭയിൽ അംഗമല്ലാത്ത ആളുകളെ സംബന്ധിച്ചിടത്തോളം പരസ്യമായി ആരോപണം ഉന്നയിക്കുന്നത് സഭയുടെ കീഴ്‌വഴക്കത്തിന് എതിരാണ്. അദ്ദേഹം ഈ സഭയിലില്ലാത്ത ആളാണ്. അദ്ദേഹത്തിന് മറുപടി പറയാൻ സാധിക്കുകയില്ല. അതുകൊണ്ട് ആരോപണം ആരുടെയെങ്കിലും പേരിൽ ഉന്നയിക്കുകയാണെങ്കിൽ കാലേക്കൂട്ടി എഴുതി കൊടുക്കണമെന്നുള്ളത് സഭയുടെ സാധാരണ നടപടി ക്രമമാണ്.

ശ്രീ. പി.ബി.ആർ. പിള്ള: അങ്ങനെയാണെങ്കിൽ സഭയിലില്ലാത്ത അംഗങ്ങളെപ്പററിയായാലും സംഘടനകളെപ്പററിയായാലും ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം സഭയിലില്ലെന്ന കാരണത്താൽ പ്രൊസീഡിംഗ്സിൽനിന്നും നീക്കം ചെയ്യുമോ?

മി. ചെയർമാൻ: ഇപ്പോൾ ശ്രീ. ബേബി ജോൺ ഇവിടെ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്. ഈ സഭയിലില്ലാത്ത..

(ബഹളം)

മി. എം.കെ. കൃഷ്ണൻ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിന് മറുപടി നൽകി കഴിഞ്ഞു. ശ്രീ. എം. കെ. കൃഷ്ണൻ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിൽ പറഞ്ഞിരുന്നത് ശ്രീ. ഷേണായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മുഖ്യമന്ത്രി അദ്ദേഹം വഴങ്ങാതെതന്നെ ചോദ്യം ചോദിച്ചു എന്നുള്ളതാണ്. അത് ഓർഡറിലാണോ എന്നുള്ളതാണ് പ്രശ്നം.

(ബഹളം)

[Deputy Speaker in the chair]

ശ്രീ. എം.കെ. കൃഷ്ണൻ: എൻെറ പോയിൻറ് ഓഫ് ഓർഡർ അങ്ങു പറഞ്ഞതുപോലെയല്ല. ഒരു മെമ്പർ ഒരു ഡിസ്കഷനിൽ പങ്കെടുത്തുകൊണ്ടിരിക്കെ ആ മെമ്പർ വഴങ്ങാതെ ചോദ്യം ചോദിക്കാനുള്ള അവകാശം ഈ സഭയിൽ ആർക്കെങ്കിലും ഉണ്ടോ? മുഖ്യമന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹത്തിന് പ്രത്യേകമായ അവകാശം ഒന്നും തന്നെ സഭയിൽ ഇല്ല. എല്ലാ ആളുകൾക്കും തുല്യമായ അവകാശമാണുള്ളത്. ഒരാൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ അയാൾ വഴങ്ങുകയാണെങ്കിൽ ചോദ്യം ചോദിക്കാം. ബഹുമാനപ്പെട്ട ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ എക്സ്പ്ലനേഷൻ നടത്താൻ ഉള്ള അവകാശം ആർക്കെങ്കിലും ഉണ്ടോ എന്നുള്ളതാണ് എൻെറ പോയിൻറ് ഓഫ് ഓർഡർ. അതിനാണ് മറുപടി നൽകേണ്ടത്.

ശ്രീ. പി.കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ കൃഷ്ണൻെറ സംശയം ഞാൻതന്നെ തീർക്കാം. എൻെറ സുഹൃത്ത് ശ്രീ. ഷേണായി വഴങ്ങിയതുകൊണ്ടാണ് ഞാൻ ചോദ്യം ചോദിച്ചത്.

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണനെപ്പോലെ പരിണിത പ്രജ്ഞനായ ഒരു നേതാവ് ഇങ്ങനെ തുടങ്ങിയാലോ? ശ്രീ. ടി.കെ രാമകൃഷ്ണൻ വളരെയധികം അറിവുള്ള ആളാണ്.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാർ സ്പീക്കർ എഴുന്നേററു നിൽക്കുമ്പോഠം ഇരിക്കാനുള്ള സാമാന്യ മര്യാദയെങ്കിലും കാണിക്കേണ്ടതല്ലേ? ബഹുമാനപ്പെട്ട മെമ്പർ ഷേണായി സംസാരിച്ചു കൊണ്ടിരുന്ന അവസരത്തിൽ സഭാ നടപടി ചട്ടങ്ങഠംക്ക് ചേരാത്ത വിധത്തിലുള്ള ഒരു പരാമർശനം അദ്ദേഹത്തിൽനിന്നും ഉണ്ടായ അവസരത്തിൽ അത് ഏതവസരത്തിലും ചൂണ്ടിക്കാണിക്കാനുള്ള അവകാശം സഭാ നേതാവിനുണ്ട്. സഭാ നടപടിചട്ടങ്ങഠംക്ക് ചേരാത്ത വിധത്തിലുള്ള പരാമർശനം ഉണ്ടാവുകയാണെങ്കിൽ അത് ചൂണ്ടിക്കാണിക്കാനുള്ള അവകാശം സഭാ നേതാവിന് ഉണ്ട്. ആ നിലയിൽ സഭാ നേതാവ് ചൂണ്ടിക്കാണിച്ചതായ ആ കാര്യം സ്പീക്കർ ഒരു റൂളിംഗ് ആയി ഇവിടെനിന്നും നൽകുകയും ചെയ്തു. സഭയിലില്ലാത്തതായ ഒരു ഉദ്യോഗസ്ഥനെക്കുറിച്ച് ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ അത് മുൻകൂട്ടി ഉത്തരവാദപ്പെട്ട മന്ത്രിയേയും സ്പീക്കറേയും അറിയിക്കണമെന്ന് നമ്മുടെ നിയമസഭാ ചട്ടങ്ങളിൽ ഉണ്ട്. ആ ചട്ടങ്ങളുടെ ഉദ്ദേശം തന്നെ നേരത്തെ അങ്ങനെ ഉന്നയിക്കപ്പെടുന്നതായ ആരോപണത്തിന്റെ സൂക്ഷ്മാവസ്ഥ നേരത്തെ തന്നെ ആരാഞ്ഞ് മന്ത്രിക്ക് മറുപടി പറയുന്നതിനുവേണ്ടി ആണ്. അങ്ങനെ മുൻകൂട്ടി അറിയിക്കാതെ പ്രസംഗവേളയിൽ അങ്ങനെ പെട്ടെന്ന് ഒരു ആരോപണം ഉന്നയിക്കുകയാണെങ്കിൽ അതിന്റെ യാഥാർത്ഥ്യം ആരാഞ്ഞ് മറുപടി പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയാതെ വരുമെന്നുള്ളതുകൊണ്ടാണ് സഭാ നടപടി ചട്ടങ്ങളിൽ അങ്ങനെയൊരു വ്യവസ്ഥ വച്ചിട്ടുള്ളത്. അതിനാൽ അങ്ങനെ ഉന്നയിച്ചതായ ആരോപണങ്ങഠം ഈ സഭാ നടപടികളിൽനിന്നും നീക്കം ചെയ്യേണ്ടതാണെന്നുള്ളതാണ് ചെയറിന് നൽകാനുള്ള റൂളിംഗ്. എല്ലാ മെമ്പർമാരും..........

(ബഹളം)

സ്പീക്കർ എഴുന്നേററു നിൽക്കുന്ന സമയത്ത് ഇങ്ങനെ മെമ്പർമാർ എഴുന്നേററു നിൽക്കുന്നത് സഭാ നടപടി ചട്ടങ്ങളെ ലംഘിക്കലാണ്. ബഹുമാനപ്പെട്ട മെമ്പർമാർ സഭാ നടപടി ചട്ടങ്ങളോട് ആദരവ് കാണിച്ചാൽ മാത്രമേ സഭാ നടപടികഠം അന്തസ്സായി നടത്താൻ സാധിക്കുകയുള്ളു. ഈ സഭയിൽ ഇല്ലാത്തതായ ആരെപ്പററിയും ആരോപണം ഉന്നയിക്കുന്നത് മുൻകൂട്ടി അറിയിക്കാതെ ആണെങ്കിൽ അത് സഭാ നടപടികളിൽനിന്നു നീക്കം ചെയ്യുന്നതായിരിക്കും.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഒരു ചെയർമാൻ റൂളിംഗ് നടത്തിക്കൊണ്ടിരിക്കുമ്പോഠംത്തന്നെ പകുതിയാക്കി ഇട്ടിട്ട് ഓടി പോയി. പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ച ശ്രീ. എം.കെ. കൃഷ്ണൻ പറഞ്ഞതു ഈ പ്രശ്നം അല്ല. ഇത് റവന്യൂ മന്ത്രിയുടെ പോയിൻറ് ഓഫ് ഓർഡറിനുള്ള റൂളിംഗാണ്. ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോഠം ആ മെമ്പർ വഴങ്ങാതെ നിൽക്കുന്ന സാഹചര്യത്തിൽ പേഴ്സണൽ എക്സ്പ്ലനേഷൻ എന്നുള്ള രീതിയിൽ ആർക്കെങ്കിലും സംസാരിക്കാൻ അവകാശമുണ്ടോ എന്നുള്ളതിനാണ് റൂളിംഗ് കിട്ടേണ്ടത്.

ശ്രീ. പി.കെ. വാസുദേവൻ നായർ: ഈ കാര്യത്തിൽ ഞാനാണ് വിശദീകരിക്കേണ്ടത്. ബഹുമാനപ്പെട്ട മെമ്പർമാർ എന്തെങ്കിലും കാര്യമുള്ള കാര്യത്തിന് വഴക്കുണ്ടാക്കിയാൽ മനസ്സിലാക്കാം. ഞാൻ അതിനെപ്പററിയുള്ള വസ്തുത പറയാം. ബഹുമാനപ്പെട്ട ഷേണായി ഇപ്പോഠം എന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നതും മുമ്പ് മലപ്പുറം കളക്ടർ ആയിരിക്കുകയും ചെയ്ത ശ്രീ. ചൗധരിയെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആരോപണം ഉന്നയിച്ചു. അദ്ദേഹം വഴങ്ങിയതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ശ്രീ. ടി.കെ. രാമകൃഷ്ണനോട് ഞാൻ പറയുകയാണ് അദ്ദേഹം വഴങ്ങാതെ ഞാനൊന്നും പറഞ്ഞിട്ടില്ല. ശ്രീ. ചൗധരിതന്നെ മുമ്പൊരിക്കൽ ഒരു പത്രവാർത്ത വന്ന അവസരത്തിൽ ഇത് നിഷേധിച്ച കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ എന്ന് ഞാൻ ചോദിച്ചു. ഞാൻ ചോദിച്ചത് മഹാ അപരാധമാണെങ്കിൽ നിങ്ങൾക്ക് എന്നെ ശിക്ഷിക്കാം. ഇത്രയുമാണ് ഇവിടെ നടന്നത്.

ശ്രീ. കെ. അനിരുദ്ധൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ നേതാവ് തന്നെ പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്. ആ കാര്യത്തിൽ വിശദീകരണം തരികയും ചെയ്തു.

ശ്രീ. കെ. അനിരുദ്ധൻ: സർ, ഒരു മെമ്പർ സംസാരിക്കുന്നതിനിടയിൽ ഒരു മെമ്പർ അത് ആരുതന്നെയായാലും, മുഖ്യമന്ത്രിയായാലും അതിനിടയിൽ കയറി ഇൻറർവീൻ ചെയ്യുന്നത് ശരിയാണോ?

ഡെപ്യൂട്ടി സ്പീക്കർ: ആ പോയിൻറ് ഓഫ് ഓർഡറിനെ സംബന്ധിച്ചിടത്തോളം സഭാ നേതാവിൻെറ വിശദീകരണം സ്പീക്കർ ആവശ്യപ്പെട്ടിട്ടാണ് അദ്ദേഹം നൽകിയത്. ആ പോയിൻറ് ഓഫ് ഓർഡറിനെ സംബന്ധിച്ചിടത്തോളമുള്ള റൂളിംഗ് നൽകുന്നതിനുമുമ്പ് വേറൊരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയാണോ? ആകെ ഉണ്ടായിട്ടുള്ളത് മെമ്പർ വഴങ്ങിയതിനുശേഷം സഭാ നേതാവ് എക്സ്പ്ലനേഷൻ നൽകിയെന്നുള്ളതാണ്. തീർച്ചയായും അത് നൽകാനുള്ള അവകാശവും ഉള്ളതാണ്. ഇവിടെ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ആ മെമ്പർ വഴങ്ങുകയാണെങ്കിൽ ചോദ്യം ചോദിക്കാം.

(ബഹളം)

ശ്രീ. പി.ആർ. കുറുപ്പ്: സർ, ഒരു ക്ലാരിഫിക്കേഷൻ. ഇവിടെ ശ്രീ. ഷേണായി സംസാരിച്ചിട്ടുള്ളത് പാലക്കാട് കളക്ടർ ഒപ്പിട്ട് കൊടുക്കാത്തത് മലപ്പുറം കളക്ടർ ഒപ്പിട്ടു കൊടുത്തെന്നുള്ളതാണ്. അതൊരു ആരോപണമാണോ? അതൊരു ആരോപണമാണെങ്കിൽ അത്തരം വസ്തുതകളെപ്പററിയെല്ലാം നിയമസഭയിൽ പറയുന്നതെല്ലാം ആരോപണമായിപ്പോവുകയില്ലേ? അതൊരു മെമ്പറുടെ പരമമായ സ്വാതന്ത്ര്യത്തിൻമേൽ കൈകടത്തലായി മാറുകയില്ലേ?

11 a.m.] ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ.പി. ഗോപാലനു സംസാരിക്കാം.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: സർ, ഞാൻ സംസാരിച്ചു കൊണ്ടു നിന്നതാണ്. അതിനിടയിൽ വേറെ ആളിനെ വിളിക്കുകയാണോ?

ഡെ. സ്പീക്കർ: മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. പി.പി. എസ്തോസ്: ഞങ്ങളേയും തെരഞ്ഞെടുത്തു ജനങ്ങൾ അയച്ചതാണ്, അദ്ദേഹം സംസാരിച്ചുകൊണ്ടുനിന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: മുഖ്യമന്ത്രിയുടെ പ്രൈവററു സെക്രട്ടറിയായതുകൊണ്ടാണ് അദ്ദേഹം ഇടപെട്ടത്. ഇതിനു മുൻപും പലരെപ്പററിയും ഭരണകക്ഷിയിലുള്ളവരും, പ്രതിപക്ഷത്തുള്ളവരും എല്ലാം ഇതിനകത്തു വലിച്ചിഴച്ചുകൊണ്ടുവന്നിട്ടുണ്ട്, ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ശ്രീ. ചൗധരിയേക്കാളും പ്രഗല്ഭൻമാരായിട്ടുള്ള മററുള്ളവരെ കൊണ്ടുവന്നിട്ടുണ്ട്. അന്നൊന്നും സഭാനടപടികളിൽ നിന്നും എടുത്തുകളയണമെന്നുള്ള വ്യഗ്രത ഇന്നത്തെ ഡെ. സ്പീക്കർ കാണിച്ചിട്ടില്ല. പക്ഷെ ഇപ്പോൾ മുഖ്യമന്ത്രിയുടെ പ്രൈവററു സെക്രട്ടറിയായതുകൊണ്ടു മാത്രമാണ് ഇങ്ങനെ കാണിക്കുന്നത്. ഞാൻ മലപ്പുറം കളക്ടർ ഒപ്പിട്ടുകൊടുത്തു എന്നുപറഞ്ഞു. ഞാൻ അതു ഇപ്പോഴും പറയാൻ തയ്യാറാണ്. പക്ഷേ ഇപ്പോൾ മുഖ്യമന്ത്രിയുടെ പ്രൈവററു സെക്രട്ടറിയാകുമ്പോൾ ചൂടുവെള്ളത്തിൽ വീണ മാതിരി നിന്നു പിടക്കുന്നതെന്തിനാണ്? സി.പി.ഐ.യുടെ ജില്ലാസെക്രട്ടറി ആയിട്ടുള്ള ശ്രീ. ടി.എൻ. പ്രഭാകരൻ കുമരനെല്ലൂർ മാർക്കററിംഗ് സൊസൈററിയിൽ നിന്നും 20 ലോഡ് കൊട്ടടക്ക കുമരനെല്ലൂരിൽനിന്നും മംഗലാപുരത്ത് അയച്ചതിൽ 18 ലോഡ് അവിടെ എത്തിയിട്ടുള്ളു; രണ്ടെണ്ണം കട്ടെടുത്തിരിക്കുകയാണ്. അതിനു മറുപടി പറയണം.

ഡെ. സ്പീക്കർ: ഇതെല്ലാമാണ് ആരോപണങ്ങൾ എന്നു പറയുന്നത്. ഈ ആരോപണങ്ങൾ ആണ് മുൻകൂട്ടി അറിയിക്കേണ്ടത്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ഇതു വസ്തുതകളാണ്. വിജിലൻസ് എൻക്വയറി നടത്തുകയാണ്. എന്റെ കൈയിൽ അതിന്റെ നമ്പർ ഉണ്ട്. അതു നിങ്ങൾ ഇവിടെ പറഞ്ഞുകൂട എന്നു പറഞ്ഞാൽ പിന്നെ ആരെപ്പററി എന്തുകാര്യമാണ് ഇവിടെ പറയേണ്ടത്.

ശ്രീ. പി.ബി.ആർ. പിള്ള: ശ്രീ. കെ. കെ. രാമൻകുട്ടി എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ ജനിച്ച ചരിത്രംവരെ ഇവിടെ ആവർത്തിച്ച ആളുകളാണ് ഇപ്പോൾ ഇങ്ങനെ പറയുന്നത്, സഭയിൽ ഇല്ലാത്ത ആളുകളെപ്പററി പറയരുതെന്ന്!

ഡെ. സ്പീക്കർ: മെമ്പർ ആരോപണം ഉന്നയിക്കരുതെന്നു ആരും പറയുന്നില്ല. ആരോപണം ഉന്നയിക്കുന്നതിനുമുൻപ് നടത്തേണ്ടതായ ചട്ടങ്ങൾ അനുസരിക്കണമെന്നുമാത്രമാണ് പറയുന്നത്.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: ഞാൻ ഉത്തരവാദിത്വത്തോടുകൂടിയാണ് പറയുന്നത്. ഇവിടെമാത്രമല്ല പുറത്തുവേണമെങ്കിലും ഞാൻ പറയാൻ തയ്യാറാണ്. എന്റെ പേരിൽ കേസെടുക്കൂ, ഞാൻ തെളിയിക്കാൻ തയ്യാറാണ്. 20 ലോഡ് കൊട്ടടക്ക മംഗലാപുരത്തേക്കയച്ചതിൽ 18 ലോഡ് മാത്രമേ എത്തിയിട്ടുള്ളു. 2 ലോഡ് ഇവർ കക്കുകയാണ് ചെയ്തത്. ഇതാണ് വിജിലൻസ് അന്വേഷണം നടത്തുന്നത്. ഇപ്പോൾ അവിടെ ആരാണുഭരിക്കുന്നതെന്നറിയാമോ? അഡ്മിനിസ്ട്രേററർ ഭരണമാണ്. അഡ്മിനിസ്ട്രേററർ ശ്രീ. ബേബീജോണിനോടും ററി. എസ്. ജോണിനോടും ഒരു ലക്ഷത്തിഅൻപതിനായിരം രൂപ ഞങ്ങൾ വാങ്ങിക്കാത്ത കടത്തിന്റെ പേരിൽ ഞങ്ങളുടെ സൊസൈററിയുടെ മേൽ നടപടിയെടുക്കാൻ പോകുകയാണ്, അതുകൊണ്ടു ദയവുചെയ്തു അതൊന്നു റൈററോഫ്ചെയ്തു കിട്ടണമെന്നു പറഞ്ഞു. വാങ്ങിക്കാത്ത കടമാണ്. എഗ്രിമെൻറ് ഒപ്പിട്ടതാണ് അവർ ചെയ്ത തെററ്.

LIBRARY ARCHIVES Kerala Legislative Assembly

എന്തിനാണ് ഇങ്ങനെ സത്യം പുറത്തുകൊണ്ടുവരുന്നതിൽ വെകിളിപിടിക്കുന്നത്. ടി.എസ്. ജോൺ എന്താണുപറഞ്ഞതെന്നറിയാമോ—'' അങ്ങനെ എഴുതിപ്പോയിട്ടുണ്ടെങ്കിൽ അവന്റെ സ്വത്ത് ജപ്തി ചെയ്തെടുക്കുമെന്ന്''. പിന്നീട് അന്വേഷിച്ചപ്പോൾ സി. പി. ഐ. യുടെ ജില്ലാ സെക്രട്ടറി മന്ത്രിയെക്കണ്ടു. രണ്ടാമത്തെ അഡ്മിനിസ്ട്രേറ്റർ വന്നപ്പോൾ ഈ രണ്ടുജോൺമാരുംകൂടി അതു ഞങ്ങളുടെ കാര്യമല്ലല്ലോ സൊസൈറ്റിയുടെ കാര്യമാണെന്നു പറഞ്ഞ് ഉപേക്ഷിക്കുകയാണു ചെയ്തത്. ഇങ്ങിനെ ടി.എൻ. പ്രഭാകരനും, മുസ്തഫയുംകൂടി കട്ടുമുടിച്ചിട്ട് നാടുവിട്ടുപോയി.

(സഭയിൽ ബഹളം)

അവിടെ 30 പേർക്കു ജോലിയില്ലാതാകാൻ പോകുകയാണ്. അതേപ്പററി അന്വേഷണം നടത്തണം എന്നാണ് ഞാൻ പറയുന്നത്.

ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ചിരുന്ന മുഴുവൻ സമയവും കഴിഞ്ഞു.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: നിങ്ങൾ എന്തു ചെയ്താലും ശരി മുഖ്യമന്ത്രി ഇടപെട്ടാണ് എന്റെ സമയം നഷ്ടപ്പെടുത്തിയത്.

ഡെ. സ്പീക്കർ: അതു കഴിഞ്ഞാലും 12 മിനിട്ടുനേരം എടുത്തു.

(സഭയിൽ ബഹളം)

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: പലിശമൂന്നു ശതമാനം കുറച്ചുകൊടുത്തതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതിൽ ഞാൻ സന്തോഷിക്കുന്നു. അതേസമയം ഈ 3 ശതമാനം പലിശ കുറച്ചുകൊണ്ടു ഗവൺമെൻറുകൊടുക്കുന്നത് എത്രശതമാനം പേർക്കാണ് കിട്ടുന്നത്. മുഴുവൻ കടവും അടച്ചുതീർത്ത ഹ്രസ്വകാല വായ്പ്പക്കാർക്കുമാത്രമാണ് ഇതുകിട്ടുന്നത്. 50 ശതമാനത്തിനും താഴെമാത്രമാണ് മുഴുവൻ കടവും അടച്ചു തീർത്ത കർഷകൻ ഈ രാജ്യത്തുള്ളത്. ഭൂരിപക്ഷം വായ്പക്കാരും മദ്ധ്യകാല ദീർഘകാല വായ്പ്പക്കാരാണ്. ഇവർക്കു ഇത് ബാധകമാക്കണമെന്നു പറയുന്നതോടൊപ്പം ടാററാബിർള്ളാമാർക്കെല്ലാം മൂന്നരശതമാനം പലിശക്കാണ് കേന്ദ്രഗവൺമെൻറും, റിസർവ് ബാങ്കും പണം കൊടുക്കുന്നത്. അതുമാതിരി അവരുടെ ഫാക്ടറികളിലേക്കു വേണ്ട അസംസ്കൃത സാധനങ്ങൾ ഉൽപ്പാദിപ്പിച്ചുകൊടുക്കുന്ന കൃഷിക്കാരന് മൂന്നര ശതമാനം പലിശക്കു കടം കൊടുക്കണമെന്നു പറഞ്ഞുകൊണ്ട്, ഈ ഡിമാൻറുകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ.പി. ഗോപാലൻ: ധനാഭ്യർത്ഥന നമ്പർ—6 ലാൻറ് റവന്യൂ ധനാഭ്യർത്ഥന നമ്പർ—11 ജില്ലാഭരണവും പലവകയും, ധനാഭ്യർത്ഥന നമ്പർ—28—സഹകരണം ഈ മൂന്നു ധനാഭ്യർത്ഥനകളേയും ഞാൻ അനുകൂലിക്കുന്നു. സർ, ഭൂപരിഷ്കരണ നിയമം നടപ്പിൽ വരുത്തിയതിൽ ചില വിഷമതകൾ ഉണ്ടായിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം സമ്പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുമാറുള്ള ഒന്നുരണ്ടു നിയമ നിർമ്മാണങ്ങൾ ആവശ്യമായിരിക്കുന്നു. അൽപ്പം വൈകിയിരിക്കുന്നു എന്നുതന്നെ പറയാം. അതിൽ ഒന്നു പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളമുള്ള കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു നിയമസഭയാണ്. ഇവിടെ പറയേണ്ടതെന്താണ്, പറയാൻ പാടില്ലാത്തതെന്താണ് എന്നതിനെപ്പററി വിവരമില്ലാത്തവരോടു എനിക്കൊന്നും പറയാനില്ല. ഞാൻ സംസാരിക്കുന്നത് എന്താണെന്നു ദയവായി കേട്ടിരിക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർമാരോടു അപേക്ഷിക്കുന്നു. അതിനു സന്ദർഭമുണ്ടാക്കിത്തരുവാൻ, സർ, അങ്ങയോടും അഭ്യർത്ഥിക്കുന്നു. പാട്ടമിച്ചവാര ബാക്കിയെ സംബന്ധിച്ചിടത്തോളം നാം ഒരു കാലഘട്ടത്തിൽ എത്തിനിൽക്കുകയാണ്. വിശേഷിച്ചും ചെറുകിട ഭൂമി കൈവശക്കാർ ആയിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം. ഭൂപരിഷ്കരണ നിയമത്തിൽ തന്നെ ഭേദഗതികൊണ്ടുവരാൻ സാങ്കേതിക വിഷമങ്ങൾ ഉണ്ടെന്നു തോന്നുന്നതുകൊണ്ടു കടാശ്വാസ നിയമത്തിന്റെ പരിധിയിൽ പാട്ടമിച്ചവാര ബാക്കികൾ ഉൾപ്പെടുത്തി ഒരു പരിധിവരെ ഉള്ള കടങ്ങൾ റദ്ദു ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതിനുമേലേ വരുന്ന മിച്ചവാര പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളം ഗഡുക്കളായി കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം. അതിനു പററുന്ന വഴി കണ്ടെത്തണം. അതിന് ഇനിയൊട്ടും വൈകിക്കൂട. ഇനി മറെറാരു വിഷയം: കാണക്കുടിയാൻമാർ ജൻമം വാങ്ങുന്ന അവസരത്തിൽ നിലവിലുള്ള നിയമപ്രകാരം മിച്ചവാരത്തിന്റെ 16 ഇരട്ടി ഗഡുക്കളായോ, 12 ഇരട്ടി രൊക്കമായോ കൊടുത്താൽ ജൻമം വാങ്ങാം. ഒരു ഹൈക്കോടതി വിധിയുടെ ഫലമായി മിച്ചവാരത്തിന്റെയല്ല വെറും പാട്ടത്തിന്റെ 16 ഇരട്ടിയോ 12 ഇരട്ടിയോ കൊടുക്കേണ്ടി വരുന്നു. അത് യഥാർത്ഥത്തിൽ ഈ നിയമപ്രകാരം കുടിയാന് കൊടുക്കേണ്ടതിന്റെ അഞ്ചും, ആറും, എട്ടും, പത്തും ഇരട്ടിയായിത്തീരുന്നു.

ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: കൃഷിക്കാരനേക്കാൾ ദരിദ്രനാണ് ജൻമിയെങ്കിൽ അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്.

ശ്രീ. ഇ.പി. ഗോപാലൻ: ആ വിഷയമെല്ലാം തീർന്നുപോയില്ലേ? ഭൂപരിഷ്കരണ നിയമം അടിസ്ഥാനപരമായ ചില കാര്യങ്ങളിൽ ഒരു നിലപാട് എടുക്കുകയുണ്ടായി. ആരാണു കൂടുതൽ ദരിദ്രൻ എന്നു നോക്കിയല്ല. കൃഷിഭൂമിയുടെ ഉടമാവകാശം കൃഷിക്കാരന് എന്ന തത്വത്തിന്റെ പ്രയോഗമത്രെ ഈ നിയമം. ഈ തത്വം സ്വീകരിക്കാതെ, ആരാണ് കൂടുതൽ ദരിദ്രൻ എന്നു സംശയിച്ചു നിന്ന സംസ്ഥാനങ്ങൾ ഭൂപരിഷ്കരണനിയമത്തിന്റെ കാര്യത്തിൽ ഏറെ പിന്നിലാണ് കിടക്കുന്നത്.

സർ, കാണക്കുടിയാൻമാരെ സംബന്ധിച്ചിടത്തോളം വന്നിട്ടുള്ള ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ കൊടുക്കേണ്ടതായിരുന്നില്ലേ? നിയമവകുപ്പ് ഇതിനെക്കുറിച്ച് എന്താണു പറയുന്നത്. എന്റെ അഭിപ്രായം തീർത്തും ഇക്കാര്യത്തിലുള്ള ഹൈക്കോടതി വിധി ഭൂപരിഷ്കരണ നിയമത്തിന്റെ സ്പിരിട്ടിന് എതിരാണ്, അതൊരു എക്സ് പാർട്ടി വിധിയാണെന്നും പറയുന്നു. ഭൂപരിഷ്കരണ നിയമം ചർച്ച ചെയ്തിരുന്ന അവസരത്തിൽ ഞാൻ ഈ സഭയിലെ ഒരംഗമായിരുന്നു. ആ വകുപ്പ് എന്തു ഉദ്ദേശത്തോടുകൂടിയാണോ ഉണ്ടാക്കിയത് ആ ഉദ്ദേശം പരാജയപ്പെടുത്തപ്പെട്ടിരിക്കുന്നു. യാതൊരു കാരണവശാലും ഇപ്പോൾ ഭൂവുടമയ്ക്കു ലഭിച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ കൂടുതൽ കിട്ടാൻ ഈ നിയമം അനുവദിക്കുന്നില്ല. നിലവിലുള്ള വിധിപ്രകാരം ജൻമിമാർക്ക് മുൻപ് കിട്ടിയിരുന്നതിലധികം കുടിയാനു കൊടുക്കേണ്ടിവരുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണം. രണ്ടുകൊല്ലമായി ഞാൻ തന്നെ ഈ സഭയിൽ സന്ദർഭം കിട്ടുമ്പോഴൊക്കെ ഇതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ഇനി ഒരവസരത്തിലും ഇതിനെക്കുറിച്ചു പറയാനിടവരാത്ത വിധത്തിൽ സത്വര നടപടി സ്വീകരിക്കണമെന്നപേക്ഷ.

2/465—12

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. ശങ്കരൻകുട്ടി: കൊച്ചിഭാഗത്തും ഇതുമായി ബന്ധപ്പെട്ട ആളുകളുണ്ട്. അവർക്കു ഭേദഗതി നിയമം ബാധകമാകുമോ?

ശ്രീ. ഇ.പി. ഗോപാലൻ: കൊച്ചിഭാഗത്തും ഇതുമായി ബന്ധപ്പെട്ട കർഷകരുണ്ട്. ഭാരതപ്പുഴയ്ക്ക് അക്കരേയും ഇക്കരേയും ഉള്ളവരുടെ കാര്യമാണ്. ഭേദഗതി രണ്ടുഭാഗക്കാർക്കും ബാധകമാകുമോയെന്നു സംശയിക്കുന്നതെന്തിന്? ഇക്കാര്യത്തിൽ ഒരു തർക്കവും വേണ്ട.

സർ, ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിൽ വളരെയധികം പുരോഗതി നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. അതു സന്തോഷത്തോടുകൂടിയും അഭിമാനത്തോടുകൂടിയും രേഖപ്പെടുത്തട്ടെ. ജൻമം വാങ്ങാനുള്ള 35 ലക്ഷം അപേക്ഷകളുണ്ടായിരുന്നതിൽ 30 ലക്ഷം അപേക്ഷകളിൽമേൽ തീർപ്പു കൽപ്പിച്ചിരിക്കുന്നു എന്നു കാണുന്നത് അങ്ങേയററം അഭിമാനകരമായ ഒരു നേട്ടം തന്നെ. അതുപോലെ കുടികിടപ്പുകാരൻെറ കാര്യത്തിലും ഇനി തീർപ്പു കൽപ്പിക്കാനുള്ള കേസ്സുകളുടെ എണ്ണവും വളരെ കുറച്ചു മാത്രമേയുള്ളു. അതു നല്ലൊരു കാര്യമാണ്. ഇനിയും ജൻമം വാങ്ങാനുള്ള അപേക്ഷകളിൻമേൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. മിച്ചഭൂമിയുടെ കാര്യം പറയുകയാണെങ്കിൽ ഒന്നരലക്ഷം ഏക്കർ മിച്ച ഭൂമിയായി പ്രഖ്യാപിച്ചു. അതിൽ അറുപതിനായിരത്തിൽപരം ഏക്കർ ഗവൺമെൻറ് ഏറെറടുത്തു. നാൽപ്പത്തിഅയ്യായിരത്തിൽപരം ഏക്കർ വിതരണം ചെയ്തു. ഇതും സന്തോഷകരമായ ഒരു കാര്യമാണ്. ഇനി ഏറെറടുക്കാനുള്ള മിച്ചഭൂമി ഏറെറടുക്കുവാനും ആ ഭൂമി വിതരണം ചെയ്യുവാനുമുള്ള നടപടികൾ ഗവൺമെൻറ് ത്വരിതപ്പെടുത്തണം. ഒരു കാലപരിധി തന്നെ ഇതിനു നിശ്ചയിക്കുന്നതു നല്ലതാണ്.

ഇപ്പോൾ നമ്മുടെ സംസ്ഥാനത്തു സർവ്വെ നടന്നുകൊണ്ടിരിക്കുകയാണ്. എൻെറ പ്രദേശത്തും സർവ്വെ നടന്നുകൊണ്ടിരിക്കുകയാണ്. ലാൻറ് റിക്കാർഡ് ഉണ്ടാക്കുന്നതിനുള്ള സർവ്വെയാണ് നടത്തുന്നത് എന്നറിയുന്നു. അത് അപര്യാപ്തമാണ്. സർവ്വെകല്ലുകൾ നാട്ടുന്നതും ഞാൻ കണ്ടു. സർവ്വെയുടെ ഭാഷയിൽത്തന്നെ പറയുകയാണെങ്കിൽ സബ് ഡിവിഷൻ ചെയ്യുന്നില്ല എന്നാണു തോന്നുന്നത്. വെറും സർവ്വെ മാത്രം നടത്തിയാൽ പോരാ. സബ് ഡിവിഷൻകൂടി നടത്തണം. അതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കണം. ലാൻഡ് റെക്കാർഡുണ്ടാക്കാൻ ഈ സർവ്വെ മാത്രം മതിയെന്നു പറഞ്ഞാൽ, ഈ പറയുന്നവർക്കു ഭൂപരിഷ്കരണത്തിൻെറ ഫലമായുണ്ടായ പുതിയ കൈവശക്കാരുടെ പ്രശ്നമെന്താണെന്നറിയില്ല. കൃഷിക്കാർക്കു കൈവശരേഖവേണം. അര ഏക്കറും പത്തുസെൻറും പതിനഞ്ച്സെൻറും എന്ന മട്ടിൽ കൈവശാവകാശം കിട്ടിയവർക്കു അതിൻെറ പട്ടയത്തിൽ സർവ്വെ നമ്പരും സബ്ഡിവിഷൻ നമ്പരും ലഭ്യമാകണം. അതിനനുസരിച്ചുള്ള സർവ്വെ നടത്തണം. പിന്നെ പുനഃസംഘടനയുടെ കാര്യം. വില്ലേജ്, താലൂക്ക്, ജില്ലാതലങ്ങളിൽ പുനഃസംഘടനയും പുനഃസംവിധാനവും ആവശ്യമാണ്. ഇതിനെക്കുറിച്ചെല്ലാം വളരെ വിശദീകരിച്ചു പറയുവാനുണ്ട്; പക്ഷേ സമയമില്ല. ജില്ലാഭരണബിൽ പാസ്സായിക്കഴിഞ്ഞു. അത് നടപ്പിൽ വരുമ്പോൾ ജില്ലാകളക്ടർ ജില്ലാകൗൺസിൽ സെക്രട്ടറിയായി വരുന്നു. ഈ അവസരത്തിൽ ഇന്നുള്ള ഭരണ സംവിധാനത്തിൽ വ്യത്യാസം വരുന്നില്ലേ? വില്ലേജ് പുനഃസംഘടനക്കുവേണ്ടി റവന്യൂ സെക്രട്ടറിയെക്കൊണ്ടു അന്വേഷിപ്പിക്കുകയും അദ്ദേഹം ഒരു റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. അതു ഗവൺമെൻറിൻെറ കൈവശമുണ്ട്. അതുകൊണ്ടുമാത്രമായില്ല.

LIBRARY ARCHIVES Kerala Legislative Assembly

നാലു് അസംബ്ലി നിയോജകമണ്ഡലങ്ങളും നാൽപ്പതിൽപരം വില്ലേജുകളുമുള്ള ഒരു താലൂക്കാണു് ഒററപ്പാലം താലൂക്കു്. ഏതാണ്ടു ഒരു വില്ലിന്റെ രൂപത്തിലുള്ള കിടപ്പാണു് ഈ താലൂക്കിനുള്ളതു്. പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്കു രൂപീകരിക്കണം. അതു ഭരണ സൗകര്യത്തിനു ഏററവും അത്യാവശ്യമാണു്. പുതിയ താലൂക്കിനു് വള്ളുവനാടു് എന്നു പേരിട്ടാൽ വിശേഷമായി, വെടിപ്പായി. വളക്കൂറുള്ളമണ്ണു്, ലളിത സുന്ദരമായ വള്ളുവനാടൻ മലയാള ഭാഷ. വള്ളുവനാടു താലൂക്കുകൂടിയുണ്ടാകുന്ന ഒരു പുനഃസംഘടന സംസ്ഥാനത്തുണ്ടാകണം.

പാവപ്പെട്ട ആളുകൾക്കു പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ താലൂക്കു ഓഫീസുകളിൽ എണ്ണായിരത്തോളം അപേക്ഷകൾ ഡീൽചെയ്യുന്നതിനു് ഒരു ക്ലാർക്കു മാത്രമാണുള്ളതെന്നറിയുന്നു. ജില്ലാകളക്ടറേററുകളിലും മറെറല്ലാ ആഫീസുകളിലും ഇത്തരത്തിലുള്ള താങ്ങാനാകാത്ത പണിയുണ്ടെന്ന അഭിപ്രായം എനിക്കില്ല. സിമന്റിന്റെ അപേക്ഷതന്നെ ആയിരക്കണക്കിനുണ്ടു്. അവിടെ ഒരാളെ മാത്രം നിയമിച്ചു ഗവൺമെന്റു് ഈ പിശുക്കു കാണിക്കുന്നതു് എന്തിനാണു്. ചിലേടത്തു പ്രവൃത്തി കൂടുതൽ, പലേടത്തും ആളുകൾ കൂടുതൽ; അതുകൊണ്ടുതന്നെയാണു് പുനഃസംഘടന വേണമെന്നു പറയുന്നതു്. കാർഷിക പരിഷ്കരണത്തിന്റെ ഭാഗമായി പ്രവൃത്തിച്ചിരുന്ന ലാൻഡു ട്രൈബ്യൂണലുകൾ നിറുത്തലാക്കി വരികയാണല്ലോ. ഈ ഘട്ടത്തിൽ, അവിടെനിന്നു വരുന്നവരെ കുടിയിരുത്തേണ്ടതുണ്ടല്ലോ. അതുവേണമെങ്കിലും ഒരു പുനഃസംവിധാനം കൂടിയേ കഴിയൂ എന്നുവരുന്നു. ജില്ലാഭരണ നിയമം പ്രയോഗത്തിൽ വരുമ്പോൾ, ഇപ്പോഴത്തേതിൽനിന്നും വ്യത്യസ്തമായ ഭരണ സംവിധാനം ആവശ്യമായി വരും. ജില്ലാ-താലൂക്കു്-വില്ലേജുകളുടെ കാര്യത്തിൽ. പുനഃസംഘടന ഏററവും ആവശ്യമാണു് എന്നു് ഞാൻ വീണ്ടും പറയുന്നു.

സഹകരണ മേഖലയെക്കുറിച്ചു എനിക്കു പറയുവാനുള്ളതു് നമ്മുടെ കൃഷിക്കാർക്കു കാര്യമായി വേണ്ട വായ്പ്പ കിട്ടുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണു്. സർവ്വീസ് കോ-ഓപ്പറേററീവ് ബാങ്കുകളാണല്ലോ ഈ പ്രവൃത്തി നിർവ്വഹിക്കുന്നതു്. മൂന്നുശതമാനം പലിശ ഗവൺമെന്റു് ഇളവുചെയ്തു കൊടുക്കുമെന്നു പറയുന്നതു് വലിയ ഒരു സഹായമായിഞാൻ കണക്കാക്കുകയാണു്. ഇതു് അനുഭവത്തിൽ കിട്ടുകയില്ല എന്നു ചിലർ പറയുന്നുണ്ടു് അതു് എന്തടിസ്ഥാനത്തിലാണു പറയുന്നതെന്നു് എനിക്കറിയില്ല. കൃത്യമായി തിരിച്ചടക്കുന്നവർക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ഇക്കാര്യത്തിൽ പരിമിതികൾ ഉണ്ടെന്നു് സമ്മതിക്കാം. എല്ലാ കടങ്ങൾക്കും ബാധകമാക്കണമെന്നു പറയാൻ മോഹമുണ്ടു്. എന്നാൽ അത്രയ്ക്കും വിഷമവുമുണ്ടു്. നിയമസഭയിൽ ബഡ്ജററവതരിപ്പിച്ചപ്പോൾ ഈ ആനുകൂല്യം ഷോർട്ടു് ടേം വായ്പ്പകൾക്കുമാത്രം ബാധകമാകും എന്നുപറഞ്ഞു. പിന്നീടു്, ദീർഘകാല വായ്പ്പകൾക്കും ബാധകമാക്കു എന്നുപറഞ്ഞു. അങ്ങനെയാണെങ്കിൽ മദ്ധ്യകാല വായ്പ്പകൾക്കും ബാധകമാകുമെന്നു പിന്നെ പറയേണ്ടതുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: മദ്ധ്യത്തിന്റെ പ്രാധാന്യം വിസ്മരിക്കുകയാണോ?

ശ്രീ. ഇ.പി. ഗോപാലൻ: ഹര-ഹര. അതിന്റെ പ്രാധാന്യം ഞാൻ വിസ്തരിക്കേണ്ടതുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ദീർഘകാല വായ്പകൾക്കും മദ്ധ്യകാല വായ്പകൾക്കും എല്ലാം തന്നെ ഈ മൂന്നുശതമാനം ഇളവ് ബാധകമാകുമെന്നാണ് എന്റെ അഭിപ്രായം. ഇന്നത്തെ കോ-ഓപ്പറേററീവ് ആക്ടിൽ കൃഷിക്കാരന് അനുകൂലമായ വിധത്തിൽ ഒരുപാടു മാററങ്ങൾ വരുത്തണം എന്നാണ് എന്റെ അഭിപ്രായം. അതിന്റെ ഫലമായി കൃഷിക്കാരന് ആശ്വാസം ലഭിക്കണം. ഒരു ഷെയർ എടുത്താൽ ആ കൃഷിക്കാരന് സാധാരണ ഗതിയിൽ കിട്ടാവുന്ന കടങ്ങൾ കിട്ടത്തക്കവിധത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കണം. എന്നു മാത്രമല്ല, പല പല വകുപ്പുകളും ഇന്നത്തെ കോ-ഓപ്പറേററീവ് ആക്ടിൽ പഴഞ്ചനാണ്. ഈ ബഡ്ജററിലെ നിർദ്ദേശങ്ങളനുസരിച്ച് ഒരു ഏകീകൃത കാർഷികാഭിവൃദ്ധി പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. അതിനു വായ്പാ സൗകര്യം പ്രധാനമായിട്ടുള്ള ഘടകമാണ്. ഈ ഉദ്ദേശം സാധിതപ്രായമാകുവാൻ കോ-ഓപ്പറേററീവ് സർവ്വീസ് ബാങ്കുകളെ സജ്ജമാക്കേണ്ടതുണ്ട്. ഇപ്പോൾ നിലവിലുള്ള നിയമത്തിൽ സാരമായ മാററങ്ങൾ വരുത്തുകയും അതിനനുസൃതമായ രീതിയിൽ കോ-ഓപ്പറേററീവ് ഡിപ്പാർട്ടുമെൻറ് പ്രവർത്തിക്കേണ്ടതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് സഹായകമാകത്തക്കവിധത്തിൽ കോ-ഓപ്പറേററീവ് ഡിപ്പാർട്ടുമെൻറുകൂടി പുനഃസംവിധാനം ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെപ്പററി ഇവിടെ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയുടെ ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർ ഈ കേരളാ സെക്രട്ടറിയേററിന്റെ പടിക്കൽ കൂട്ടധർണ്ണ നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഏതാണ്ട് ജാംബവാന്റെ കാലത്ത് ഉണ്ടാക്കിയ ഈ റവന്യൂവകുപ്പ്, കാലത്തിന്റെ മാററങ്ങളെപ്പോലും കണക്കിലെടുക്കാതെ ജനങ്ങളുടെ ആവശ്യങ്ങളെ മുൻനിറുത്താതെ, ജനാധിപത്യ സംവിധാനങ്ങൾക്കനുസരണമായി പുനഃസംഘടിപ്പിക്കാൻ സാധിക്കാത്തതിന്റെ ഫലമായി ഇന്ന് ഈ രാജ്യത്ത് ജനങ്ങൾക്കും മററു വകുപ്പുകൾക്കും മൊത്തത്തിൽ പ്രയോജനം കിട്ടുന്ന ഈ റവന്യൂ ഡിപ്പാർട്ടുമെൻറ് ഒരു ശാപമായിത്തന്നെ ഈ രാജ്യത്ത് നിലനിൽക്കുന്നുണ്ട് എന്നു പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഈ രാജ്യത്ത് റവന്യൂ ഉണ്ടായത് അക്ബറിനു മുൻപ് ഷെർഷാ ഈ രാജ്യം ഭരിച്ചിരുന്ന കാലത്താണ്. അതായത് 15-ാം നൂററാണ്ടിലാണ്. അന്നത്തെ ആ നിലയിൽതന്നെയാണ് ഇന്നും ആ വകുപ്പ് നിലനിൽക്കുന്നത്. അന്നത്തെ താലൂക്ക്—അന്നത്തെ വില്ലേജ്—അന്നത്തെ സർവ്വേ ഇന്നും അതുതന്നെ. ഇതിനു മാററം വരുത്തണമെന്നാണ് ഈ രാജ്യത്തുള്ളവരെല്ലാം ആവശ്യപ്പെടുന്നത്. പുനഃസംഘടനയെപ്പററി പറയുമ്പോൾ അതൊരു ആവശ്യമാണ്. പുനഃസംഘടനയെപ്പററി പറയുമ്പോൾ എവിടംതൊട്ടു തുടങ്ങണം, എവിടെവച്ചു അവസാനിപ്പിക്കണം എന്നുള്ളതിനെ സംബന്ധിച്ച് ഒരു കാഴ്ചപ്പാട് ഉണ്ടാകണം. റവന്യൂ ബോർഡ് തൊട്ട് താഴെയുള്ള വില്ലേജ് ആഫീസുവരെയുള്ള ഡിപ്പാർട്ടുമെൻറു മുഴുവൻ ഒന്ന് അഴിച്ചു പണിയാതെ ഈ രാജ്യത്ത് ഭരണരംഗത്ത് ഒരു നല്ല സംവിധാനം ഉണ്ടായി എന്നുപറയാൻ നിവൃത്തിയില്ല. സർ, ഭരണരംഗത്തെ ഈ സംവിധാനം എന്നുപറയുമ്പോൾ, ഈ റവന്യൂ ഡിപ്പാർട്ടുമെൻറ് മററ് എല്ലാ ഡിപ്പാർട്ടുമെൻറുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ് എന്നോർക്കണം. ഈ രാജ്യത്ത് വിദ്യാഭ്യാസ കാര്യത്തിനായാലും

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂകരം പിരിച്ചുകൊടുക്കണം; ശ്രീ. പങ്കജാക്ഷന്റെ വകുപ്പിൽപ്പെട്ട റോഡും തോടും നിർമ്മിക്കുന്നതിനുവേണ്ടി ആണെങ്കിലും റവന്യൂക്കാർ കരം പിരിച്ചുകൊടുക്കണം; പാലത്തിനു സ്ഥലം വേണമെങ്കിലും റവന്യൂക്കാർ കരം പിരിച്ചുകൊടുക്കണം. കുടികിടപ്പുകാരന്റെ കാര്യമായാലും ലാന്റ് അക്വിസിഷന്റെ കാര്യമായാലും റെക്കവറിയുടെ കാര്യമായാലും എൻക്വയറിയുടെ കാര്യമായാലും എല്ലാംതന്നെ റവന്യൂ ഡിപ്പാർട്ടുമെന്റിനെ ആശ്രയിക്കാതെ ആർക്കും ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളത്. ഈ വകുപ്പു ജാംബവാന്റെ അതേ കാലത്ത് ഉണ്ടായതുതന്നെ ഇന്നും തുടർന്നു പോകുന്നു. ബ്രിട്ടീഷ് മേധാവിത്വം ജില്ലാകലക്ടറെ പ്രതിഷ്ഠിച്ചതൊഴിച്ച് യാതൊരു മാററവും ഇല്ല. ഇതൊന്ന് അഴിച്ചു പണിയണം. ഈ റവന്യൂ ബോർഡ് എന്തിന് ഇതേപടി നിലനിറുത്തണം? നമ്മുടെ സംസ്ഥാനത്തെ നിയമസഭാ സാമാജികന്മാർ ഈ സഭയിൽതന്നെ എത്രയെത്ര പ്രാവശ്യം ചോദ്യരൂപേണയും പ്രസംഗത്തിലൂടെയും ഉന്നയിച്ചിട്ടുണ്ട്; ഈ റവന്യൂ ബോർഡ് പുനഃസംഘടിപ്പിക്കണം ഈ റവന്യൂബോർഡ് നീക്കം ചെയ്യണം എന്ന്. എത്ര കമ്മീഷൻ റിപ്പോർട്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. എന്തിന് ഈ റവന്യൂബോർഡ് ഇതേ രൂപത്തിൽ തന്നെ നിലനിറുത്തണം. മനസ്സിലാകാത്ത കാര്യമാണ്. ഇതിന് പ്രത്യേകമായ ആവശ്യം നമ്മുടെ രാജ്യത്ത് ഇന്നു ഉണ്ടോ? സർ, ഇൻഡ്യയിൽ വച്ച് കൊച്ചു സംസ്ഥാനമായ കേരളത്തിൽ ഏററവും കൂടുതൽ ഉദ്യോഗസ്ഥന്മാർ ഉണ്ട്. ഏററവും കൂടുതൽ ഐ.എ.എസ്സ്.കാർ, ഏററവും കൂടുതൽ ഐ.പി.എസ്സ് കാർ. ഏററവും കൂടുതൽ ഡിപ്പാർട്ടുമെന്റ് മേധാവികൾ എന്നിവ ഉള്ള ഒരു സംസ്ഥാനം ഇൻഡ്യയിൽ മററവിടെയെങ്കിലും ഉണ്ടോ? ഇത്രയും ഉദ്യോഗസ്ഥന്മാരുള്ള ഒരു സെക്രട്ടേറിയററ് ഉള്ളപ്പോൾ ഡെപ്യൂട്ടി സെക്രട്ടറിയും, ജോയിന്റ് സെക്രട്ടറിയും, അഡീഷണൽ സെക്രട്ടറിയും, സെക്രട്ടറിയും, സ്പെഷ്യൽ സെക്രട്ടറിയും ഒക്കെ ഉള്ളപ്പോൾ ഈ റവന്യൂബോർഡ് എന്തിന് ഇതേപടി നിലനിറുത്തണം? അത് ഇല്ലാതാക്കുവാൻ അതുമൂലം ഈ രാജ്യത്തെ സാമ്പത്തിക ഭദ്രതയ്ക്ക് അൽപമെങ്കിലും ആശ്വാസം കൊടുക്കാൻ, ഗവൺമെന്റ് ഒന്നു പരിശോധിക്കണം, ഒന്നു ചിന്തിക്കണം, എന്നാണ് എനിക്കു പറയാനുള്ളത്.

സർ, അതോടൊപ്പംതന്നെ കാർഷിക മേഖലയിൽ വിപ്ലവകരമായ മാററങ്ങൾ വരുത്താൻ അടുക്കളത്തോട്ടങ്ങൾവരെ ഉണ്ടാക്കണം എന്നൊക്കെ പറയുന്നു. ഈ ഗവൺമെന്റ് ഭൂപരിഷ്കരണ നിയമം ഇവിടെ നടപ്പിലാക്കി മററു സംസ്ഥാനങ്ങൾക്കൊക്കെ മാതൃക കാണിച്ചുകൊടുത്തിരിക്കുകയാണ്. എന്നൊക്കെ വാതോരാതെപറയുന്നുണ്ട്. അതിൽ നമുക്ക് അഭിമാനമുണ്ട്. അതിൽ ഞങ്ങളും പങ്കുചേരുന്നു. പക്ഷേ ഒരു കാര്യം ചൂണ്ടികാണിക്കാൻ ഉണ്ട്. നമ്മുടെ രാജ്യത്ത് ചില പ്രദേശങ്ങളിലുള്ള കാരായ്മ കുടിയാൻസമ്പ്രദായം ഒന്ന് അവസാനിപ്പിക്കാൻ റവന്യൂമന്ത്രിക്ക് സമയം ലഭിക്കുന്നില്ലേ? കൊച്ചു കൊച്ചു കുടിലുകളിൽ താമസിക്കുന്ന ഈ കാരായ്മ കുടിയാന്മാർക്ക് അവന്റെ കൊച്ചു വീട്ടിൽ പ്രാഥമികമായ ആവശ്യത്തിന് ഒരു കക്കൂസ് കുഴിക്കാൻ പോലും അനുവാദമില്ല. ആ കുടിലിന്റെ തറയ്ക്കു മാത്രമാണ് അവനു അവകാശമുള്ളത്. ഒരു കിണറു കുഴിക്കാൻ അവകാശമുണ്ടോ? ഒരു കന്നുകാലിതൊഴുത്തുണ്ടാക്കാൻ അവകാശമില്ല. എന്തുകൊണ്ട് ഇത് സംഭവിക്കുന്നു. എത്രനാളായിട്ട് ഈ ആവലാതി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഈ രാജ്യത്തെ ഭൂസ്വാമിമാരെ രക്ഷിക്കാൻ വേണ്ടിയാണ് ഇഷ്ടദാനത്തിന്റെ പേരിൽ ഗവൺമെന്റ് ഓടി നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് മിച്ചഭൂമിയുള്ള ഭൂസ്വാമിമാരെ സംരക്ഷിക്കാൻവേണ്ടി ഇഷ്ടദാനത്തിന്റെ പേരിൽ ഓടിനടക്കുന്ന നിങ്ങൾക്ക് ജനങ്ങൾക്ക് ഉപകാരപ്രദമായ പ്രയോജനം ലഭിക്കുന്ന നൂറു നൂറു കാര്യങ്ങൾ ചെയ്യുന്നതിനെപ്പററി ആലോചിച്ചുകൂടേ? മിച്ചഭൂമി ഈ രാജ്യത്തെ വൻകിട ഭൂസ്വാമിമാരിൽനിന്ന് എടുക്കാതിരിക്കാനും അവർക്ക് സംരക്ഷണം കൊടുക്കാനും മന്ത്രിമാരെല്ലാം പരക്കംപായുകയാണ്. അതിനു അവർക്കു സമയമുണ്ട് താൽപ്പര്യമുണ്ട്. കേന്ദ്രത്തിൽ പോകുന്നു ചർച്ചചെയ്യാൻ. ഇതെപ്പററി ഇവിടെ ചർച്ച, അവിടെ ചർച്ച രാജ്യമാകെ ചർച്ചനടത്തുകയാണ്. ആ സമയത്ത് പാവപ്പെട്ട കാരായ്മകുടിയാന്റെ പ്രശ്നം ഒന്ന് പരിഹരിച്ചുകൂടേ. അൽപ്പം സൻമനസ്സുകാണിച്ചാൽ, ഭൂനിയമത്തിൽ ഈ കാരായ്മാകുടിയാനെകൂടി കുടികിടപ്പുകാരന്റെ പട്ടികയിൽപെടുത്തിയാൽ പ്രശ്നം അവസാനിക്കുകയില്ലേ. അതിന് എന്ത് ബുദ്ധിമുട്ടാണ് ഇത്രവളരെയുള്ളത്. ഒന്നുമില്ല. ഏതായാലും വിപ്ലവം പറയുന്ന അപ്പുറത്തിരിക്കുന്ന ഇൻഡ്യൻകമ്മ്യൂണിസ്ററുപാർട്ടിയിലെ മന്ത്രിമാർ, ശ്രീ. മാണി എന്തുപറയുന്നുവെന്ന് എനിക്ക് അറിയുകയില്ല, സോഷ്യലിസ്ററു മന്ത്രിയായ ബേബിജോണും കാരായ്മകുടിയാന്റെ കാര്യത്തിൽ ഒന്ന് ശ്രദ്ധിച്ചാൽകൊള്ളാം, ഇനിയും ആ കാര്യം താമസിപ്പിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ 1975-ൽ അടിയന്തിരാവസ്ഥകാലത്ത് ഈ രാജ്യത്തെ ആദിവാസികൾക്ക് അന്യാധീനപ്പെട്ടുപോയ ഭൂമി പിടിച്ചെടുക്കാൻവേണ്ടി ഒരു നിയമം കൊണ്ടുവന്നു പാസ്സാക്കി. അടിയന്തിരാവസ്ഥക്കാലത്ത് കൊണ്ടുവന്ന നിയമമാണ്. ആ നിയമം നടപ്പാക്കാൻ ഈ രാജ്യത്തെ ഗവൺമെൻറിന് എല്ലാ സൗകര്യങ്ങളും എല്ലാ അനുകൂല പരിതഃസ്ഥിതികളും ഉണ്ടായിരുന്നു. എതിരായി ആരും ശബ്ദിക്കുകയില്ല. ശബ്ദിച്ചാൽ അടിയന്തിരാവസ്ഥയായതുകൊണ്ട് ജയിലിലേക്ക് പോകും. എന്തുകൊണ്ട് മൂന്ന് കൊല്ലം കഴിഞ്ഞിട്ടും ആ നിയമം നടപ്പിലാക്കിയില്ല. എന്തിനാണിനിയമം കൊണ്ടുവന്നു പാസ്സാക്കിയെടുത്തത്. നിങ്ങൾ ബസ്തിയിലെ കാര്യങ്ങൾ എഴുന്നെള്ളിക്കുന്നില്ലേ? ഹരിജനപ്രേമം കൊട്ടക്കണക്കിന് ആണല്ലോ തട്ടിവിടുന്നത്. കേന്ദ്രഗവൺമെൻറ് ഹരിജനങ്ങളെ ദ്രോഹിക്കുന്നുവെന്ന് പറയുന്നില്ലേ. ഈ നിയമം നടപ്പാക്കാൻ എന്താണ് തടസ്സം. സവർണ്ണരായിട്ടുള്ള വിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ പ്രതിജ്ഞ ചെയ്തിട്ടുള്ള നിങ്ങൾക്ക് ഒരുപക്ഷേ നിവർത്തിയില്ലാതെ വരും ഈ നിയമം നടപ്പിലാക്കാൻ. അതിന്റെ പ്രത്യാഘാതം ശ്രീ. പി.കെ. വാസുദേവൻ നായർ ആ കസേരയിൽ കാണുകയില്ല, ശ്രീ.ബേബിജോൺ ആ കസേരയിൽ കാണുകയില്ല...........ആ ഒററക്കാരണമാണ് ഈ നിയമം നടപ്പിലാക്കാത്തത്.

ശ്രീ. സി.എ. കുര്യൻ: ഏററുമാന്നൂര് നിന്ന് പറയുമോ?

ശ്രീ. പി.ബി.ആർ. പിള്ള: ഏററുമാന്നൂര് അല്ല എവിടെയും പറയും. അത് കുര്യന് അറിയുകയില്ല. 1970-ൽ തിരഞ്ഞെടുപ്പു നടന്നതിനുശേഷം ഞാൻ കണ്ണൻദേവൻ ഭൂമിയിലേക്കാണ് പോയത് അസംബ്ലിയിലേക്കല്ല. കണ്ണൻദേവൻ വക മിച്ചഭൂമി കൈയേറാൻ അന്ന് കുര്യൻ കണ്ണൻദേവൻ സായിപ്പിന്റെ പുറകിലായിരുന്നു. ജനങ്ങളുടെ പുറകിലല്ല. അതാണ് നമ്മൾ തമ്മിൽ ഉള്ള വ്യത്യാസം. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദിവാസികളുടെ ഭൂമി പിടിച്ചെടുക്കുന്ന കാര്യത്തിൽ അനുകൂലമായ നിയമം പാസ്സാക്കിയിട്ടും ഇത് എന്തുകൊണ്ട് നടപ്പാക്കാൻ സാധിക്കുന്നില്ല. ഉടനടി ആ നിയമം നടപ്പിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എം. കുര്യൻ: വീരേന്ദ്രകുമാറിന്റെ ഭൂമി........................

ശ്രീ. പി.ബി.ആർ. പിള്ള: വീരേന്ദ്രകുമാറിനു ഭൂമിയുണ്ടെങ്കിൽ ഈ രാജ്യത്തെ തോട്ടങ്ങൾ ദേശസാൽക്കരിക്കുമ്പോൾ ആദ്യമായി ആ ഭൂമിയിൽ കേറാൻ പി.ബി.ആർ. പിള്ള ഉണ്ടായിരിക്കും. നിങ്ങൾ അന്ന് ഒളിച്ചോടിപോകും. (ബഹളം) നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദിവാസികളുടെ ഭൂമി തിരിച്ചെടുക്കാനുള്ള നിയമം പാസ്സാക്കിയിട്ടുള്ളതാണ്. അത് നടപ്പാക്കണം. ഈ രാജ്യത്ത് വൻകിടതോട്ടങ്ങളുണ്ട്. ഈ തോട്ടങ്ങൾ സർവ്വേ നടത്തുകയാണെങ്കിൽ ഈ തോട്ടങ്ങൾ ആദ്യം എങ്ങനെ കിട്ടിയെന്നുള്ളതിന്റെ തോട്ടങ്ങളുടെ നിയമപരമായ യഥാർത്ഥ ചരിത്രം അറിയാം. ഇതിൽ ഭൂരിഭാഗവും നിയമവിരുദ്ധമായി കൈവശപ്പെടുത്തിയ ഭൂമിയാണ്. എത്രപേർക്ക് ഈ രാജ്യത്ത് നിയമപ്രകാരം അംഗീകാരമുള്ള രജിസ്ട്രേഷനോടുകൂടിയുള്ള തോട്ടഭൂമികളുണ്ട്? തോട്ടം ഉടമകളുടെ കൈവശമിരിക്കുന്ന ഭൂമികളൊന്നുംതന്നെ അവർക്ക് അവകാശപ്പെട്ടതല്ലെന്ന ആരോപണം ഞാൻ ഉന്നയിക്കുകയാണ്. ഇതൊന്ന് സർവ്വേ നടത്തിയാൽ ഈ രാജ്യത്തെ ഭൂസ്വാമികളിൽനിന്നും എൻക്രോച്ച്ചെയ്ത വൻകിടതോട്ടം ഉടമകളിൽനിന്നും സംരക്ഷിതപ്രദേശമെന്ന് പറഞ്ഞാലും ശരി പുറമ്പോക്കെന്ന് പറഞ്ഞാലുംശരി നൂറുകണക്കിന്, ആയിരക്കണക്കിന് ഏക്കർഭൂമി ഈ ഗവൺമെന്റിന് പിടിച്ചെടുക്കാൻ കഴിയും. ഈ രാജ്യത്തെ അന്തിയുറങ്ങാൻ ഒരുസെൻറു ഭൂമിയില്ലാത്ത പാവപ്പെട്ട ആളുകൾക്ക് ഈ ഭൂമി നൽകണം. അതിനുള്ള നടപടി സ്വീകരിക്കണം. ആവശ്യമുള്ള റിസർവ്വ്വനങ്ങൾ ഒഴിച്ച് ബാക്കിയുള്ള വനങ്ങളെല്ലാം തന്നെ ഈരാജ്യത്തെ ഭൂമിയില്ലാത്ത ആളുകൾക്ക് പതിച്ചുകൊടുക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ കാര്യങ്ങളെല്ലാം പറയുമ്പോൾ അപ്പുറത്തുനിന്ന് ചെലവുചുരുക്കൽ പരിപാടിയെപററിയാണ് വീമ്പടിച്ച് പറയുന്നത്. ബഹുമാനപ്പെട്ട ലൂക്കോസ് ഇന്നലെ പോലീസ് ഡിപ്പാർട്ടുമെൻറിന്റെ ട്രെയിനിംഗ് കോളേജ് തെമ്മാടിക്കുഴിയാണെന്ന് പറഞ്ഞു. ട്രെയിനിംഗ് കോളേജിൽ സ്ഥിരമായി ആളുകൾ ലാ പഠിപ്പിക്കാൻ വേണമെന്ന് ലൂക്കോസ് പറഞ്ഞു. അതിനെ പൂർണ്ണമായി അംഗീകരിക്കുന്നു. നിയമം പഠിപ്പിക്കാൻ ഇപ്പോഴത്തെ കോഴ്സ് തീരുന്നതുവരെ ഒരുവർഷത്തേക്ക് അവിടെ താൽക്കാലികമായിട്ട് രണ്ടു പേരെ നിയമിച്ചു. കോൺട്രാക്ട് അടിസ്ഥാനത്തിൽ. പക്ഷേ അവിടത്തെ ഡി.ഐ.ജി. പറഞ്ഞു ഇവരുടെസേവനം ആവശ്യമില്ലെന്ന്. അവർ ഇപ്പോൾ വരുന്നില്ല. എന്തിനവരെ മാററി. ഇനിയെന്തിന് വേറെ ആളിനെ നിയമിക്കണം. വ്യക്തമാക്കേണ്ടകാര്യമാണ്. അവിടെ മനശ്ശാസ്ത്രം പഠിപ്പിക്കാൻ വിദഗ്ദ്ധനെ ആക്കിയിട്ടുണ്ട്. അത് ആരാണെന്ന് അറിയാമോ? ജെയിംസ് വടക്കാഞ്ചേരി. അദ്ദേഹത്തിന്റെ ഡിഗ്രി എന്താണെന്നറിയാമോ? ക്രിമിനോളജി. മനശ്ശാസ്ത്രം പഠിപ്പിക്കാൻ നിയമിക്കുന്ന ഒരാളിന്റെ ഡിഗ്രി ക്രിമിനോളജി ആണ്. ഇതെന്തു അടിസ്ഥാനത്തിലുള്ള നിയമനമാണ്. സ്വന്തക്കാരെ നിലനിർത്താൻ തിരുകിക്കയററാൻ വേണ്ടി. ആ പോസ്ററിൽ നിയമിച്ച ആളിന് മൂന്നുവർഷമായി എക്സ്റ്റൻഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ലേററസ്ററായിട്ട് ഒരു ആർഡർ കൊടുത്തു അടുത്ത ഒരു നിയമനം നടക്കുന്നതുവരെ ടിയാൻ സർവ്വീസിൽ ഇരിക്കാൻ. ഇങ്ങനെ സ്വന്തക്കാരേയും ബന്ധുക്കളേയും നിയമിച്ചുകൊണ്ട് പൊതുഖജനാവിലെ പണം ദുർവിനിയോഗം ചെയ്യുന്നു. എന്നിട്ടാണ് ചെലവുചുരുക്കലിനെപ്പററി വീമ്പടിക്കുന്നത്. സ്വന്തക്കാർക്കും ബന്ധുക്കൾക്കും വേണ്ടിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ താൽപ്പര്യം മുൻനിറുത്തി യാതൊരു തത്വദീക്ഷയുമില്ലാതെ വെറും കൊള്ള നടത്തി ആലിബാബയും നാൽപ്പത് കള്ളൻമാരുമായി പ്രവർത്തിക്കുന്ന ഈ ഗവൺമെൻറിനു ഈ രാജ്യത്ത് ഒരു സെക്കൻറു പോലും ഭരിക്കാൻ അവകാശമില്ല. ആലിബാബായും നാൽപ്പതു കള്ളൻമാരുമാണ് ഭരിക്കുന്നത്. ഈ രാജ്യത്തെ സംരക്ഷിക്കേണ്ട ചുമതല ഇവർക്കില്ല. ഇവർ ഇറങ്ങിപോകണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. സി.എ. കുര്യൻ: ഒരു ചോദ്യം.

ശ്രീ. പി.ബി.ആർ. പിള്ള: നിങ്ങളെയൊക്കെപ്പററി എനിക്ക് പറയാനുണ്ട്. അടിയന്തിരാവസ്ഥക്കാലത്ത് ജയിലിൽ അടച്ചിരുന്ന ആളുകൾക്ക് പരോൾ അനുവദിച്ചതിൽ പ്രതിഷേധം........(ബഹളം) മുൻകൂട്ടി പ്രമേയം പാസ്സാക്കിയ കപട വിപ്ലവകാരികളാണ് നിങ്ങൾ. അന്ന് നിങ്ങൾ പാററ്നായിൽ ഫാസിസ്ററ് വിരുദ്ധ സമ്മേളനം വിളിച്ചു കൂട്ടിയ പ്രമേയം പാസ്സാക്കിയത്. (ബഹളം) കരുണാകരൻ പോലും കോൺഗ്രസ്സുപോലും പറയാത്ത കാര്യങ്ങൾ രാജാവിനെക്കാളും ഇന്ദിരാ രാജഭക്തനായിട്ട് അഭിനയിച്ച രാഷ്ട്രീയ കപട വിപ്ലവപാർട്ടിയുടെ ആളുകളാണ് നിങ്ങൾ. നിങ്ങൾക്കു എന്താണ് പറയാനുള്ളത് ഒരു കാര്യം നിങ്ങളെപ്പററി ഓർക്കുമ്പോൾ പറയാനാഗ്രഹിക്കുകയാണ്. പ്രഹരിക്കുന്ന സന്ദർഭത്തിലും പ്രഹരം ഏൽക്കുന്ന സന്ദർഭത്തിലും പ്രിയം പറയുന്നവൻ വിജയിക്കുമെന്ന തത്വമുണ്ട്. പ്രഹരിക്കുന്ന സന്ദർഭത്തിൽ പ്രഹരം ഏൽക്കുന്ന സന്ദർഭത്തിൽ പ്രിയം പറയുന്ന ആളുകളാണ് നിങ്ങൾ. അതുകൊണ്ട് നിങ്ങൾ ചിലയിടത്തൊക്കെ വിജയിച്ചു. ഞാൻ ഈ ഡിമാൻറുകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് ജോസഫ്: സർ, ഭൂനികുതി, ജില്ലാഭരണം, സഹകരണം എന്നീ വകുപ്പുകളിലേക്ക് ആവശ്യപ്പെട്ടിട്ടുള്ള ഡിമാൻറുകളെ ഞാൻ അനുകൂലിക്കുകയാണ്. മലയോരപ്രദേശത്തെ കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. 1964 മുതൽ 1977 വരെയുള്ള കാലഘട്ടങ്ങളിൽ മലയോരപ്രദേശത്തെ പദ്ധതികളുടെപേരിൽ ബലിയാടുകളായിരുന്ന കർഷകരുടെ ന്യായമായ അവകാശങ്ങൾ അവർ ആവശ്യപ്പെട്ടരീതിയിൽ പരിഹരിക്കാൻ തയ്യാറായ റവന്യൂ മന്ത്രിയേയും ഈ ഗവൺമെൻറിനേയും ഞാൻ അഭിനന്ദിക്കുകയാണ്. ഈ ഡിമാൻറുകളെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുക്കുമ്പോൾ ഞാൻ ഷെർഷായുടേയും അക്ബറിൻേറയും കാലഘട്ടത്തിലേക്ക് പോകുന്നില്ല. മഹാരാജാക്കൻമാർ ഭരിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലുള്ള മണ്ഡപത്തിൻവാതുക്കലും കോവിലകളും വലിയ വ്യത്യാസം കൂടാതെ താലൂക്കുകളും വില്ലേജുകളുമായിരിക്കുകയാണ്. നമ്മുടെ താലൂക്കുകളും വില്ലേജുകളും ജില്ലകളും പുനരാവിഷ്കരിക്കേണ്ടത് ആവശ്യമാണ്. ജില്ലകൾ വളരെ വിസ്തൃതമാണ്. അവ തമ്മിലുള്ള അന്തരം വളരെ വിസ്തൃതമാണ്.

ജില്ലാ ഭരണത്തെ സംബന്ധിച്ചു പറയുമ്പോൾ ഇന്നു ജില്ലാ ഭരണത്തിൽ വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. നമ്മുടെ റവന്യൂ ഡിപ്പാർട്ടുമെൻറുതന്നെ ശ്രീ. പി.ബി.ആർ. പിള്ള സൂചിപ്പിച്ചതു പോലെ, ആ രീതിയിൽ പുനരാവിഷ്കരിക്കേണ്ടത് ആവശ്യമാണ്. പൊതുജനങ്ങൾ ഗവൺമെൻറു ജീവനക്കാരുടേയും റവന്യൂ ഡിപ്പാർട്ടുമെൻറിൻേറയും അലസതയും അലംഭാവവും ചുവപ്പുനാടയും കൊണ്ടാണ് പ്രശ്നങ്ങൾ പരിഹരിക്കാത്തതെന്നു പറയുമ്പോൾ ജീവനക്കാർ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ജോലി വളരെ കൂടിയെന്നാണ് പറയുന്നത്. അതുകൊണ്ട് ജനാധിപത്യസംവിധാനത്തിന് അനുയോജ്യമായ രീതിയിൽ ഒരു ക്രമീകരണം ഉണ്ടാക്കണം. നമ്മുടെ വികസനപ്രവർത്തനങ്ങൾ, നമ്മുടെ പദ്ധതികൾ, അതുപോലെ ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള പല പുതിയ സമീപനങ്ങളും നടപ്പാക്കുന്നത് പ്രധാനമായി റവന്യൂ ഡിപ്പാർട്ടുമെൻറുവഴിയാണ്. അതുകൊണ്ട് റവന്യൂഡിപ്പാർട്ടുമെൻറിൽ ഒരു പുനരാവിഷ്ക്കരണം ആവശ്യമാണ്. അവരുടെ ബുദ്ധിമുട്ടുകൾ എന്താണെന്നു മനസ്സിലാക്കണം.

നമ്മുടെ ജില്ലകളുടെ വിസ്തീർണ്ണത്തെസംബന്ധിച്ചു നോക്കുമ്പോൾ കണ്ണൂർ ജില്ലയുടെ വിസ്തീർണ്ണം 5706 ചതുരശ്രകിലോമീററാണ്. കോഴിക്കോട് 3079 ചതുരശ്രകിലോമീററർ, തൃശ്ശൂർ ജില്ല 3082 ചതുരശ്രകിലോമീററർ, തിരുവനന്തപുരം ജില്ല 2192 ചതുരശ്രകിലോമീററർ, എറണാകുളം ജില്ല 3271 ചതുരശ്ര കിലോമീററർ, ആലപ്പുഴ ജില്ല 1884 ചതുരശ്ര കിലോമീററർ, ഇടുക്കി ജില്ല 5156 ചതുരശ്ര കിലോമീററർ ഇങ്ങനെയാണ് ജില്ലകളുടെ വിസ്തീർണ്ണം. ഈ ജില്ലകളുടെ വിസ്തീർണ്ണത്തിൻെറ അനുപാതം 1:5 ആണ്. ഇനി താലൂക്കുകളിലേക്ക് കടന്നാൽ പ്രധാനപ്പെട്ട ജില്ലകളിലെ ഏററവും വലിയ താലൂക്കുകളുടെ വിസ്തീർണ്ണം നോക്കുകയാണെങ്കിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക് 1330.6 ചതുരശ്ര കിലോമീറററാണ്. കോഴിക്കോട് ജില്ലയിലെ സൗത്തുവയനാട് 1378.2 ചതുരശ്ര കിലോമീറററാണ്. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് 316 ചതുരശ്ര കിലോമീറററാണ്. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്ക് 926 ചതുരശ്ര കിലോമീറററാണ്. എറണാകുളത്തെ കുന്നത്തുനാട് താലൂക്ക് 677.7 ചതുരശ്ര കിലോമീറററാണ്. ആലപ്പുഴ ജില്ലയിലെ തിരുവല്ല താലൂക്ക് 346.5 ചതുരശ്രകിലോമീറററാണ്. ഇടുക്കിജില്ലയിലെ ദേവികുളവും പീരുമേടും താലൂക്കുകൾ ഒരുപോലെയാണ്, 1774 ചതുരശ്ര കിലോമീററർ. ആലപ്പുഴ ജില്ലയുടെ വലിപ്പം വരും. മേൽപറഞ്ഞ വലിയ താലൂക്കുകൾ തമ്മിലുള്ള അനുപാതം 1:6 ആണ്. ഈ അനുപാതം മാറണം. അതുപോലെ വില്ലേജുകളുടെ കാര്യം എടുത്താലും സ്ഥിതി ഇതുതന്നെയാണ്. സമയക്കുറവുകൊണ്ട് മുഴുവൻ ഞാൻ വായിക്കുന്നില്ല. വില്ലേജുകൾ തമ്മിലുള്ള അനുപാതം 1:548 ആണ്. ഇടുക്കിജില്ലയിലെ തൊടുപുഴ താലൂക്കിലെ ഇടുക്കി വില്ലേജിൻെറ വിസ്തീർണ്ണം 548.9 ചരുതശ്ര കിലോമീറററാണ്. അതേസമയം ഒരു ചതുരശ്ര കിലോമീററർ വിസ്തീർണ്ണമുള്ള വില്ലേജുകളും കേരളത്തിലുണ്ട്. അതുകൊണ്ട് റവന്യൂ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരായാലും മററാളുകളായാലും അവർ പറയുന്നതിൽകാര്യമുണ്ടെന്നു മനസിലാക്കിക്കൊണ്ട് ഇന്നത്തെ അലംഭാവവും ചുവപ്പുനാടയും മാററുന്നതിന് ആവശ്യമായ ഒരു സംവിധാനം ഏർപ്പെടുത്തണം. ജില്ലാ വിസ്തീർണ്ണം കുറേയൊക്കെ ആനുപാതികമായി കുറക്കേണ്ടതു ആവശ്യമാണ്. അതുപോലെ താലൂക്കുകളും വില്ലേജുകളും പുനരാവിഷ്കരിക്കണം. ഒരു പഞ്ചായത്ത് ഒരു വില്ലേജ് എന്ന അടിസ്ഥാനത്തിൽ രൂപീകരിച്ചുകൊണ്ട് വില്ലേജുകളും താലൂക്കുകളും ജില്ലകളും ബൈഫർക്കേററ് ചെയ്യേണ്ടത് ആവശ്യമാണ്. അതോടൊപ്പം ഇന്നത്തെ ജില്ലാ ഭരണസംവിധാനത്തിലും ഒരു മാററം വരുത്തേണ്ടത് ആവശ്യമാണ്. എല്ലാ കാര്യങ്ങൾക്കും ഒരു ആഫീസറെ സമീപിക്കേണ്ട സമീപനമാണ് ഇന്നു ഉള്ളത്. ഇന്നു എല്ലാ പ്രവർത്തനങ്ങളും ഒന്നിച്ചുകിടക്കുകയാണ്.

2/465—13

LIBRARY ARCHIVES Kerala Legislative Assembly

നികുതി പിരിവിനും വികസന പ്രവർത്തനങ്ങൾക്കും ജില്ലാ അടിസ്ഥാനത്തിലും താലൂക്ക് അടിസ്ഥാനത്തിലും വില്ലേജടിസ്ഥാനത്തിലും പ്രത്യേകം സെൽ രൂപീകരിക്കണം. ഈ കാര്യങ്ങൾ നിർവ്വഹിക്കാനുള്ള ചുമതല ആ വിഭാഗങ്ങൾക്ക് വിട്ടുകൊടുക്കണം. വികസനപ്രവർത്തനത്തിന് പ്രത്യേക സെൽ രൂപീകരിച്ചുകൊണ്ട് ആ കാര്യത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ആ വിഭാഗത്തെ ഏൽപ്പിക്കണം. അങ്ങനെയൊരു പുനഃസംവിധാനം ആവശ്യമാണ്.

കാർഷികമേഖലയിലേക്ക് കടന്നാൽ മലയോര പ്രദേശങ്ങളിലെ കർഷകർക്ക് ഇതുവരെയായി പട്ടയം ലഭിച്ചിട്ടില്ല. പട്ടയം ലഭിക്കാത്ത വളരെയധികം ആളുകളുണ്ട്. അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തണം. കഴിഞ്ഞകാലങ്ങളിൽ പട്ടയത്തിനുള്ള പണം അടയ്ക്കാൻ സാധിക്കാത്ത കൃഷിക്കാരുണ്ട്. പണം കൈവശമില്ലാത്തതുകൊണ്ട് അടയ്ക്കാൻ താമസിച്ചതാണ്. അങ്ങനെ പണം അടക്കാൻ താമസിച്ചതിന്റെ പേരിൽ അവരുടെ പട്ടയം റവന്യൂബോർഡിൽ കെട്ടിക്കിടക്കുകയാണ്. അതു ഉടൻതന്നെ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. 1959-ൽ കുത്തകപ്പാട്ടത്തിന് നൽകിയിരുന്ന ഏലത്തോട്ടത്തിലെ കൃഷിക്ക് കൊടുത്ത ഭൂമികൾ ഗവൺമെന്റ് ലേലം ചെയ്യാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നതായി കേൾക്കുന്നു. 1959 മുതൽ ഏലം കൃഷിചെയ്ത ചെറുകിട കൃഷിക്കാർക്ക് ഇതുമൂലം വളരെ വിഷമമുണ്ടാകും. ലേലം ചെയ്യുകയാണെങ്കിൽ വൻകിടക്കാരായ കേരളത്തിലേയും തമിഴുനാട്ടിലേയും ആളുകൾ ലേലത്തിൽ പങ്ക് കൊള്ളുകയും വൻകിടക്കാർ ഈ ഏലത്തോട്ടങ്ങൾ കൈവശപ്പെടുത്തുകയുംചെയ്യുന്ന പരിതഃസ്ഥിതിയുണ്ടാകും. അതുകൊണ്ട് മിനിമം പ്രീമിയത്തിന് ഈ ഏലക്കാടുകൾ കൈവശം വെച്ച് കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ചെറുകിട കൃഷിക്കാർക്ക് എക്സ്റ്റന്റ് ചെയ്തുകൊടുക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം. ഇന്നു ബേസിക് ടാക്സ്, ഇൻകം ടാക്സ്, പ്ലാന്റേഷൻ ടാക്സ് ഇങ്ങനെയുള്ള നികുതികളുടെ കൂമ്പാരമുണ്ട്. ഇതൊന്നു ഏകീകരിക്കണം. ഭൂനികുതിയെ സംബന്ധിച്ച് ഭൂമിയുടെ നൽപ്പുതിൽപ്പു കണക്കാക്കുന്നതിന് ഒരു പ്രത്യേക സ്ലാബ് രൂപീകരിച്ചുകൊണ്ട് ഓരോ ഭൂമിക്കും ഓരോ രീതിയിലുള്ള നികുതി ഏകീകരിച്ച് നടപ്പിലാക്കണമെന്ന ഒരു നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. ഗവൺമെന്റ് ഇതു ഗൗരവപൂർവ്വം പരിഗണിക്കണമെന്ന അഭിപ്രായം എനിക്കുണ്ട്. അതുപോലെതന്നെ സഹകരണരംഗത്ത് ഇന്നു വളരെയധികം പരിവർത്തനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ആ രംഗത്ത് ഇന്നു ഒരു പുതിയ സമീപനം ഉണ്ടാക്കിയിരിക്കുകയാണ്. ഗ്രാമതലത്തിൽ അതിനുള്ള സംവിധാനം ഉണ്ടാകേണ്ടത് ആവശ്യമാണ്. സഹകരണസംഘങ്ങളിൽ പലതും ഇന്നു നല്ല രീതിയിൽ നടക്കുന്നില്ല. അവയെ സമുദ്ധരിക്കേണ്ടത് ആവശ്യമാണ്. ചില സൊസൈററികൾ ഊർദ്ധ്വശ്വാസം വലിക്കുന്നുണ്ട്. അതിനെയൊക്കെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ചില സൊസൈററികളെ നശിപ്പിക്കാൻ അതിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾതന്നെ തയ്യാറാകുന്നുണ്ട്. അങ്ങനെയുള്ള സൊസൈററികളെ രക്ഷിക്കുന്നതിനും കുററക്കാരുടെമേൽ തക്കതായ ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമാണ്. ആ രീതിയിൽ സഹകരണരംഗത്ത് ഒരു പുനഃരാവിഷ്ക്കരണം ആവശ്യമാണ്. ഊർദ്ധ്വശ്വാസം വലിക്കുന്ന പാവപ്പെട്ട സൊസൈററികളെ ഉയർത്തിക്കൊണ്ടുവന്ന്

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ ജീവനക്കാർക്ക് മററു സൊസൈററികളിലെ ജീവനക്കാർക്ക് കൊടുക്കുന്ന രീതിയിലുള്ള ആനുകൂല്യം കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകണം. സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ നടത്തുന്ന സൊസൈററികളിലെ ജീവനക്കാർക്ക് നൽകുന്നതിനനുസരണമായ ആനുകൂല്യം ഇത്തരം സൊസൈററികളിലെ ജീവനക്കാർക്കും നൽകുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. ആ രീതിയിൽ നമ്മുടെ ജില്ലാ ഭരണരംഗത്തും അതുപോലെ തന്നെ മററു രംഗങ്ങളിലും സമൂലമായ പരിവർത്തനമുണ്ടാക്കാൻവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഡിമാൻറുകളെ ഞാൻ അനുകൂലിക്കുകയാണ്. മലയോരപ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി ഗവൺമെൻറ് എടുക്കുന്ന നടപടികൾക്ക് ഞങ്ങളുടെ പരിപൂർണ്ണമായ പിൻതുണയുണ്ടാകുമെന്ന് ഞാൻ ഉറപ്പിച്ചു പറയുകയാണ്. അവശതയനുഭവിക്കുന്ന, യാതന അനുഭവിക്കുന്ന ഓരോ പ്രദേശത്തിൻേറയും പ്രത്യേക പരിതഃസ്ഥിതികണക്കിലെടുത്തുകൊണ്ട് വിദ്യാഭ്യാസ മണ്ഡലത്തിലും സാംസ്ക്കാരിക മണ്ഡലത്തിലും മററു എല്ലാ മണ്ഡലത്തിലും അവശതയനുഭവിക്കുന്ന അവികസിതപ്രദേശങ്ങളായ മലപ്രദേശങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനുള്ള ഏർപ്പാട് ഉടനടി ആവിഷ്ക്കരിക്കണമെന്ന നിർദ്ദേശം വച്ചുകൊണ്ട് ഞാൻ ഈ ഡിമാൻറുകളെ പിൻതാങ്ങുന്നു.

ശ്രീ. കെ.സി. വാമദേവൻ: സർ, കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുകയും, ഭൂവുടമാ സമ്പ്രദായത്തിൽ അൽഭുതകരമായ മാററങ്ങൾ വരുത്തിക്കൊണ്ട് ഇൻഡ്യക്കുതന്നെ മാതൃകയായി കഴിഞ്ഞ ഭൂപരിഷ്ക്കരണ നിയമത്തിന് നേതൃത്വം നൽകുകയും ചെയ്ത റവന്യൂ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ സന്തോഷപൂർവ്വം പിൻതാങ്ങുകയാണ്. നമ്മുടെ ഭരണസംവിധാനത്തിൻെറ ചരിത്രത്തിൽ രജതരേഖകളാൽ രേഖപ്പെടുത്തേണ്ട ഒന്നാണ് ഈ സെഷനിൽതന്നെ അംഗീകരിച്ച ജില്ലാ ഭരണ ബിൽ. ഒരുപക്ഷേ അടുത്തവർഷം ജില്ലാ ഭരണത്തിനു വേണ്ടിയുള്ള ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതിനു മുമ്പുതന്നെ ജില്ലാ ഭരണസംവിധാനത്തിൽ മൗലികവും അടിസ്ഥാനപരവുമായ മാററങ്ങൾ വരുത്തിക്കൊണ്ട് ജില്ലാ ഭരണ നിയമം നടപ്പിലാക്കുകയും ആ സാഹചര്യത്തിൽ ഇവിടെ ചർച്ചകൾ നടക്കുകയും ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ആ ധനാഭ്യർത്ഥനയേയും പിൻതാങ്ങാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. സർ, ഭൂവുടമാ സമ്പ്രദായത്തിൽ മാററങ്ങൾ വരുത്തിക്കഴിഞ്ഞ് ഭൂപരിഷ്ക്കരണ സമ്പ്രദായം, ഇനി രണ്ടാം ഘട്ടത്തിലേക്ക് കടക്കുകയാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇത് മനസിൽ കണ്ടുകൊണ്ടായിരിക്കണം ഇത്തവണത്തെ ബഡ്ജററിൽ അൽപ്പസ്വൽപ്പം കാര്യങ്ങൾ; ഭൂമി ലഭിക്കുകയും അവിടെ നാലഞ്ചു തെങ്ങും കുറേ കപ്പയും നട്ട് ഒരു കൂരയുംവച്ച് താമസിക്കുന്ന സ്വന്തമായി ഭൂമിയുണ്ടെന്ന് അഭിമാനിക്കാൻ കഴിയുന്ന പാവപ്പെട്ട കർഷകരെ ഉദ്ദേശിച്ച് അവരുടെ സാമ്പത്തിക ജീവിതം ഭദ്രമാക്കാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നത് എന്ന് എനിക്കു തോന്നുന്നു. ഈ പദ്ധതി ആത്മാർത്ഥമായി നടപ്പിലാക്കാനുള്ള ഒരു സംരംഭമാണ് ഇതെന്ന് ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. കാരണം കുറേയധികം പേർക്ക് അഞ്ചുസെൻറും പത്തുസെൻറും ഒക്കെ സ്ഥലം കിട്ടി. അവിടെ കൃഷി ചെയ്ത് സ്വന്തമായി ജീവിക്കാനുള്ള കഴിവുകൾ പാവപ്പെട്ട ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചില്ലെങ്കിൽ ഈ ഭൂമി കറങ്ങിക്കറങ്ങി ഭൂസ്വാമികളുടെ പക്കൽ എത്തുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. തന്നെയുമല്ല നമ്മുടെ ഭൂപരിഷ്ക്കരണ നിയമത്തിലെ പഴുതുകൾ നോക്കി ഒരുപക്ഷേ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നോമിനികളായി ലാൻറ് ബോർഡുകളിൽ പ്രവൃത്തിക്കുന്ന രാഷ്ട്രീയ പ്രതിനിധികളെ സ്വാധീനിച്ചും കോടതികളുടെ വ്യാഖ്യാനങ്ങളുടെ തണലിലും മൺമറഞ്ഞ ഭൂമാടമ്പിമാരും എട്ടുവീട്ടിലെ ഭൂപ്രഭുക്കളും, ഇന്ന് പാവപ്പെട്ടവർക്കുവേണ്ടി ഗവൺമെൻറ് വിതരണം ചെയ്ത തുണ്ടു തുണ്ടു ഭൂമി കൈവശപ്പെടുത്താനുള്ള കുൽസിതമാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുന്ന 'പ്രവണതയുണ്ടെന്ന്' ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇതിനുള്ള പഴുതുകളടയ്ക്കാൻ തുണ്ടുഭൂമി കൈവശം കിട്ടിക്കഴിഞ്ഞ ആളുകൾക്ക് സാമ്പത്തിക ഭദ്രത കൈവരുത്താനുള്ള മാർഗ്ഗങ്ങൾ ഉടനടി വേണമെന്നുപറയാൻ ഞാനാഗ്രഹിക്കുന്നു.

അതുപോലെതന്നെ ഭൂപരിഷ്ക്കരണ നിയമത്തിൽ ഇനി അവശേഷിക്കുന്ന ഏതാനും നിയമഭേദഗതികൾ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ.പി. ഗോപാലൻ ചൂണ്ടിക്കാണിച്ചതുപോലെ കാരായ്മയും, വിരുത്തിയും ഇറവിലിയും കണ്ടകൃഷിയും ഒക്കെ ഭൂമികൾ കൈവശംവച്ചുകൊണ്ടിരിക്കുന്നവർക്കു പട്ടയം കൊടുക്കാനുള്ള അടിയന്തിര നടപടികൾ അതിനാവശ്യമായ ഭേദഗതികൾ ആവശ്യമുണ്ടെങ്കിൽ അത് ഉടനടി വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ മഹാരാജാവിൻെറ വകയായി തിരുവനന്തപുരം നഗരത്തിലും പരിസർപ്രദേശത്തും 100 കണക്കിനേക്കർ ഭൂമിയുണ്ട്. പലതിൻേറയും പേരിൽ ആ ഭൂമി ഭൂപരിഷ്ക്കരണ നിയമം നടപ്പിലായിക്കഴിഞ്ഞതിനുശേഷം വ്യക്തികളും സ്ഥാപനങ്ങളും ഒരുപക്ഷേ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകൾപോലും വിലയ്ക്കു വാങ്ങിയിട്ടുണ്ട്. ഏതു നിയമത്തേയും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഏതു ലൂപ്പ്ഹോൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണെങ്കിലും ഇത്തരം കൈമാററങ്ങൾ പുനഃപരിശോധന ചെയ്യാനും, താലൂക്ക് ലാൻറ് ബോർഡിൻെറ തീരുമാനം പുനഃപരിശോധനചെയ്യാനുമുള്ള അവസരം ഉണ്ടാക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

പിന്നെയൊന്ന് എനിക്കു പറയാനുള്ളത് ഇത്രയേറെ ഭാരിച്ച കടമ നിർവ്വഹിക്കുന്ന റവന്യൂ വകുപ്പിലെ വില്ലേജാഫീസുകൾക്കും മററും ഇന്ന് ആവശ്യമായ കെട്ടിടങ്ങളില്ല. പോലീസ് സ്ററേഷനുകൾക്കുവേണ്ടി വലിയ കെട്ടിടങ്ങൾ കെട്ടിപ്പടുക്കുന്നു. വെഞ്ഞാറമൂട്ടിൽ പോലീസ് സ്ററേഷനുവേണ്ടി ഒരു ഇരുനില മാളികയുണ്ട്. എന്തിനാണ് ഇത്ര വലിയ പോലീസ് സ്ററേഷൻ എന്ന് പലപ്പോഴും തോന്നാററുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നൂറുകണക്കിന് ഒരുപക്ഷേ ആയിരക്കണക്കിന് ആളുകാം സർട്ടിഫിക്കററ് വാങ്ങാനും മററു പലതിനും വന്നുനിൽക്കേണ്ടിവരുന്ന വില്ലേജാഫീസുകളുടെ ഗതി, ശ്രീ. പി.ബി.ആർ. പിള്ളയുടെ വാക്കുകാം കടമെടുത്തു പറയുകയാണെങ്കിൽ ജാംബവാൻെറ കാലത്തു പണികഴിപ്പിച്ച കെട്ടിടങ്ങളാണ്. അതൊക്കെയൊന്നു പൊളിച്ചുമാററി ആളുകാംക്കു വന്നാൽ സ്വൈരമായിരിക്കാനും അവിടെ ജോലി ചെയ്യുന്നവർക്ക് സ്വൈരമായിരുന്ന് ജോലി ചെയ്യാനുമുള്ള സൗകര്യമുള്ള കെട്ടിടങ്ങാം നിർമ്മിക്കണം. ഏതാണ്ട് എൺപത്, എൺപത്തഞ്ച്, നൂറോളം വില്ലേജാഫീസുകാംക്ക് ബഡ്ജററിൽ പ്രൊവിഷനുണ്ട്. അതിനുവേണ്ടി അടിയന്തിര നടപടികാം സ്വീകരിക്കണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെതന്നെ ഗ്രാമീണ സമ്പദ്ഘടനയിൽ വലിയമാററങ്ങാം വലിയ സ്വാധീനം ഉണ്ടാക്കുന്നതാണ് സഹകരണമേഖല. വളർന്നു വരുന്ന സഹകരണപ്രസ്ഥാനത്തിൻെറ വികസനത്തിനനുസരണമായി ഇതിനെയൊക്കെ നിയന്ത്രിക്കാൻ പര്യാപ്തമായവിധം സഹകരണ വകുപ്പ് സജ്ജമാണോ എന്ന് പരിശോധിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അപേക്ഷിക്കുകയാണ്. സഹകരണ പ്രസ്ഥാനംതന്നെ കാലംപോകുന്തോറും ഓരോരോ വകുപ്പിലേക്കായി മാറിമാറി പോകുന്നില്ലേ എന്ന് എനിക്ക് സംശയമുണ്ട്. പല പല വകുപ്പുകളിലായാണ് അഡ്മിനിസ്ട്രേററീവ് കൺട്രോാം കിടക്കുന്നത്. ഡയറിയിലായാലും, കൈത്തറിയിലായാലും, ഫിഷറീസിലായാലും ഹരിജൻ വകുപ്പിലായാലും ഇങ്ങനെ മാറിമാറി പോകുന്ന സഹകരണപ്രസ്ഥാനം ഇന്നല്ലെങ്കിൽ നാളെ അപകടകരമായ അവസ്ഥയിലേക്ക് പോകുമെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കോവാപ്പറേററീവ് സൊസൈററീസ് ആക്ടിൽ കോ-ഓപ്പറേഷന്, അതിൻെറ ഭരണാധിപൻമാർക്ക് അസൗകര്യം ഉണ്ടാക്കുന്ന ഇത്തരം പ്രവണതകാം അവസാനിപ്പിക്കാൻ ആവശ്യമായ നടപടികാം സ്വീകരിക്കണം. ഇന്ന് സഹകരണ വകുപ്പ് കൈകാര്യംചെയ്യുന്ന വിവിധ സ്വഭാവത്തിലുള്ള, വിവിധ തരത്തിലുള്ള ജോലികാം ഏറെറടുത്തിരിക്കുന്ന സഹകരണസംഘങ്ങളെ നിയന്ത്രിക്കാനാവശ്യമായ പ്രാഗൽഭമായ നേതൃത്വം സഹകരണവകുപ്പിലെ ആഫീസർ കേഡറിൽ ഇല്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ക്രെഡിററായാലും, കൺസ്യൂമേഴ്സായാലും മാർക്കററിംഗായാലും ഇവയിലൊക്കെ ആധുനികമായ പരിശീലനം സിദ്ധിച്ച, അതിനെയൊക്കെ മാനേജു ചെയ്യാൻ, ഗൈഡുചെയ്യാൻ ഉന്നതമായ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥൻമാർ തലപ്പത്തുണ്ടോ എന്ന് എനിക്കു സംശയമാണ്. വളർന്നുകൊണ്ടിരിക്കുന്ന കൺസ്യൂമേഴ്സ് വിഭാഗം സുസജ്ജമാക്കാനുള്ള ബാദ്ധ്യതയുണ്ട്. അതിനാവശ്യമായി കൺസ്യൂമേഴ്സിലും, ക്രെഡിററിലും മാർക്കററിംഗിലും പ്രാഗൽഭ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഇതു കൈകാര്യംചെയ്യാൻ കഴിയുന്ന വിധത്തിൽ ഉന്നതൻമാരടങ്ങിയ മാനേജ്മെൻറ് കേഡർ ഇതിൻെറ കീഴിൽ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇവിടെ ഒരു പുതിയ പ്രവണത കാണുന്നുണ്ട്. ഒരേ രംഗത്ത് ഒരേ ജോലി ചെയ്യുന്ന പ്രൈമറി സർവ്വീസ് സഹകരണ ബാങ്കുകളും അതിൻെറ തലപ്പത്തിരിക്കുന്ന ജില്ലാ സഹകരണബാങ്കും ഒരുപക്ഷേ അതിൻെറയും തലപ്പത്തുള്ള കേന്ദ്ര സഹകരണബാങ്കും ഒക്കെ ഒരേ രംഗത്ത് മൽസരിക്കുന്നില്ലേ, അത് ആരോഗ്യകരമായ മൽസരമാണോ എന്ന് എനിക്കു സംശയമുണ്ട്. ഓരോ രംഗത്തും, പണം കടംകൊടുക്കുന്ന കാര്യത്തിൽപോലും ഇങ്ങനെയാണ്. ഇത്തരം കാര്യങ്ങളിൽ പ്രൈമറി സംഘങ്ങളുടെ ജൂറിസ്ഡിക്ഷനിൽ ഡിസ്ട്രിക്ട് സഹകരണസംഘങ്ങൾ കടന്നുപോയി. ഒരുപക്ഷേ കേന്ദ്ര സഹകരണസംഘങ്ങൾപോലും കാലെടുത്തുവയ്ക്കുന്ന അനാശാസ്യമായ ഒരു പ്രവണത കാണുകയാണ്. പ്രൈമറി സഹകരണ സംഘവും ജില്ലാ സഹകരണസംഘവും അതിനെയൊക്കെ നിലനിറുത്താനും നേതൃത്വം നൽകാനുമുള്ള കേന്ദ്ര സംഘവും ഉള്ള സ്ഥിതിക്ക് ഇതിനെയൊക്കെ ഈ രംഗത്തു നിറുത്താനുള്ള മാർഗ്ഗനിർദ്ദേശം കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. കോവാപ്പറേറ്റീവ് സൊസൈററീസ് ആക്ട് നിലവിൽ വന്നിട്ട് വർഷങ്ങളായിരിക്കുന്നു. ഏതു നിയമവും നടപ്പിലാക്കികഴിയുമ്പോഴാണ് പ്രായോഗികമായി വരുത്തേണ്ട മാർഗ്ഗങ്ങളെപ്പററി മനസ്സിലാക്കാൻ സാധിക്കുക. ഇതിൽ കൂറേയേറെ മാററങ്ങൾ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് നിയമം നടപ്പിലാക്കുന്ന ആളുകൾ, സഹകരണസംഘങ്ങളിലെ ജീവനക്കാർ, അതുപോലെ അതിലെ ഉപഭോക്താക്കളൊക്കെ ആവശ്യപ്പെടുന്നുണ്ട്. സഹകരണസംഘങ്ങളിലെ ആളുകൾ ഔദ്യോഗികമായി ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. അത് ഉൾക്കൊണ്ടുകൊണ്ട് കാലോചിതമായ മാററങ്ങൾ സഹകരണ നിയമത്തിൽ ഉണ്ടാക്കണമെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

മറെറാന്ന് സഹകരണ നിയമത്തിൽതന്നെ സ്റേററ് യൂണിയനും സർക്കിൾ യൂണിയനും ഉണ്ടാക്കിയിട്ടുണ്ട്. അതിൻെറ റോൾ എന്താണെന്ന് ആർക്കും അറിഞ്ഞുകൂടാ. ഇതൊക്കെ ഫലപ്രദമായും പ്രയോജനകരമായും എന്താണ് ചെയ്യേണ്ടതെന്ന് ആർക്കും അറിയാൻ വയ്യാതെ, സഹകരണ പ്രസ്ഥാനത്തെക്കുറിച്ച്, പ്രോപ്പഗണ്ട ചെയ്യാൻ സാധിക്കാതെ കൂടുതൽ കൂടുതൽ വിസ്തൃതമായ മേഖലകളിലേക്ക് സഹകരണപ്രസ്ഥാനത്തെ കൊണ്ടുചെല്ലാൻ സാധിക്കാതെ ഇന്ന് അത് തുരുമ്പുപിടിച്ചു കിടക്കുകയാണ്. ഇവയെ ഒന്ന് കാര്യക്ഷമമാക്കാനാവശ്യമായ പ്രവർത്തന സൗകര്യങ്ങളും അതുപോലെതന്നെ അവയ്ക്ക് പ്രവർത്തനസ്വാതന്ത്ര്യവും കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇല്ലെങ്കിൽ അതു പിരിച്ചു വിടണം. ഇന്ന് ഇവിടെ സഹകരണ ട്രെയിനിംഗ് നടത്തുന്നുണ്ട്. സഹകരണ ട്രെയിനിംഗ് എന്നു പറയുന്നത് വളരെ അപാകത നിറഞ്ഞതാണ്. അത് എച്ച്. ഡി. സി. യായാലും എൻ. ഡി. സി. യായാലും കോവാപ്പറേറ്റീവ് ട്രെയിനിംഗായാലും അവിടങ്ങളിലെ അഡ്മിഷന് ഇന്ന് പ്രത്യേകമായ വ്യവസ്ഥകളില്ല. കർശനമായ, കർക്കശമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ അഡ്മിഷൻ കൊടുക്കാവൂ എന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. അതുകഴിഞ്ഞാൽ പരീക്ഷയെക്കുറിച്ച് പറയുകയാണെങ്കിൽ പരീക്ഷയിൽ തോററവർ റീവാല്യുവേഷന് അപേക്ഷിച്ചത് കഴിഞ്ഞ മൂന്നുകൊല്ലത്തെ കണക്കു നോക്കിയാൽ റീവാല്യുവേഷന് അപേക്ഷിച്ചവരിൽ അറുപതും എഴുപതും എൺപതും ശതമാനം തോററവർ ജയിച്ചതായി പ്രഖ്യാപിച്ചിരിക്കുന്നു എന്നതുതന്നെ ഈ കോഴ്സ് നടത്തുന്നതിൽ എന്തോ അപാകതയുണ്ടെന്നു തെളിയിക്കുന്നു. ഇപ്പോൾ മൂന്നു സഹകരണ കോളേജുകളാണ് ഉള്ളത്. വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഡിമാൻറിന് അനുസരണമായി ഇന്ന് എല്ലാ റവന്യൂ ജില്ലകളിലും സഹകരണ കോളേജുകൾ ആരംഭിക്കാനുള്ള നടപടികൾ സഹകരണവകുപ്പ് ഏറെറടുക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, ഒന്നുരണ്ടു കാര്യങ്ങൾക്കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സഹകരണവകുപ്പിനെ സംബന്ധിച്ചിടത്തോളം ഇന്നു സഹകരണ ഇൻസ്പെക്ടർമാർക്ക് വളരെ വർഷങ്ങൾക്കുമുൻപു ഉണ്ടാ

12 Noon] ക്കിയ ചില നോംസ്, വർക്കുലോഡ് ആണുള്ളത്. സഹകരണസംഘങ്ങളുടെ എണ്ണം വർദ്ധിക്കുകയും ഓരോ സഹകരണസംഘത്തിൻെറയും ടേണോവർ വർദ്ധിക്കുകയും ചെയ്തിട്ടും ആവശ്യമായ സ്ററാഫിൻെറ വർദ്ധനവ് ഉണ്ടാകാത്തകാലത്തോളം ഓഡിററിനെ സംബന്ധിച്ചിടത്തോളവും സൂപ്പർവിഷൻ സംബന്ധിച്ചിടത്തോളവും അപര്യാപ്തതയുണ്ടാകും. അതിൻെറ ഫലമായി ധാരാളം കേസ്സുകൾ ഇന്നു കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്താനുള്ളത് കോപ്പറേററീവ് സൊസൈററികളിൽ മിസ്-അപ്രോപ്രിയേഷൻ കേസ്സുകൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ പോലീസ് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുമായി സഹകരിക്കുന്നില്ലെന്നു ഇന്നു പരാതിയുള്ളതാണ്. നൂറുകണക്കിനു കേസ്സുകൾ, ലക്ഷക്കണക്കിനു രൂപയുടെ കേസ്സുകൾ പോലീസ് ഇൻവെസ്ററിഗേഷനായി കഴിഞ്ഞ എത്രയോ വർഷക്കാലമായി കിടക്കുകയാണ്. പോലീസിനെ ഊർജ്ജ

LIBRARY ARCHIVES Kerala Legislative Assembly

സ്വലമാക്കാനും കേസ്സുകരം കാര്യക്ഷമമായി നടത്താനും സഹകരണ വകുപ്പിൽ സ്വന്തം സംവിധാനം ഉണ്ടാക്കണം, അതു കാര്യക്ഷമമായ പ്രവർത്തനത്തിനു വളരെ നല്ലതാണെന്നു പറഞ്ഞുകൊണ്ട് ഈ മൂന്നുവകുപ്പുകരംക്കുംവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുന്നു. ഞാൻ എന്റെ വാക്കുകരം അവസാനിപ്പിക്കുന്നു.

ശ്രീ. കെ.പി. രാമൻ: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി അവതരിപ്പിച്ച ഡിമാൻറുകളെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെൻറ് ആവിഷ്ക്കരിക്കുന്ന പദ്ധതികളെല്ലാംതന്നെ നടപ്പിലാക്കുന്ന റവന്യൂ വകുപ്പ് എല്ലാംകൊണ്ടും ഇന്നു കടുത്ത അവഗണനക്ക് വിധേയമായിത്തീർന്നിരിക്കുകയാണ്. ശ്രീ. പി.ബി.ആർ. പിള്ള ഇവിടെ സൂചിപ്പിച്ചതുപോലെ ഈ റവന്യൂ വകുപ്പ് എല്ലാ വകുപ്പുകളുമായി സ്ഥായിയായി ബന്ധമുള്ള വകുപ്പാണ്. മററു വകുപ്പുകരംക്കുവേണ്ടിയുള്ള കണക്കുകളും റിപ്പോർട്ടുകളും ഇന്നു നൽകുന്നത് റവന്യൂ വകുപ്പാണ്. മാത്രവുമല്ല, റവന്യൂ വകുപ്പിനു മാത്രം നടപ്പിലാക്കാൻ ബാധ്യസ്ഥമായ ചില, നിയമങ്ങരംക്കും, ചട്ടങ്ങരംക്കും പുറമേ മററു വകുപ്പുകരം എടുക്കുന്ന ചില തീരുമാനങ്ങരം പലതും നടപ്പിലാക്കുന്നതും റവന്യൂ വകുപ്പിലൂടെയാണ്. നികുതി പിരിച്ചെടുക്കൽ തുടങ്ങി വിധവകളുടെ മക്കരംക്ക് വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള ജോലികരം തുടങ്ങി ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട എല്ലാംതന്നെ റവന്യൂ വകുപ്പിലൂടെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ വകുപ്പിൽ താഴെക്കിടയിലുള്ള വില്ലേജാഫീസുകരം മുതൽ മേലേക്കിടയിലുള്ള റവന്യൂ ബോർഡുവരെയുള്ള പല ഓഫീസുകളിലും വേണ്ടത്ര സ്ററാഫില്ല. അതുകൊണ്ട് പാവപ്പെട്ട ആളുകരംക്കു ആനുകൂല്യങ്ങരം തക്കസമയത്തു ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. അഗതികരംക്കുള്ള പെൻഷനെ സംബന്ധിച്ചിടത്തോളം ഇതേവരെയുള്ള നടപടിയനുസരിച്ച് പെൻഷനുള്ള തീരുമാനമെടുത്തുകഴിയുമ്പോഴേക്കും അതു കിട്ടേണ്ടയാരം മണ്ണിനടിയിലാകും. അതുപോലെതന്നെ വില്ലേജുകളുടെ വിസ്തീർണ്ണം വളരെ കൂടുതലാണ്. ഒരു വില്ലേജിന്റെ അതിർത്തിയിൽനിന്നും മറെറാരു അതിർത്തിയിലേക്കു നടന്നെത്തണമെങ്കിൽ 25, 30 നാഴിക നടക്കണം. അപ്പോരം ഒരു പാവപ്പെട്ട കർഷകന് ഒരു വില്ലേജാഫീസിലെത്തണമെങ്കിൽ വളരെയധികം പ്രയാസപ്പെടണം. അതുപോലെതന്നെ നമ്മുടെ താലൂക്കാഫീസിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിന്റെ അധികാരപരിധി വളരെ കൂടുതലാണ്. താലൂക്കുകരം വിഭജിക്കണം. ഉദാഹരണത്തിനു കോഴിക്കോട് താലൂക്ക് വിഭജിക്കേണ്ടതുണ്ട്. കോഴിക്കോട് താലൂക്ക് വിഭജിച്ച് കുന്നമംഗലം ആസ്ഥാനമാക്കി മറെറാരു താലൂക്ക് ഉണ്ടാക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. ഇത്തരത്തിൽ ശാസ്ത്രീയമായും സമഗ്രമായും ഒരു പുനഃസംഘടന റവന്യൂ വകുപ്പിൽ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ബഡ്ജററിൽ ഒന്നുരണ്ടു കാര്യങ്ങരം സൂചിപ്പിച്ചതു ഞാൻ ഈയവസരത്തിൽ ഓർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തു പാവപ്പെട്ട, അവശവിഭാഗത്തിൽപ്പെട്ട, സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന അനേകലക്ഷം ജനങ്ങരം ഇന്നു ഭൂമിയുടെ ഉടമകളായി കഴിഞ്ഞിട്ടുണ്ടെന്നു ധനകാര്യമന്ത്രി ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ചു പറയുമ്പോരം ഒരു കാര്യം ഞാൻ ഓർക്കുകയാണ്. ഭൂമികിട്ടിയ പാവങ്ങരം ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൽനിന്നും നീതിലഭിക്കാത്തതുകൊണ്ട് വളരെയധികം വിഷമങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കുടികിടപ്പുകാർക്കു ഭൂമി കൊടുത്തതു ജൻമിമാരുടെ ഇഷ്ടമനുസരിച്ചല്ല, നിയമത്തിൽകൂടി മാത്രം ലഭിച്ചതാണ്. അങ്ങനെയാകുമ്പോൾ ഈ കുടികിടപ്പുകാർക്കു കുടിക്കുന്നവെള്ളത്തിനും നടക്കുന്ന വഴിക്കും ജൻമിമാരെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. അവർക്കു ഇത്തരക്കാരിൽനിന്നും വളരെയധികം ഭീഷണിയും മർദ്ദനവും ഏററുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണു നമ്മുടെ സംസ്ഥാനത്തുള്ളത്. നമ്മുടെ നിയമസഭയിൽ എന്തിനെസംബന്ധിച്ചു സംസാരിച്ചാലും എല്ലാവരും ഹരിജനങ്ങളുടെ കാര്യം പറയും. ആരും അവരുടെ കാര്യങ്ങൾ വിട്ടുപോകുകയില്ല. പക്ഷേ ഇത്തരം പ്രശ്നങ്ങളിൽ ഈ വിഭാഗങ്ങൾ കഷ്ടപ്പെടുന്ന പല കഥകളും പറയാനുണ്ട്. സമയമില്ലാത്തതുകൊണ്ട് ഇത്തരം കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ വിദ്യാഭ്യാസമന്ത്രിയുടെ മണ്ഡലത്തിൽ താമസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ വേങ്ങര വില്ലേജിൽ ഈയിടെ ഒരു സംഭവമുണ്ടായി. ഒരു വഴിത്തർക്കമാണു കാരണം. ആ തർക്കം ഒരു പ്രസ്റ്റീജ് പ്രശ്നമായി. അതിന്റെ ഫലമായി രണ്ടുപേർ മരിച്ചു. പാവപ്പെട്ട ഏതാനും ഹരിജനങ്ങൾ നടന്ന വഴിയുടെ അടുത്തു ഒരു പള്ളിയുണ്ടാക്കി. പള്ളിയുണ്ടാക്കിയതുകൊണ്ടു ഹരിജനങ്ങൾക്കു നടക്കാൻ തടസ്സമുണ്ടായിരുന്നില്ല. എന്നാൽ പള്ളിക്കമ്മിററിയിലെ ഒരാളൊഴികെ മറെറല്ലാപേരും വഴിക്കൊടുക്കണമെന്നു പറഞ്ഞു. ഒരാൾമാത്രം അതിനെതിരായി നിന്നു. അതിനെതിരായി തർക്കമുണ്ടാകുകയും രണ്ടു പേർ മരിക്കുകയും ചെയ്തു. അതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി നിഷ്പക്ഷമായി അന്വേഷണം നടത്തി ആ പ്രദേശത്തെ ഇപ്പോഴത്തെ പരിതസ്ഥിതികണക്കിലെടുത്ത് വേണ്ട നടപടികൾ സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാൻറുകളെ എതിർക്കുകയാണ്.

ശ്രീ. പാണാറത്തു കുഞ്ഞിമുഹമ്മദ്: സർ, ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച റവന്യൂ, ജില്ലാഭരണം, സഹകരണം എന്നീ മൂന്നു ധനാഭ്യർത്ഥനകളെയും ഞാൻ പരിപൂർണ്ണമായി അനുകൂലിക്കുന്നു. ഈ ധനാഭ്യർത്ഥനകളിൽ ഭൂരിഭാഗവും, ഏതാണ്ട് 12 കോടിയിലധികം രൂപ ചെലവിനത്തിൽ കണക്കാക്കിയിട്ടുള്ളത് സഹകരണപ്രസ്ഥാനത്തിനുവേണ്ടിയാണ്. ഈ സഹകരണപ്രസ്ഥാനം കേരളത്തിലാകമാനം പരിശോധിച്ചാൽ രാഷ്ട്രീയപാർട്ടികളുടെ പിടിയിൽ അമർന്നിരിക്കുന്നു എന്നു ഞാൻ അഭിപ്രായപ്പെടുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി വരേണ്ടത് എല്ലാഭാഗത്തുനിന്നുമുള്ള രാഷ്ട്രീയപാർട്ടികൾക്ക് ആവശ്യമാണ്. അതിൽനിന്നും മാററിയെടുക്കണം. ഈ രാജ്യത്തുള്ള സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്താൻ ഉതകുന്ന രീതിയിൽ ഒരു സംവിധാനം ഉണ്ടാക്കണം. ഈ പ്രസ്ഥാനം രാഷ്ട്രീയപാർട്ടികളുടെ പിടിയിൽ അമർന്നുനിൽക്കാൻ അനുവദിക്കുന്ന ഒരു സ്വഭാവം ഉണ്ടായിക്കൂടാ. അതുകൊണ്ട് സഹകരണപ്രസ്ഥാനത്തെസംബന്ധിച്ച് ഇത്തരത്തിലുള്ള സമഗ്രമായ ഒരു സംവിധാനത്തെപ്പററി ഗവൺമെൻറു ആലോചിക്കണം. ഇപ്പോൾ കാർഷിക വായ്പകൾ ലഭിക്കുന്നതിൽ പലതരം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. സംഖ്യയുടെ വർദ്ധനവനുസരിച്ചു സഹകരണബാങ്കുകളിൽ നിന്നും വായ്പ ലഭിക്കുവാൻ കൂടുതൽ ഷെയറുകൾ എടുക്കേണ്ട ഒരു സ്ഥിതിവിശേഷമുണ്ട്. അതു പരിഹരിക്കുവാൻവേണ്ടി ഷെയറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണം കുറച്ച് ആവശ്യക്കാരനു ആവശ്യത്തിനുള്ള സംഖ്യ ലഭ്യമാകുന്ന ഒരു സംവിധാനം വേണം. ഇപ്പോൾ ഗവൺമെൻറു സ്വാഗതാർഹമായ ചില നിർദ്ദേശങ്ങൾ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കാർഷിക വായ്പകൾക്കു പലിശ നിരക്കു കുറച്ചിരിക്കുന്നു. ഈ കാലഘട്ടത്തിൽ ഇതു ഏററവും ആവശ്യമാണെന്നാണ് എൻെറ അഭിപ്രായം. മറെറാരു കാര്യം എനിക്കു വളരെ വ്യക്തമായി പറയാനുള്ളത് ഈ നിയമസഭയിൽ ഞാൻ രണ്ടുമൂന്നുതവണ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. കോഴിക്കോടു ജില്ല വളരെയധികം വിസ്തൃതിയുള്ളതാണ്. എൻെറ മാന്യ സുഹൃത്ത് ഇവിടെ അതു വിശദീകരിച്ചു. കണ്ണൂർ ജില്ലയുടെ വലിപ്പവും ഏതാണ്ടു ഇതേപോലെ നിൽക്കുന്നു. ഈ രണ്ടുജില്ലകളേയും ഒന്നു വിഭജിക്കണം. കോഴിക്കോടു ജില്ലയിലെ കോഴിക്കോട്, സൗത്തു വയനാടു താലൂക്കുകളും കണ്ണൂർ ജില്ലയിലെ നോർത്തു വയനാട് താലൂക്കും സംയോജിപ്പിച്ചുകൊണ്ട് പിന്നോക്കവിഭാഗങ്ങളും ആദിവാസികളും താമസിക്കുന്ന മലയോര ജില്ല അടിയന്തിരമായി നിലവിൽവരണമെന്നു മൂന്നാം തവണ ഈ നിയമസഭയിൽ ഞാൻ ആവശ്യപ്പെടുന്നു. ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അവിടെയുള്ള പിന്നോക്കാവസ്ഥ മാററാൻ ഇതുമാത്രമേ പര്യാപ്തമാകുകയുള്ളു.

കോഴിക്കോടു ജില്ലാ വികസനസമിതിയിൽ സംബന്ധിക്കുമ്പോൾ വയനാടിൻെറ പ്രശ്നം പൊന്തിവരുന്നു. ആദ്യമായി ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി വയനാട്ടിനുവേണ്ടി ഒരു അതോറിട്ടിയുണ്ടാക്കി. അത് ഏറെക്കുറെ ഫലപ്രദമായെങ്കിൽപോലും വേണ്ടത്ര ഫലപ്രദമായിയെന്ന് എനിക്ക് അഭിപ്രായമില്ല. പിന്നീട് റവന്യൂ ഡിവിഷനു രൂപം കൊടുത്തു. അൽപ്പമൊക്കെ ശാന്തത അതുകൊണ്ടു കിട്ടിയെന്ന് ഞാൻ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് അഭിമാനിക്കുന്നു. പക്ഷേ അതുകൊണ്ടും അതിൻെറ സമാപ്തി കുറിച്ചുവെന്ന് എനിക്ക് അഭിപ്രായമില്ല. അടിയന്തിരമായി അടുത്തപടിയായി ഒരു ജില്ലതന്നെ നിലവിൽ വരണം.

പിന്നെ ഇവിടെ ഒരു സമരം നടക്കുന്നു. പത്രംതന്നെ ആ സമരത്തെ വിശേഷിപ്പിച്ചത് നിശ്ശാധർണ്ണയെന്നാണ്. ഇന്ന് ഈ ഡിമാൻറിൻെറ വോട്ടിംഗോടുകൂടി അത് അവർ അവസാനിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അവരുടെ എല്ലാ ആവശ്യങ്ങളും നിറവേററാൻ കഴിയുമെന്നല്ല ഞാൻ പറയുന്നത്. ഗവൺമെൻറിൻെറ പരിമിതമായ സാമ്പത്തിക ശേഷിക്കുള്ളിൽനിന്നുകൊണ്ട് ചില ആവശ്യങ്ങൾ അവർക്കു നേടിക്കൊടുക്കാൻ നമുക്കു സാധിക്കണം. അവരോട് ഉദാരപൂർവ്വമായ ഒരു നില പാട് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം.

വില്ലേജാഫീസിൻെറ കാര്യത്തെസംബന്ധിച്ച് ഇവിടെ പറഞ്ഞു. തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു വില്ലേജാഫീസുകൾ ഉണ്ടെന്നു നിയമസഭാസാമാജികൻമാരുടെ പ്രസംഗത്തിൽനിന്നും മനസിലാക്കാൻ സാധിക്കുന്നുണ്ട്. പക്ഷേ, മലബാർ പ്രദേശത്ത് കൂരപോലും പല വില്ലേജാഫീസുകൾക്കും ഇല്ലെന്നാണ് എനിക്കു പറയാനുള്ളത്. അവിടെ പീടികത്തിണ്ണയിലിരുന്ന് നീലത്തുണിവിരിച്ച മേശപ്പുറത്തുവച്ചാണ് സർട്ടിഫിക്കററുകളും മററും എഴുതിക്കൊടുക്കുന്നത്. എവിടെനിന്നാണ് ആ നീലത്തുണി കിട്ടിയതെന്ന് അറിഞ്ഞുകൂട. അത് മേശമേൽ വിരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കരംപിരിക്കുന്ന സംഭവവും സർട്ടിഫിക്കററുകൊടുക്കുന്ന സംഭവവും ഉണ്ട്. അത്തരം വില്ലേജാഫീസുകളെസംബന്ധിച്ചു സമഗ്രമായ ഒരു പരിശോധന നടത്തി ഇല്ലാത്ത സ്ഥലത്ത് പരിമിതമായ സാമ്പത്തികശേഷി ഉപയോഗിച്ചുകൊണ്ട് വില്ലേജാഫീസുകൾ ചെറിയതരത്തിലാണെങ്കിലും ഉണ്ടാക്കണം.

താലൂക്കു പുനർവിഭജനത്തെസംബന്ധിച്ച് ഇവിടെ പറയുന്നതു കേട്ടു. താലൂക്കുകൾ പുനർവിഭജിക്കണം. എല്ലാ താലൂക്കുകളും പുനർവിഭജിക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. അത് വളരെ ഭീമമായ ചെലവുവരുന്നകാര്യമാണ്. എന്നിരുന്നാലും ഒരു നിയോജകമണ്ഡലത്തിൻെറ പകുതിയോളം വലിപ്പം വരുന്ന ഏറനാട്, കോഴിക്കോടു മുതലായ താലൂക്കുകളും മലപ്പുറം കോഴിക്കോടുജില്ലകളിൽ ഉണ്ടെന്നുള്ളതു പരിശോധിച്ച്, ആസ്ഥാനം എവിടെയാണെന്നുതീരുമാനിക്കേണ്ടത് ഈ നിയമസഭയല്ലെന്നുള്ളതുകൊണ്ട് ഞാൻ അതിനെ സംബന്ധിച്ചു പറയുന്നില്ല. ഓരോ നിയമസഭാ സാമാജികനും അവരവരുടെ നിയോജകമണ്ഡലം ആസ്ഥാനമാക്കിക്കൊണ്ട് താലൂക്കുകൾ ആവശ്യമാണെന്നുള്ള ആഗ്രഹമുണ്ടാകും, പ്രകടിപ്പിക്കും. പ്രകടിപ്പിക്കുക മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളു. ഡിപ്പാർട്ടുമെൻറ് അത് സമഗ്രമായി പരിശോധിച്ചിട്ട് നിയോജകമണ്ഡലത്തോളം വലിപ്പമുള്ള താലൂക്കുകൾ വിഭജിച്ച്, ആവശ്യമുള്ള സ്ഥലങ്ങളിൽ വിഭജിച്ച് വില്ലേജ് സ്ററാഫിൻെറ പ്രവൃത്തി ലഘൂകരിച്ചുകൊടുക്കണം. വലിയ താലൂക്കുകളുണ്ട്, കൊച്ചു താലൂക്കുകളുണ്ട്. ഇതൊക്കെ ഏകീകരിക്കേണ്ടതായിട്ടുണ്ട്. ഈ ഡിമാൻറുകൾ, ഈ ആവശ്യങ്ങൾ, ഇപ്പോൾ സമരവുമായി വന്നിട്ടുള്ള ആളുകൾ ഉന്നയിച്ചിട്ടുണ്ട്. അത്തരത്തിൽ അവരുടെ പരിമിതമായ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാൻ ഗവൺമെൻറു വൈകരുത്. ബഹുമാനപ്പെട്ടമന്ത്രി അനുഭാവപൂർവ്വം അവരോടു ഒരു സമീപനം സ്വീകരിക്കുകയാണെങ്കിൽ അത് ജനങ്ങളുടെ സൗകര്യത്തിനുവേണ്ടിയുള്ള ഒരു സമീപനമായിരിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറെറാരു കാര്യം എനിക്കു പറയാനുള്ളത് ഇഷ്ടദാനത്തെ സംബന്ധിച്ചൊക്കെ വളരെ കോലാഹലങ്ങൾ കാണിക്കുന്നുണ്ട്. പക്ഷെ ഇഷ്ടദാനത്തെസംബന്ധിച്ചു പറയുമ്പോൾ ഇഷ്ടദാനത്തിൻെറ കാര്യം സമഗ്രമായി ഒന്നു പരിശോധിച്ചാൽ ഇത് മക്കത്തായക്കാരും മരുമക്കത്തായക്കാരും തമ്മിലുള്ള ഒരു വ്യത്യാസമാണെന്നുകാണാം. അത് ഒരു പ്രത്യേക വിഭാഗത്തിൻേറതല്ല. മക്കത്തായം ഉള്ളവർക്ക് ആനുകൂല്യം നഷ്ടപ്പെടുന്നു. മരുമക്കത്തായം ഉള്ളവർക്ക് ആനുകൂല്യം ലഭിക്കുന്നു. അത് ഏതു സമുദായത്തിനു ലഭിച്ചാലും ഏതു വിഭാഗത്തിനു ലഭിച്ചാലും സന്തോഷമേയുള്ളു. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും, ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിൽ ഒന്നുപോലെ ആ ആനുകൂല്യം ലഭിക്കണമെന്ന വാദഗതിമാത്രമേയുള്ളു. ബഹുമാനപ്പെട്ട മന്ത്രി ചോദ്യോത്തരവേളയിൽ ഒരു ദിവസം ഇത് വ്യക്തമായി പറഞ്ഞു.

<u>ശ്രീ. പി.ബി.ആർ. പിള്ള:</u> ഭൂപരിധിക്ക് അപ്പുറത്തുള്ള ആളുകളെ സഹായിക്കുന്ന പ്രശ്നമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാണാറത്തു കുഞ്ഞിമുഹമ്മദ്: ഇഷ്ടദാനത്തെ സംബന്ധിച്ച ഒരു വാദപ്രതിവാദത്തിന് ഇപ്പോൾ ഈ നിയമസഭയിൽ ഞാൻ ഒരുങ്ങുന്നില്ല. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടുതന്നെ കഴിഞ്ഞ ദിവസം ഇത്ര ധൃതി പിടിക്കുന്നതെന്തിന് ഈ കാര്യത്തിൽ, ഒന്നിച്ചിരുന്നു സംസാരിച്ചുകൂടെ എന്നു പറഞ്ഞ സാഹചര്യത്തിൽ ബഹുമാനപ്പെട്ട പി.ബി.ആർ. പിള്ളയുമായി ഇപ്പോൾ ഒരു ചർച്ച നടത്തുന്നത് യുക്തമല്ലെന്നു തോന്നുന്നതുകൊണ്ടാണ് ഞാൻ വഴങ്ങാത്തത്.

അതുകൊണ്ട് എനിക്കു പറയാനുള്ളത്, ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം മക്കത്തായമുള്ളവരുടെയും മരുമക്കത്തായം ഉള്ളവരുടെയും പ്രശ്നങ്ങളിൽ ഏകീകരിച്ച ഒരു സ്വഭാവം ഈ രാജ്യത്തു വേണം. ഇവിടെ ഭൂമിയെ സംബന്ധിച്ചു പറഞ്ഞു. ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഈ നിയമസഭയിൽ വ്യക്തമായി ആയിരം ഏക്കർ ഭൂമി മാത്രമേ ഇഷ്ടദാന വ്യവസ്ഥ നടപ്പിലാക്കുമ്പോൾ ബാധകമായിട്ടു വരികയുള്ളു എന്ന്. അതിൽനിന്നു തന്നെ ഇതിന്റെ ലാഘവം എത്രകണ്ടുണ്ടെന്ന് ബഹുമാനപ്പെട്ട പി.ബി.ആർ. പിള്ളയോടു ഞാൻ പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ലെന്നു തോന്നുന്നു. സർ, ഒരു പ്രത്യേക വിഭാഗത്തിനോ ഒരു പ്രത്യേക സമൂഹത്തിനോ ഉണ്ടാകുന്ന നീതി എല്ലാ സമൂഹത്തിനും എല്ലാ വിഭാഗത്തിനും ലഭിക്കുന്ന ഒരു സാഹചര്യത്തിൽ അപ്പുറത്തിരിക്കുന്ന പി.ബി.ആർ. പിള്ള അടക്കമുള്ള ആളുകൾ യോജിക്കുമെന്നു വിശ്വസിക്കുകയാണ്. അതുകൊണ്ട് ആ കാര്യത്തെസംബന്ധിച്ചു ഇത്രമാത്രമേ ഇപ്പോൾ പറയാനുള്ളു.

പിന്നെ എനിക്കു പറയാനുള്ളത് താലൂക്കാഫീസുകളിൽ വേണ്ടത്ര സ്റ്റാഫില്ല. ഇപ്പോൾ ഗവൺമെന്റ് പല ആനുകൂല്യങ്ങളും ബഹുജനങ്ങൾക്കുവേണ്ടിയും പാവപ്പെട്ടവർക്കുവേണ്ടിയും പ്രഖ്യാപിച്ചിരിക്കുന്നു. മുമ്പു വിധവകളുടെ മക്കൾക്കു ചില ആനുകൂല്യങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ അച്ഛനമ്മമാരില്ലാത്ത പെൺകുട്ടികൾക്കും ആ ആനുകൂല്യം ലഭിച്ചിരിക്കുകയാണ്. അവിടെ നിന്നും സർട്ടിഫിക്കറ്റുകൾ വാങ്ങിക്കാൻ സ്റ്റാഫില്ലാത്തതുകൊണ്ട് പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. കുടികിടപ്പ സർട്ടിഫിക്കറ്റു വാങ്ങിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ അസൗകര്യങ്ങളെല്ലാംതന്നെ ഒന്ന് ഒഴിവാക്കണം. അതിനുവേണ്ടി ആവശ്യമായത്ര സ്റ്റാഫിനെ ഉടനടി ഇത്തരം സ്ഥാപനങ്ങളിൽ ഉണ്ടാക്കണം.

അടുത്തതായി എനിക്കു പറയാനുള്ളത് ഭൂപരിഷ്ക്കരണത്തിന്റെ കാര്യമാണ്. ഭരണഭാഗത്തുനിന്നും പ്രതിപക്ഷത്തുനിന്നും എല്ലാം തന്നെ ബഹുമാനപ്പെട്ട മെമ്പറൻമാർ ഈ നിയമസഭയിൽ പ്രകടിപ്പിച്ച ഒരു അഭിപ്രായമുണ്ട്. ഏതായാലും ഈ രാജ്യത്തെ ഒഴിപ്പിക്കൽ തടയണം. ആരും ആരെയും ഒഴിപ്പിക്കാൻ പാടില്ല. ഈ രാജ്യത്ത് കൂട്ടവകാശസ്വത്ത് അല്ലാതെ കോടതിയിൽ ചോദ്യം ചെയ്തു ഒഴിപ്പിക്കാതെ 70 നു മുമ്പു ആരെങ്കിലും ഭൂമി കൈവശം വച്ചിട്ടുണ്ടെങ്കിൽ ഈ കൈവശക്കാരെ ഒഴിപ്പിക്കുന്ന ഏർപ്പാട് ഉണ്ടാകരുത്. 70 നു മുമ്പ് ഉള്ള കൈവശ രേഖ സമർപ്പിച്ചിട്ടുള്ള കുടിയാൻമാർക്ക് സംരക്ഷണം നൽകണം. പട്ടയം നൽകിയ കുടിയാനെ കോടതിയിൽ ചോദ്യം ചെയ്യുന്നത് അവസാനിപ്പിക്കാൻ നടപടിവേണം. പാട്ടബാക്കി കൊടുക്കണമെന്ന വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ടമന്ത്രി ഏക്കറിന്റെ കണക്കുകൾ അവതരിപ്പിച്ചുകഴിഞ്ഞു. അതല്ല ചെറുകിടക്കാരായ ജൻമികളെ രക്ഷിക്കാൻവേണ്ടി ഒരു ക്ഷേമനിധി ഉണ്ടാക്കി അതിലേയ്ക്ക് എവിടെനിന്നെങ്കിലും പണം സംഭരിച്ചു ആ പണ

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട ജൻമികാംക്കു കൊടുക്കുകയും ആ പാട്ടബാക്കി തുകയ്ക്കു വേണ്ടി കുടിയാൻമാരെ കോടതിയിലേയ്ക്ക് കൊണ്ടുപോകുന്ന സമ്പ്രദായം അവസാനിപ്പിക്കുകയും ചെയ്യണം. ഡെബ്ററ് റിലീഫ് ആക്ടിന്റെ പരിധിയിൽ പെടുത്തിയാലും ശരി കാർഷിക പരിഷ്ക്കാര നിയമത്തിൽ ഭേദഗതിവരുത്തിയാലും ശരി ഏതാണു വേണ്ടതെന്ന് നിയമവിദഗ്ധൻമാർ പരിശോധിച്ചുകൊള്ളട്ടെ . ഏതായാലും 70 നു ശേഷമുള്ള പാട്ടബാക്കി കൊടുക്കാനുള്ള വ്യവസ്ഥ പററുകയില്ല. ചെറുകിടക്കാരായ ജൻമികളെ സംരക്ഷിക്കാൻവേണ്ടി ഒരു നിധിസംഭരിച്ച് കൊടുത്തുതീർക്കാനുള്ള സംവിധാനം ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ഇനി എനിക്ക് ഒരു അവശവിഭാഗത്തെപ്പററിയാണ് പറയാനുള്ളത്. ഭൂപരിഷ്ക്കരണം വന്നപ്പോരം ഒരുപാടു ലാൻറ് വെരിഫിക്കേഷൻ വോളണ്ടിയറൻമാരെ നിയമിക്കുകയുണ്ടായി; ഒരു വർഷത്തെ കാലാവധിക്ക്. അവരൊക്കെ ഇപ്പോരം അനാഥരായിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോരം കിട്ടിയ കണക്കുകളനുസരിച്ച് നൂറിൽചില്വാനം ആളുകരം വിഷമിക്കുന്നുണ്ടെന്നാണു മനസിലാക്കാൻ സാധിച്ചത്. കൃത്യമായ കണക്കുവരുമ്പോരം എന്തുണ്ടാകുമെന്നു അറിയുകയില്ല. അന്ന് സമഗ്രമായ ഈ ഭൂപരിഷ്ക്കരണത്തിനുവേണ്ടി ആദ്യമായി പണിയെടുത്ത ലാൻറ് വെരിഫിക്കേഷൻ വോളണ്ടിയറൻമാരെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് ആലോചിക്കണം. അവർക്ക് തൊഴിലുകൊടുക്കാനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടാകണം. അവരുടെ കാര്യം പ്രത്യേകം ആലോചിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

ഇപ്പോരം ഈ കാര്യങ്ങളെസംബന്ധിച്ചൊക്കെ ധൃതിപിടിച്ചു തീരുമാനമെടുക്കാൻ സാധിക്കുമെന്ന വിശ്വാസത്തോടുകൂടിയല്ല ഈ പ്രസംഗം നടത്തിയത്. അതുകൊണ്ട് ഈ ഡിമാൻറിനെ പരിപൂർണ്ണമായി അനുകൂലിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. എൻ.കെ. ബാലകൃഷ്ണൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കാർഷികവികസനരംഗത്ത് സഹകരണപ്രസ്ഥാനം വഹിക്കുന്ന പങ്ക് എത്രമാത്രം വലുതാണെന്ന കാര്യത്തെക്കുറിച്ചൊന്നും എടുത്തുപറയേണ്ടതില്ല. 113 കോടിയോളം രൂപ ഹ്രസ്വകാല-ദീർഘകാല-മദ്ധ്യകാല വായ്പകളായി നൽകുന്ന ഈ പ്രസ്ഥാനത്തിൽ ഇപ്പോരം പുതുതായി സഹകരണമന്ത്രികൊണ്ടുവന്ന മൂന്നുശതമാനം പലിശയിളവു വാസ്തവത്തിൽ ഇൻഡ്യയിലെതന്നെ കാർഷികസഹകരണമേഖലയിൽ ഒരു പുതിയ കാൽവയ്പ്പായിട്ടാണു ഞാൻ കാണുന്നത്. അക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ 20 കോടി രൂപ സഹകരണമേഖലയിൽ സമാഹരിക്കാനുള്ള നീക്കവും ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. സർ, സഹകരണപ്രസ്ഥാനത്തിലെ ചില സംഘങ്ങരം വ്യക്തമായ തട്ടിപ്പും വെട്ടിപ്പും നടത്തുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യം മാത്രമാണ്. ഈ തട്ടിപ്പുകളും വെട്ടിപ്പുകളുമെല്ലാം യഥാസമയം കണ്ടുപിടിക്കുകയും ആഡിററ് ചെയ്യുകയും അത്തരം സ്ഥാപനങ്ങളെയും അതിൽ വ്യാപൃതരായ ആളുകളെയും കണ്ടുപിടിച്ച് കർശനമായ ശിക്ഷ നൽകുകയും ചെയ്യേണ്ടത് വളരെ ആവശ്യമാണ്. ഒരുദാഹരണം ഞാൻ പറയാം സർ. നമ്മുടെ സഹകരണമന്ത്രിയുടെയും ഡിപ്പാർട്ടുമെൻറിന്റെയും മൂക്കിനുതാഴെ, തിരുവനന്തപുരത്ത് നടക്കുന്ന ഒരു വ്യക്തമായ

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളയുടെ കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. തിരുവനന്തപുരം എയർ പോർട്ടിൽ കേരള സിവിൽ ഏവിയേഷൻ കോവാപ്പറേറ്റീവ് സൊസൈററി ലിമിററഡ് .ടി. 707 എന്ന സ്ഥാപനം 1978 നവംബർ 16-ാം തീയതി മുതൽ പോർട്ട് അധികാരികൾ ഏറെറടുത്തുനടത്തുകയാണ്. ഈ സൊസൈററിയിൽ ആകെയുള്ള 67 പേരിൽ തൊഴിലാളികളായ മെമ്പർമാർ വെറും 16 പേർ മാത്രമാണ്.

ശ്രീ. എം.പി. ഗംഗാധരൻ: തൊഴിലാളികളായി 16 പേരെയുള്ളൂ എന്നാണല്ലോ പറഞ്ഞത്. ഈ നിയമസഭയിലെ എം.എൽ.എ.യും എക്സ് എം.പി.യും ജനതാപാർട്ടിയുടെ നേതാവായ ചന്ദ്രശേഖരനും മററാരു നേതാവുമൊക്കെ ആ സൊസൈററിയിൽ അംഗങ്ങളാണെന്നു കേൾക്കുന്നത് ശരിയാണോ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: അതു ഞാൻ പറയാൻപോകുകയാണ്. 16 പേർ തൊഴിലാളിമെമ്പർമാരും അതിന്റെ ആറിരട്ടി തൊഴിലാളികളല്ലാത്ത മെമ്പർമാരുമുള്ള തൊഴിലാളികളുടേതായ ഒരു സൊസൈററി രജിസ്ററർ ചെയ്തുകൊടുക്കുക എന്നുള്ളത് വാസ്തവത്തിൽ വളരെ അത്ഭുതമായിരിക്കുന്നു. നിയമവിരുദ്ധമായി, നിയമാവലിക്കെതിരായി ഇങ്ങനെയുള്ള സഹകരണസംഘം രജിസ്ററർചെയ്തുകൊടുത്തിട്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ അടിയന്തിരമായി സസ്പെൻഷനിൽ വച്ചുകൊണ്ട് അതെക്കുറിച്ചൊരന്വേഷണം നടത്തണമെന്നാവശ്യപ്പെടുകയാണ്. ഈ സൊസൈററികളിൽ മെമ്പർമാരായിച്ചേർന്നിട്ടുള്ളവരാരാണെന്നറിയാമോ? ഇവിടെ പറഞ്ഞതുപോലെ ഈ സഭയിലെ ഒരംഗമായ ചന്ദ്രശേഖരൻ ആ സൊസൈററിയില 37-ാമത്തെ മെമ്പറാണ്. പി. വിശ്വംഭരൻ എക്സ് എം.പി. 38-ാമത്തെ മെമ്പറാണ്. സൊസൈററിയുടെ പ്രസിഡൻറ് ഡിക്രൂസ്, അദ്ദേഹത്തിന്റെ ഭാര്യ, അദ്ദേഹത്തിന്റെ സഹോദരി എല്ലാവരുമുണ്ട്. പകുതിയിലധികം മെമ്പർമാരും സ്ത്രീകളാണ്. ഭരണസമിതിയിലാണെങ്കിൽ ഓരൊററ തൊഴിലാളിപ്രതിനിധിപോലുമില്ല. ഡിക്രൂസിന്റെ അളിയനും മററു സിൽബന്ധികളുമൊക്കെയാണ് ഭരണസമിതിയിലുള്ളത്.

ശ്രീ. പി. ബാലൻ: സർ, നേരത്തെ ഇവിടെ ഷേണായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ സഭയിലില്ലാത്തവരെക്കുറിച്ചു പറയരുതെന്നു പറഞ്ഞ് അങ്ങ് റൂളിംഗ് നൽകി.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് മുൻകൂട്ടി എഴുതിത്തന്നിട്ടുണ്ട്.

ശ്രീ. എൻ.കെ. ബാലകൃഷ്ണൻ: സർ, ഭയങ്കരമായ തട്ടിപ്പ് ആ സഹകരണസംഘത്തിൽ നടക്കുന്നുണ്ട്. പതിനാറുപേരാണ് തൊഴിലാളിമെമ്പർമാരെങ്കിലും 92 മെമ്പർമാർ അവിടെ പ്രവർത്തിക്കുന്നുണ്ട്. അവർക്കാർക്കും തന്നെ മെമ്പർഷിപ്പ് അനുവദിച്ചിട്ടില്ല. മുൻപു പ്രവർത്തിച്ചിട്ടുള്ള 40 പേർക്ക് മെമ്പർഷിപ്പ് കൊടുക്കാൻ തയ്യാറായിട്ടില്ല. ഓരോ തൊഴിലാളികളിൽനിന്നും മൂവായിരം രൂപ വീതം വസൂലാക്കിയിട്ട് അത് ഇതുവരെ സൊസൈററിയുടെ കണക്കിൽ കൊള്ളിക്കുകയോ അതിനു രസീതുകൊടുക്കുകയോ ചെയ്തിട്ടില്ല. അവിടെ 20 കിലോക്ക് 1 രൂപയാണു നിയമപ്രകാരം കൂലിയെങ്കിലും 15 രൂപമുതൽ 20 രൂപവരെ കൂലിവാങ്ങുന്നുണ്ട്. അവർക്ക് രസീതുകൊടുക്കുന്നില്ല. വെറും

LIBRARY ARCHIVES Kerala Legislative Assembly

ഒപ്പിടാത്ത കൂപ്പണുകളാണ് കൊടുക്കുന്നത്. അങ്ങനെ ഏകദേശം മൂന്നു ലക്ഷത്തോളംരൂപ ഡിക്രൂസ് മോഷ്ടിക്കുകയാണു ചെയ്തിട്ടുള്ളതെന്നു ഞാനാരോപിക്കുകയാണ് സർ. 91000 രൂപ ഡിക്രൂസിന്റെയും ബന്ധുക്കളുടെയും പേരിൽ ഏവിയേഷൻ ഡിപ്പാർട്ടുമെന്റിൽ സെക്യൂരിട്ടി അടയ്ക്കാൻവേണ്ടി നിക്ഷേപിച്ചിരിക്കുകയാണ്. ഈ തുക എവിടെ നിന്നു കിട്ടി? അവിടത്തെ തൊഴിലാളികളോടു വാങ്ങിയ സംഖ്യയും സൊസൈററിയുടെ ആദായവുമാണ് ഈ തുക. ഇങ്ങനെ കൊള്ള നടത്തുന്ന ഈ സംഘത്തിന്റെ പേരിൽ അടിയന്തിരമായ അന്വേഷണം നടത്തിക്കൊണ്ട് ഇതിൽ വ്യാപൃതരായ ആളുകളെ പ്രോസിക്യൂട്ടുചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഭാസ്ക്കരൻ നായർ: സർ, പ്രഗൽഭനായ റവന്യൂ മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സർ, ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബിൽ ഈയിടെയാണ് നാം പാസാക്കിയത്. അടുത്ത നവംബറോടുകൂടിത്തന്നെ തിരഞ്ഞെടുപ്പു നടത്തുമെന്നും പുതിയ കൗൺസിലുകൾ നടപ്പിൽവരുമെന്നുമൊക്കെയാണ് ചുമതലപ്പെട്ട മന്ത്രി പറഞ്ഞത്. അക്കാര്യത്തിൽ എന്തെങ്കിലുമൊരു തീർച്ചയുണ്ടായിരുന്നെങ്കിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഗ്രാൻഡ്സിൽ തുകകൊള്ളിക്കുമായിരുന്നു. ആ ഇനത്തിൽ പ്രത്യേകമായി വകകൊള്ളിച്ചിട്ടില്ലാത്തതുകൊണ്ട് ഇതു നടപ്പിൽവരുത്താനുദ്ദേശിക്കുന്നില്ല എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ജില്ലാഭരണ നിയമമനുസരിച്ച് റൂൾസ് ഫ്രെയിം ചെയ്ത് കൗൺസിൽ ഫോം ചെയ്യുന്നതിനൊക്കെ സമയമെടുക്കും. പക്ഷേ അതിനുവേണ്ടി ഒരു പൈസപോലും ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നുള്ളത് നാം പ്രത്യേകം ഓർക്കേണ്ടതാണ്. ഗവൺമെന്റ് ജില്ലാഭരണബിൽ പാസാക്കിയെങ്കിലും അതുനടപ്പിൽവരുത്താനുദ്ദേശിക്കുന്നില്ല എന്ന് പൊതുജനങ്ങളെ അറിയിക്കുകയാണ് ഇതുവഴി ചെയ്തിരിക്കുന്നത്.

മറെറാരു പ്രധാനപ്പെട്ട സംഗതി പറയാനുള്ളത് താലൂക്കാഫീസിൽ നിന്നും നടത്തുന്ന റവന്യൂ റെക്കവെറിനടപടികളെക്കുറിച്ചാണ്. അക്കാര്യം പലരും ഇവിടെ പ്രതിപാദിച്ചതാണ്. സാമ്പത്തികമായി വളരെ പിന്നോക്കംനിൽക്കുന്ന ചെറുകിടകൃഷിക്കാർ, അവർ എടുത്ത കടം തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാതെ കഷ്ടപ്പെടുന്ന അവസരത്തിൽ അവരുടെ പേരിൽ റവന്യൂ റെക്കവെറി നടപടികൾ സ്വീകരിക്കുകയാണ്. ഗവൺമെന്റ് അതിനു സ്റേറ കൊടുത്തകാര്യം എനിക്കറിയാം. അതിൽ സന്തോഷവുമുണ്ട്. എങ്കിൽപ്പോലും താലൂക്കധികാരികൾ റവന്യൂ റെക്കവെറി ക്കുവേണ്ടി നടത്തുന്ന ക്രൂരമായ പ്രവൃത്തികൾ എന്താണെന്ന് ഒന്നുപരിശോധിക്കണമെന്ന് ഞാനീയവസരത്തിൽ ആവശ്യപ്പെടുകയാണ്. റവന്യൂറെക്കവെറി ആഫീസർമാർ കൊയെഴ്സീവ് സ്റെറപ്സാണെടുക്കുന്നതെന്നും. ഡിമാൻറ് നോട്ടീസ് കൊടുക്കുന്നതു തെററാണെന്നും ഒക്കെ സമ്മതിച്ചിട്ടുണ്ടെന്നകാര്യം എനിക്കറിയാം. പക്ഷേ അതൊന്നുമല്ല സർ, ഏതെങ്കിലുമൊരു ഓർഡർ വന്നുകഴിഞ്ഞാൽ സൂത്രത്തിൽ ഏജൻറൻമാരെ വച്ചുകൊണ്ട് പണം സമ്പാദിക്കുന്ന ഏർപ്പാടാണുള്ളത്. ചങ്ങനാശേരിയിൽ ഒരു ഡെപ്യൂട്ടി തഹസീൽദാർ ഇരിപ്പുണ്ട്. വളരെ വേദനാജനകമായ പ്രവൃത്തിയാണ് അദ്ദേഹത്തിന്റേത്. അക്കാര്യം പലപ്രാവശ്യം അധികാരികളെ അറിയിച്ചെങ്കിലും അദ്ദേഹം ഇന്നും അവിടെ തുടരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യം ഗവൺമെൻറ് പ്രത്യേകം നോക്കണം. സർ, മൂന്നുകൊല്ലം കൂടുമ്പോൾ തഹസീൽദാർമാരെ മാററുക എന്നുള്ള ഒരു സമ്പ്രദായം നമ്മുടെ നാട്ടിൽ നടപ്പുണ്ട്. എന്നാൽ സ്ഥലം മാററ ഉത്തരവുവന്നുകഴിഞ്ഞ് ആറേഴുകൊല്ലക്കാലമായി സ്ഥിരമായി കുടികിടപ്പവകാശം സ്ഥാപിച്ചിരിക്കുന്ന തഹസീൽദാർമാരും ഉണ്ട്. ഉദാഹരണമായി മാവേലിക്കര തഹസീൽദാർ. എൻെറ അറിവു ശരിയാണെങ്കിൽ ആറു കൊല്ലക്കാലമായി അദ്ദേഹം അവിടെ തുടരുകയാണ്. കഴിഞ്ഞകൊല്ലവും സ്ഥലംമാററി. മാറിയില്ല. വേറെ ചില സമ്മർദ്ദങ്ങളുണ്ടെന്നാണ് കേൾക്കുന്നത്. ഗവൺമെൻറ് സദുദ്ദേശത്തോടുകൂടി പല നടപടികളും കൈക്കൊള്ളാനാഗ്രഹിക്കുന്നെങ്കിലും ചില ഉദ്യോഗസ്ഥൻമാരുടെ അക്രമപ്രവൃത്തികൾ കൊണ്ട് ഈ ഗവൺമെൻറിനു ദൂഷ്യവും മാനഹാനിയും ഉണ്ടാകുന്നു എന്നുള്ളതു പരിഗണിച്ച് അത്തരം ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിച്ച് അവർക്ക് കർശനമായ നിർദ്ദേശവും ശിക്ഷയും കൊടുക്കണമെന്നു വിനീതമായി അഭ്യർത്ഥിക്കുന്നു.

[Shri· T·M· Jacob in the Chair]

ശ്രീ. സിറിയക് ജോൺ: സർ, ഭൂപരിഷ്ക്കരണ രംഗത്തു എന്നു മാത്രമല്ല, ഏതു പുരോഗമന നടപടികളുടെ കാര്യത്തിലും ഇൻഡ്യയ്ക്കു ആകെ മാതൃകയായിരിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. മറേറതു സംസ്ഥാനത്തേക്കാളും വളരെകൂടുതൽ മുന്നോട്ടു പോയിരിക്കുന്ന നമ്മുടെ സംസ്ഥാനത്തെസംബന്ധിച്ചിടത്തോളം ഇവിടെ ഭൂപരിഷ്ക്കരണരംഗത്ത് അതുപോലെതന്നെ സഹകരണരംഗത്ത്, ജില്ലാ ഭരണ രംഗത്ത് ഒക്കെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡിമാൻറുകൾ അവതരിപ്പിച്ചപ്പോൾ യാഥാർത്ഥ്യബോധമുള്ള ആർക്കെങ്കിലും അതിനെ എതിർക്കാൻ സാധിക്കുമോ? സർ, കൃഷിഭൂമി കർഷകന് എന്നുള്ള മുദ്രാവാക്യം പൂർണ്ണമായി നിയമത്തിലാക്കിയിരിക്കുന്ന ഒരു സംസ്ഥാനമാണ് ഇത്. 1969-ലെ ഭൂപരിഷ്ക്കരണ പ്രവർത്തനത്തോടുകൂടി ഭൂമിയിൽ കൃഷിക്കാരന് മാത്രം അവകാശം ഉണ്ടാകുകയും ജൻമിത്വം പൂർണ്ണമായി നമ്മുടെ രാജ്യത്തു നിന്നു തുടച്ചു മാററുകയും ചെയ്യപ്പെട്ടു. പക്ഷേ എന്നിട്ട് ഇപ്പോഴും പാട്ടബാക്കിയുടെ പേരിൽ കോടതികൾ കയറിയിറങ്ങേണ്ട ഗതികേട് നിലനിൽക്കുന്നു എന്നുള്ളത് നമുക്ക് ഭൂഷണമല്ല. സർ, നേരത്തെ ശ്രീ. ഇ. പി. ഗോപാലൻ ഇതിനെ സംബന്ധിച്ചിടത്തോളം വിശദമായി സംസാരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. സർ, നമുക്കു ഇതു അവസാനിപ്പിക്കണം. ഈ പാട്ടബാക്കിയുടെ പേരിൽ ഉള്ള നടപടികൾ മുഴുവൻ റദ്ദു ചെയ്യണം. അതിന് അനുസൃതമായി നിയമത്തിൽ ഭേദഗതി ഉണ്ടാകണം. ഇതിനെ സംബന്ധിച്ചിടത്തോളം അൽപ്പംപോലും സംശയം വയ്ക്കരുത്.

സർ, നമ്മുടെ സമൂഹത്തിൽ പെൺകുട്ടികൾ പ്രായമായാൽ അവരുടെ അഭിരുചിക്ക് അനുസൃതമായ മാതൃകാ വരൻമാരെ സംബന്ധിച്ച സങ്കൽപ്പം അവരുടെ മനോമുകുരത്തിൽ ഉണ്ടാകും. അതുപോലെ നമ്മുടെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വളരെ നാളുകളായി അവർ വല്ലാത്ത മനോവിഷമത്തിൽ കഴിഞ്ഞു കൊണ്ടിരിക്കുകയാണ്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കുന്ന കടങ്ങളെ സംബന്ധിച്ചിടത്തോളം അതു മടക്കി അടയ്ക്കുന്നതിനുള്ള വഴി കാണാതെ വളരെ വിഷമിക്കുന്നു. മടക്കി അടയ്ക്കുമ്പോഴോ ഭാരിച്ച പലിശ നൽകേണ്ടിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ മററു പല രംഗങ്ങളിലും അവരെ 'അലട്ടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. അതിൽനിന്നൊക്കെ ഒരു ആശ്വാസം എന്ന നിലയ്ക്ക് ഭാവിയെ സംബന്ധിച്ചിടത്തോളം അവർ പ്രതീക്ഷയോടുകൂടി നോക്കുമ്പോൾ അവരുടെ മനോമുകുരത്തിൽ എപ്പോഴും സങ്കൽപ്പിക്കാറുള്ള ചിത്രം ശ്രീ. ബേബിജോണിന്റേതാണ്. സർ, ഈ പലിശയുടെ കാര്യത്തിൽ 3 ശതമാനം ഇളവുചെയ്തു എന്നുള്ളത് നിസ്സാര കാര്യമാണോ? ബഹുമാനപ്പെട്ട പി. ആർ കുറുപ്പ് സഹകരണരംഗത്ത് മന്ത്രിപദം അലങ്കരിച്ചിരുന്ന ആളാണ്. അദ്ദേഹം ഈ പലിശ ഇളവു ചെയ്തതിനെ സംബന്ധിച്ചിടത്തോളം സംസാരിക്കാതെയിരുന്നത്, അദ്ദേഹം മന്ത്രിയായിരുന്ന കാലഘട്ടത്തിൽ കൃഷിക്കാർക്കുവേണ്ടി അൽപ്പം എന്തെങ്കിലും പോലും ചെയ്യാൻ സാധിക്കാതെയിരുന്നതിന്റെ കുററബോധം കൊണ്ടായിരിക്കാം. അദ്ദേഹം ആ കാലഘട്ടത്തിൽ "പി.ആർ.എസ്.പി." ഉണ്ടാക്കാനാണ് കുറെയൊക്കെ ചെയ്തത്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അദ്ദേഹം ചില ആളുകളെ സഹകരണ സംഘത്തിൽ നോമിനേററ് ചെയ്തിട്ട് അവരെ ഉപദേശകരാക്കി... ഉപദേ. ാഗപ്പെടുത്തി തനിക്ക് കുറെ പിണിയാളുകളെ ഉണ്ടാക്കി. ആ പിണിയാളുകളുടെ ബലത്തിൽ രാഷ്ട്രീയ പാർട്ടിയിൽ സ്വാധീനം ഉണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ മന്ത്രിപദംവരെ എത്തി. ഇന്ന് അദ്ദേഹത്തിന്റെകൂടെ അവരാരും നിൽക്കുന്നില്ല. ഇന്ന് അവരാരും "പി. ആർ. എസ്. പി." യിൽ ചടഞ്ഞുകൂടാൻ ആഗ്രഹിക്കുന്നില്ല എന്നുള്ളതു വരുമ്പോൾ ഒരു സ്വയം കൃതാനർത്ഥം ആയിപ്പോയല്ലോ എന്നു ബോദ്ധ്യമായിട്ടുണ്ടാകും. ആ അനുഭവംവച്ചുകൊണ്ട് ഇങ്ങനെ ഏതായാലും ഈ നോമിനേഷൻ സമ്പ്രദായം പാടില്ലായെന്ന് അദ്ദേഹത്തിന് തോന്നിയതിൽ പഴി പറയരുത്. സർ, ഈ നോമിനേഷൻ സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം അത് അവസാനിപ്പിക്കുന്ന കാര്യം നമുക്ക് ആലോചിക്കാവുന്നതാണ്. നോമിനേഷൻ സമ്പ്രദായത്തെക്കാൾ നല്ലത്, തിരഞ്ഞെടുപ്പു നടത്തി ആ തിരഞ്ഞെടുപ്പിൽകൂടി വരുന്നത് ആയിരിക്കുകയല്ലേ നല്ലത്? ആലോചിക്കേണ്ട പ്രശ്നമാണ്.

പലിശ ഇളവു ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ കൃഷിക്കാർ പല അവസരങ്ങളിലും പ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. സെക്രട്ടേറിയററിന്റെ പടിക്കൽവരെ വന്ന് അതിനുവേണ്ടിയിട്ടു വെയിലുംകൊണ്ട് ഇരുന്നിട്ടുണ്ട്. ആ കാര്യത്തിൽ സഹകരണ വകുപ്പുമന്ത്രി ഞങ്ങളുടെ ആഗ്രഹത്തിന് അനുസൃതമായി പ്രവർത്തിച്ചു എന്നുള്ളതു ഈ രാജ്യത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം മുഴുവൻ ആളുകളും ശ്രീ. ബേബിജോണിനോടും ഗവൺമെൻറിനോടും നന്ദിയുള്ളവരായിരിക്കും. ശ്രീ. കുറുപ്പും അദ്ദേഹത്തിന്റെ ആളുകളും ഇതിനെക്കുറിച്ച് എന്തൊക്കെ പറഞ്ഞാലും.

ഭൂപരിഷ്കരണ രംഗത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ പാട്ടബാക്കിയുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം പറഞ്ഞു. പാട്ടബാക്കിയുടെ പേരിൽ കൃഷിക്കാരെ ഒഴിപ്പിക്കുന്ന ഒററ സംഭവംപോലും നമ്മുടെ രാജ്യത്ത് ഉണ്ടാകുക എന്നു പറയുന്നത് അപമാനമാണ്. അത് ഉണ്ടാകാൻ പാടില്ല.

വേറെ ഒരു വിഭാഗമുണ്ട്. മലയോര പ്രദേശങ്ങളിലെ കൃഷിക്കാർ. രേഖയില്ലാത്ത കൃഷിക്കാരാണ് അവർ. അതേക്കുറിച്ചു പറയുമ്പോൾ നമ്മൾ അൽപം പുറകോട്ടു ചിന്തിക്കുന്നതു നല്ലതാണ്. 1945-49 കാലഘട്ടത്തി

ലാണ് എന്നാണ് എന്റെ ഓർമ്മ, ആ അവസരത്തിൽ നമ്മുടെ സംസ്ഥാനത്ത് വലിയ ഭക്ഷ്യദൗർലഭ്യം ഉണ്ടായ അവസരത്തിൽ Grow more food എന്ന ഒരു ആഹ്വാനത്തിന്റെ ഫലമായി മണ്ണും തേടി തിരുവിതാംകൂർ പ്രദേശത്തുള്ള കൃഷിക്കാർ മലബാർ പ്രദേശത്തു കുടിയേറിപ്പാർത്തു. അവർ ആ നല്ല കന്നിമണ്ണു വെട്ടിത്തെളിച്ചു കൃഷി ചെയ്തു. കയ്യേറി കൃഷി ചെയ്തതല്ല. അവിടെ അന്നുണ്ടായിരുന്ന മദ്ധ്യവർത്തികൾക്കോ ജന്മിമാർക്കോ അവർ ചോദിച്ച പ്രതിഫലം കൊടുത്തിട്ടു വാങ്ങിയതാണ്. എന്നിട്ടാണ് ആ ഭൂമി വെട്ടിത്തെളിച്ച് അവിടെ കൃഷി ഇറക്കിയത്. പത്തും മുപ്പതും മുപ്പത്തിയഞ്ചും കൊല്ലങ്ങളായി ഇവർ കൈവശം വച്ചു കൊണ്ടിരിക്കുകയാണ്. അന്ന് എം.പി.പി.എഫ്. ആക്ട് നിലവിലിരുന്നിരുന്നു. 1971-ൽ വനദേശസാൽക്കരണം വന്നതോടുകൂടി എം.പി.പി.എഫ്. ആക്ടിന് പ്രസക്തി ഇല്ലാതായി. എം.പി.പി.എഫ്. ആക്ടിൽ ഉണ്ടായിരുന്ന ആ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം കെ.എൽ.ആർ. ആക്ട് ബാധകമായി വരുത്തിയതും ഇല്ല. ''അമ്മാത്തീന്ന് ഇറങ്ങുകയും ചെയ്തു ഇല്ലത്ത് ഒട്ട് എത്തിയതും ഇല്ല'' എന്നു പറഞ്ഞ മാതിരി ഒരു നിയമത്തിന്റെയും സംരക്ഷണം ഇല്ലാത്ത പരിതഃസ്ഥിതിയിലാണ്. അവർ ന്യായമായ പ്രതിഫലം കൊടുത്തു വാങ്ങിയിട്ട് അവരുടെ നാട്ടിലെ എല്ലാ സംവിധാനങ്ങളും അവിടെ ഉണ്ടാക്കി. വലിയ പട്ടണംപോലെയുള്ള സ്ഥലങ്ങൾ ആക്കി. ഉദാഹരണത്തിന് കഴിഞ്ഞ നിയമസഭാസമ്മേളനം നടക്കുമ്പോൾ മന്ത്രിതന്നെ പറഞ്ഞു, ഒററപ്പാലം പട്ടണം ദേശസാൽക്കരണ നിയമത്തിന്റെ പരിധിയിൽ വരുന്നു എന്ന്. സർ, ഏതെങ്കിലും നിലയ്ക്ക് ഇങ്ങനെയുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സംരക്ഷണം നൽകണം. അവർ ഇന്നുംപട്ടയം കിട്ടാത്തതിന്റെ പേരിൽ ആശങ്കാകുലരാണ്. ലാൻഡ് ബോർഡുകളിലും ട്രൈബ്യൂണലുകളിലും ചുററിക്കറങ്ങി നട്ടം തിരിഞ്ഞുകൊണ്ടിരിക്കുന്നു. ആ സ്ഥിതി ഒന്ന് അവസാനിപ്പിക്കണം. അതിനെ സംബന്ധിച്ച് വ്യക്തമായ എന്തെങ്കിലും നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണ്.

റവന്യൂ ഡിപ്പാർട്ടുമെൻറിനെക്കുറിച്ചു പറയുമ്പോൾ എല്ലാവരും പറഞ്ഞുകഴിഞ്ഞ, ആർക്കും അഭിപ്രായവ്യത്യാസമില്ലാത്ത, കാര്യമാണ് നമ്മുടെ വില്ലേജുകളുടെയും താലൂക്കുകളുടെയും വിസ്തൃതി. വളരെ വിസ്തൃതമായ വില്ലേജുകൾ, അതുവഴി ജനങ്ങൾക്കു നിത്യജീവിതത്തിലുണ്ടാകുന്ന വിഷമതകൾ, വില്ലേജുദ്യോഗസ്ഥൻമാർക്കു പ്രത്യേകമായുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, ഇതൊക്കെ പരിഗണിച്ചുകൊണ്ട് വില്ലേജുകളായാലും ശരി താലൂക്കുകളായാലുംശരി പുനർവിഭജിച്ചേ പററുകയുള്ളു. സാമ്പത്തിക പരിമിതികളുണ്ടെന്നു പറയും. പരിമിതികൾ പറയുമ്പോൾ, കരുനാഗപ്പള്ളി താലൂക്കിന്, എന്റെ അറിവു ശരിയാണെങ്കിൽ 211 ചതുരശ്ര കിലോമീററാണു വിസ്തൃതി; (കൃത്യമായ കണക്ക് എന്റെ കൈയിലില്ല.) അതേസമയത്ത് ഏറനാട് താലൂക്കിനു 2000 ത്തിൽപ്പരം ച.കി.മീ. വിസ്തൃതിയുണ്ട്. കോഴിക്കോടു താലൂക്കിനു 1900 ത്തോളം ച.കി.മീ. വിസ്തൃതിയുണ്ട്. ഒരു താലൂക്കിന് 211 ച.കി.മീ. ആണുള്ളതെങ്കിൽ, അതിനെക്കാൾ കൂടുതൽ വിസ്തൃതിയുള്ള വില്ലേജുകളുണ്ട്. ആ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഊഹിക്കാവുന്നതേയുള്ളൂ. പണ്ട് ഇതൊക്കെ ജനങ്ങളധിവസിക്കാത്ത സ്ഥലങ്ങളായിരുന്നുവെന്നുള്ളതു വാസ്തവമാണെങ്കിലും പത്തുമുപ്പതുവർഷത്തിനിപ്പുറമായി അവിടെയെല്ലാം ധാരാളം ജനങ്ങൾ വസിക്കുന്നുണ്ട്; അതൊക്കെ ഇന്നുവളരെയേറെ ജനസാന്ദ്രതയുള്ള പ്രദേശങ്ങളായി മാറിക്കഴിഞ്ഞിട്ടുണ്ട്. അവിടെയൊക്കെ ജനങ്ങൾക്ക് പ്രായോഗികരംഗത്തുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഉദാഹരണത്തിന് നമ്മുടെ സംസ്ഥാനത്തെ ഏററവും ജനസാന്ദ്രതയുള്ള താലൂക്കാണു കോഴിക്കോടു താലൂക്ക്. 10 ലക്ഷത്തോളം ജനസംഖ്യ ആ താലൂക്കിൽത്തന്നെ ഉണ്ട്. മററൊരു താലൂക്കിലുമില്ല നമ്മുടെ സംസ്ഥാനത്ത് ഇത്ര ജനസാന്ദ്രത. അപ്പോൾ ജനസാന്ദ്രതയുടെ കാര്യത്തിലായാലും ശരി വിസ്തൃതിയുടെ കാര്യത്തിലായാലുംശരി, ഏതു കാഴ്ചപ്പാടോടുകൂടി നോക്കിയാലും ഇങ്ങനെയുള്ള താലൂക്കുകൾ പുനർവിഭജിക്കണം. വെള്ളോടി കമ്മിററി റിപ്പോർട്ടുതന്നെ ഈ കാര്യത്തിൽ ഒരു പരിധിവരെയെങ്കിലും സ്വീകരിക്കാവുന്നതാണെന്നാണ് എന്റെ അഭിപ്രായം. താലൂക്കുകളും എൻ.ഇ.എസ്. ബ്ലോക്കുകളും ഒക്കെ പുനർവിഭജിച്ച് ആ തരത്തിലുള്ള ഒരുസംവിധാനമുണ്ടാക്കുന്നതിനെപ്പററി ഗൗരവമായി ആലോചിക്കേണ്ടതാണ്. അതു വളരെ പ്രയോജനപ്പെടുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ വില്ലേജുകളും പഞ്ചായത്തുകളും ഒരേ യൂണിററുകളാക്കിയാൽ അതു വളരെ സൗകര്യപ്രദമായിരിക്കും. വില്ലേജുകളിലും താലൂക്കാഫീസുകളിലും റവന്യൂ ഡിപ്പാർട്ടുമെന്റിലും ഒക്കെയുള്ള ഉദ്യോഗസ്ഥൻമാരും അവരുമായി ബന്ധപ്പെടുന്ന ജനങ്ങളും ഇന്നു വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അതിന് ഉദ്യോഗസ്ഥൻമാരെ മാത്രം പഴിപറഞ്ഞാൽ പററുമെന്ന് എനിക്കു തോന്നുന്നില്ല. ഇപ്പോൾ ഞാൻ പറഞ്ഞതുപോലെ 200-ൽ പരം ച.കി.മീ. വിസ്തൃതിയുള്ള, ഏറെക്കുറെ 50,000 ജനസംഖ്യയുള്ള വില്ലേജുകൾ ഉണ്ട്. ഒരു വില്ലേജാഫീസർ, വില്ലേജ് അസിസ്ററന്റ്, അതോടു ബന്ധപ്പെട്ട രണ്ടോ മൂന്നോ സ്ററാഫ് ഇത്രയുമുണ്ടായാൽ ഒരു വില്ലേജിലെ ജനങ്ങളുടെ ആവശ്യത്തിന് അനുസൃതമായി എത്രമാത്രം സേവനം അവരാഗ്രഹിച്ചാൽത്തന്നെ ചെയ്തു കൊടുക്കാൻ സാധിക്കുമെന്നു നമുക്ക് ഊഹിക്കാവുന്നതാണ്. അതേയവസരത്തിൽ നമ്മുടെ ചില ഡിപ്പാർട്ടുമെന്റുകളിൽ ആവശ്യമുള്ളതിനെക്കാൾ എത്രയോ കൂടുതൽ ഉദ്യോഗസ്ഥൻമാരുണ്ട്; കേവലം അലസമായി നുണയും പറഞ്ഞ് അങ്ങനെ കഴിഞ്ഞുകൂടുന്നവർ. (റവന്യു ഡിപ്പാർട്ടുമെന്റിൽ പല രംഗങ്ങളിലും പോരായ്മയുണ്ടെങ്കിലും അതിന്റെ പേരിൽ പുതിയ റിക്രൂട്ടുമെന്റ് നടത്തണമെന്ന അഭിപ്രായക്കാരനല്ല ഞാൻ). ഈ ഡിപ്പാർട്ടുമെന്റുകളെല്ലാം ഓരോരുത്തരുടേയും പ്രത്യേകം പ്രത്യേകം ഡിപ്പാർട്ടുമെന്റായി കാണാതെ, മററു ഡിപ്പാർട്ടുമെന്റുകളിൽ വളരെയധികം ഉദ്യോഗസ്ഥൻമാരുള്ളതിൽനിന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിലേക്ക് നിയമിക്കുന്ന ഒരു സമീപനം സ്വീകരിക്കുന്നതു സൗകര്യപ്രദമായിരിക്കും എന്നു ഞാനീയവസരത്തിൽ സൂചിപ്പിക്കുകയാണ്. ഉദ്യോഗസ്ഥൻമാരെപ്പററി പറയുമ്പോൾ നമ്മുടെ ഡിപ്പാർട്ടുമെന്റുകളിൽ ഇതേ തസ്തികകളിൽത്തന്നെയുള്ള മററു ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാർക്ക് ഇതിനേക്കാൾ കൂടുതൽ ശമ്പളവും സേവനത്തിന് മററാനുകൂല്യങ്ങളുമുള്ളപ്പോൾ ഈ രംഗത്തുള്ള വിവേചനം സ്വാഭാവികമായും അവരിൽ അസംതൃപ്തിയുണ്ടാക്കുന്നുണ്ട്. അതു പരിഹരിക്കണമെന്നുള്ളതിനെസംബന്ധിച്ച് സംശയമില്ല.

ജില്ലകളുടെ വിസ്തൃതി പരിഗണിച്ച് അവ പുനസംഘടിപ്പിക്കുന്നതിനെക്കുറിച്ചു പറയുമ്പോൾ, വയനാട് വളരെ അവികസിതമാണെന്നും പിന്നോക്കമാണെന്നും ഉള്ളതിനെസംബന്ധിച്ചിടത്തോളം തർക്കമില്ലെങ്കിൽപ്പോലും, വയനാട് പിന്നോക്കമാണ് പിന്നോക്കമാണ് എന്നു പറഞ്ഞ് വയനാടിനു പ്രത്യേക പരിഗണന കിട്ടിയകൂട്ടത്തിൽ മററു ചില സ്ഥലങ്ങൾ പൂർണ്ണമായി അവഗണിക്കപ്പെട്ടുപോയി, അവിടെ തീർത്തും കണ്ണെത്താതെപോയി എന്നുള്ളത് ഒരു ദുഃഖസത്യമാണ്. വയനാടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

താഴ്വരപ്രദേശങ്ങളും, വയനാടൻ ചുരത്തിന്റെ പടിഞ്ഞാറൻ ചെരിവുകളും—ആ പ്രദേശങ്ങളും ഇന്ന് ഏതു രംഗത്തു നോക്കിയാലും വളരെ അവികസിതമാണു സർ. ഒരു പ്രത്യേക ജില്ലയാക്കി ആ ജില്ലയുടെ പരിധിക്കകത്ത് ഈ പ്രദേശങ്ങളുംകൂടി കൊണ്ടുവരുന്നു എന്നുള്ളതുകൊണ്ടുമാത്രം അതിന്റെ അവികസിതത്വം അവസാനിക്കുമെന്നൊന്നും ഞങ്ങൾക്കു വലിയ പ്രതീക്ഷയില്ല. എന്നിരുന്നാൽത്തന്നെയും മലയോരങ്ങളുടെ വികസനത്തെസംബന്ധിച്ചിടത്തോളം, ഒരു ജില്ല എന്നുള്ളതിനെക്കാളുപരി അതിനു പ്രത്യേക പരിഗണന നൽകാൻ, ജനങ്ങൾക്ക് അവിടെ പ്രത്യേകമായി വികസനത്തിനുതകുന്ന, റിസോഴ്സസ് ഉണ്ടാക്കാൻ സാധിക്കുന്ന തരത്തിൽ, എന്തെങ്കിലും സംവിധാനമുണ്ടാക്കണം. അതിന് വികസന അതോറിററി എന്നോ എന്തു പേരു നൽകിയാലും തരക്കേടില്ല; അതിനുവേണ്ടി ഒരു സംവിധാനമുണ്ടാക്കണം. ബഹുമാനപ്പെട്ട മന്ത്രി തലകുലുക്കുന്നുണ്ടെങ്കിൽപ്പോലും ഈ തലകുലുക്കൽ തുടങ്ങിയിട്ടു കുറെകാലങ്ങളായി എന്നുള്ളതു ഞങ്ങളെ നിരാശരാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂമന്ത്രി തന്നെ പ്രഖ്യാപനം നടത്തിയിട്ടുള്ളതാണ് വികസന അതോറിററി രൂപീകരിക്കുമെന്ന്. എത്രകാലം അവിടത്തെ ജനങ്ങൾ ദാഹിച്ച് മഴയ്ക്കുവേണ്ടി വേഴാമ്പലിനെപ്പോലെ കഴിയണം? അവിടത്തെ ജനങ്ങൾ അർഹതയുള്ളവരല്ലേ? അവർ ഈ സംസ്ഥാനത്തെ റവന്യൂവിലേക്കു സംഭാവനചെയ്യുന്നവരല്ലേ? വെട്ടിപ്പു നടത്തുന്നവരാണോ? മററു പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കുള്ളതുപോലുള്ള അവകാശങ്ങൾ അനുഭവിക്കാനുള്ള സന്ദർഭം ഇവർക്കു നിഷേധിക്കുന്നതു ശരിയാണോ?

ഭൂനിയമത്തെപ്പററി പറയുമ്പോൾ കോഴിക്കോടു സിററിയിലുമുണ്ട് നേരത്തെ ശ്രീ. പിള്ള ഇവിടെ സൂചിപ്പിച്ച കാരായ്മക്കുടിയാന്റെ പ്രശ്നം. കോഴിക്കോടുസിററിയിൽത്തന്നെയുള്ള പതിനായിരക്കണക്കിനു കാരായ്മക്കുടിയാൻമാർക്ക് അവകാശങ്ങൾ കൊടുക്കണം എന്നുകൂടി പറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ചാലോചിക്കുന്ന പശ്ചാത്തലമാണ്. ജില്ലകളുടെയും താലൂക്കുകളുടേയും വിസ്തൃതിയെസംബന്ധിച്ചെല്ലാം ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. അതതുമേഖലകളിൽ വസിക്കുന്ന ആൾക്കാരുടെ എണ്ണവും അവരനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ഇവിടെ വിവരിക്കുകയുണ്ടായി. അതുകൊണ്ട് കൂടുതലായി ഞാൻ ആ കാര്യത്തിലേക്കു കടക്കാനാഗ്രഹിക്കുന്നില്ല. എങ്കിലും ബഹുമാനപ്പെട്ട സിറിയക് ജോണും ബഹുമാനപ്പെട്ട പാണാററത്തുകുഞ്ഞിമുഹമ്മദും എല്ലാം പറഞ്ഞതുപോലെ മലബാറിന്റെ മലയോരപ്രദേശങ്ങൾ ഇന്നും അവഗണിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. ജില്ലകളുടെ പുനരാവിഷ്കരണംകൊണ്ടായാലും താലൂക്കു പുനർവിഭജനം നടത്തിയായാലും ഓരോ പഞ്ചായത്തും ഓരോ വില്ലേജാക്കിക്കൊണ്ട്ഭരണ പരിഷ്കാരമേർപ്പെടുത്തിയിട്ടായാലും ശരി, എത്രയോകാലം മുൻപുണ്ടായിട്ടുള്ള വാഗ്ദാനമായ മലയോരവികസന അതോറിററി നടപ്പാക്കിയിട്ടായാലും ശരി, ഈ അവഗണന അവസാനിപ്പിച്ചേ മതിയാകൂ.

കുടിയായ്മയുടെ ചരിത്രത്തെക്കുറിച്ച് ബഹുമാനപ്പെട്ട തിരുവമ്പാടി മെമ്പർ വളരെ വിശദീകരിക്കുകയുണ്ടായി. സർ, ആ പ്രദേശത്ത് എത്രയോ കാലമായി അദ്ധ്വാനിച്ചുവന്ന കൃഷിക്കാർ ഇന്ന് അവഗണിക്ക

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുന്നു എന്നുള്ളത അവരുടെ അദ്ധ്വാനംകൊണ്ട് ആ ഭൂമി പൊന്നാക്കി മാററിയതിനുള്ള ശിക്ഷയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഞാൻ കൂടുതലായി അതിലേക്കു കടക്കുന്നില്ല.

സർ, ഈ നിയമസഭതന്നെ പട്ടയംകൊടുക്കുന്നതിനെപ്പററി ഐക്യകണ്ഠ്യേന ഒരു പ്രമേയം പാസാക്കുകയുണ്ടായി. ഇന്നും എത്രയോ കർഷകർക്കു പട്ടയം ലഭിക്കാനുണ്ട്. രണ്ടര ലക്ഷം കുടികിടപ്പുകാർക്കു 1978 നവംബർ മാസം വരെ പട്ടയം കൊടുക്കുകയുണ്ടായി. രണ്ടര ലക്ഷത്തോളം ക്രയസർട്ടിഫിക്കററ് 1978 നവംബർ മാസംവരെ കൊടുക്കുകയുണ്ടായിട്ടുണ്ട്. ഇന്നിപ്പോഠം റവന്യൂ കണക്കനുസരിച്ച് 70 വർഷം മുമ്പുള്ള റവന്യൂ സെററിൽമെൻറ് റെക്കാർഡ്സാണ് ഉള്ളത്. ഇന്നും രണ്ടര ലക്ഷത്തോളം കുടികിടപ്പ് അവകാശവും ക്രയ സർട്ടിഫിക്കററും കൊടുത്തിട്ടുണ്ടെങ്കിലും റവന്യൂ രേഖകളിൽ ജൻമിമാർ ആരുടെയെങ്കിലും പേരിലാണ് റെക്കാർഡ്സ് ഉണ്ടാക്കിയിട്ടുള്ളത്. ഈ റെക്കാർഡുകഠം പുനഃപരിശോധന നടത്തണം. യഥാർത്ഥ കൈവശക്കാരൻെറ പേരിൽ റെക്കാർഡുകഠം ഉണ്ടാക്കി അവർക്ക് പെർമനൻറായ കൈവശാവകാശം നൽകേണ്ടതുണ്ട്. അതിനുവേണ്ടി ഒരു റീ സർവെയും റീ സെററിൽമെൻറും സ്വീകരിക്കേണ്ടതാവശ്യമാണ്. ഭാരിച്ച സാമ്പത്തിക ബുദ്ധിമുട്ടുകഠം ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഒഴിയുന്നത് ശരിയല്ല. ലക്ഷക്കണക്കിന് കൃഷിക്കാരെസംബന്ധിച്ചിടത്തോളം അവരുടെ കൈവശഭൂമിക്ക് സ്ഥിരാവകാശം ലഭിക്കേണ്ടത് അവരുടെ ന്യായമായ ആവശ്യമാണ്. കഴിഞ്ഞ പ്രാവശ്യം പട്ടയം നൽകുന്നതിനെസംബന്ധിച്ചുള്ള പരാതികളെ സംബന്ധിച്ച് സംസാരിച്ച കൂട്ടത്തിൽ ഇറിഗേഷനുവേണ്ടി കുടിയിറക്കിയതിനുശേഷം അവർക്കു പട്ടയം കൊടുത്ത ഭൂമിയുടെപോലും പട്ടയം കിട്ടിയിട്ടില്ലെന്നു പറഞ്ഞു. പിറെറ ദിവസം തന്നെ ആ പ്രദേശങ്ങളിലുള്ള ആളുകളെ വിളിച്ചിട്ട് പറഞ്ഞു ഇനിമേലിൽ സാമ്പത്തിക സഹായം ലഭിക്കാനുള്ള സൗകര്യങ്ങളെല്ലാം ഉണ്ടാക്കിത്തരാമെന്ന്. പട്ടയം കുറെ കഴിഞ്ഞേ തരികയുള്ളു എന്നു പറഞ്ഞു. അവിടത്തെ ഉദ്യോഗസ്ഥൻമാരാണ് ഇങ്ങനെ പറഞ്ഞത്.

സർ, ഇവിടെ ആവർത്തന വിരസതയുള്ള സബ്ജക്ററാണ് അഴിമതിയെന്നുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും സഭയിലെ പ്രതിപക്ഷത്തുള്ളവരും ഭരണപക്ഷത്തുള്ളവരുമെല്ലാം അഴിമതിയെപ്പററി പറയും. ഈ ഗവൺമെൻറ് കൃഷിക്കാർക്ക് പട്ടയം ലഭിക്കുന്നതിനുവേണ്ടി നടപടികഠം നടപ്പിൽ വരുത്തുമെന്ന് പറഞ്ഞാലും കർഷകർക്ക് അവരുടെ രേഖകഠം കിട്ടണമെങ്കിൽ കാണേണ്ട ഉദ്യോഗസ്ഥൻമാരെ ശരിയായ രീതിയിൽ കണ്ടാൽ മാത്രമേ സാധിക്കുകയുള്ളു. ക്രയ സർട്ടിഫിക്കററുകഠം ലഭിക്കണമെങ്കിലും കാണേണ്ട ഉദ്യോഗസ്ഥൻമാരെ കാണണം. ഈ അവസ്ഥ ഒന്ന് മാററി എടുക്കേണ്ടതായിട്ടുണ്ട്. പട്ടയം നൽകുന്ന കാര്യത്തിലായാലും ക്രയ സർട്ടിഫിക്കററുകഠം നൽകുന്ന കാര്യത്തിലായാലും ഒരു സമയബന്ധിത പരിപാടി ആവിഷ്കരിച്ചേ തീരൂ. ഇത്ര സമയത്തിനുള്ളിൽ പട്ടയം നൽകണം, അർഹതയുള്ളവർക്ക് കൈവശാവകാശം ഇത്ര സമയത്തിനുള്ളിൽ നൽകണം, എന്നിങ്ങനെ കർശനമായ ഒരു നിലപാട് ആ കാര്യത്തിൽ സ്വീകരിക്കണം.

സർ, ഇന്ന് വയനാട്ടിലെ കാരാപ്പുഴ ഇറിഗേഷൻ പ്രോജക്ടിൻെറ പ്രാരംഭ നടപടികഠം ആരംഭിച്ചിട്ടുണ്ട്. അവിടെനിന്നും കുടിഒഴിപ്പിക്കപ്പെട്ട കർഷകർ സമരത്തിലാണ്. ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടേയു

LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ മന്ത്രിയുടെയും ശ്രദ്ധയിൽ ആ കാര്യം ഉണ്ട്. എത്ര ഏക്കർ സ്ഥലമാണ് ഇതിനുവേണ്ടി അക്വയർ ചെയ്തത് എന്നുള്ളതിനെ സംബന്ധിച്ച് കണക്കെടുക്കാൻ ഉദ്യോഗസ്ഥൻമാർ മുമ്പോട്ടു വന്നിട്ടില്ല. കർഷകർക്ക് ദ്രോഹമില്ലാത്ത രീതിയിൽ ഏത് പരിധിവരെ, എത്ര ഏക്കർ ഈ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി അക്വയർ ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ രേഖകൾ ഉണ്ടാക്കി അവരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ അവർക്ക് കൊടുക്കണം. അവരുടെ ഭൂമി എടുക്കുമ്പോൾ പകരം ഭൂമി കൊടുക്കുകയും അവർ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾക്ക് പകരമായിട്ടുള്ള സാമ്പത്തിക സഹായം കൊടുക്കുകയും ചെയ്യണം. ആ പ്രദേശങ്ങളിൽ ഇന്ന് രണ്ട് പൂ കൃഷിയാണ് നടത്തുന്നത്. നേരത്തെ 8000 രൂപയായിരുന്നു ഒരു ഏക്കറിന് കൊടുത്തിരുന്നതെങ്കിൽ ഇന്ന് അത് 6000 രൂപയായി ചുരുക്കിയിട്ടുണ്ട്. ഒരു പൂവിന് 6000 എന്നുള്ളത് 4000 ആയി കുറച്ചിരിക്കുകയാണ്. ഈ പ്രദേശത്ത് എത്രയോ വർഷങ്ങളായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഈ കൃഷിക്കാർ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി അവരെ ഇറക്കിവിടുമ്പോൾ അവർക്കു ന്യായമായ സഹായം ചെയ്യാനുള്ള സൻമനസ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, ഇന്നു രാവിലെ ചോദ്യോത്തരസമയത്ത് കുത്തകപ്പാട്ടസമ്പ്രദായത്തെപ്പററി ബഹുമാനപ്പെട്ട റവന്യൂ മന്ത്രി പറഞ്ഞു. കുത്തകപ്പാട്ട സ്ഥലങ്ങളിൽ പട്ടയം കൊടുക്കണമെന്നു പറഞ്ഞു. ഭൂമിയുടെ താരിപ്പുവില ഈടാക്കികൊണ്ട് കൈവശക്കാർക്കു പട്ടയം നൽകണം. അത് ന്യായമായ ആവശ്യമാണ്. പണ്ട് ഏക്കർ കണക്കിനാണ് കുത്തകപ്പാട്ടം ഈടാക്കിയിരുന്നതെങ്കിൽ ഇന്ന് വൃക്ഷങ്ങളുടെ എണ്ണം നോക്കികൊണ്ടുള്ള കുത്തകപ്പാട്ട രീതിയാണുള്ളത്. അത് മാററണം. വൃക്ഷങ്ങളുടെ എണ്ണം നോക്കി കുത്തകപ്പാട്ടം കണക്കാക്കുമ്പോൾ താരിപ്പ് വിലയേക്കാൾ എത്രയോ മടങ്ങ് കുത്തകപ്പാട്ടമായി നൽകേണ്ടിയിരിക്കുന്നു. ഈ രീതി മാററിക്കൊണ്ട് താരിപ്പ് വില നൽകാൻ മുമ്പോട്ടു വരുന്ന കൃഷിക്കാർക്ക് പട്ടയം നൽകികൊണ്ട് സ്ഥിരാവകാശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, വിവിധ ലാൻറ് ട്രൈബ്യൂണലുകൾ ഇന്ന് അടച്ചുകൊണ്ടിരിക്കുകയാണ്. ലാൻറ് ട്രൈബ്യൂണലുകളിൽ കേസുകൾ ഇല്ലാതെ വരുന്നു. ഞാൻ കഴിഞ്ഞ നിയമസഭയിൽ പട്ടയം കൊടുക്കണമെന്നുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഒരു പ്രശ്നം അവതരിപ്പിച്ചു. മണ്ണാർക്കാട് താലൂക്കിൽ റിജക്ററഡ് എന്ന് പറഞ്ഞുകൊണ്ട് എത്രയോ അപേക്ഷകൾ തള്ളി കളഞ്ഞിട്ടുണ്ട്. 73000 കേസ്സുകൾ റിജക്ററഡ് എന്നു മാത്രം എഴുതിക്കൊണ്ട് തള്ളി കളഞ്ഞിട്ടുണ്ട്. അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിലാണ് ഈ കേസ്സുകളിലെ പകുതിയിലധികവും തള്ളിക്കളഞ്ഞിട്ടുള്ളത്. ഈ കേസ്സുകളെപ്പററിയെല്ലാം പുനരാലോചിക്കണമെന്നഭ്യർത്ഥിക്കുകയാണ്. അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിൽ ഇത്ര കേസ്സുകളിൻമേൽ നടപടി ഉണ്ടാകണമെന്ന് ടാർജററ് വച്ചിരുന്നതുകൊണ്ട് ഉദ്യോഗസ്ഥൻമാർ യഥാർത്ഥ കൃഷിക്കാരോട് വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കാതെ റിജക്ററഡ് എന്ന് എഴുതി കളഞ്ഞിരിക്കുകയാണ്. ആ കേസ്സുകളെല്ലാം പുനഃപരിശോധിക്കേണ്ടതുണ്ട്. ന്യായമായ കർഷകർക്ക് വീണ്ടും അവകാശം കൊടുക്കാൻവേണ്ടി ഈ കേസ്സുകൾ പുനഃപരിശോധിച്ച് കഴിയുന്നതുവരെ ഈ ലാൻറ് ട്രൈബ്യൂണലുകൾ നിർത്തലാക്കുന്ന നടപടി നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ശ്രീ. പി.ബി.ആർ. പിള്ള പ്രസംഗിച്ചപ്പോൾ ആദിവാസികളുടെ ഭൂമി സംരക്ഷണ നിയമത്തെപ്പററി പറഞ്ഞു. അതിലേക്ക് വിശദമായി കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒന്നര വർഷങ്ങൾക്കു മുമ്പ് അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. ആൻറണിയും റവന്യൂ മന്ത്രി ബേബി ജോണും എല്ലാംകൂടി മലയോര പ്രദേശങ്ങളിലെ കൃഷിക്കാരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയുണ്ടായി. ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഈ നിയമസഭയിലുള്ള എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളും കർഷകസംഘടനകളുടെ പ്രതിനിധികളുമെല്ലാം പങ്കെടുത്തിരുന്നു. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി, ജനതാ പാർട്ടി അടക്കമുള്ള പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളും ഭരണകക്ഷിയിലുള്ള എല്ലാ പാർട്ടികളും ഐകകണ്ഠ്യേന അന്ന് റവന്യൂമന്ത്രിയോടും മുഖ്യമന്ത്രിയോടും പറഞ്ഞു. ഈ നിയമം പരിപൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. അതിൽ പ്രത്യേകമായ ബുദ്ധിമുട്ടുകൾ ഉണ്ടെന്ന്. അത് നടപ്പിലാക്കണമെന്ന് ഞങ്ങൾ ഗവൺമെൻറിനെ നിർബന്ധിപ്പിക്കുകയില്ലെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും പറഞ്ഞതിനുശേഷം അതിൽപെട്ട ഒരു മെമ്പർ നിയമസഭയിൽവന്ന് ഇങ്ങനെ പറയുന്നതു ഖേദകരമാണ്. ആദിവാസികൾക്കു ഭൂമി കൊടുക്കേണ്ട എന്നുള്ള ഒരു നിലപാട് കേരളത്തിലെ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടി, എടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ആദിവാസികൾക്ക് ജീവിക്കാൻവേണ്ടി സാമ്പത്തികമായി ഉയർന്നുവരുന്നതിനുവേണ്ടി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകണമെന്നാണ് എല്ലാവരും ആവശ്യപ്പെടുന്നത്. പക്ഷേ വർഷങ്ങൾക്കു മുമ്പ് ന്യായമായ വില കൊടുത്തുകൊണ്ട് ആ ഭൂമി വാങ്ങിക്കുകയും കൃഷി ഇറക്കുകയും ചെയ്ത കൃഷിക്കാരെ ഇറക്കി വിട്ടുകൊണ്ട് അല്ല അത് ചെയ്യേണ്ടത്. ഗവൺമെൻറിന്റെ കൈവശമുള്ള മിച്ചഭൂമി എന്നുള്ള നിലയിലായാലും വെസ്ററഡ് ഫോറസ്ററ് ആയാലും വിതരണം നടത്താൻ സാദ്ധ്യതയുള്ള ഭൂമി ആദിവാസികൾക്ക് നൽകികൊണ്ട് അവരെ സാമ്പത്തികമായി ഉയർത്താനുള്ള നടപടികളാണ് സ്വീകരിക്കേണ്ടതെന്നുമാത്രം പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

സഹകരണമേഖല കർഷകരെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ്. കാർഷികമേഖലയുടെ വികസനത്തെക്കുറിച്ച് ഇവിടെ എല്ലാ അംഗങ്ങളും പറയാറുണ്ട്.

[1 p.m.]

അതുപോലെ ഇൻറർ ക്രോപ്പിംഗിനെക്കുറിച്ചും സമഗ്രമായ കാർഷിക വികസന പദ്ധതിയെക്കുറിച്ചും പറയാറുണ്ട്. കർഷകർക്ക് അർഹമായസാമ്പത്തിക സഹായം ന്യായമായ പലിശക്ക് സഹകരണമേഖലയിൽനിന്നുമാണ് ലഭിക്കുന്നത്. 75 കോടിയോളം രൂപ ഇന്നു ഹ്രസ്വകാല വായ്പയായി നൽകുന്നുണ്ട്. അതുപോലെ തന്നെ 20 കോടി രൂപ ലോംഗ് ടേം ലോണായും നൽകുന്നുണ്ട്. ഹ്രസ്വകാലവായ്പകൾകൊണ്ട് മാത്രം കർഷകന് പുതിയ കൃഷി ഇറക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് അവർക്ക് ലോംഗ്ടേം ലോണും വേണ്ടിവരും. റിസർവ് ബാങ്ക് അതിന് അനുകൂലമായ നയമല്ല കൈക്കൊള്ളുന്നത്. അതുകൊണ്ട് സഹകരണ മേഖലയിൽകൂടി ദീർഘകാലവായ്പകൾ പലിശ കുറച്ച് നൽകുവാനുള്ള ഏർപ്പാടുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണമേഖലയിലെ പല സൊസൈററികളിലേയും ഡയറക്ടർ ബോർഡ് നടത്തുന്ന വെട്ടിപ്പുകളെ സംബന്ധിച്ച് ഇവിടെ പലരും പരാമർശിക്കാറുണ്ട്. ഈ തട്ടിപ്പുകളെക്കുറിച്ച് അന്വേഷിക്കുവാൻ സഹകരണവകുപ്പിൽ പ്രത്യേകമായി ഒരു വിജിലൻസ് വിംഗ് ഉണ്ടാക്കണം. ഇന്നു പോലീസ് വകുപ്പാണ് ഇതിൻമേലുള്ള കേസ് എടുക്കുന്നത്. നാലുകൊല്ലത്തെ പഴക്കംചെന്ന കേസ്സുകൾവരെ ഇന്നു കെട്ടികിടക്കുകയാണ്. അപ്പോൾ ഈ തട്ടിപ്പുകളെക്കുറിച്ചെല്ലാം അന്വേഷണം നടത്തി ഏററവും പെട്ടെന്നു തെളിവ് ശേഖരിച്ചുകൊണ്ട് നടപടി സ്വീകരിക്കണമെങ്കിൽ സഹകരണമേഖലയിൽ പ്രത്യേകമായ ഒരു വിജിലൻസ് വിംഗ് കേസ് എടുക്കുവാനുള്ള അധികാരത്തോടുകൂടി ഏർപ്പെടുത്തണം. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം.കെ. കൃഷ്ണൻ: സർ, ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്ന് ഈ ധനാഭ്യർത്ഥനയിൽ പങ്കെടുത്തുകൊണ്ട് അപ്പുറത്തുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയുണ്ടായി, ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി ഇൻഡ്യയ്ക്ക് മാതൃക കാണിച്ചുകൊടുത്ത ഒരു സംസ്ഥാനമാണ് കേരളം എന്ന്. അതുപോലെതന്നെ 'കൃഷിഭൂമി കൃഷിക്കാർക്ക്' എന്ന മുദ്രാവാക്യവും പ്രാവർത്തികമാക്കിയത് നമ്മുടെ സംസ്ഥാനമാണെന്നു പറഞ്ഞു. ഈ അവകാശവാദത്തിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഇത്രയും മാതൃകാപരമായ ഒരു നിയമം, ഇത്രയും പുരോഗമനപരമായ ഒരു നിയമം ഇൻഡ്യയിൽ നടപ്പിലാക്കിയ ഏകസംസ്ഥാനം കേരളം ആണെന്നു ശ്രീ. സിറിയക് ജോൺ പറഞ്ഞപ്പോൾ സിറിയക് ജോണിനോട് എനിക്ക് ഒരു ചോദ്യം ചോദിക്കണമെന്നു തോന്നുകയുണ്ടായി. ശ്രീ. സിറിയക് ജോണും അദ്ദേഹത്തിന്റെ കോൺഗ്രസ് കക്ഷിയും—അത് ഇപ്പോഴത്തെ കക്ഷിയല്ല—1969-ൽ ഒന്നായിരുന്ന ആ കോൺഗ്രസ്—പണ്ഡിററ് ജവഹർലാൽ നെഹ്റുവിന്റെ കോൺഗ്രസ്—പണ്ഡിററ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ 17 വർഷക്കാലം ഇൻഡ്യ ഭരിച്ചതാണ്. ശ്രീ. പണ്ഡിററ് ജവഹർലാൽ നെഹ്റുവിനുശേഷം പിന്നീട് ഒന്നരവർഷം ശ്രീ. ലാൽബഹദൂർ ശാസ്ത്രി ഇൻഡ്യയിൽ പ്രധാനമന്ത്രിയായിരുന്നു. അന്നും കോൺഗ്രസ് ഒന്നായിരുന്നു. പിന്നീട് ശ്രീമതി ഇന്ദിരാഗാന്ധി കോൺഗ്രസ്സിന്റെ നേതാവായി വന്നപ്പോൾ 1969-ൽ കോൺഗ്രസ് രണ്ടായി. ശ്രീമതി ഇന്ദിരാഗാന്ധിയും നമ്മുടെ രാജ്യം പതിനൊന്ന് വർഷം ഭരിച്ചതാണ് 11 വർഷക്കാലം നമ്മുടെ രാജ്യം അടക്കിഭരിച്ചു. ആ കാലഘട്ടത്തിൽ മിക്കവാറും എല്ലാസംസ്ഥാനങ്ങളിലും കോൺഗ്രസ് ആയിരുന്നു ഭരിച്ചിരുന്നത്. ഇൻഡ്യയിലെ ഒരു കൊച്ചുസംസ്ഥാനമായ കേരളത്തിൽ കാർഷിക പരിഷ്കരണനിയമം പുരോഗമനപരമായി ഉണ്ടായി. എന്നാൽ എന്തുകൊണ്ട് ഇത് മററു സംസ്ഥാനങ്ങളിലുണ്ടായില്ല? ഒരു കാര്യം ഞാൻ ശ്രീ. സിറിയക് ജോണിനെ ഓർമ്മിപ്പിക്കുകയാണ്. 30 വർഷക്കാലം ഇൻഡ്യാരാജ്യം ഭരിച്ച കോൺഗ്രസ് പ്രധാനമന്ത്രിമാരുടെ സംസ്ഥാനമാണ് ഉത്തർപ്രദേശ്. അതായത് പണ്ഡിററ് ജവഹർലാൽ നെഹ്റുവിന്റെ സംസ്ഥാനം, ലാൽ ബഹദൂർശാസ്ത്രിയുടെ സംസ്ഥാനം, ശ്രീമതി ഇന്ദിരാഗാന്ധിയുടെ സംസ്ഥാനം ആണ് ഉത്തർപ്രദേശ്. ആ സംസ്ഥാനത്തുപോലും ഇത്തരത്തിലുള്ള ഒരു കാർഷിക പരിഷ്കരണനിയമം ഉണ്ടായിട്ടില്ലായെന്നു ശ്രീ. സിറിയക് ജോണും സമ്മതിക്കുകയാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് ശ്രീ. സിറിയക് ജോണും കൂട്ടരും ഊററം കൊള്ളുകയാണ് കാർഷിക പരിഷ്കരണനിയമം നടപ്പിലാക്കിയതിനും കൃഷിഭൂമി കൃഷിക്കാർക്ക് എന്ന മുദ്രാവാക്യം സാക്ഷാൽക്കരിക്കപ്പെട്ടതിനും. അവകാശവാദത്തെക്കുറിച്ച് പരിശോധന നടത്തുവാൻ ഇപ്പോഴെങ്കിലും ശ്രമിക്കുന്നത് നല്ലതു തന്നെ.

സർ, ഇവിടെ കാർഷിക പരിഷ്കരണം നടപ്പിലാക്കിയതിനെക്കുറിച്ച് ചില കാര്യങ്ങൾ ഈ സഭയുടെ മുമ്പിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. ശ്രീ. കെ.സി. ജോസഫ് ഇവിടെ ചില കാര്യങ്ങൾ ഇതിനെക്കുറിച്ച് പറയുകയുണ്ടായി. അടിയന്തിരാവസ്ഥക്കാലത്ത് മണ്ണാർക്കാട് താലൂക്കിൽ മാത്രം എഴുപത്തിമൂവ്വായിരം അപേക്ഷകൾ റിജക്റ്റ് ചെയ്തു. പ്ലാനിംഗ് ബോർഡ് പ്രസിദ്ധീകരിച്ചിട്ടുള്ള ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ള കണക്ക് ഞാൻ പരിശോധിച്ചുനോക്കി. 1978-ലെ ഇക്കണോമിക് റിവ്യൂവിലെ കണക്ക് അനുസരിച്ച് നോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ കുടിയാൻ ജൻമാവകാശം കിട്ടുന്നതിനുവേണ്ടി കൊടുത്തിട്ടുള്ള പെററീഷന്റെ കണക്ക് 35,28,000 ആണ്. അതിൽ അനുവദിക്കപ്പെട്ടിട്ടുള്ളത് 23,88,000 മാത്രമാണ്. റിജക്റ്റ് ചെയ്തത് 11,40,000. ശതമാനത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ 47.73 ശതമാനം റിജക്റ്റ് ചെയ്തു, തള്ളിക്കളഞ്ഞു.

അടുത്തതായി കുടികിടപ്പുകാരന്റെ കണക്കു പറയാം. 4,21,000 അപേക്ഷകൾ സമർപ്പിച്ചു. അതിൽ 2,60,000 അപേക്ഷകൾ അംഗീകരിച്ചു. 1,61,000 അപേക്ഷകൾ തള്ളിക്കളഞ്ഞു. അതിന്റെ ശതമാനം നോക്കുമ്പോൾ 61.39 ശതമാനം. ഡോ. കെ.സി. ജോസഫ് പറഞ്ഞത് വളരെ ശരിയാണ്. അടിയന്തിരാവസ്ഥക്കാലത്താണ് ഏററവും കൂടുതൽ അപേക്ഷകൾ തള്ളപ്പെട്ടത്. 1970 മുതൽ 1975 വരെ അഞ്ചു വർഷംകൊണ്ട് ഡിസ്പോസ് ചെയ്യപ്പെട്ട അപേക്ഷകളുടെ എണ്ണം 10,79,000. 1976-ൽ ഡിസ്പോസ് ചെയ്യപ്പെട്ട അപേക്ഷകളുടെ എണ്ണം 15,22,000. ഒരൊററ കൊല്ലംകൊണ്ട് 15,22,000 അപേക്ഷകൾ ഡിസ്പോസ് ചെയ്തിരിക്കുകയാണ്. അപ്പോൾ അടിയന്തിരാവസ്ഥക്കാലത്താണ് ഏററവും കൂടുതൽ അപേക്ഷകൾ ഡിസ്പോസ് ചെയ്തത്. അങ്ങനെ നോക്കിയാൽ നമ്മുടെ സംസ്ഥാനത്ത് അടിയന്തിരാവസ്ഥക്കാലത്ത് ആളുകൾ ഇഷ്ടംപോലെ കള്ള പെററിഷൻ കൊടുത്തുവെന്നാണോ വാദം. അപ്പോൾ പതിനൊന്നു ലക്ഷത്തിൽ ചില്വാനം ആളുകൾ അപ്രകാരം കള്ളപ്പെററിഷൻകൊടുത്തോ? അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് ഒരുലക്ഷത്തിൽപ്പരം കുടികിടപ്പുകാരും കള്ളപ്പെററിഷൻ കൊടുത്തോ? അങ്ങനെ നോക്കുമ്പോൾ ഡോ. ജോസഫ് പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കാർഷിക പരിഷ്കരണ നിയമം നടപ്പിലായതു്കൊണ്ട് ട്രൈബ്യൂണലുകൾ വേണ്ടായെന്നുവച്ചു. അതിൽ പ്രവർത്തിച്ചിരുന്ന ജീവനക്കാരുടെ കാര്യം എന്താണെന്നുള്ളതിനെക്കുറിച്ച് യാതൊരു പിടിയുമില്ല. അങ്ങനെയൊരു സ്ഥിതിവിശേഷംകൂടി ഉണ്ടായിരിക്കുകയാണ്.

നമ്മുടെ നിയമത്തിൽ ഒരു ബുദ്ധിമുട്ടുണ്ട്. അടിയന്തിരാവസ്ഥക്കാലത്ത് വിശേഷിച്ചും പാവപ്പെട്ട ആളുകൾ കൊടുത്തിരുന്ന അപേക്ഷകൾ റിജക്ട് ചെയ്താൽ കാർഷികനിയമപ്രകാരം ട്രൈബ്യൂണൽ മുമ്പാകെ പുനഃപ്പരിശോധനയ്ക്ക് യാതൊരു വകുപ്പുമില്ല. പിന്നെ വേണമെങ്കിൽ കോടതിയിൽ പോകണം. ഈ നിയമപ്രകാരം വാക്കാൽപാട്ടക്കാരന്, ശമ്പളപ്പാട്ടക്കാരന്, വാരപ്പാട്ടക്കാരന് എല്ലാം അവകാശം കിട്ടുമെന്നാണ് നിയമം. ഇത്യാദി ആളുകൾക്ക് ഒന്നും രേഖ ഉണ്ടാവുകയില്ല. കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പോയാൽ ഗുണം ഉണ്ടാവുകയില്ല. അത് റീഓപ്പൺ ചെയ്യത്തക്കവിധത്തിൽ, ആളുകളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഉതകുന്നതരത്തിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചോ? ഇല്ല. അതേപ്പററി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പക്ഷേ മറിച്ച് ഒരു ആലോചനയുണ്ട്. ശ്രീ. പാററാണത്ത് വളരെ സൗകര്യപൂർവ്വം ഇഷ്ടദാനത്തെക്കുറിച്ച് പറഞ്ഞു. അതെക്കുറിച്ച് ഞങ്ങൾക്കു പുനർ ആലോചന നടത്തേണ്ടകാര്യമില്ല. അങ്ങനെ വല്ല ധാരണയുമുണ്ടെങ്കിൽ മാററിവച്ചു കൊള്ളണം. അങ്ങനെ ധരിച്ചമട്ടിലുള്ള സംസാരം വന്നതുകൊണ്ടാണ് പറയുന്നത്. ഇഷ്ടദാനത്തിന്റെ കാര്യം നമ്മുടെ സംസ്ഥാനത്തെ പിന്നോക്കസമുദായക്കാരായിട്ടുള്ള ആളുകൾക്ക് ദോഷമാണ് എന്നുപറയുന്നതു ശരിയല്ല. ഇഷ്ടദാനത്തിന് അംഗീകാരം നൽകുന്ന ഭേദഗതി കൊണ്ടുവരാൻ പോവുകയാണ്. പാവങ്ങളായ നമ്മുടെ സംസ്ഥാനത്തെ ഹരിജനങ്ങൾക്ക് അവകാശപ്പെട്ടതാണ് ഈ മിച്ചഭൂമി, എൺപത്തേഴരശതമാനം കൊടുക്കണമെന്നാണ് നിയമവ്യവസ്ഥ. ഇൻഡ്യൻ ഭരണഘടനയിൽ പ്രത്യേക ആനുകൂല്യങ്ങൾതന്നെ വ്യവസ്ഥ ചെയ്തിട്ടുള്ള, മരിച്ചാൽ ആറടി മണ്ണിന് ഈ സംസ്ഥാനത്തിന് അവകാശമില്ലാത്ത ഹരിജനങ്ങൾക്കു കിട്ടേണ്ട ഭൂമി, മിച്ചഭൂമി കൈവശക്കാരായിട്ടുള്ള ആളുകൾ ആ ഭൂമി ഇഷ്ടദാനം ചെയ്തിട്ടുണ്ടെങ്കിൽ മിച്ചഭൂമിയുള്ള ആളുകളുടെ മക്കളെ രക്ഷിക്കണമെന്നാണ് ഈ വാദത്തിന്റെ അർത്ഥം. ഇങ്ങനെയൊരു വാദഗതിയുണ്ട്. മരുമക്കത്തായത്തിന്റെയും മററും കഥ പറഞ്ഞുകൊണ്ട് വാദഗതി ഉന്നയിക്കുന്നുണ്ട്. 1964-ലെ മൂലനിയമത്തിൽ എവിടെയാണ് മരുമക്കത്തായത്തിന്റെ കാര്യം പറയുന്നത്. 1964-ൽ പി.ടി ചാക്കോ കൊണ്ടുവന്നു പാസ്സാക്കി നടപ്പാക്കിയ മൂലനിയമത്തിൽ തന്നെ കുടുംബമെന്നു പറഞ്ഞാൽ ഭാര്യയും ഭർത്താവും പ്രായമാകാത്ത മൂന്നു മക്കളുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മരുമക്കളുടെ കാര്യം മൂലനിയമത്തിൽ പറഞ്ഞിട്ടില്ല. മരുമക്കത്തായത്തിന്റെ പ്രക്രിയ എവിടെയാണ്. ശ്രീ. കല്പട നാരായണന് വേണമെങ്കിൽ ഇഷ്ടദാനത്തിന് അനുകൂലമായ ബില്ലിന് വോട്ട് ചെയ്യാം. നമ്മുടെ സമൂഹത്തിൽ ഏററവും പിന്നോക്കം നിൽക്കുന്ന ആളുകൾ, സമൂഹത്തിന്റെ അടിത്തട്ടിലുള്ള ആളുകൾ സാമൂഹ്യമായി ഏററവും അവശത അനുഭവിക്കുന്ന ആളുകളാണ്. കർഷകതൊഴിലാളികളും ഹരിജനങ്ങളും. കാർഷികപരിഷ്കരണനിയമം ഉണ്ടാക്കുമ്പോൾ, നമ്മുടെ കാർഷികരംഗത്ത് സമ്പത്ത് ഉൽപ്പാദകരായിട്ടുള്ള ആളുകൾക്കു ഗുണം കിട്ടണം. ഈ സംസ്ഥാനത്തിലെ കൃഷിഭൂമി കർഷകർക്ക് എന്ന് എഴുതിവച്ചതുകൊണ്ട് അവർ കൃഷിക്കാരാണെന്നു പറയുന്നവർ നമ്മുടെ രാജ്യത്ത് ധാരാളമുണ്ട്. അവർ ഉൽപ്പാദകരല്ല. കാർഷികഭൂമിയിൽ സ്വന്തം അദ്ധ്വാനം വിനിയോഗിച്ച് സമ്പത്ത് ഉൽപ്പാദിപ്പിക്കുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികൾ സമ്പത്ത് ഉൽപ്പാദകർ. സമ്പത്ത് ഉൽപ്പാദിപ്പിക്കുന്ന ആ തൊഴിലാളിവിഭാഗത്തിന് മിച്ചഭൂമിയുടെ എൺപത്തിയേഴരശതമാനം കൊടുക്കണമെന്ന നിയമവ്യവസ്ഥ നടപ്പാക്കാൻ കൂട്ടാക്കാതെയാണിരിക്കുന്നത്. അതിന് മിച്ചഭൂമി കൈവശക്കാരായിട്ടുള്ള ആളുകൾ ഉണ്ടാക്കിവച്ചിട്ടുള്ള കരണങ്ങൾ നിയമവിരുദ്ധമായ, അന്യായമായ കരണങ്ങളാണെന്ന് ഹൈക്കോടതി വിധിച്ചിട്ടുപോലും പുരോഗമനക്കാരെന്നു അവകാശപ്പെടുന്ന നമ്മുടെ സംസ്ഥാനത്തെ ഗവൺമെൻറ് ഹൈക്കോട

തീവിധിയെ മറികടന്നുകൊണ്ടു ഭേദഗതികൊണ്ടുവരാൻ പോകുന്നു. ആ ഭേദഗതിവരുമ്പോഠം നമുക്ക് ആലോചിക്കാം. ഞങ്ങളെ സംബന്ധിച്ചിടത്തോളം അതിനോട് യോജിക്കുന്ന പ്രശ്നമേയില്ല. നമ്മുടെ സംസ്ഥാനത്ത് റവന്യൂ ജീവനക്കാരുടെ സമരം നടക്കുകയാണ്. ശ്രീ. പി.ബി.ആർ. പിള്ള അതെപ്പററി പ്രസ്താവിച്ചതുകൊണ്ട് അതെക്കുറിച്ച് വിശദമായി പറയുന്നില്ല. ട്രൈബ്യൂണൽ വേണ്ടെന്ന് വച്ചു. നിരവധി ആളുകളുടെ സർവ്വീസ് കണ്ടീഷനിൽ വളരെയധികം കുഴപ്പങ്ങഠം ഉണ്ടായിട്ടുണ്ട്. സൂപ്പർന്യൂമററിയായി കുറെ ആളുകളെ നിർത്തിയിരിക്കുന്നു. അവർക്ക് ആറ് ശമ്പളം കൊടുക്കും. ശമ്പളം കിട്ടാതെ നാലും അഞ്ചും മാസത്തോളം സൂപ്പർന്യൂമററിയായി ജോലി ചെയ്യുന്നവരുണ്ട്. ഈ സംസ്ഥാനത്ത് ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള കാരായ്മയുടെ കാര്യം പറഞ്ഞു. അതുപോലെതന്നെ വിരുത്തിയുണ്ട്. ഇറയിലി മുതലായ കാർഷിക വ്യവസ്ഥയുണ്ട്. ഈ ആളുകഠംക്കും ആനുകൂല്യം വേണം. അവർക്ക് ആനുകൂല്യം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. മിച്ചഭൂമിയുടെ കാര്യത്തിൽ വളരെ അഭിമാനാർഹമായ നടപടി ഈ ഗവൺമെൻറ് സ്വീകരിച്ചതായി ശ്രീ. ഇ.പി. ഗോപാലൻ പറഞ്ഞു. അതിൻെറ കണക്കുകളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. മിച്ചഭൂമി തിരുമറിചെയ്തിട്ടുള്ള ആളുകളുടെ കഥയെക്കുറിച്ച് ഞാൻ പറയുന്നില്ല. കുട്ടനാടു താലൂക്കിൽ രണ്ട് അംഗങ്ങളടങ്ങുന്ന ഒരു കുടുംബം 403 ഏക്കർ സ്ഥലം ഇപ്പോഴും കൈവശംവച്ച് അനുഭവിക്കുന്നു. ഞാൻ പറയുന്നതല്ല. ഹൈക്കോടതിയുടെ രേഖ മുഴുവൻ എൻെറ കൈവശം ഉണ്ട്. 403 ഏക്കർ സ്ഥലം കൈവശംവച്ചുകൊണ്ട് കുട്ടനാട്ടിൽ ഒരാഠം കഴിയുന്നു. അതുപോലെതന്നെ നിരവധി കേസ്സുകളുണ്ട്. മിച്ചഭൂമി ഏറെറടുക്കുന്നതിനുവേണ്ടി പരിശ്രമിച്ചുവെന്ന് പറയുമ്പോഠം ഇത്തരക്കാരായ ആളുകഠം ചെയ്തുവച്ച ഒട്ടേറെ കള്ളകരണങ്ങളുണ്ട്, നിയമവിരുദ്ധമായ കരണങ്ങളുണ്ട്. ആ കരണങ്ങഠംക്കെതിരായി നടപടി സ്വീകരിച്ച് ഭൂമി എടുക്കാനുള്ള നടപടി സ്വീകരിക്കണം. ഈ നിയമം നടപ്പാക്കുന്ന കാര്യത്തിൽ വരുത്തിയിട്ടുള്ള കാലതാമസം, അതുപോലെതന്നെ വിതരണത്തിൻെറ കാര്യത്തിൽ വരുത്തിയിട്ടുള്ള പോരായ്മകഠം ഇതെല്ലാംതന്നെ പരിഹരിച്ചുകൊണ്ട് ഈ നിയമം നടപ്പാക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഡിമാൻറുകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

[Dy. Speaker in the chair]

ശ്രീ ഇ.കെ. പിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്നോളമുള്ള ചരിത്രം പരിശോധിച്ചാൽ ഒരു പുതിയ കേരളം കൈവന്നിരിക്കുന്നുവെന്നുള്ളത് നമുക്കേവർക്കും ബോധ്യമുള്ള കാര്യമാണ്. ചില ആളുകഠം സൂചിപ്പിച്ചതുപോലെ ഇത് യാദൃച്ഛികമായി വന്നതല്ല. ഇടവക റൈററ്സ് അക്വിസിഷൻ ആക്ട് 1956, പട്ടാഴി ദേവസ്വം ലാൻഡ് ആക്ട് 1961, ജൻമികുടിയാൻ ടെനൻറ് അബോളിഷൻ ആക്ട് 1960, കണ്ടുകൃഷി ലാൻഡ് അസയിൻമെൻറ് റൂഠംസ്, ശ്രീപാദം ലാൻഡ്സ് ആക്ട്, തിരുപ്പൂവാരം ടെനൻറ് അബോളിഷൻ ആക്ട് ഇങ്ങനെ നിരവധി നിയമങ്ങഠം ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. 1969 ആയപ്പോഠം ഈ രാജ്യത്തിൻെറ മുഖഛായ മാററിയ ഭൂപരിഷ്കരണഭേദഗതിനിയമംതന്നെ കൊണ്ടുവന്നു. ശ്രീ പണ്ടാരവക ലാൻഡ് ആക്ട് 1971, കാണം ടെനൻസി അബോളിഷൻ ആക്ട് 1976 മുതലായ നിയമനിർമ്മാണങ്ങളൊക്കെ വഴി, നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്ത് ഒരുകാലത്ത് ഭൂമി കുറെ ആളുകളുടെ കയ്യിലായിരുന്നെങ്കിൽ അത് ലക്ഷോപലക്ഷംവരുന്ന സാധാരണക്കാർക്ക് ഒട്ടേറെ ദരിദ്രകൃഷിക്കാരുടെ കയ്യിലേക്ക് മാറിയിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള കേരളവും ഇപ്പോൾ നാം സംസാരിക്കുമ്പോൾ നിലവിലുള്ള കേരളവും തമ്മിലുള്ള വ്യത്യാസം അതാണ്. കേരളത്തിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ കടമ ഏററവും വമ്പിച്ചതാണ്. നമ്മുടെ രാജ്യത്തിൻെറ സിരാകേന്ദ്രമാണ് റവന്യൂ ഡിപ്പാർട്ടുമെൻറ്. ആ നിലയിൽ റവന്യൂ ഡിപ്പാർട്ടുമെൻറിനെ കണ്ടുകൊണ്ട് അതിനാവശ്യമായ ക്രിയാത്മകമായ എല്ലാ നിർദ്ദേശങ്ങളും സമർപ്പിച്ചുകൊണ്ട്, ആവശ്യമായ മാററങ്ങൾ വരുത്തികൊണ്ട്, കാലോചിതമായി ജനസംഖ്യയിൽവന്ന മാററം മിച്ചഭൂമി വിതരണംമൂലമുണ്ടായ മാററം, ഭൂ ഉടമയിൽ വന്ന മാററം ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ രാജ്യത്തെ ജനങ്ങൾക്ക് ആശ്വാസം പകർന്നു കൊടുക്കത്തക്കവിധത്തിലുള്ള മാററങ്ങൾ റവന്യൂ ഡിപ്പാർട്ടുമെൻറിൽ അനിവാര്യമാണ്, ആവശ്യമാണ്. അതിൻെറ വിശദാംശങ്ങളിലേക്ക് സമയക്കുറവുകൊണ്ട് കടക്കാനാഗ്രഹിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം രാജ്യത്തിൻെറ സിരാകേന്ദ്രമായ റവന്യൂ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ആലോചിക്കാൻ. മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുവിതാംകൂർ സ്ഥാപിച്ച കാലത്തുണ്ടായിരുന്ന മണ്ഡപത്തിൻവാതുക്കലും കോംവികളും അതായത് താലൂക്കും വില്ലേജുമൊക്കെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. കൊച്ചിയിലും മലബാറിലും ഏതാണ്ട് അതുപോലെ പഴയരൂപത്തിലാണ്. അതിന് മാററംവരുത്തണം. അതെപ്പററി പലരും പറഞ്ഞതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല താലൂക്കുകളും വില്ലേജുകളും വിഭജിക്കണം. അതിന് പണത്തിൻെറ കുഴപ്പം കാണും. അതുപറഞ്ഞ് നമ്മൾ നീട്ടികൊണ്ടുപോകരുത്. അത് വിഭജിക്കണം എങ്കിൽമാത്രമേ വികസനം ലക്ഷ്യത്തിലെത്തുകയുള്ളു. ഈ കാലഘട്ടത്തിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഒട്ടാകെയുള്ള ജീവനക്കാരെ നോക്കുകയാണെങ്കിൽ അദ്ധ്വാനഭാരം വർദ്ധിച്ചിട്ടുണ്ട്. പ്രവർത്തനത്തിൽ ഒട്ടേറെ പോരായ്മകളുണ്ടെങ്കിലും അവരുടെ അദ്ധ്വാനഭാരം വർദ്ധിച്ചിട്ടുണ്ട്.

നമ്മുടെ വില്ലേജാഫീസർമാർ ഈ രാജ്യത്തിൻെറ ഖജനാവിൻെറ താക്കോൽക്കാരാണ്. അവർ ഉൾപ്പെടെയുള്ള റവന്യൂ ഡിപ്പാർട്ടുമെൻറ് ജീവനക്കാരുടെ ആവശ്യങ്ങളും അവശതകളും പരിശോധിക്കണം, ആവശ്യമുള്ള സഹായങ്ങൾ നാം ചെയ്തുകൊടുക്കണം, അവരെപ്പററിയുള്ള വിമർശനങ്ങൾ ബോദ്ധ്യപ്പെടുത്തി അതു തിരുത്താൻ ആവശ്യപ്പെടുന്നതോടൊപ്പം അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതും നമ്മുടെ ബാദ്ധ്യതയാണ്. അത് ഈ ഡിപ്പാർട്ടുമെൻറിൻെറ വിജയകരമായ പ്രവർത്തനത്തിന് അനിവാര്യമാണെന്നു ഞാൻ മനസിലാക്കുന്നു. അതുപോലെ തന്നെ, വില്ലേജാഫീസുകളുടെ കാര്യം ആലോചിക്കണം. ഖജനാവിൻെറ താക്കോൽക്കാരനായ വില്ലേജാഫീസർക്ക് ഇരിക്കാൻ പലയിടത്തും കസേര കാണുകയില്ല. അതേപ്പററി ആലോചിച്ച് ആവശ്യമായ മാററം വരുത്തണം. അതുപോലെതന്നെ റീ സർവ്വേയും റീ സെററിൽമെൻറും ഏററവും വേഗം പൂർത്തിയാക്കണം. ഇപ്പോൾ പത്തേക്കർ സ്ഥലത്തിനാണ് റീസർവ്വേ ചെയ്തുകല്ലിടുന്നത്. അതുപോരാ; ഓരോ സബ്ഡിവിഷൻേറയും നാലു മൂലക്കും കല്ലിടണം. അല്ലെങ്കിൽ ഭാവിയിൽ കൃഷിക്കാർ തമ്മിൽ വമ്പിച്ചതർക്കമുണ്ടാകും. ഒരു വരമ്പിൽ ഒരു തൂമ്പാ ചെളിക്കുവേണ്ടി കുത്തിച്ചാകുന്ന കൃഷിക്കാർ ഉള്ളപ്പോൾ ഇതു വലിയ കോലാഹലമുണ്ടാക്കും.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് റീ സർവ്വേയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി സബ്ഡിവിഷന്റെ നാലതിരിനും കല്ലിട്ട് സർവ്വേ ചാർജ് ഈടാക്കുന്നതിന്റെ ക്രമക്കേടുകൾ മാററി കക്ഷികൾക്ക് നോട്ടീസ് കൊടുത്ത് അതൊക്കെ കാര്യമായി നടത്തുന്നതിന് ശ്രദ്ധിക്കണം. അതുപോലെ തന്നെ റീസെററിൽമെൻറും. അതുംവളരെവേഗം നടപ്പിലാക്കി മാറിയ സാഹചര്യത്തിൽ കർഷകരുടെ കൈവശാവകാശമുള്ള ഭൂമിയുടെ ഉടമാവകാശത്തിൽ തർക്കം വരാത്തവണ്ണം, അവരെ അവരുടെ ഭൂമിയുടെ ഉടമാവകാശികളാക്കി മാററത്തക്കവണ്ണം റീസെററിൽമെൻറ് പൂർത്തിയാക്കണം. കഴിഞ്ഞ പ്രാവശ്യം ഞാൻ പറഞ്ഞ കാര്യമാണ്, ഞാൻ അതു ആവർത്തിക്കുന്നില്ല, റവന്യൂബോർഡ് നിറുത്തലാക്കുകതന്നെ വേണം. അതു ഞാൻ ഒററ വാക്കിൽ പറയുന്നേയുള്ളു. ഇവിടെ ഇറയിലി കൃഷിക്കാർ എന്നൊരു വിഭാഗക്കാരുണ്ട്. പല നിയമങ്ങൾ ഉണ്ടാക്കിയിട്ടും ഇന്നും അവർ ദുഃഖിതരാണ്. അവർക്ക് ആശ്വാസം നൽകുന്ന നിയമം ഏററവും വേഗം ഉണ്ടാക്കി അവരെ സംരക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പിന്നെ മറെറാരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത് മലയോര കൃഷിക്കാരെ സംബന്ധിച്ചാണ്. ഇവിടെ പലരും അതേക്കുറിച്ച് സംസാരിച്ചു. ഞാൻ ആ കാര്യം ഒരൊററ വാക്കുകൊണ്ടു പറഞ്ഞു അവസാനിപ്പിക്കാം. മലയോര കൃഷിക്കാർക്ക് കൊടുക്കാനുള്ള പട്ടയം വേഗം കൊടുത്തുതീർക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പട്ടയം കൊടുക്കുന്നതിന് താമസമുണ്ടാകുന്ന കാര്യത്തെക്കുറിച്ച് മുമ്പൊരിക്കൽ ഞാൻ ഇവിടെ പറഞ്ഞതാണ്. ഇന്ന് ഒരാൾ പട്ടയം കിട്ടുന്നതിന് കെട്ടിവയ്ക്കുന്നതുക അതു പലപ്പോഴും മാർക്കററിൽ കൊടുത്താൽ കിട്ടുന്ന വിലയേക്കാൾ ഡബിൾ ആയിരിക്കും. അങ്ങനെയുള്ളവർക്ക് പട്ടയം കിട്ടുന്നില്ല. അതുകൊണ്ട് ഒഴിപ്പിക്കൽ നടക്കും. 1.1.1977-നു മുൻപാണെന്നുള്ള തർക്കം കൊണ്ട് വീണ്ടും ഒഴിപ്പിക്കൽ നടക്കും. അതൊക്കെ അവസാനിപ്പിക്കണമെങ്കിൽ എന്തു വേണം? പട്ടയം വേഗം കൊടുക്കണം. അതേക്കുറിച്ച് എനിക്ക് ഒരു പുതിയ കാര്യം പറയാനുള്ളത്, പട്ടയത്തിനാകെ എന്തു കെട്ടിവയ്ക്കണമോ അതിന്റെ ഒരു ഇൻസ്ററാൾമെൻറ് കെട്ടിവച്ചാൽ പട്ടയം കൊടുക്കുകയും ബാക്കി ഇൻസ്ററാൾമെൻറായി അടയ്ക്കാനുള്ള സാവകാശം കൃഷിക്കാർക്ക് കൊടുക്കുകയും ചെയ്യണമെന്നാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ അതു കൃഷിക്കാർക്ക് വമ്പിച്ച ഒരു നേട്ടമായിരിക്കും. ഒഴിപ്പിക്കൽ തടയാനും കഴിയും. 1.1.1977 വച്ചുകൊണ്ട് ഉദ്യോഗസ്ഥൻമാർ കാണിക്കുന്ന അനാവശ്യങ്ങൾ തടയാനും സാധിക്കും. ഈ കാര്യം ഗവൺമെൻറ് ശ്രദ്ധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. പട്ടയം കൊടുത്തിട്ടുള്ള സ്ഥലങ്ങളുണ്ട്, പീരുമേട് താലൂക്ക്. അച്യുതമേനോൻ ഭരിച്ചുകൊണ്ടിരുന്ന കാലത്താണ് അവിടെ പട്ടയം കൊടുത്തത്. ഇപ്പോൾ ആ പട്ടയത്തിന്റെ സർവ്വേ നമ്പർ തെററാണെന്നു പറഞ്ഞുകൊണ്ട് ആ ഭൂമി ഒഴിഞ്ഞു തരണമെന്നാണ് പറയുന്നത്. സാദ്ധ്യമല്ല സർ. സർവ്വേ നമ്പർ തെററിയാൽ നാലതിരുകൾ തിട്ടപ്പെടുത്തി, എല്ലുകതിട്ടപ്പെടുത്തി കൈവശാവകാശം അംഗീകരിച്ചു കൊടുക്കണമെന്നുള്ളതാണ് കൃഷിക്കാരുടെ ആവശ്യം. അതുകൊണ്ട് തോട്ടമുടമകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് പട്ടയം കിട്ടിയിട്ടുള്ള കൃഷിക്കാർ ഇറങ്ങിപ്പോകണമെന്നു പറഞ്ഞാൽ അതു സാദ്ധ്യമല്ലെന്നു ഞാൻ തുറന്നു പറയുകയാണ്. മാങ്കുളത്തും മററും കൃഷിക്കാർക്ക് ചീററിട്ട് സ്ഥലം കൊടുത്തിട്ട് അവിടെ കേറാതെ സ്റേറ ചെയ്തിരിക്കുകയാണ്. അങ്ങനെ പല സ്ഥലത്തും ചീററിട്ട് കൊടുത്തിട്ട് സ്റേറ ചെയ്തു നിറുത്തിവച്ചിരിക്കുകയാണ് അതു പാടില്ല. സ്റേറയൊക്കെ മാററി അവർക്ക് ഭൂമികൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയണം. ഇതുമായി ബന്ധമില്ലെങ്കിലും ഒഴിപ്പിക്കലുകൾ ഇപ്പോഴുമുണ്ട്. കഴിഞ്ഞ ദിവസം ഞാൻ അതേപ്പററിപറഞ്ഞതാണ്. പട്ടയം കൊടുക്കാൻ എന്താണ് ബുദ്ധിമുട്ട്? എന്റെ നിയോജകമണ്ഡലത്തിത്തിൽ പുര വലിച്ചു പൊളിച്ചിട്ടിരിക്കുന്നതിന്റെ ചിത്രമാണ് സർ ഇത്. പത്തനാപുരം റേഞ്ചാഫീസറും പത്തനാപുരം പോലീസുംകൂടി പുര വലിച്ചു പൊളിച്ചിട്ടിരിക്കുന്നതിന്റെ ചിത്രം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. അതേസമയം ആ മേഖലയിൽ ഈ സഭയിൽ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയകക്ഷികളുടെ നേതൃത്വത്തിൽ അവിടെ കയ്യേററം നടക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. പട്ടാപ്പകൽ കയ്യേററം നടക്കുന്നു. ആ കയ്യേററത്തിന് ഞങ്ങൾ കൂട്ടില്ല. കയ്യേററക്കാർ ആരായാലുംശരി നിഷ്കരുണം അവരെ ഒഴിപ്പിക്കണം. പക്ഷേ അവരെ ഒഴിപ്പിക്കുന്നു എന്ന വ്യാജേന 1.1.1977-നു മുൻപുള്ള കൈവശ കൃഷിക്കാരെ ഒഴിപ്പിക്കാനും അവരുടെ പുര പൊളിക്കാനും ചെന്നാൽ സാദ്ധ്യമല്ല. അവർക്ക് വേഗം പട്ടയംകൊടുത്തു ഫാറസ്ററല്ലാത്ത ഭൂമിയുടെ അതിരിടണം. ഞാൻ ഒരു നിർദ്ദേശം പറയാം. തൽക്കാലം പ്ലാന്റേഷൻവച്ചു പിടിപ്പിച്ച് അതിർത്തി തിരിക്കാൻ സാദ്ധ്യമല്ലെങ്കിൽ നല്ലവണ്ണംപാറകീറി സിമൻറിട്ട് അതിർത്തി തൽക്കാലം വയ്ക്കുക. അത്രയെങ്കിലും ചെയ്തു ഫാറസ്ററിന്റെ അതിർത്തി തിട്ടപ്പെടുത്തണം.

പിന്നെ ഇവിടെ ഇഷ്ടദാനത്തെപ്പററി എന്റെ പ്രതിപക്ഷ സുഹൃത്തുക്കൾ പലരും ഇവിടെ സംസാരിച്ചു. അതേപ്പററി പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. എനിക്ക് വളരെ തമാശതോന്നി, കഠിനമായ പരിഹാസം തോന്നി, അപ്പുറത്തുനിന്നു സംസാരിച്ച എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. എം.കെ. കൃഷ്ണൻ അതു പറഞ്ഞപ്പോൾ എനിക്ക് ഈ പറയുന്ന പരിഹാസ്യമൊന്നുമല്ല തോന്നിയത്. സർ, കയ്യൂരിലേയും കാവുംപായിലേയും മുനയൻകുന്നിലേയും പാടിക്കുന്നിലേയും സേലം ജയിലിലേയും പരിയാരത്തേയും ശൂരനാട്ടേയും പുന്നപ്രവയലാറിലേയും അതുപോലെതന്നെ പല സ്ഥലങ്ങളിലേയും ധീരരായ കർഷകർ സമരം ചെയ്തു ജൻമിത്വം അവസാനിപ്പിക്കണമെന്നു പറഞ്ഞതിന്റെ ഫലമായിട്ടാണ് ഈ രാജ്യത്ത് ജൻമിത്വം അവസാനിച്ചത്. മലബാറിൽനിന്നുയർന്ന ആ ശബ്ദം, കൃഷി ചെയ്യുന്ന ഭൂമി കൃഷിക്കാരൻേറതാണെന്ന ആ ശബ്ദം ഇവിടെ ഉയർന്നു പൊങ്ങിയപ്പോൾ ഹിമാലയ ശിഖിരങ്ങൾ കുലുങ്ങി, സഹ്യാദ്രി കുലുങ്ങി. അങ്ങനെ മലബാറിലെയും ഇതരഭാഗത്തേയും ധീരരായ കൃഷിക്കാർ പോരാടിയതിന്റെ ഫലമായിട്ടാണ് ഈ രാജ്യത്ത് ജൻമിത്വം അവസാനിച്ചത്; , നിയമപരമായി ജൻമിത്വം ഒഴിഞ്ഞത്. ശ്രീ. എം.കെ. കൃഷ്ണൻ അവരുടെ അവകാശത്തെപ്പററി പറഞ്ഞുകൊണ്ട് പറഞ്ഞതിന്റെ ധ്വനിഭൂപരിഷ്കാരമാകുന്ന കുഞ്ഞിന്റെ അച്ഛൻ തങ്ങളാണെന്നാണ്. ഈ കുഞ്ഞിന്റെ അച്ഛൻ ആരാണ്? ഞാൻ പറയുന്നു, ഈ കുഞ്ഞിന്റെ അച്ഛൻ ഭൂനിയമത്തിന്റെ അച്ഛൻ നിങ്ങളാണോ, നിങ്ങളാണ് ശരിയായ അച്ഛനെങ്കിൽ നിങ്ങളുടെ ചോരയിൽ പിറന്ന കുഞ്ഞാണെങ്കിൽ ആ കുഞ്ഞ് എവിടെയെങ്കിലും ജീവിച്ചാൽ അതിൽ സന്തോഷം കൊള്ളുകയല്ലേ വേണ്ടത്, നിങ്ങൾക്ക് അതിൽ സന്തോഷമുണ്ടോ? സന്തോഷമുണ്ടോ കൃഷ്ണാ? നിങ്ങൾക്ക് സന്തോഷമില്ല. ഈ രാജ്യത്ത് ആരു നിഷേധിച്ചാലുംശരി, ലക്ഷക്കണക്കിന് കുടിയാൻമാർക്കും കുടികിടപ്പുകാർക്കും അനുഗ്രഹം ചെയ്തുകൊടുത്ത് ആവശ്യങ്ങൾ നേടിക്കൊടുത്ത ഒരു ഗവൺമെൻറാണ് ഇത്. ലക്ഷംവീടു പദ്ധതിയെപ്പററി പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങരം പറയും, ലക്ഷവുമില്ല, ഭിത്തിയുമില്ലെന്ന്. ഭിത്തി മോശമാണെന്നു പറയും. ഞാൻ അടക്കം പതിനായിരക്കണക്കിന് കർഷകത്തൊഴിലാളികരം മുൻപ് നമ്പൂതിരിപ്പാടിന്റെ വീട്ടിൽ ചെന്നപ്പോരം കതകു തുറക്കാത്ത നമ്പൂതിരിപ്പാട് വീട്ടിനകത്തിരുന്ന് ടാററാ പറഞ്ഞ് പഞ്ചായത്തിൽ വീട് പണിയാൻ കാശില്ലെന്നു പറഞ്ഞ നമ്പൂതിരിപ്പാടിന്റെ പാർട്ടിക്കാർ ഇവിടെവന്നു ഇതു പറയുമ്പോരം സഖാവ് കൃഷ്ണൻ എനിക്ക് വിഷമമുണ്ട്. പിന്നെ നിങ്ങരം പറയുന്നല്ലോ, ഇപ്പോരം എന്താണ് നടക്കുന്നത്? ഇവിടെ വിമർശനവിധേയമായ ഇഷ്ടദാനം അംഗീകരിച്ചാൽ ഏറിയാൽ നഷ്ടം വരുന്നത് പതിനായിരം ഏക്കറാണ്. ആ നഷ്ടം നിങ്ങരംക്ക് സഹിക്കാൻ ആകുന്നില്ല. ബംഗാളിൽ എന്താണ് ചെയ്തത്? നിങ്ങളുടെ നേതാവ് ഇവിടെ വന്നപ്പോരം പറഞ്ഞത്, പരിധി നിർണ്ണയത്തിനു ബംഗാരം പാകമായില്ല എന്നാണ്. 1957-ലെ നമ്പൂതിരിപ്പാടിന്റെ ശബ്ദമാണ്, 1967-ലെ നമ്പൂതിരിപ്പാടിന്റെ ശബ്ദമാണ് ഇന്നു ജ്യോതിബാസുവിൽകൂടി കേരംക്കുന്നത്. 1967-ൽ നമ്പൂതിരിപ്പാടു പറഞ്ഞു, ഈ നിയമം പാസാക്കാൻ സമയമായില്ല എന്ന്. ശ്രീമതി ഗൗരിയമ്മ പറഞ്ഞു, ഈ നിയമം പാസായാലും നടപ്പാക്കുകയില്ലെന്ന്. അതാണ് ഇന്നിവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങരം ഇതു അനുഭവിക്കണം. നിങ്ങളുടെ കുഞ്ഞാണെങ്കിൽ നിങ്ങരം സഹായിക്കണം. തെററുണ്ടെങ്കിൽ തിരുത്തണം എന്നും ശപിച്ചു കൊല്ലാൻ ശ്രമിക്കുന്നത് ശരിയാണോ? അതേക്കുറിച്ച് നിങ്ങരം ആലോചിക്കണം. ബംഗാളിൽ ഇപ്പോരം കൃഷിക്കാരുടെ രേഖ ഉണ്ടാക്കുന്നതേയുള്ളു. നിങ്ങരം ഭരിക്കുന്ന ബംഗാളിൽ ഇപ്പോരം കൈവശകൃഷിക്കാരുടെ രേഖയുണ്ടാക്കാൻ ശ്രമിക്കുന്നതേയുള്ളു. അവിടെ മര്യാദപ്പാട്ടമില്ല, ഭൂമിക്ക് പരിധിയില്ല. ശ്രീ. ജ്യോതിബാസു പറയുന്നത് എന്താണ്? ഞങ്ങരംക്ക് സമയമായില്ല എന്നാണ്. അവിടെ ചെന്താമരയുണ്ട്, അമൃതിനു തുല്യമായ അംഭസ്സുണ്ട്. പക്ഷേ നത്തക്ക മാത്രമില്ല.

ശ്രീ. കെ. അനിരുദ്ധൻ: സർ, എ പോയിന്റ് ഓഫ് ഓർഡർ ഒരു മണിക്കൂർ മുൻപ് ചെയറിൽനിന്നു റൂളിംഗ് ഉണ്ടായതാണ് ഈ സഭയിൽ ഇല്ലാത്ത ആളുകളെക്കുറിച്ച് ആക്ഷേപം പറയരുതെന്ന്. ജ്യോതിബാസു ഈ നിയമസഭയിൽ ഇല്ലാത്ത ആളാണ്. അങ്ങനെ ഒരാളിനെക്കുറിച്ച് ആരോപണവും ആക്ഷേപവും ഉന്നയിക്കുന്നത് ഓർഡറിലാണോ?

ശ്രീ. ഈ.കെ. പിളള: സർ ഞാൻ ആക്ഷേപമല്ല, വസ്തുത പറയുന്നു. അതു പറയാൻ എനിക്ക് അവകാശമുണ്ട്. അതു പറയുമ്പോരം നിങ്ങരം ചൊടിക്കാതിരുന്നാൽ മതി.

ശ്രീ. കെ. അനിരുദ്ധൻ: ജ്യോതിബാസു സഭയിൽ ഇല്ലാതിരിക്കേ അദ്ദേഹത്തെക്കുറിച്ച് പരാമർശനം നടത്തുന്നത് ആർഡറിലാണോ? അതേക്കുറിച്ച് റൂളിംഗ് തരണം.

(ബഹളം)

ശ്രീ. ഈ.കെ. പിളള: ഒരു ഗവൺമെൻറ് എന്തു ചെയ്യുന്നു എന്നു പറയാൻ എനിക്ക് അവകാശമുണ്ട്. അതു ഞാൻ പറയുന്നു എന്നേയുള്ളു

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

ശ്രീ. കെ. അനിരുദ്ധൻ: സർ, ഞാൻ ഉന്നയിച്ച പോയിൻറ് ഓഫ് ആർഡറിന് റൂളിംഗ് നൽകണം.

ശ്രീ. ഈ.കെ. പിള്ള: ബംഗാളിൽ സഖാവ് കൃഷ്ണൻെറ ഭാഷയിൽ പറഞ്ഞാൽ അവിടെ ചെന്താമരയുണ്ട്, അമൃതിന് തുല്യമായ അംഭസ്സുണ്ട്. ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ, അവിടെ നത്തക്കായുണ്ടോ സർ?

(ബഹളം)

ശ്രീ. കെ. അനിരുദ്ധൻ: ഈ സഭയിൽ ഇല്ലാത്ത ഒരാളിനെക്കുറിച്ച് ആക്ഷേപവും ആരോപണവും ഉന്നയിക്കുന്നത് ആർഡറിലാണോ എന്നുള്ളതിനെക്കുറിച്ചു റൂളിംഗ് നൽകണം. ഇവിടെ അങ്ങനെ ആക്ഷേപം ഉന്നയിക്കാൻ പാടില്ലെന്നു അങ്ങു മുൻപു പറഞ്ഞതാണ്.

ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ഒരു ആക്ഷേപവും പറഞ്ഞില്ല. എന്നിട്ടുവേണ്ടേ റൂളിംഗ് നൽകാൻ.

ശ്രീ. ഈ.കെ. പിള്ള: കേന്ദ്രഗവൺമെൻറിൻെറ പ്രതിനിധികൾ ഈ സഭയിൽ ഇല്ലാത്തിടത്തോളം കാലം കേന്ദ്രഗവൺമെൻറിനെ വിമർശിക്കാൻ സാദ്ധ്യമല്ലെന്നാണോ സഖാവ് അനിരുദ്ധൻ പറയുന്നത്? ഒരു വ്യക്തിയെ സംബന്ധിച്ച പരാമർശനം വരികയാണെങ്കിൽ നേരത്തെ എഴുതിക്കൊടുക്കണമെന്നുണ്ടെന്നുള്ള കാര്യം ഞാൻ മനസിലാക്കുന്നു. പക്ഷേ ഒരു ഗവൺമെൻറിൻെറ ചെയ്തികളെ സംബന്ധിച്ചിടത്തോളം വിമർശിക്കാൻ ആർക്കും അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്, അതു ഇനിയും ഞങ്ങൾ ചെയ്യും.

ഞാൻ കൂടുതൽ പറയുന്നില്ല. അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ പ്രയാസമാണ്. സർ, ഞാൻ അവസാനിപ്പിക്കുകയാണ്. പണ്ട് ബ്രഹ്മാവിനോടു ഒരാൾ പറഞ്ഞത് ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു.

''അരസികേഷ്ഠ കവിത്വ നിവേദനം
ശിരസി മാ ലിഖ മാ ലിഖ മാ ലിഖ''

എന്നു മാത്രമേ പറയുന്നുള്ളു. അങ്ങനെ അനിരുദ്ധനോടും ബാലകൃഷ്ണപിള്ളയോടും പി.ബി.ആർ. പിള്ളയോടും ഇതു പറയുന്നതിൽ ബുദ്ധിമുട്ടുണ്ട്. ശിരസി മാ ലിഖ, ശിരസി മാ ലിഖ, ശിരസി മാ ലിഖ ഇതു മാത്രമേ എനിക്ക് പറയാനുള്ളു.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഈ ഡിമാൻറുകളെ സംബന്ധിച്ചുള്ള ചർച്ചകളിൽ പൊന്തിവന്നിട്ടുള്ള സ്വാഗതാർഹമായ എല്ലാ നിർദ്ദേശങ്ങളെയും ഞാൻ സ്വാഗതം ചെയ്യുന്നു. പൊതുവായി വിമർശനങ്ങളുടെ തീഷ്ണതകുറഞ്ഞതു കണ്ടതുകൊണ്ടാണോ എന്ന് അറിഞ്ഞുകൂടാ, റവന്യൂ വകുപ്പിനെ കുറിച്ചുള്ള ചർച്ചയിൽ എന്തെങ്കിലും ഒന്ന് വേണമല്ലോ എന്നുള്ളതുകൊണ്ടായിരിക്കാം അവസാനം ഇങ്ങനെ ഒരു ഏർപ്പാട് ഉണ്ടായത് എന്നും എനിക്കുതോന്നിപോകുന്നു. ഈ ചർച്ചകളിൽ പ്രധാനപ്പെട്ട വിഷയം ഭൂപരിഷ്കരണമാണ്. ശ്രീ. എം.കെ. കൃഷ്ണനാണ് അതിനെ സംബന്ധിച്ച ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിവച്ചത്. താരതമ്യേന സാമാന്യം ഭംഗിയായി ഈ കാര്യങ്ങൾ നടക്കുന്നുവെന്നു നമ്മുടെ ഈ സഭ അംഗീകരിച്ചതായിട്ടാണ് ഞാൻ കണക്കാക്കുന്നത്. പിന്നീട് എന്റെ സ്നേഹിതൻ ശ്രീ. പി. ആർ. കുറുപ്പ് സ്വതസിദ്ധമായ കുസൃതിത്തരത്തോടും സ്നേഹത്തോടുംകൂടി ചില പരാമർശനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ചെല്ലാം തന്നെ വിശദമായ ഒരു മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ചില വസ്തുതകൾ പറയാം. ഭൂപരിഷ്കാര നിയമത്തെ സംബന്ധിച്ചു തന്നെ പറയാം. അതിൽ അടിസ്ഥാനപരമായി ചെയ്യേണ്ട ഒരു ജോലിയാണ് ഭൂ ഉടമാ സമ്പ്രദായത്തിലുള്ള മാററങ്ങൾ. ആ നിലയിൽ അതിന്റെ പ്രാധാന്യം വളരെ ഗൗരവമേറിയതാണ്. സ്വാഭാവികമായും അതിനു പ്രാധാന്യം നൽകികൊണ്ടുതന്നെ ചർച്ചകൾകൊണ്ടുപോകണമെന്നുള്ളതുകൊണ്ടുതന്നെയാണ് അക്കാര്യങ്ങളെക്കുറിച്ച് ആദ്യം പരാമർശിക്കാമെന്ന് ഞാൻ പറഞ്ഞത്. മററുള്ളതെല്ലാം അപ്രധാനം എന്ന അർത്ഥത്തിലല്ല. ചില കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ശ്രീ. എം.കെ. കൃഷ്ണൻ ഇതിന്റെ പ്രവർത്തനങ്ങൾ തീരെ മോശമായി എന്ന ധ്വനി വരത്തക്ക വിധത്തിൽ സംസാരിക്കുകയുണ്ടായി. വസ്തുതകൾ പൂർണ്ണമായും ശരിയല്ല. നമ്മുടെ സംസ്ഥാനത്തുള്ള എല്ലാവർക്കും അഭിമാനിക്കാവുന്നതാണ് പ്രത്യേകമായി ഒരു കക്ഷിക്കു മാത്രം അവകാശപ്പെട്ടതല്ല എല്ലാ രാഷ്ട്രീയകക്ഷികൾക്കും, ബഹുജനപ്രസ്ഥാനങ്ങൾക്കും ഒരുമിച്ച് അഭിമാനിക്കാവുന്ന ഒരു വസ്തുതയാണ്. നമ്മുടെ രാജ്യം മാതൃകാപരമായ നേതൃത്വം കൊടുക്കുന്ന രീതിയിൽ ഭൂപരിഷ്കരണ നിയമത്തിലും അതു നടപ്പിലാക്കുന്ന രീതിയിലും നാം പ്രവർത്തിച്ചു എന്നുള്ളത്. ഇപ്പുറത്തിരിക്കുന്നവർക്കുമാത്രം ഊററം കൊള്ളാവുന്ന ഒരു കാര്യമല്ല, നമുക്ക് എല്ലാവർക്കും ഒരുമിച്ചു ഊററംകൊള്ളാനും അഭിമാനിക്കാനും വകയുള്ള കാര്യമാണ്. ഒരു പ്രദേശത്തിന്റെ വളർച്ച, ആ പ്രദേശത്തെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കും. പുരോഗമനപരമായ നിയമനിർമ്മാണങ്ങൾ നടത്തുന്നതും, നടപ്പാക്കുന്നതും, ആ നിലയിൽ ഈ നിയമത്തെ സംബന്ധിച്ചിടത്തോളം, ഇതു നടപ്പാക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ,നമുക്കു ഒരുമിച്ചു അഭിമാനം കൊള്ളാം. പൊളിററിക്കൽ ലീഡർഷിപ്പിന് ജനാധിപത്യ സംവിധാനത്തിൽ ''dedication to the cause and determination for its implementation.'' അതിൽ ഓഫീസേഴ്സിനെ സഹകരിപ്പിക്കാനും, ഈ നിയമം നടപ്പാക്കാനും കഴിഞ്ഞു എന്നുള്ളതിൽ നമുക്കു എല്ലാവർക്കും അഭിമാനം കൊള്ളാം.

സർ, ഒരു ഡിററർമിനേഷനോടുകൂടി അർപ്പണമനോഭാവത്തോടുകൂടി ഭൂപരിഷ്ക്കരണ രംഗത്ത് നാം പ്രവൃത്തിച്ചു. അതിന്റെ നേട്ടങ്ങളുണ്ട് മറേറതു സംസ്ഥാനത്തുള്ളതിനേക്കാളും നേട്ടങ്ങൾ ഈ മേഖലയിൽ നാം കൈവരിച്ചു. അതിൽ നമുക്ക് അഭിമാനം കൊള്ളാം. ചെറിയ ചെറിയ അപാകതകളുണ്ടെങ്കിൽ അത് ഊതിവീർപ്പിച്ച് മററു സംസ്ഥാനങ്ങളിൽ നമ്മെക്കുറിച്ച് ഒരു തെററിദ്ധാരണ ഉണ്ടാക്കുന്ന വിധത്തിലുള്ള ഏർപ്പാട് ഉണ്ടാക്കരുത്. കുടികിടപ്പവകാശമാണ് പ്രധാനമായും ഉള്ളത്. അത് സെക്ഷൻ 52 അനുസരിച്ചുള്ളതാണ്. ഗവൺമെൻറുദ്യോഗസ്ഥൻമാർ സുവോമോട്ടോയായി എടുത്ത കേസുകളുൾപ്പെടെ 1.3.1959 വരെയുള്ള കണക്കാണ് ഞാൻ പറയുന്നത്. 35,75,022 അപേക്ഷകളുണ്ട്. അതിൽ തീർപ്പു കൽപ്പിച്ചിട്ടുള്ളത് 35,55,421 കേസുകളാണ്. ബാക്കി അവശേഷിക്കുന്നത് 19,601 കേസുകളാണ്. ഇതിൽ അനുവദിച്ചുകൊടുത്തത

LIBRARY ARCHIVES Kerala Legislative Assembly

24,04,522 ആണ്. തള്ളിയത് 5,26,965. കോടതിക്ക് പുറത്തുവച്ച് തീർത്തതും ഡ്യൂപ്ലിക്കേഷനും 4,23,934, ഇതാണ് കണക്ക്. ഏഴു ലക്ഷത്തി ഇരുപത്താറായിരത്തോളം അപേക്ഷകൾ തള്ളിയിട്ടുണ്ട്. അപ്പോൾ വേഗത പോരാ അടിയന്തിരാവസ്ഥക്കാലത്തു തള്ളിക്കളഞ്ഞു എന്ന പരാമർശനം ശരിയല്ല. സർ, ഒരു വസ്തുത ഉണ്ടായിരുന്നു. ആദ്യ കാലത്തൊക്കെ സെക്ഷൻ 52 അനുസരിച്ചുള്ള അപേക്ഷകൾ കൊടുക്കുന്നതിന് ചിലരുടെ പ്രേരണ കൊണ്ടോ എന്തോ കർഷകർ മുന്നോട്ടുവന്നില്ല. പല പ്രാവശ്യവും നീട്ടിക്കൊടുക്കേണ്ടതായിവന്നു. ഗവൺമെന്റുദ്യോഗസ്ഥൻമാർതന്നെ അതേസമയത്ത് സുവോമോട്ടോയായി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അവസാനം നിർബന്ധമായി നീട്ടുകയില്ല എന്നു പറഞ്ഞപ്പോൾ, നീട്ടുകയില്ലെന്നു മാത്രമല്ല ഇങ്ങനെ അപേക്ഷിക്കാത്തവർക്ക് ബുദ്ധിമുട്ടുകൾ കൂടി ഉണ്ടാകുമെന്നു സൂചനയുണ്ടായപ്പോഴാണ് റഷ് ഉണ്ടായത്. ഇങ്ങനെയാണ് അപേക്ഷകൾ കൂടി വന്നത്. ഏതായാലും കണക്കു വേണമെങ്കിൽ ഞാൻ പറയാം. 1.1.1950 മുതൽ 3.10.1950 വരെ 91,000 അപേക്ഷകൾ ഉണ്ട്. പിന്നീട് 31.5.1955 വരെ പതിനൊന്നു ലക്ഷമായിരുന്നു അപേക്ഷകൾ. 1955 മുതൽ 1959 വരെ 23 ലക്ഷമായിരുന്നു. ഇതാണ് അതിന്റെ കണക്ക്. ഇനി നീട്ടിക്കൊടുക്കുകയില്ല എന്നു വന്നപ്പോഴാണ് ഇത്രയും അപേക്ഷകൾ വന്നത്. ഇത് നമ്മുടെ ഉദ്യോഗസ്ഥൻമാർ, നമ്മുടെ ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിലുള്ള എല്ലാ കുഴപ്പങ്ങളുടെയും നടുവിൽനിന്നുകൊണ്ട് ഗവൺമെന്റിന്റെ ഉദ്ദേശം, നിയമസഭയുടെ ഉദ്ദേശം മനസ്സിൽ കണ്ടുകൊണ്ട് അത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി ശ്രമിച്ചു. ഈ നിയമത്തിന്റെ ഉദ്ദേശം പ്രധാനമായും കുടികിടപ്പുകാരനെ ന്യായമായി സഹായിക്കുക, പാട്ടക്കാരന് പാട്ടഭൂമിയിൽ ഉടമാവകാശം നൽകുക, മിച്ചഭൂമി ഏറ്റെടുത്തുവിതരണം ചെയ്യുക മുതലായവയാണ്. ഇതൊക്കെ ഉൾക്കൊണ്ടുകൊണ്ട് ബഹുഭൂരിപക്ഷം ജീവനക്കാരും പ്രവൃത്തിച്ചു എന്നാണ് എനിക്കു പറയാനുള്ളത്. കുടികിടപ്പവകാശത്തെസംബന്ധിച്ചിടത്തോളം കിട്ടിയിട്ടുള്ള അപേക്ഷകൾ 4,26,468 ആണ്. തീർപ്പു കൽപ്പിച്ചത് 4,23,906, ബാക്കി 2562. ഇതിൽ അലൗഡ് 2,62,182, റിജക്ടഡ് 1,42,802. ഔട്ട് സൈഡ് ദി കോർട്ട് ഡിസ്പ്പോസൽ 18,922. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഓപ്ഷൻ കുടികിടപ്പുകാർക്ക് കൊടുത്തിരിക്കുകയാണ്. ഇത് പർച്ചേസ് ചെയ്യണമോ കുടികിടപ്പുകാരായി കണ്ടിന്യൂ ചെയ്യണമോ എന്നുള്ള ഓപ്ഷൻ നമ്മുടെ നിയമത്തിൽ കുടികിടപ്പുകാർക്കു കൊടുത്തിരിക്കുകയാണ്. അഥവാ ഇത് തെററായി തള്ളിപ്പോയാലും ആ കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ സാധിക്കുകയില്ല. ആ വസ്തുതകൂടി നാം മനസിലാക്കണം. വളരെ കാര്യമായി ഈ രംഗത്ത് നാം മുന്നോട്ടു പോയിട്ടുണ്ട്. മിച്ചഭൂമി വിതരണത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ ആകെ കിട്ടിയിട്ടുള്ള കേസുകളിൽ സുവോമോട്ടോയായി എടുത്തതെല്ലാംകൂടി 62,155 കേസുകളാണ്. 55,354 കേസുകളാണ് തീരുമാനമായിട്ടുള്ളത്. ബാക്കി അവശേഷിക്കുന്നത് 4581 കേസുകളാണ്. പിന്നെ ഹൈക്കോടതിയിൽനിന്നു തിരിയെ അയച്ചിട്ടുള്ള കുറച്ചു കേസുകളുണ്ട്. ഡിമാൻറഡ് കേസ്സ് 3,532 ഉണ്ട്. ഇപ്പോൾ പെൻറിംഗ് 1589 കേസാണ്. ടോട്ടൽ എക്സ്ററൻറ് ലാൻറ് ബോർഡ് ഓർഡർ ചെയ്തിട്ടുള്ളത് 1,41,581 ഏക്കറാണ്, സറണ്ടർ ചെയ്യാൻ ഓർഡേഴ്സ് ഇഷ്യൂ ചെയ്തിട്ടുള്ളത്. അതിൽ ഹൈക്കോടതിയുടെ തീരുമാനപ്രകാരം 26,610 ഏക്കർ കുറഞ്ഞിട്ടുണ്ട്. ബാക്കി അപ്പോൾ 1,15,150 ഏക്കറാണ്. അതിൽ 52,125 ഏക്കർ എടുത്തു കഴിഞ്ഞു. ബാക്കി 2289 ഏക്കർ ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ഉടമസ്ഥർക്ക് തിരിച്ചുകൊടുത്തു. ബാക്കി എടുക്കാനുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

45,335 ഏക്കറാണ്, ലാൻഡ് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ. അതിൽ ഹൈക്കോടതിയിൽ 2102 സി.ആർ.പി. കേസനുസരിച്ച് 28,034 ഏക്കർ എടുക്കുന്നത് തടഞ്ഞിരിക്കുകയാണ്. ബാക്കി ഡിസ്പ്യൂട്ടും പ്രൈവററ് ഫോറസ്ററിന്റെ കേസിലുള്ളതും, ഗിഫ്ററ് ഇൻവോൾവ്ഡായിട്ടുള്ളതും 15,352 ഏക്കർ വിതരണം ചെയ്യാതെ വച്ചിട്ടുണ്ട്. ബാക്കിയുള്ളത് 1925 ഏക്കറാണ് സ്ററേ ഒന്നുമില്ലാതെ എടുക്കാനുള്ളത്. ലാൻഡ് ബോർഡ് തീരുമാനം കല്പിച്ചിരുന്നതിൽ അതെടുക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ വിതരണം ചെയ്തിട്ടുള്ളത് 45,454 ഏക്കറാണ്. പൊതു ആവശ്യത്തിനുവേണ്ടി മാററിവച്ചിരിക്കുന്നത് 13,994 ഏക്കറാണ്. ഇനി ഡിസ്ട്രിബ്യൂട്ട് ചെയ്യാനുള്ളത് 10,386 ഏക്കറാണ്. അതിനെസംബന്ധിച്ചും 2926 ഏക്കർ ഹൈക്കോടതിയുടെ നിർദ്ദേശമുണ്ട് വിതരണം ചെയ്യരുതെന്ന്. പിന്നീട് തർക്കവും ഗിഫ്ററും എല്ലാംകൂടി ബാക്കി 1894 ഏക്കർ അസൈൻമെൻറ് പ്രോസസിൽ നിൽക്കുകയാണ്. ഇതിൽ കൊടുത്തിട്ടുള്ളതിൽ ഷെഡ്യൂൾഡ് കാസ്ററിൽ 26,458 പേർക്കു കിട്ടിയിട്ടുണ്ട്. എക്സ്ററൻഡ് 15,268 ഏക്കറാണ്. ഷെഡ്യൂൾഡ് ട്രൈബ്സിന് 4815 പേർക്കു കിട്ടിയിട്ടുണ്ട്. എക്സ്ററൻഡ് 4015 ഏക്കറാണ് മററു കമ്മ്യൂണിററീസിന് 38,959 ഏക്കർ. എക്സ്ററൻഡ് 2435. സൊസൈററീസ് ആൻഡ് ഇൻസ്ററിററ്യൂഷൻസ് ടു എക്സ്ററൻഡ് 1817. ഇങ്ങനെ മൊത്തം ബനിഫിഷ്യറീസ് 50236 ആണ്. ടോട്ടൽ ഏക്കറേജ് വിതരണം ചെയ്തത് 43454 ആണ്. ഇതാണ് ഭൂപരിഷ്ക്കരണ നിയമത്തെ സംബന്ധിച്ചിടത്തോളം മൂന്നാം വകുപ്പിലെ കാതലായ ഭാഗം. ഇതിന്റെ നടത്തിപ്പിൽ കുഴപ്പങ്ങളുണ്ട്, ഉദ്യോഗസ്ഥൻമാർ ക്രമക്കേട് കാണിക്കുന്നുണ്ട് എന്നൊക്കെയുള്ള പരാമർശനങ്ങൾ ക്രൂരമായവയാണ്, വസ്തുതകൾ വച്ചുകൊണ്ട് ഇങ്ങനെയുള്ള പരാമർശനങ്ങൾ ശരിയല്ലെന്നാണ് എനിക്കു പറയാനുള്ളത്.

സർ, ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ എനിക്കാഗ്രഹമുണ്ട്. മിച്ചഭൂമി വിതരണം ചെയ്ത കണക്കുകൾകൊണ്ടും സെക്ഷൻ 52 അനുസരിച്ച് ഭൂമിയിൽ ഉടമസ്ഥാവകാശം കിട്ടിയതിന്റെ ഏക്കറേജ് കണക്കാക്കി നോക്കുമ്പോഴും ശരാശരി ഒരേക്കറിൽ താഴെയാണ് ആളുകൾക്കൊക്കെ കിട്ടിയിരിക്കുന്നത്; മാർജിനൽ ഫാർമേഴ്സിന്. സർവ്വേ എടുത്തുനോക്കിയാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഹോൾഡിംഗ്സ് 60 ശതമാനത്തോളം ഒരേക്കറിൽ താഴെയാണ്. ഇതാണ് സംസ്ഥാനത്തിന്റെ ആകെക്കൂടിയുള്ള സ്ഥിതി.

തുണ്ടുഭൂമികൾ കൊടുത്തിട്ടു ഭൂപരിഷ്കരണ നടപടികൾ പൂർണ്ണമായും തീർന്നിരിക്കുന്നു എന്നു പറയുന്നത് അബദ്ധമായിരിക്കും. അത് ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കു യോജിച്ചതല്ല. പലരും പല രീതിയിൽ ഈ നിയമത്തെ കാണുന്നുണ്ട്. സാധുക്കൾക്ക് ഇത്രസെൻറ് ഭൂമി കൊടുത്തു എന്നു കാണുന്നവരുണ്ട്. ഏതായാലും ഈ ഗവൺമെൻറും ഈ സഭയും തുണ്ടുഭൂമി കൊടുക്കുന്നതുകൊണ്ടുമാത്രം തൃപ്തരാകുമെന്നു എനിക്കഭിപ്രായമില്ല. നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കാനുള്ള പരിശ്രമമാണു വേണ്ടത്. അവരെ ഭൂമിയുടെ ഉടമസ്ഥൻമാരാക്കുക, അതു ഭൂപരിഷ്കരണ നിയമംവഴിയാണെങ്കിലും മററു നിയമനിർമ്മാണങ്ങൾ വഴിയാണെങ്കിലും. ലാൻഡ് അസൈൻമെൻറു വഴി തന്നെ ഏതാണ്ട് 3 ലക്ഷത്തോളം ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വേറെയും പ്രയോജനം കിട്ടിയിട്ടുണ്ട്. 32 ലക്ഷത്തിൽപരം ആളുകൾക്കു പുതിയതായി ഭൂമിയുടെ ഉടമസ്ഥാവകാശം കിട്ടിയിട്ടുണ്ട്. അവരുടെയെല്ലാം ജീവിതനിലവാരം ഉയർത്താൻവേണ്ടി നമുക്കു പരിശ്രമിക്കേണ്ടതുണ്ട്. അവരുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുകയെന്നുള്ളതാണ് അല്ലാതെ തുണ്ടുഭൂമി കൊടുത്തിട്ടു സമാധാനപ്പെടുകയല്ല വേണ്ടത്. ഞാൻ അനുഭവത്തിൽനിന്നുതന്നെ പറയാം. നമ്മുടെ ആരബ്ളിം ഫോറസ്റ്റ് ലാൻഡ് ദൂരെയുള്ളവർക്കു വിതരണം ചെയ്തു. പലരും വിററുകൊണ്ടു പോയി. അവിടെ താമസിച്ചു കൃഷി ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുത്തില്ലെങ്കിൽ അതുകൊണ്ടു പ്രയോജനമുണ്ടാകുകയില്ല. നാളെ മറുപടി പറയാമെന്നു വിചാരിച്ചതാണ്, ഇപ്പോൾ ഓർമ്മ വന്നതുകൊണ്ടു പറയുകയാണ്. ഇവിടെ നിക്ഷിപ്ത വനഭൂമിവിതരണം സംബന്ധിച്ചു കാലതാമസത്തെപ്പററി പരാതിയുണ്ടായി. ഞാൻ അത് അംഗീകരിക്കുന്നു. എന്നാൽ നഗ്നമായ ഒരു ദുഃഖസത്യം രണ്ടു ഹെക്ടർവച്ച് കൊടുക്കാൻ ആളുകളെ തിരഞ്ഞെടുത്തിട്ട് ചിലയാളുകൾ ആ കാട്ടിൽപോയി താമസിക്കുവാൻ വരുന്നില്ലെന്നുള്ളതാണ്. ഈ ഭൂമിമാത്രം കൊടുത്തതുകൊണ്ട് അവർക്കു കഴിയാൻ ഒക്കുന്നില്ലെന്ന ചിന്തയാണ് പ്രധാനമായും ഉള്ളത്. അതുകൊണ്ട് ഈ ഗവൺമെൻറിൻെറയും ഈ സഭയുടെയും അടിയന്തിരമായ ശ്രദ്ധ ഈ ഗ്രാമീണജനതയുടെ സമ്പദ്ഘടനയ്ക്കു മാററം ഉണ്ടാകത്തക്ക രീതിയിൽ, ഈ കാർഷിക ജനതയുടെ ജീവിതനിലവാരം ഉയർത്താൻ ഗ്രാമങ്ങളിലെ വളർന്നുവരുന്ന ശക്തിയെ വളർത്തിക്കൊണ്ടുവന്നു ഒരു പുതിയ സമ്പദ്ഘടനയുണ്ടാകാൻ അടിയന്തിരമായി ശ്രമിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതിനെപ്പററി നാം ഒരുമിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി സമഗ്രമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എല്ലാ ഡിപ്പാർട്ടുമെൻറുകളുമായി സഹകരിച്ച് അതു നടപ്പിലാക്കണമെന്നാണ് ഉദ്ദേശം. അങ്ങനെയുള്ള ഒരു പരിപാടിയാണ് ബഡ്ജററിൽ സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. ഇപ്പോൾത്തന്നെ സമയം വളരെ വൈകി. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ ഒരു സംസ്ഥാനമെന്ന നിലയിൽ അതിൻെറ രണ്ടാംഘട്ടമെന്ന നിലയിൽ നാമെല്ലാംകൂടി വളരെ നിശ്ചയദാർഢ്യത്തോടുകൂടി ആ മേഖലയിൽ ഇങ്ങനെയൊരു പരിപാടിക്കുവേണ്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു എന്നാണ് എനിക്കു പറയുവാനുള്ളത്. സർ, ഈ സഭയുടെ പലഭാഗത്തുനിന്നും കർഷകരുടെ ബുദ്ധിമുട്ടുകളെസംബന്ധിച്ചും പ്രയാസങ്ങളെസംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. കഴിഞ്ഞപ്രാവശ്യം തന്നെ ഒരു അനൗദ്യോഗികപ്രമേയം വന്നു. മലയോരകർഷകരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. വിവിധ തലങ്ങളിൽനിന്നും പല സമയങ്ങളിലായി പൊന്തിവന്നിട്ടുള്ള അഭിപ്രായങ്ങളുണ്ട്. പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളം ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണത്തിനുദ്ദേശിക്കുന്നു. നമ്മുടെ സംസ്ഥാനത്തിൻെറ സാമൂഹ്യമായ വളർച്ച കണക്കാക്കിയാണു അതു പറയാൻ കാരണം. ഇന്നു പാട്ടബാക്കി ഡബ്ററ് റിലീഫ് ആക്ടിൻെറ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. ആ എക്സംപ്ഷൻ എടുത്തുകളഞ്ഞ് കേരളത്തിലെ കർഷകരുടെ പ്രയാസങ്ങളിൽ അവരെ സഹായിക്കുവാൻവേണ്ടി ഡബ്ററു റിലീഫ് ആക്ടിൻെറ പരിധിയിൽകൊണ്ടുവന്ന് കർഷകജനതയെ സഹായിക്കുവാൻവേണ്ടി ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. പി.കെ. ശങ്കരൻകുട്ടി: കാരായ്മകുടിയാൻമാരെ സംബന്ധിച്ചിടത്തോളവും കാണക്കുടിയാൻമാരെ സംബന്ധിച്ചിടത്തോളവും എന്താണഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: പാട്ടബാക്കി മുഴുവനായി റദ്ദു ചെയ്യുകയെന്നുള്ളതല്ല. ധനികകർഷകർ നമ്മുടെ സംസ്ഥാനത്തു വളരെ കുറവാണ്, എങ്കിലും കുറച്ചു സാമ്പത്തികശേഷിയുള്ള കർഷകരെ അതിൽനിന്നും ഒഴിവാക്കണമെന്നു ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. മൂവായിരം രൂപയിൽതാഴെ വരുമാനമുള്ളവർക്കു മൂവായിരംരൂപവരെയുള്ള ആനുകൂല്യം ഡബ്‌റ്റ് റിലീഫ് ആക്ടിലുണ്ട്. ഈ പാട്ടബാക്കിയുള്ള കർഷകരെ സംബന്ധിച്ചിടത്തോളം ഈ ആനുകൂല്യം കൊടുക്കാനുള്ള തീരുമാനം ഇന്നലെ എടുത്തു. അതു സഭയിൽ അറിയിക്കാൻവേണ്ടിയാണ് പുറത്തു പറയാത്തത്.

ശ്രീ. സി. വാസുദേവമേനോൻ: അവരെ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന നിയമനിർമ്മാണം ഈ സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ബേബിജോൺ: എനിക്കാഗ്രഹമുണ്ട്. പക്ഷേ നമ്മുടെ നിയന്ത്രണത്തിനതീതമാണ് അത്. കേന്ദ്രഗവൺമെൻറിന്റെ അംഗീകാരം അതിനാവശ്യമാണ്.

ശ്രീ. പി.വി.ആർ. പിള്ള: ഡബ്‌റ്റ് റിലീഫ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുമ്പോൾ കുടിയാൻമാരെക്കാൾ സാധുക്കളായ ജൻമിമാർ ഉണ്ട്. അവർക്കു സംരക്ഷണം എന്തെങ്കിലും കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ബേബി ജോൺ: ഞാൻ അതിലേക്കു വരുന്നു. ഈ ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കിയതുകൊണ്ട് പ്രയാസം അല്പം ചിലർക്കുണ്ടായിട്ടുണ്ട്. ഏതു സാമൂഹ്യപരിഷ്ക്കരണ നിയമം നടപ്പിലാക്കുമ്പോഴും കുറച്ചു പ്രയാസങ്ങളുണ്ടാകും. പക്ഷേ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കഴിയുന്നത്ര പ്രയാസങ്ങൾ കുറച്ചു കൂടുതൽ ആളുകൾക്കു പ്രയോജനം ഉണ്ടാകത്തക്കരീതിയിൽ നിയമനിർമ്മാണം നടപ്പിലാക്കണമെന്നാണ് ആഗ്രഹം. ഒരു ചെറിയ വിഭാഗത്തിന് ഇതു നടപ്പിലാക്കിയതുകൊണ്ട് യഥാർത്ഥത്തിൽ ബുദ്ധിമുട്ടുണ്ട്. പാട്ടം മാത്രം ആശ്രയിച്ചു ജീവിച്ച ആളുകൾക്കു മററു മാർഗ്ഗങ്ങൾ ഇല്ലാതെവന്നിട്ടുണ്ട്. അവരുടെ മുന്നിൽ കണ്ണടച്ചുനിൽക്കാൻ ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. അവർക്കു 2000 രൂപ വരെയുള്ള സാമ്പത്തിക സഹായം, എന്തെങ്കിലുമൊരു ചെറിയ തൊഴിൽ ചെയ്തു ജീവിക്കുവാനുള്ള സഹായം നൽകാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. അവർ സഹകരണസംഘങ്ങൾ രൂപീകരിച്ചു മുന്നോട്ടുവരികയാണെങ്കിൽ ഷെയർക്യാപ്പിററലും ലോണും കൊടുക്കുന്ന കാര്യം ഗവൺമെൻറ് ഗൗരവമായി ആലോചിക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: വരുമാനം മൂവായിരത്തിനുമേൽ ഉള്ളവർക്കു ഗഡുക്കളായി കൊടുക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തുകൂടെ?

ശ്രീ. ബേബി ജോൺ: വരുമാനം മൂവായിരത്തിനുമേലുള്ള ആളുകൾക്കു ഗഡുക്കളായികൊടുക്കുന്നതു..........................

ശ്രീ. പി. സീതിഹാജി: 1964-നുശേഷം പാട്ടത്തിനുകൊടുത്ത ജൻമിമാർ ഒഴിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: പാടില്ലെന്നാണു വ്യവസ്ഥ. എന്നാൽ ചില കേസ്സുകൾ അങ്ങനെ വന്നിട്ടുണ്ട്. അതിനുള്ള നിയമനിർമ്മാണത്തിനു ഗവൺമെൻറു നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മലബാറിലെ കാണക്കുടിയാൻമാരെ സംബന്ധിച്ചും കാരായ്മക്കുടിയാൻമാരെ സംബന്ധിച്ചും പറഞ്ഞു. ഈ ആളുകൾക്കു സംരക്ഷണം കൊടുക്കാനുള്ള നിയമനിർമ്മാണത്തെ സംബന്ധിച്ചും ഗവൺമെൻറ് ആലോചിക്കുകയാണ്. കാരായ്മകുടിയാൻമാരെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിൽ വലിയതോതിലുള്ള നമ്പറില്ല. എങ്കിലും നമ്പർ മാത്രമല്ല പ്രശ്നം. അവർക്ക് എന്തു ചെയ്യാൻകഴിയുമെന്ന് എനിക്ക് ഇപ്പോൾ ഖണ്ഡിതമായി പറയാൻകഴിയുകയില്ല. കാണക്കുടിയാൻമാരെസംബന്ധിച്ചിടത്തോളം നിയമത്തിൽ ഭേദഗതിവരുത്താൻ തീരുമാനം എടുത്തു കഴിഞ്ഞു. അതു കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തിന് അയച്ചു, അംഗീകാരവും കിട്ടിയിരിക്കുകയാണ്. വളരെ വേഗം അതിനുള്ള നടപടികൾ സ്വീകരിക്കാം. അങ്ങനെ സമഗ്രമായ ഭൂപരിഷ്ക്കരണനടപടികളും അതിനെത്തുടർന്നുള്ള ഫാളോഅപ് നടപടികളും എങ്ങനെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്ന് ആലോചിക്കണം, അതിനുവേണ്ടി സഹകരിക്കണമെന്നു മാത്രമാണ് എനിക്കു അപേക്ഷിക്കുവാനുള്ളത്. റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ റീ ഓർഗനൈസേഷനെ സംബന്ധിച്ചും ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചുമെല്ലാം ഇവിടെ പറഞ്ഞു. താലൂക്ക്, വില്ലേജ് ഇതെല്ലാം പുനർവിഭജനം ചെയ്യേണ്ടതാവശ്യമാണ്. അതുകഴിഞ്ഞദിവസംതന്നെ ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്തുകൊണ്ട് ഒരൊററയടിക്കു ഈ പുനർവിഭജനം സാധിക്കാത്തതുകൊണ്ട് അതു കണക്കിലെടുത്തുകൊണ്ടുള്ള ഒരു നടപടിയായിരിക്കും ഗവൺമെൻറു സ്വീകരിക്കുന്നത്. റവന്യൂ ഡിപ്പാർട്ടുമെൻറു ജീവനക്കാർക്കുള്ള ജോലിഭാരത്തെസംബന്ധിച്ചു പറഞ്ഞു ജോലിഭാരം വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ അംഗീകരിക്കുന്നു. മുൻപു ചെയ്തുകൊണ്ടിരുന്നതും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതുമായ ജോലി നോക്കുമ്പോൾ ഭാരം വർദ്ധിച്ചിട്ടുണ്ട്. എന്നുവച്ച് ദുസ്സഹമായി വർദ്ധിച്ചിട്ടുണ്ടെന്ന് അതിന് അർത്ഥമില്ല. അവരുടെ ഡിമാൻറുതന്നെ ഒരു ശാസ്ത്രീയമായ പഠനംവേണം, അതിൻെറ അടിസ്ഥാനത്തിൽ പുനഃസംഘടന വേണമെന്നാണ്. ഇപ്പോഴുള്ള മെഷീനറി വച്ച് ഒരു ഓ ആൻറ് എം സ്ററഡി നടത്തിയിട്ട് എന്താണെന്നുവച്ചാൽ ആലോചിക്കാം. പക്ഷേ ഈ അടുത്ത കാലത്തു ജീവനക്കാരുടെ പ്രമോഷനും മററും റവന്യൂ ഡിപ്പാർട്ടുമെൻറിൽ കിട്ടിയിട്ടുള്ളതുപോലെ മറെറാരു ഡിപ്പാർട്ടുമെൻറിലും കിട്ടിയിട്ടുണ്ടോ എന്നു സംശയമാണ്. അതവർക്കു പ്രമോഷൻ കൊടുക്കാൻവേണ്ടിയായിരുന്നില്ല. ഭൂപരിഷ്ക്കരണ നടപടികൾ വളരെവേഗം നടപ്പിലാക്കണമെന്നു ഉദ്ദേശിച്ചതുകൊണ്ട്, കൂടുതൽ ജീവനക്കാർ ആവശ്യമായി വന്നതുകൊണ്ട് അങ്ങനെ സംഭവിച്ചു എന്നുള്ളതാണ്. സന്തോഷകരമായി പ്രവർത്തിക്കുന്ന ഒരുവിഭാഗം ജീവനക്കാർ വേണം ഗവൺമെൻറിൻെറ പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ എന്നുള്ളതുകൊണ്ട് സൂപ്പർന്യൂമററിയായി 1100 ആളുകളുള്ളതിൽ ആരെയും പിരിച്ചുവിടാതെ ചിലരെ മററു ഡിപ്പാർട്ടുമെൻറുകളിലെ ഒഴിവുകളിൽ അബ്സോർബ് ചെയ്യുകയും ബാക്കിയുള്ളവരെ സൂപ്പർന്യൂമററിപോസ്ററുകളുണ്ടാക്കി അവിടെ നിർത്തിയിരിക്കുകയുമാണ്. അങ്ങനെ ജീവനക്കാരെ പിരിച്ചുവിടൽ ഒരു നയമായി അംഗീകരിക്കാതെ ഔദാര്യത്തോടുകൂടി അവരുടെ താൽപ്പര്യം സംരക്ഷിക്കുന്ന സമീപനമാണ്ഗവൺമെൻറിനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. കൃഷ്ണൻ: പലർക്കും ശമ്പളം കിട്ടിയിട്ട് മാസങ്ങളായി എന്നുള്ളതു കണക്കിലെടുത്ത് അതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബീജോൺ: കുറെ ആളുകളെ മററു ഡിപ്പാർട്ടുമെൻറുകളിൽ അയച്ചു. കുറെ ആളുകളെ സൂപ്പർന്യൂമററി പോസ്ററ് ക്രീയേററ് ചെയ്തു നിയമിച്ചു.

ശ്രീ. പാണാററത്തു കുഞ്ഞീമുഹമ്മദ്: കാർഷിക പരിഷ്ക്കരണനിയമം നടപ്പിലാക്കിയ ഉടൻതന്നെ സർവ്വേ നടത്താൻ കുറെ ആളുകളെ നിശ്ചയിച്ചിരുന്നു. അവർക്കു തുടർന്ന് ഉദ്യോഗം കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബീജോൺ: ബഹുമാനപ്പെട്ട മെമ്പർ തെററിദ്ധാരണയുടെ

2 P.M.] അടിസ്ഥാനത്തിൽ പറയുകയാണ്. ലാൻഡ് വെരിഫിക്കേഷൻ വോളണ്ടിയേഴ്സ് എന്നു പറയുന്നത് അങ്ങനെ നിയമിച്ചതല്ല. ഉദ്യോഗത്തിൽ നിയമിച്ചതൊന്നുമല്ലായിരുന്നു. വോളണ്ടിയേഴ്സാണ്. അവർ ഒരു കൊല്ലം കഴിഞ്ഞപ്പോൾ പോയി. അവർക്ക് നിയമനം വേണമെന്നു പറഞ്ഞാൽ ബുദ്ധിമുട്ടാണ്.

അങ്ങനെ ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തെക്കുറിച്ചു ഞാൻ പറഞ്ഞു. റവന്യൂബോർഡിൻെറ കാര്യമാണെങ്കിൽ വിവിധ വശങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. പൂർണ്ണമായ ഒരു പഠനം നടത്താതെ എന്തെങ്കിലും നിറുത്തണമോ തുടർന്നു കൊണ്ടുപോകണമോയെന്നു പറയാൻ പററുകയില്ല. അതുകൊണ്ടാണ് ഞാൻ അതിനെസംബന്ധിച്ച് അഭിപ്രായം പറയാതിരുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: റവന്യൂബോർഡ് നിറുത്തുമ്പോൾ ഓരോ ഡിപ്പാർട്ടുമെൻറിൻെറ ഹെഡ്ഡായി ഒരോരുത്തർ തുടരേണ്ടിവരും. അവർ അവിടെതന്നെ തുടരേണ്ടതാണ്. എന്താണ് വ്യത്യാസം?

ശ്രീ. ബേബീ ജോൺ: ഗുണദോഷങ്ങളെക്കുറിച്ച് ഇങ്ങനെ ചർച്ച ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. അനുകൂലമായും പ്രതികൂലമായും അഭിപ്രായമുണ്ട്. ഏതാണ് കാര്യക്ഷമമായ പ്രവർത്തനത്തിന് യോജിച്ചതെന്നു പരിശോധിച്ചു അതു നടപ്പാക്കുന്നതായിരിക്കും നല്ലത്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർവ്വെനടത്തി സബ്ഡിവിഷൻ തോറും കല്ലിട്ട് ശാസ്ത്രീയമായ രീതിയിൽ സർവ്വെ നടത്തുന്നതിനുപകരം പഴയ രീതിയിൽ സർവ്വെ നടത്താനാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ സർവ്വെനടത്താൻ നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: പഴയ രീതിയിൽ സർവ്വെചെയ്യാൻ നിർദ്ദേശം കൊടുത്തു എന്നുള്ളതു നേരാണ്. കല്ല് കൂടുതൽ ഇടുന്നതുകൊണ്ട് പ്രയോജനമില്ല. അത് കൂടുതൽ ചെലവും കൂടുതൽ കാലതാമസവും ഉണ്ടാക്കും. അതുകൊണ്ടാണ് ഇങ്ങനെ നിർദ്ദേശം കൊടുത്തത്.

അടുത്തത് സഹകരണ ഡിപ്പാർട്ടുമെൻറിൻെറ കാര്യമാണ്. സഹകരണ പ്രസ്ഥാനം ശക്തിയാർജ്ജിച്ച് മുന്നോട്ടുപോകുന്ന ഒരു കാലഘട്ടമാണ് ഇത്. സഹകരണപ്രസ്ഥാനം തുടങ്ങിയകാലത്ത് പരിമിതമായ ഉദ്ദേശ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. പരസ്പരസഹായസഹകരണം എന്ന ഉദ്ദേശമായിരുന്നു. അതിൻെറ ലക്ഷ്യത്തിൽ മാററംവന്നിരിക്കുന്നു. വളരെ വ്യക്തമായ ധാരണയാണ് ഈ ഗവൺമെൻറിനുള്ളത് ഈ കാര്യത്തിൽ. ഈ സഭയ്ക്കും ആ ധാരണതന്നെയാണ്. സഹകരണവകുപ്പിൻെറ ചാർജ്ജ് വഹിക്കുന്ന കേന്ദ്രമന്ത്രി മോഹൻധാരിയ വിളിച്ചുകൂട്ടിയ സഹകരണവകുപ്പുമന്ത്രിമാരുടെ കോൺഫറൻസിൽ ഒരു പൊതു നയം രൂപീകരിച്ചിട്ടുണ്ട്. ഇതൊരു വലിയ ജനാധിപത്യപ്രസ്ഥാനമാണ്. ആ ജനാധിപത്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക. അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്കു കടന്നുചെല്ലാൻ സാധിക്കാത്ത മേഖലകളിലെല്ലാം പരമാവധി സഹകരണപ്രസ്ഥാനം വ്യാപിപ്പിച്ചു ഇപ്പോഴും നമ്മളെല്ലാം ആഗ്രഹിക്കുന്ന ഒരു സാമൂഹ്യക്രമം പടുത്തുയർത്താനുള്ള ശ്രമത്തിൽ ഇതുഫലപ്രദമായ ഒരു ഉപകരണമായി വളർത്തിയെടുക്കണമെന്ന ഉദ്ദേശമുണ്ട്. അതു മനസ്സിൽ വച്ചുകൊണ്ടാണ് സഹകരണപ്രസ്ഥാനത്തെ ഗവൺമെൻറ് കാണുന്നത്. ആ രീതിയിൽ വളർത്തിയെടുക്കാനാണ് ശ്രമിക്കുന്നത്. അതിനു നിയമത്തിൽ മാററം വേണം. കാലതാമസം വന്നിട്ടുണ്ടെന്ന വസ്തുത അംഗീകരിക്കുന്നു. കാലതാമസം ഒഴിവാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ഇപ്പോഴംതന്നെ ലാൻഡ് മോർട്ടുഗേജ് ബാങ്കിൻെറ വായ്പയുടെ കാര്യത്തിൽ നിയമത്തിൽ മാററം വരുത്തേണ്ടിയിരിക്കുന്നു. നിയമം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഭൂമിക്ക്, നെൽകൃഷിക്ക് ഇതിനൊക്കെ ലോൺ കൊടുക്കുകയെന്നുള്ളതാണ് നമ്മുടെ മനസ്സിലുള്ള ലാൻഡ് മോർട്ടുഗേജ് ബാങ്കിനെ സംബന്ധിച്ച സങ്കൽപ്പം. ഇന്ന് അതു മാറിയിരിക്കുന്നു. ഭൂമിയിൽനിന്നും പരമാവധി ആദായമുണ്ടാക്കുന്നതിനുവേണ്ടി എല്ലാ ഭൂമിക്കും എല്ലാ ആവശ്യത്തിനും വായ്പ കൊടുക്കണം. കോഴി വളർത്തുന്നതിനും പശുവിനെ വളർത്തുന്നതിനും കുളംകെട്ടി മൽസ്യം വളർത്തുന്നതിനും ഭൂമിയിൽ എന്തെല്ലാം ചെയ്യണോ അതിനെല്ലാം സഹായം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. ആ രീതിയിൽ ആ നിയമത്തിൽ മാററം വരുത്താൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, കർഷക ജനതയ്ക്കും ഗ്രാമീണ ജനതയ്ക്കും കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ഈ നിയമത്തിൽ മാററം വരുത്തണം. നമ്മുടെ സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു സത്യം നാം അംഗീകരിക്കണം. ആരുടേയും കുററമല്ല. ഇതിനു മുമ്പുണ്ടായിരുന്ന ഉദ്ദേശലക്ഷ്യമായ ഭക്ഷ്യരംഗത്ത് ഉല്പാദനം വർദ്ധിപ്പിക്കൽ ആയിരുന്നപ്പോൾ ഈ ആനുകൂല്യങ്ങളൊക്കെ കിട്ടിയിരുന്നത് ഒരു പ്രത്യേക വിഭാഗത്തിനാണ്. ഭൂ ഉടമകൾക്കുമാത്രമാണ് പ്രധാനമായും ഇതിന്റെ ആനുകൂല്യങ്ങൾ കിട്ടിയിട്ടുള്ളത്. അവർക്കുമാത്രം, കാർഷികാവശ്യത്തിനുമാത്രം സഹായിക്കുക. ഭൂ ഉടമകൾക്കുതന്നെ കാർഷികേതര ആവശ്യത്തിനും സഹായമില്ല. കാർഷികാവശ്യത്തിനുമാത്രമേ ഉള്ളൂ. നിയമത്തിലെ നിബന്ധനകളും പ്രതിബന്ധങ്ങളും കൊണ്ടാണ്. അതു മാററാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നേരത്തെ പറഞ്ഞ കണക്കുകൾ അനുസരിച്ച് മാർജിനൽ ഫാർമേഴ്സ്, സ്മാൾ ഫാർമേഴ്സാണ് കൂടുതൽ. സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പയും അവർക്കാണ് കൂടുതൽ. ഇൻഡ്യാരാജ്യം ഒട്ടാകെ എടുക്കുമ്പോൾ മാർജിനൽ ഫാർമേഴ്സ്, സ്മാൾ ഫാർമേഴ്സിനാണ് കിട്ടുന്നത്. റിസർവ്വുബാങ്കിന്റെ ഒരു സർക്കുലർ ഉണ്ടായിരുന്നു. ഇവിടെ വിതരണം ചെയ്യുന്നതിന്റെ 20 ശതമാനമെങ്കിലും ഇവർക്കു കൊടുക്കണമെന്ന ഒരു പൊതു നിർദ്ദേശമുണ്ടായിരുന്നു. ഇവിടെ 60 ശതമാനത്തിലധികവും സാധു കർഷകരാണ്. അവിടേയും നിയമത്തിൽ ഭേദഗതിവരണം.

പിന്നെ ഇവിടെ ഷെയർലിംഗിംഗിന്റെ കാര്യം പറഞ്ഞു. വളരെ ന്യായമായ ഒരാവശ്യമാണ്. സഹകരണപ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് അതിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഉണ്ടാക്കിയ ആ വ്യവസ്ഥ ഇന്നു നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾ സ്വന്തം കാലിൽ ഉറച്ചു നിൽക്കാൻ തുടങ്ങിയ സാഹചര്യത്തിൽ പഴയ ഷെയർലിംഗിംഗ് എടുത്തുകളയണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനുവേണ്ടി റിസർവ്വുബാങ്കിനെ സമീപിച്ചിട്ടുണ്ട്. റിസർവ്വുബാങ്ക് ചില അയവുകൾ വരുത്തിയിട്ടുണ്ട്. കൂടുതൽ മാററം വരുത്തണമെന്നാണ് കരുതുന്നത്.

നമ്മുടെ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും ബഡ്ജററിന്റെ പൊതു ചർച്ചയിൽ കർഷകജനതയ്ക്ക് അവരുടെ വായ്പയുടെ പലിശ ഇളവു ചെയ്തുകൊടുക്കുന്ന കാര്യം പറഞ്ഞു. എന്റെ സ്നേഹിതൻമാർക്ക് അതിൽ സംശയം തോന്നുന്നുണ്ട്. അതിൽ കാര്യമായ പ്രയോജനമുണ്ടാകുകയില്ലെന്ന വാദം ശരിയല്ല സർ. കാര്യമായ പ്രയോജനമുണ്ടാകും. നമ്മുടെ കർഷകരെ സംബന്ധിച്ചിടത്തോളം നോക്കുമ്പോൾ ഇപ്പോൾ 25 ശതമാനം പേർ മാത്രമേ കുടിശ്ശികയുള്ളൂ. ബാക്കി 75 ശതമാനവും കൃത്യമായി അടയ്ക്കുന്നു. 75 ശതമാനം ആളുകൾക്ക് ആനുകൂല്യം കിട്ടും. അപ്പോൾ ഇത് കുടിശ്ശികവരുത്താതെ കൃത്യമായി അടയ്ക്കാനുള്ള ഒരു പ്രേരണ കൂടിയാകും. ഇതു കർഷകരെ സഹായിക്കുന്ന നടപടിയാണ്: ഫലപ്രദമായ സഹായമായിരിക്കും. ദീർഘകാലവായ്പയ്ക്കും ഹ്രസ്വകാല വായ്പയ്ക്കും മദ്ധ്യകാലവായ്പയ്ക്കും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ സഹകരണപ്രസ്ഥാനത്തിൽ മറ്റൊരു ജോല കൂടി എടുക്കാമെന്നു വിചാരിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ രൂക്ഷമായ പ്രശ്നമാണ് തൊഴിലില്ലായ്മ. ഈ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പരിശ്രമം നാം ഒരുമിച്ചുനടത്തണം. സങ്കീർണ്ണമായ ഈ പ്രശ്നത്തിന് ഒരുമിച്ചുനിന്നു നാം പരിശ്രമിച്ചാൽമാത്രമേ പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളു. എല്ലാ ആളുകൾക്കും ഗവൺമെൻറു ജോലികൊടുക്കാനോ എല്ലാ ആളുകൾക്കും വ്യവസായശാലകളിൽ ജോലി കൊടുക്കാനോ പററുകയില്ല. സ്വയം തൊഴിൽ കണ്ടെത്താൻ തയ്യാറുള്ള എംപ്ലോയ്മെൻറിൽ പേരു രജിസ്ററർചെയ്ത ആളുകൾക്കു ഇപ്പോൾതന്നെ ആനുകൂല്യമുണ്ട്. എംപ്ലോയ്മെൻറിൽ പേരു രജിസ്ററർ ചെയ്തിട്ടുള്ള സ്വയം തൊഴിൽചെയ്യാൻ തയ്യാറായി മുന്നോട്ടുവരുന്നവർക്ക് വായ്പ കൊടുക്കുമ്പോൾ കർഷകർക്കുകൊടുക്കുന്ന ആനുകൂല്യം മൂന്നു ശതമാനം പലിശയ്ക്ക് സ്വയം തൊഴിൽ കണ്ടെത്താൻ തയ്യാറുള്ള നമ്മുടെ ചെറുപ്പക്കാർക്കുകൂടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവർക്കു കൊടുക്കുന്ന വായ്പക്കുകൂടി ഈ ആനുകൂല്യം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണപ്രസ്ഥാനത്തെ ആ നിലയിൽ നമുക്കു ശക്തമാക്കാം.

പിന്നെ കൺസ്യൂമർ വിംഗ് വളരെ ദുർബലമാണ്. മാർക്കററിംഗ് സൊസൈററികളുടെ കാര്യം പറഞ്ഞു. നമ്മുടെ മാർക്കററിംഗ് വിംഗു തന്നെയും ദുർബലമാണ്. കർഷകൻെറ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ല. ഉപഭോക്താവിനും ന്യായമായ വിലയ്ക്ക് സാധനം കിട്ടുന്നില്ല. ഇടയ്ക്കു പോകുന്നു. ആ ഏർപ്പാട് അവസാനിപ്പിക്കണം. മാർക്കററിംഗ് സഹകരണസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. കൺസ്യൂമർ വിംഗിൻെറ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ആ രീതിയിലുള്ള പരിപാടികളാണ് ഗവൺമെൻറ് ആവിഷ്കരിക്കുന്നത്.

ബഹുമാനപ്പെട്ട കുറുപ്പ് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കണക്കുകൾകൊണ്ട് ധനകാര്യമന്ത്രി വരദരാജൻ നായർ എന്നെയും സി.എച്ച്. നെയും കളിപ്പിച്ചു എന്ന് ഫലിതത്തിൽ പറഞ്ഞു. കണക്കുകൾ കൊണ്ട് അതു പൂർണ്ണമായും ശരിയല്ല.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ഭാഗികമായി ശരിയാണോ?

ശ്രീ. ബേബി ജോൺ: ഭാഗികമായും ശരിയല്ല. വസ്തുതകൾ പൂർണ്ണമായും മനസ്സിലാക്കാത്തതുകൊണ്ടാണ് അദ്ദേഹം അതു പറഞ്ഞത്. കണക്കുകൾ എടുത്തു പറഞ്ഞതു മുഴുവൻ ശരിയാണ്. അതിൽ തർക്കമില്ല. എന്താണ് കുറയാനുള്ള കാരണം എന്നുകൂടി ഉണ്ട്. വെയർ ഹൗസിംഗ് കോർപ്പറേഷൻെറ കാര്യംതന്നെ എടുക്കാം. അദ്ദേഹം ആദ്യത്തെ ഒരു പേജ് വായിച്ചുകൊണ്ടാണ് അതിൽ കുറവുവരുത്തിയിരിക്കുന്നു എന്നു പറഞ്ഞത്. അവിടെ ഒരു എക്സ്പ്ലനേഷൻ കൊടുത്തിട്ടുണ്ട്. അതിൽ പറയുന്നത് Since Government have exempted levy upto 10 acres from the Viripu Crops 1978, reduced provision is found sufficient under Warehousing and Marketting Co-operatives (i.e. Loans

LIBRARY ARCHIVES Kerala Legislative Assembly

to Co-operative Central Banks for procurement of paddy) എന്നാണ്. ലെവി സിസ്ററത്തിൽ ഒരു മാററം വരുത്തി. 10 ഏക്കറിൽ കൂടുതലായിട്ടുള്ളവർക്കു മാത്രമേയുള്ളു, അതു ഫലത്തിൽ വലുതായിട്ടു കാണുകയില്ല. അപ്പോൾ പ്രൊക്യൂവർമെൻറിനുവേണ്ടിയുള്ള ലോൺ കുറച്ചു കൊള്ളിച്ചിരുന്നതു വേണ്ടെന്നുവച്ചു. എൻ.ഡി.സി.യിൽ നിന്നും ഒരുകോടിരൂപയും, റിസർവ്വുബാങ്കിൽനിന്നും ഒരു കോടി മുപ്പത്തിരണ്ടുലക്ഷം രൂപയും വരവായി കാണിക്കുമ്പോൾ, അതിൻെറ ചെലവായികാണിക്കുന്നത് റിസർവ്വു ബാങ്കിനു കൊടുക്കാനായി 59 ലക്ഷവും എൻ.ഡി.സി.ക്കു മടക്കിക്കൊടുക്കാനായി 35 ലക്ഷവുമാണ്. അല്ലാതെ ഒരുകോടിവാങ്ങിച്ചു 35 ലക്ഷം ചെലവാക്കിയെന്നല്ല. ആ ധാരണയുടെ പിശകാണ് അതിലുള്ളത്. സർ, അങ്ങനെ നോക്കുമ്പോൾ അദ്ദേഹം ഉന്നയിച്ചത് ഈ വസ്തുതകൾക്ക് നിരക്കുന്നതല്ല എന്നു മാത്രമേയുള്ളു. സർ, ആരേയും നമുക്കു ആശയ കുഴപ്പത്തിലാക്കിയിട്ടു ഒന്നും നേടാനില്ല. അങ്ങനെ കണക്കുകൾ കൊണ്ടുള്ള കസർത്തുകൾ ഒന്നും വേണ്ട. നമ്മുടെ നാടിൻെറ സാമ്പത്തിക സ്ഥിതിയെല്ലാം കണക്കിലെടുത്തുകൊണ്ടു നമ്മുടെ നാടിൻെറ വികസനത്തിനു വേണ്ടി നാം ഒരുമിച്ചു പ്രവർത്തിക്കുക എന്നുള്ളതല്ലാതെ ഈ കണക്കുകൾ കൊണ്ടു ഒരു കസർത്തു കാണിച്ചിട്ടു ആരേയും എങ്ങും എത്തിക്കുകയില്ല. അദ്ദേഹം പറഞ്ഞതിൽ ഒരു കാര്യമുണ്ട് സർ, ഞാൻ അത് സമ്മതിക്കുന്നു. ഡിസ്ട്രിക്ട് ബാങ്കിലെ ജീവനക്കാരുടെ വേതനത്തെ സംബന്ധിച്ച് ഉണ്ടായ ഒരു കമ്മിററിയുടെ റിപ്പോർട്ടിനെ സംബന്ധിച്ചു ചില പിശകുകൾ വന്നിട്ടുണ്ട്. ആരെങ്കിലും ബോധപൂർവ്വം ആ പിശകു വരുത്തിയെന്ന് എനിക്കഭിപ്രായമില്ല. എങ്കിലും എങ്ങനെ ആ പിശകുകൾ വന്നു എന്നുള്ളതിനെ സംബന്ധിച്ചു അന്വേഷണം നടത്താനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. അതുപോലെതന്നെ പിശകുകൾ തിരുത്തിയിട്ടു ഗവൺമെൻറു സ്വീകരിക്കുന്ന നയം, ഇങ്ങനെയുള്ള കമ്മിററികളെ രൂപീകരിച്ചാൽ ആ കമ്മിററികൾ ഏകകണ്ഠമായി ശുപാർശചെയ്തിട്ടുള്ളത് അംഗീകരിക്കുക എന്നുള്ളതാണ്. പലപ്പോഴും പല ബുദ്ധിമുട്ടുകളും അതിൽ വരുമെങ്കിലും കമ്മിററിയുടെ ഏകകണ്ഠമായ ശുപാർശകൾ അംഗീകരിക്കുക എന്നുള്ളതാണ് ഗവൺമെൻറിൻെറ നയം. സ്റേററു ബാങ്കിൻെറ കാര്യത്തിലും അതാണു ചെയ്തത്; ഡിസ്ട്രിക്ററു ബാങ്കിൻെറ കാര്യത്തിലും അതാണ് ചെയ്തത്. ആ ശുപാർശയെ സംബന്ധിച്ചു ആ ഫിഗേഴ്സിൽ ചില പിശകുകൾ വന്നിട്ടുണ്ട് എന്നുള്ള വസ്തുത ഞാൻ അംഗീകരിക്കുന്നു. അത് തിരുത്തി വേണ്ട ഓർഡറുകൾ കൊടുക്കാനും ഗവൺമെൻറു തീരുമാനിച്ചുകഴിഞ്ഞു. എങ്ങനെ പിശകുവന്നു എന്നുള്ളതിനെ സംബന്ധിച്ചു അന്വേഷിക്കാനും ഒരു ഏർപ്പാടു ചെയ്തു.

<u>ശ്രീ. പി.ആർ. കുറുപ്പ്:</u> ദേശീയ വികസന കൗൺസിലിനെ സംബന്ധിച്ചുള്ള ഒരു വിശദീകരണം മനസ്സിലായില്ല. ഏതു ബഡ്ജററിൽ, നമുക്കു സപ്ലൈചെയ്തിട്ടുള്ള ഏതു പുസ്തകത്തിൽ, എവിടെയാണ്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞവിശദീകരണം ഉള്ളതെന്നു പറഞ്ഞുതരാമോ? ഇതിൽ ദേശീയ വികസന കൗൺസിൽ അതായത് എൻ. ഡി. സി; എൻ.ഡി.സി. യിൽ നിന്നും കിട്ടുന്ന സംഖ്യയെ സംബന്ധിച്ചു ഒരു വിശദീകരണം ബഹുമാനപ്പെട്ട മന്ത്രിതന്നു. അത് ഏതു പുസ്തകത്തിൽ ഏതു ഭാഗത്താണെന്നു പറഞ്ഞാൽ ഒന്നു നോക്കാമായിരുന്നു.

<u>ശ്രീ. ബേബി ജോൺ:</u> ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഏതു പുസ്തകത്തിൽ നിന്നാണ്. ഒരു കോടി മുപ്പത്തിയഞ്ചുലക്ഷമെന്നും പറഞ്ഞു, എവിടെയാണ് വായിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ആർ. കുറുപ്പ്: ബഡ്ജററു വിശദീകരണം എന്ന പുസ്തകത്തിൽ നിന്ന്.

ശ്രീ. ബേബി ജോൺ: അതിൽ എന്താണുള്ളത്.

ശ്രീ. പി.ആർ. കുറുപ്പ്: ഞാൻ വായിക്കാം. ദേശീയ വികസന കൗൺസിലിൽനിന്നും വായ്പകൾ റെസിപ്റ്റ്സ് ഒരു കോടി. പിന്നെ ഡിസ്ബേഴ്സ്മെൻറ് മുപ്പത്തഞ്ചു ലക്ഷത്തിഅൻപത്തോരായിരം.

ശ്രീ. ബേബിജോൺ: ഞാൻ അതുതന്നെയാണ് ഡിസ്ബേഴ്സ്മെൻറന്നു പറഞ്ഞത്; തിരിച്ചു കൊടുക്കാനുള്ളതാണ്. അതാണ് അതിൻെറ ഉദ്ദേശം. അതല്ലാതെ വേറെയൊന്നും അതിലില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. അതുപോലെതന്നെ സഹകരണ ജീവനക്കാരുടെ വേതനത്തെക്കുറിച്ചൊക്കെ പറഞ്ഞു. സർ, ഈ സഹകരണ ജീവനക്കാർക്ക് വേതന പരിഷ്ക്കരണം വേണം, അതിനു ചില നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാമേഖലകളിലുമുള്ള സഹകരണ ജീവനക്കാർക്കു ഈ ആനുകൂല്യങ്ങളെല്ലാംകൂടി കൊടുത്താൽ എന്തുമാത്രം നടപ്പാകുമെന്നുള്ളത് ഗൗരവപൂർവ്വം ആലോചിക്കണമെന്നു മാത്രമേ എനിക്കു പറയാനുള്ളു. പക്ഷേ ന്യായമായ വേതനം അവർക്കു ലഭിക്കണമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. നമ്മുടെ നാടിൻെറ പുരോഗതിക്കു ഏററവും ആവശ്യമായിട്ടുള്ള ഈ ഭൂപരിഷ്കരണ രംഗത്തുള്ള നടപടികളും അതിനെ തുടർന്നുള്ള പ്രവർത്തനങ്ങളും, സഹകരണപ്രസ്ഥാനം വിപുലപ്പെടുത്തലും മററും ആയിട്ടുള്ള പ്രവർത്തനങ്ങളിൽ നമുക്കു സഹകരിച്ചു പ്രവർത്തിക്കാം. അതിനുവേണ്ടി........

ശ്രീ. പി.കെ. ശങ്കരൻകുട്ടി: ഇപ്പോൾ തിരുവനന്തപുരം ഡിസ്ട്രിക്ട് ഹോൾസെയിൽ കോവോപ്പറേറീവ് സ്റേറാഴ്സിനെ റീ വൈററലൈസേഷൻ സ്കീമിൽ ഉൾപ്പെടുത്താതിരിക്കാനുള്ള കാര്യം പറഞ്ഞു.

ശ്രീ. ബേബി ജോൺ: സർ, അത് ആദ്യത്തേതിൽ ഉൾപ്പെടുത്തിയിട്ടില്ല. പക്ഷേ ഇപ്പോൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അതനുസരിച്ചു ഉൾപ്പെടുത്തിയുള്ള സ്കീം അയച്ചിട്ടും ഉണ്ട്. നമ്മുടെ കൺസ്യൂമർ വിങ്ങ് ശക്തിപ്പെടുത്തണമെന്നുള്ളത് കൊണ്ടുതന്നെയാണ് നമ്മൾ ഇങ്ങനെ ചെയ്യുന്നത്. സർ, അങ്ങനെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളുടെ പങ്കാളിത്വത്തോടുകൂടി നമുക്കു ഒരുമിച്ചു, ഈവക കാര്യങ്ങളിൽ ഒരുമിച്ചു പോകണമെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. അതിനു വിലയേറിയ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള ആളുകൾക്കൊക്കെയും ഞാൻ നന്ദിപറയുന്നു. വേറെ ചില പ്രശ്നങ്ങളെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. ഞാൻ അതു ദീർഘിപ്പിക്കുന്നില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: സൊസൈററിയെപ്പററി ഞാൻ ആരോപണം കൊണ്ടുവന്നതിനെപ്പററി എന്താണ്....................

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: ഇപ്പോൾ അതേപ്പററി എനിക്കു പറയാൻ സാധിക്കുകയില്ല. ആ വസ്തുതകൾ നോട്ടു ചെയ്തിട്ടുണ്ട്. ഉടനടി തന്നെ ഉദ്യോഗസ്ഥൻമാരോടു ആവശ്യപ്പെട്ടിട്ടുണ്ട് അതേപ്പററി അന്വേഷിക്കാൻ. ഇപ്പോൾതന്നെയും അവിടെ ഒരു അഡ്മിനിസ്ട്രേററുടെ രണ്ടാമാണെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചത്. അതുപോലെ തന്നെ ബഹുമാനപ്പെട്ട ബാലകൃഷ്ണൻ ഒരു പരാതി ഉന്നയിച്ചു. ചില വസ്തുതകൾ അതിൽ ഉണ്ട് സർ. അതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ട്. ആ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. അപ്പോഴേക്കും അതിൽ ബന്ധപ്പെട്ട മററ കക്ഷി ഹൈക്കോടതിയിൽ പോയി കേസ് കൊടുത്തിരിക്കുകയാണ്. പക്ഷേ സ്റേറ-ഒന്നും കിട്ടിയിട്ടില്ല. ഹൈക്കോടതിയുടെ കേസിന്റെ തീരുമാനം വരെ കാത്തിരിക്കണമോ വേണ്ടയോ എന്നുള്ളതിനെപ്പററിയുള്ള പ്രൊപ്രൈററി ക്വസ്ററ്യൻസാണുള്ളത്. ഏതായാലും അന്വേഷണത്തിൽ ചില ക്രമക്കേടുകൾ ഉണ്ടെന്നു കണ്ടതുകൊണ്ടു അതിൽ നടപടി നടത്താനായി തീരുമാനിച്ചിരിക്കുകയാണ്. ഇതാണ് എനിക്കു പറയാനുള്ളത് സർ.

ശ്രീ. പി.ബി.ആർ. പിള്ള: വയനാട്ടിലെ ആദിവാസികളുടെ ഭൂമി ഏറെറടുക്കുന്നത് സംബന്ധിച്ചു ഒരു നിയമം പാസ്സാക്കി. കഴിഞ്ഞ 6 മാസത്തിനുമുൻപു ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു ഇത് ഇംപ്ലിമെൻറുചെയ്യാൻ കുറച്ചു ബുദ്ധിമുട്ടുണ്ട്, അതു എല്ലാ പാർട്ടികളിലേയും ആളുകളുമായിട്ടു ചർച്ചചെയ്തു ഒരു വയാമീഡിയാ കണ്ടുപിടിക്കാമെന്നാണു പറഞ്ഞത്. ആറുമാസം കഴിഞ്ഞാണല്ലോ വീണ്ടും അസംബ്ലി കൂടുന്നത്. ഇനികൂടണമെങ്കിൽ 6 മാസം കഴിയണമല്ലോ. അതുകൊണ്ട് ഗവൺമെൻറു ഇതു ചർച്ചകൾ നടത്തിയോ, ഇതു ഇംപ്ലിമെൻറ് ചെയ്യാനായിട്ടു വല്ല പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. ബേബി ജോൺ: സർ, കഴിഞ്ഞ നിയമസഭക്കുശേഷം ഒരു മാസത്തിനുള്ളിൽ കോൺഫറൻസുകൂടി ചർച്ച ചെയ്യുമെന്ന് ഞാൻ പറഞ്ഞിരുന്നു. അതനുസരിച്ചു ചർച്ച നടന്നു. രണ്ടാമതു ഒരു ചർച്ചകൂടി നടന്നു. അങ്ങനെ രണ്ടുപ്രാവശ്യം ചർച്ചകൾ നടന്നു. ഏകദേശ അഭിപ്രായം ഉരുതിരിഞ്ഞുവന്നിട്ടുണ്ട്. ഇനിയും ഏകകണ്ഠമായ തീരുമാനത്തിന് ഒരു ചർച്ചകൂടി വേണ്ടിവരുമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. രാഘവൻമാസ്ററർ: സർ, ഈ കോൺഫറൻസ് വിളിച്ചു കൂട്ടിയതു മുഴുവനും കൃഷിക്കാരുടെ കോൺഫ്രൻസാണ്. ആദിവാസികളുടെ വിവിധസംഘടനകളുണ്ട്. ആ സംഘടനകളുടെ പ്രതിനിധികളെക്കൂടി കോൺഫ്രൻസ് കൂടുമ്പോൾ വിളിച്ചു കൂട്ടാൻ ദയവുണ്ടാകുമോ എന്നാണ് ചോദിക്കുവാനുള്ളത്.

ശ്രീ. ബേബി ജോൺ: സർ, കോൺഫ്രൻസ് വിളിച്ചു കൂട്ടിയത് നിയമസഭയിൽ പ്രാതിനിദ്ധ്യമുള്ള കക്ഷികളുടെ പ്രതിനിധികളെ അയക്കാനാണ്. ആ കക്ഷികൾക്ക് അവരുടെ കാർഷിക പ്രസ്ഥാനത്തിന്റെയും, അതുപോലുള്ള സംഘടനകളുടെയും നേതാക്കൻമാരെ അയക്കാമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

തെയുള്ളൂ. ആരും തടയുന്നതുമില്ല. വിലയേറിയ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള, കഴിഞ്ഞ കാലങ്ങളിലുള്ളതുപോലുള്ള ചൂടും ബഹളങ്ങളുമൊന്നുമില്ലാതെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി സഹകരിച്ച സ്നേഹിതൻമാരോടും ബഹുമാനപ്പെട്ട മെമ്പറൻമാരോടും ഗവൺമെൻറിനു വേണ്ടി നന്ദിപറയുകയാണ്. ഈ സഹകരണം അതുപോലെതന്നെ ഏകകണ്ഠമായി ഇതു പാസാക്കിത്തരാനുള്ള സൻമനസ്സ്, അംഗങ്ങൾ എല്ലാപേരും പ്രകടിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

Demand VI—Land Revenue

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri P. R. Kurup was put and lost.

The cut motion moved by Shri M. P. Gangadharan was, by leave, withdrawn.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri T. K. Ramakrishnan was, by leave, withdrawn.

The cut motion moved by Shri E. Narayanan Nair was, by leave, withdrawn.

The cut motion moved by Shri A. Neelalohithadasan Nadar was by leave, withdrawn.

The question that a sum of Rs. 9,16,49,200 under Demand VI—Land Revenue be granted was put and carried.

Shri R. Balakrishna Pillai: Sir, I demand a poll.

(A poll was taken when the House divided as follows:)

NOES—25

1. ശ്രീ. ടി.കെ. അബ്ദു
2. ശ്രീ. കെ. അനിരുദ്ധൻ
3. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
4. ശ്രീ. പി. ബാലൻ
5. ശ്രീ. പി. ഭാസ്കരൻ
6. ശ്രീ. എൻ. ഭാസ്കരൻ നായർ
7. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
8. ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി
9. ശ്രീ. വി. ഈച്ചരൻ
10. ശ്രീ. കെ.ജെ. ജോർജ്
11. ശ്രീ. പി.കെ. ഇട്ടൂപ്പ്
12. ശ്രീ. എം.കെ. കൃഷ്ണൻ
13. ശ്രീ. എ.പി. കുര്യൻ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. പി.പി.വി. മൂസ്സ
15. ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി
16. ശ്രീ. കെ. രാഘവൻ മാസ്റ്റർ
17. ശ്രീ. എം.വി. രാജൻ
18. ശ്രീ. കെ.പി. രാമൻ
19. ശ്രീ. പി.ബി.ആർ. പിള്ള
20. ശ്രീ. പി.ആർ. കുറുപ്പ്
21. ശ്രീ. പി.കെ. ശങ്കരൻകുട്ടി
22. ശ്രീ. പി.ആർ. ശിവൻ
23. ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി
24. ശ്രീ. സി. വാസുദേവമേനോൻ
25. ശ്രീ. സേവ്യർ അറയ്ക്കൽ

AYES—59

1. ശ്രീ. ആര്യാടൻ മുഹമ്മദ്
2. ശ്രീ. ബേബി ജോൺ
3. ശ്രീ. കെ.കെ. ബാലകൃഷ്ണൻ
4. ശ്രീ. യു.എ. ബീരാൻ
5. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
6. ശ്രീ. കെ.ജെ. ചാക്കോ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
8. ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ
9. ശ്രീ. ജെ. ചിത്തരഞ്ജൻ
10. ശ്രീ. സിറിയക് ജോൺ
11. ശ്രീ. ദാമോദരൻ കാളാശ്ശേരി
12. ശ്രീ. ഈപ്പൻ വർഗ്ഗീസ്
13. ശ്രീ. പി.ആർ. ഫ്രാൻസിസ്
14. ശ്രീ. ഇ.പി. ഗോപാലൻ
15. ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ
16. ശ്രീ. ടി.എം. ജേക്കബ്
17. ശ്രീ. ടി.എസ്. ജോൺ
18. ഡോക്ടർ കെ.സി. ജോസഫ്
19. ശ്രീ. വി.ജെ. ജോസഫ്
20. ശ്രീ. ഇ.കെ. പിള്ള
21. ശ്രീ. എം.കെ. കേശവൻ
22. ശ്രീ. കിട്ടപ്പ നാരായണസ്വാമി
23. ശ്രീ. കെ.ടി. കുമാരൻ
24. ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്
25. ശ്രീ. പി.ടി. കുഞ്ഞുട്ടി ഹാജി
26. ശ്രീ. സി.എ. കുര്യൻ
27. ശ്രീ. കെ.വി. കുര്യൻ
28. ശ്രീ. ലോനപ്പൻ നമ്പാടൻ
29. ശ്രീ. ടി.എ. മജീദ്
30. ശ്രീ. കെ.എം. മാണി
31. ശ്രീ. എം.വി. മാണി
32. ശ്രീ. കെ.എം. മാത്യു
33. ശ്രീ. എൻ.പി. മൊയ്തീൻ

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. സി.എച്ച്. മുഹമ്മദുകോയ
35. ശ്രീ. കെ. നാരായണക്കുറുപ്പ്
36. ശ്രീ. കല്ലട നാരായണൻ
37. ശ്രീ. കെ.പി. നൂറുദ്ദീൻ
38. ശ്രീ. ഉമ്മൻ ചാണ്ടി
39. ശ്രീ. കെ. പങ്കജാക്ഷൻ
40. ശ്രീ. ടി.എ. പരമൻ
41. ശ്രീ. കെ.പി. പ്രഭാകരൻ
42. ശ്രീ. എം.കെ. രാഘവൻ
43. ശ്രീ. വി.കെ. രാജൻ
44. ശ്രീ. കണിയാപുരം രാമചന്ദ്രൻ
45. ശ്രീ. എം. രാമപ്പ
46. ശ്രീ. പി. ശങ്കർ
47. ശ്രീ. വി.ടി. സെബാസ്റ്റ്യൻ
48. ശ്രീ. പി. സീതി ഹാജി
49. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്കൽ
50. ശ്രീ. പി.എസ്. ശ്രീനിവാസൻ
51. ശ്രീ. എ.വി. താമരാക്ഷൻ
52. ശ്രീ. തോമസ് ജോസഫ്
53. ശ്രീ. എസ്. ത്യാഗരാജൻ
54. ശ്രീ. ആർ.എസ്. ഉണ്ണി
55. ശ്രീ. കെ.സി. വാമദേവൻ
56. ശ്രീ. എസ്. വരദരാജൻ നായർ
57. ശ്രീ. പി.കെ. വാസുദേവൻ നായർ
58. ശ്രീ. കെ.പി. വിശ്വനാഥൻ
59. ശ്രീ. എ.എൻ. യൂസഫ്

NEUTRALS—Nil

Mr. Deputy Speaker: Those for the motion .. 59
Against .. 25
Neutrals .. Nil

The Demand is passed and the grant is made.

Demand XI—District Administration and Miscellaneous

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was, by leave, withdrawn.

The cut motion moved by Shri E. Narayanan Nair was, by leave, withdrawn.

The cut motion moved by Shri T. K. Ramakrishnan was, by leave, withdrawn.

The cut motion moved by Shri A. Neelalohithadasan Nadar was by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

The question that a sum of Rs. 3,70,42,400 under Demand XI—District Administration and Miscellaneous be granted was put and carried.

The Demand was passed and the grant was made.

Demand XXVIII—Co-operation

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was, by leave, withdrawn.

The cut motion moved by Shri P. R. Kurup was, put and lost.

The cut motion moved by Shri M. K. Krishnan was, put and lost.

The cut motion moved by Shri T. K. Ramakrishnan was, by leave, withdrawn.

The cut motion moved by Shri V. Eacharan was, put and lost.

The cut motion moved by Shri E. Narayanan Nair was, by leave, withdrawn.

The cut motion moved by Shri K. Anirudhan was, put and lost.

The cut motion moved by Shri A. Neelalohithadasan Nadar was, by leave, withdrawn.

The question that a sum of Rs. 12,86,15,000 under Demand XVIII—Co-operation be granted was put and carried.

The Demand was passed and the grant was made.

Mr. Deputy Speaker: Order, order. The House will now adjourn and meet again at 8-30 a.m. tomorrow.

1979 മാർച്ച് 30-ാംതീയതി വെള്ളിയാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 2.25 ന് പിരിഞ്ഞു.

2/465—19

LIBRARY ARCHIVES Kerala Legislative Assembly